Before I close the Report, I want specially to express our gratitude to the State Transport Department, and the District Transport Officer for the excellent service we have received from them. They have been responsible for the safe transport of about half of our students to and from the College daily.

Our thanks are due to the Alwaye Rotary Club for awarding two Prizes for Essay Competitions in connection with the Republic Day Celebrations.

We are thankful to the Travancore University for the Hostel Maintenance Grant of Rs. 4,576-4-0 and to the Ministry of Education for the Sports Equipment Grant of Rs. 1,800/- received during the year.

I should like on this occasion to express on behalf of the College our gratitude to our many friends and supporters in this country and abroad.

We are conscious of our many failures as an academic community and a Christian College. Unworthy as we are, we have been greatly blessed by God in our life and work in this place. With trust in His purposes we face the present and look to the future.

## THE COLLEGE TENNIS TEAM



*Sitting :* T. B. Ninan M. A. (Principal) ; Abraham Verghis (Captain) ; T. C. Joseph M.A. (President) ; C. P. Andrews B. A., D.P.E. (Physical Director).
*Standing* : T. K. Abraham ; Mathew Chacko (Secretary) ; Joy George Paul ; K. I. Abraham.

## THE COLLEGE CRICKET TEAM



*Bottom row* : Y. Cherian; P. J. Mathew; Oommen Abraham (Captain); T. B. Ninan M. A. (Principal) ; T. M. Alexander Vaidyan,
*Middle row :* Thomas Verghis ; K. George ; Thomas Mathew ; J. Jacob.
*Top row :* K. Krishnakumar ; Babu George ; K. K. Koshy ; Thampi John ; C. E. John ; Mohamed (Games boy).

# COMMITTEE MEMBERS OF THE DAYSCHOLARS' ASSOCIATIONS



*Sitting:* M. L. Paulose; K. Ravindranatha Menon; O. M. Mathen M. SC.; T. B. Ninan M.A.; P. Krishna Pillai M. A.; Mary Samuel B. A.; Leela John
*Standing*: K. George; K. V. Radhakrishnan Nair; Jayamma Jacob; Anna Thomas; Celine Mathew; L. Rajammal; Pearly Mathew; O. Ithapanose; T. A. Balachandran.

## കളരിപ്പയറ്റ്



A contribution by Mr. T. A. Varughese and party to the Annual Variety Entertainment of the Social Service League.

# മാഞ്ഞുപോയ മഴവില്ല്

പി. സി. കത്താ, ക്ലാസ്സ് IV.

ഇന്നലെ ഞാനിക്കടൽക്കരയിൽ
വന്നു കുളിർവായുവേറ്റുനിൽക്കേ,
ചിത്തത്തിലെന്തോ വിഷാദാകുലശം
തത്തിപ്പിടിച്ചു കുടുങ്ങിനിൽക്കേ,
ഏകാന്തമാനസനായി ഞാനാ
മൂകതയ്ക്കുള്ളിൽ നിഴൽവിരിക്കേ;
മന്ദമണഞ്ഞു നീയെന്റെമുന്നിൽ;
മന്ദതരമൊന്നു പുഞ്ചിരിച്ചു.
ദൂരെപ്പടിഞ്ഞാറു സൂര്യനപ്പോൾ
നീറിപ്പിടയുകയായിരുന്നു.
ആളുകളീമണൽവ്വീച്ചിലെങ്ങും
നീളെപ്പരന്നു കഴിഞ്ഞിരുന്നു.
'വാനിറമ്പാഗൊ'ന്നു നിന്റെക്കൈ-
യ്യിൽ
തൂങ്ങിപ്പിടിച്ചു കിടന്നിരുന്നു.
ചേലനതല്ലരനായിമുന്നിൽ
ബാലനൊരുവനിരുന്നിരുന്നു.
സുന്ദരനായൊരാൾ നിന്റെ ചാര-
ത്തുന്നതശീർഷനായ് നിന്നിരുന്നു.
മൂകമാമെൻമനോഗഹ്വരത്തിൻ
മ്ലാനതമാറുവാനെന്നവണ്ണം
നിന്മഞ്ചൊടികളിൽനിന്നു രണ്ടു
പുഞ്ചിരിപ്പൂക്കളുതിർന്നുവീണു.

• • • • •

അണിമഴവില്ലു പൂവിട്ടുനിൽക്കമാ-
മുദിതബാല്യത്തിന്നോമൽസ്മരണകൾ
ചിറകടിച്ചു വരികയായെന്നിലേ-
ല്ലൂരപതംഗമകലെനിന്നെന്ന-
പോൽ.
അവിടെ നാമൊന്നുചേർന്നു നടന്നതും,
വിവിധസല്ലാപലീനരായ് വാണതും,
ഇരുശരീരവുമേകമനസ്സുമാ-
യൊരുമയോടന്നു നാൾകൾ കഴിച്ചതും,
നിരനിരയായി നിൽക്കയാണെൻമുന്നി-
ലിവിടെയിന്നീച്ചില്ലാളുകൾമാതിരി.
മധുരയൌവ്വനം മന്ദഹസിക്കവേ;
മതിമുഖി,യെന്നിൽനിന്നു നീ പോകവേ,
എവിടെയോ ഭാഗ്യധേയവിലാസത്തിൻ
മണിയറ തന്നിൽ നീ വസിച്ചീടവേ,
ചിറകടിച്ചു പറവകളെന്നപോൽ
തിറമൊടെന്നിൽ നിന്നാശകൾപോക-
വേ,
മമഹൃദയത്തിൽനിന്നു നീ മാഞ്ഞുപോയ്
മധുരമായൊരു മാരിവിൽമാതിരി.

അന്നു നീ മാമകജീവിതത്തിൻ
സുന്ദരസങ്കല്പമായിരുന്നു.
മായുവാൻ സാദ്ധ്യമല്ലാത്തവണ്ണം
നീയെന്റെ ഹൃത്തിൽ പതിഞ്ഞിരുന്നു.
എങ്കിലുമീവിധമെന്നെനോക്കി-
യിന്നു നീ പുഞ്ചിരികൊണ്ടിടുമ്പോൾ,
ആവതല്ലിന്നെനിക്കുന്നുകണ്ട
ഭാവവിശേഷങ്ങളാവർത്തിക്കാൻ.
മാറുന്നകാലമെൻ മുന്നിലേതോ
മാമലകെട്ടിയുയർത്തിയല്ലോ.
കണ്ടു, മറന്നു, മറഞ്ഞുപോയി,
പണ്ടേ തവമുഖമെന്നിൽനിന്നും.
കേവലം പാഴ്നിഴലായിമാത്രം
മേവുന്നു നീയെന്റെ മുന്നിലിപ്പോൾ.
എന്നിൽത്തളിർത്ത ലതകളൊക്കെ-
യെന്നേയുണങ്ങിക്കരിഞ്ഞുപോയി!
രാവിന്റെ മൂടുപടത്തിനുള്ളി-
ലീവാസരാന്ത്യമെന്നപോലെ
ഇന്നെനിക്കജ്ഞാതമാണു നീയും
നിന്നെക്കുറിച്ചുള്ള ചിന്തകളും.

# ഷെല്ലിയുടെ കവിതകളിലൂടെ

സി. കെ. ജോയി, ക്ലാസ്സ് iv

മലയാളസാഹിത്യത്തിൽ ചങ്ങമ്പുഴയ്ക്കുള്ളതോ അതിലും ഉപരിയോ ആയ ഒരു സ്ഥാനമാണു ഇംഗ്ലീഷ് സാഹിത്യത്തിൽ ഷെല്ലിക്കുള്ളതു്. തികച്ചും അസാധാരണമായ ഒരു ആകർഷണശക്തി അദ്ദേഹത്തിന്റെ കവിതകളിൽ അലിഞ്ഞുചേർന്നിരിക്കുന്നു. ആ ഓരോ കവിതയിലൂടെയും അദ്ദേഹം നമ്മുടെ ഹൃദയങ്ങളെ കീഴടക്കുകയാണ്. അവയിലെ ചിന്തകളുമായി എത്രതന്നെ വിയോജിച്ചാലും നാം അതേപ്പററി ശബ്ദിക്കുന്നില്ല. അദ്ദേഹം മറനീക്കിക്കാണിക്കുന്ന സത്യം ഏററവും പൂർണ്ണമാണെന്നും, അതൊന്നു മാത്രമാണു യാഥാർത്ഥ്യമെന്നും, നമുക്കു തോന്നിപ്പോകുന്നു. അവിടെയാണു ഷെല്ലിയുടെ കലാവിരുതു പ്രത്യക്ഷപ്പെടുന്നതു്.

പത്തൊമ്പതാം നൂററാണ്ടിന്റെ പ്രാരംഭഘട്ടത്തിൽ ഇംഗ്ലീഷ് സാഹിത്യലോകത്തിലേക്കു കടന്നുവന്ന ഷെല്ലിയുടെ ജീവിതം കണ്ണുനീരിന്റെ സമാഹാരമായിരുന്നു. തുറന്നതായ ഒരു തത്വസംഹിതയുടെ ഉടമയായിപ്പോയി എന്നതാണു ഷെല്ലിയുടെ ജീവിതത്തിലെ ഏററവും വലിയ പരാജയം. അടച്ചുപൂട്ടിയ വിദ്യാലയാന്തരീക്ഷം അദ്ദേഹത്തെ വീർപ്പുമുട്ടിച്ചു. ആ സ്വാതന്ത്ര്യേച്ഛ പലരുടെയും വെറുപ്പിനും വിദ്വേഷത്തിനും അദ്ദേഹത്തെ പാത്രമാക്കി. ഓക്സ്ഫോർഡ് സർവ്വകലാശാലയിൽനിന്നും അദ്ദേഹം പുറംതള്ളപ്പെട്ടു. സ്വന്തം പിതാവുതന്നെയും ഒരു വിപ്ളവകാരിയെന്നു മുദ്രയടിച്ചു അദ്ദേഹത്തെ വീട്ടിൽനിന്നും ബഹിഷ്കരിച്ചു. വേദനയുടെ തീച്ചൂളയിൽ വെന്തെരിഞ്ഞപ്പോഴും അദ്ദേഹം ആരോടും പരിഭവിച്ചില്ല. ആരെയും കുററപ്പെടുത്തിയില്ല. എല്ലാ അനീതികളിൽനിന്നും അകന്നുനിൽക്കുന്ന ഒരു ഭാവിയുടെ പിറവിയിൽ അദ്ദേഹം വിശ്വസിച്ചു. ആ നല്ല നാളെയെപ്പററി അദ്ദേഹം സ്വപ്നം കണ്ടു. അന്തമില്ലാത്ത ഒരു സ്വപ്നമായിരുന്നു അതു്. സ്പെസിയാ ഉൾക്കടലിന്റെ അഗാധതയിൽവച്ചു ആത്മാവു ശരീരത്തെ വേർപെട്ടപ്പോഴും ആ സ്വപ്നം മരിച്ചില്ല. റോമാനഗരത്തിലെ ഒരു കൊച്ചു ശവകുടീരത്തിൽനിന്നു പൊന്തിയ ലില്ലിപ്പൂക്കളിൽ ഇന്നു ആ സ്വപ്നം ഒട്ടിനിൽക്കുന്നു. അവയ്ക്കരികിലിരുന്നു ഒരു വാനമ്പാടി അതേപ്പററി പാടാറുണ്ടു്.

ഇംഗ്ലീഷ് സാഹിത്യം കണ്ടിട്ടുള്ളതിൽവച്ചു ഏററവും വലിയ പ്രവാചകനായിരുന്നു ഷെല്ലി. അതോടൊപ്പം കഴിവുററ ഒരു കലാകാരനും. തികച്ചും അകൃത്രിമരമണീയങ്ങളാണു ഷെല്ലിയൻ കവിതകളിലെ ഓരോ വരിയും. അവയിലെല്ലാം ആ ജീവിതത്തിന്റെ സ്പന്ദനങ്ങൾ നാം കേൾക്കുന്നുണ്ടു്. ജീവിതത്തിലെ ദുഃഖസത്യങ്ങൾ അനുഭവിച്ചറിഞ്ഞ ഒരു കവിയെ നാം അവയിലൂടെ കാണുന്നു. ഭാവിയിലേക്കു നോക്കി സമാശ്വസിക്കുവാൻ ശ്രമിക്കുന്നുവെങ്കിലും പലപ്പോഴും അദ്ദേഹം പരാജയപ്പെടുകയാണ്. നിശയുടെ നിശ്ശബ്ദതയിലൂടെ ഇഴഞ്ഞെത്തുന്ന ഇരുളിനെ തന്റെ പ്രിയപ്പെട്ട സുഹൃത്തായി അദ്ദേഹം കരുതുന്നു. 'ഒരു വിലാപ'ത്തിൽ ജീവിതത്തിന്റെ അവസാനത്തെ കൽപ്പടിയിൽ കയറി നിന്നുകൊണ്ടു കാലത്തോടായി അദ്ദേഹം ചോദിക്കുന്നു, അതിനൊരിക്കലുണ്ടായിരുന്ന വൈശിഷ്ട്യം ഇനി തിരിച്ചുവരികയില്ലേ എന്നു തന്റെ ഹൃദയത്തിലേക്കു ആന

ന്ദത്തിന്റെയും ആശ്വാസത്തിന്റെയും തേൻതുള്ളികൾ പകരുവാൻ അതിനിനി കഴിയുകയില്ലേ എന്ന്. നിരാശാതപ്തമായ ഹൃദയം അപ്പോൾ മന്ത്രിക്കുകയാണ്, ഇല്ല; ഒരിക്കലുമില്ല എന്ന്. ഇററലിയിലെ യൂഗേനിയൻമലകളിൽ വച്ചെഴുതിയ ആ നീണ്ട കവിതയിലും 'ഓഡ് റ്റു ദി വെസ്റ്റ്‌വിൻഡി'ലും കാണുന്ന ശുഭാപ്തിവിശ്വാസം ഇവിടെ പ്രത്യക്ഷപ്പെടുന്നില്ല. പന്ത്രണ്ടു വരികൾ മാത്രമുള്ള 'കവിയുടെ സ്വപ്നം' എന്ന അദ്ദേഹത്തിന്റെ കവിത സ്വപ്നജീവിയായ ഷെല്ലിയെ നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നു. തികച്ചും മനോഹരമാണാ സ്വപ്നം. ഈ ലോകത്തിന്റേതായ എല്ലാ മനോഹാരിതകൾക്കും അതീതമാണത്. നിത്യതയുടെയും അനശ്വരതയുടേതുമായ ഒരു ലോകമാണ് നാം അവിടെ കാണുന്നത്.

ഒരു ഭാവാത്മക കവി എന്ന നിലയിൽ മറേറതൊരു ഇംഗ്ലീഷ് കവിയേയും ഷെല്ലി അതിശയിക്കുന്നു. തന്റെ ലിറിക്കുകളിൽ അദ്ദേഹം ഒരു ശബ്ദമായി ഉയരുകയാണ്. ആ ശബ്ദം നമ്മുടെ ഹൃദയത്തിന്റെ ഉള്ളറകളിലേക്കാഴ്ന്നിറങ്ങുന്നു. അവിടെ വികാരങ്ങളുടേതായ ഒരു വേലിയേററത്തെ അതു സൃഷ്ടിക്കുന്നു. അതു തന്നെയാണ് 'സ്കൈലാർക്കി'നെയും, 'ക്ലൗഡി'നെയും 'ഓഡ് റ്റു ദി വെസ്റ്റ്‌വിൻഡി'നെയുമെല്ലാം ഇംഗ്ലീഷ് സാഹിത്യത്തിലെ അനശ്വരരത്നങ്ങളാക്കിത്തീർത്തിട്ടുള്ളത്.

തന്റെ ചുററിലുമുള്ള ലോകത്തെ ഷെല്ലി കണ്ണുതുറന്നു കണ്ടു. പൊട്ടിച്ചിരിക്കുന്ന വെൺമേഘങ്ങളെയും നൃത്തം ചെയ്യുന്ന പൂക്കളെയും അദ്ദേഹം സ്നേഹിച്ചു. പക്ഷേ അവയിലൊന്നും അദ്ദേഹം ആശ്വാസം കണ്ടെത്തിയില്ല. മധുരിമപെയ്യുന്ന അമ്പിളിയിൽ, വിണ്ണിലേക്കു പ്രവേശനം കാണാതെ, മണ്ണിലേക്കു തുറിച്ചുനോക്കിക്കൊണ്ടു തികച്ചും അപരിചിതരായ നക്ഷത്രങ്ങൾക്കിടയിലൂടെ അലഞ്ഞുതിരിയുന്ന ഒരു യാത്രക്കാരനെയാണു അദ്ദേഹം കണ്ടത്. ആർത്തിരമ്പുന്ന അലയാഴിയും അലറിപ്പായുന്ന പടിഞ്ഞാറൻകാററും പ്രകൃതിയിലെ ഇതര വൻശക്തികളുമാണു അദ്ദേഹത്തിന്റെ കവിതയ്ക്കു പ്രചോദനം നല്കിയത്. അവയ്ക്കു മാത്രമേ സാദ്ധ്യമാവുകയുള്ളൂ, വേദനിക്കുന്ന ആ മനുഷ്യാത്മാവിലേക്കു ഒരു പരിവർത്തനത്തിന്റെ മഹത്തായ സന്ദേശം പകർന്നുകൊടുക്കുവാൻ.

പവിത്രമായ ഒരു പരിവേഷം ഷെല്ലിയൻകവിതകളെ പൊതിഞ്ഞുനില്ക്കുന്നു. പാറക്കെട്ടുകളിൽനിന്നു പളുങ്കുമണികളെ സൃഷ്ടിക്കുന്ന കാട്ടരുവിയുടെ മനോഹാരിതയുണ്ടവയ്ക്ക്. നിറയെ പൂക്കളുള്ള മുല്ലപ്പടർപ്പിന്റെ സൌരഭ്യവും.

---

ചെറുകഥ

## സമ്മാനം

K. M. Georgekutty, Class ii, Groupi.

"പരീക്ഷ കഴിഞ്ഞു മടങ്ങുന്നവഴി ഇവിടെ കയറിയിട്ടു പോകുമല്ലോ. അമ്മയും മററും ചേട്ടനെ കാണുവാൻ വലിയ ആഗ്രഹമാണ്. മറക്കുകയില്ലല്ലോ." ........

എന്നു സ്വന്തം ലത,

യൂണിവേഴ്സിററി പരീക്ഷയ്ക്കു വേണ്ടി പഠിച്ചു പഠിച്ചു ചൂടുപിടിച്ചിരിക്കുന്ന സന്ദർഭത്തിലാണു ഈ കത്തു കിട്ടിയത്. അതിലെ ഉരുണ്ട അക്ഷരങ്ങൾ നയനങ്ങൾക്കെന്നപോലെ ഹൃദയത്തിനും കുളിർമ നൽകി. മൈലുകൾക്കപ്പുറം, സ്നേഹം വഴിയുന്ന ഹൃദയവുമായി എന്നെ കാത്തിരിക്കുവാൻ ഒരു 'നാണംകുണുങ്ങി'പ്പെണ്ണ് ഉണ്ടെന്നുള്ള ചിന്ത എനിക്കു അനല്പമായ ആനന്ദത്തിനു വക നല്കി.

* * * * *

പരീക്ഷ കഴിഞ്ഞു. അതു കഴിഞ്ഞപ്പോൾ സെപ്ടംബറിലും പരീക്ഷയുണ്ടാക്കിയ ഡിപ്പാർട്ടുമെൻറിനോടു അതിയായ ഒരു ബഹുമാനവും തോന്നി. സംതൃപ്തിയുടെ അട്ടഹാസങ്ങളും ആഹ്ളാദത്തിൻെറ ആർപ്പുവിളികളും കൊണ്ടു മുഖരിതമായിരുന്ന ഹോസ്റ്റൽ നിശ്ശബ്ദതയിലേക്കു താഴുകയാണ്. കോളേജു പരിസരംതന്നെ, വിദ്യാർത്ഥികളുടെ വിടവാങ്ങലോടെ ഒരു ശ്മശാനമൂകത കൈക്കൊണ്ടു.

ഞാനും വീട്ടിലേക്കു പോകുവാനുള്ള ഒരുക്കങ്ങൾ തുടങ്ങി. പോവുന്ന വഴി ലതയുടെ വീട്ടിലും കയറണം. അപ്പോഴാണു ഒരു കാര്യം ഓർത്തത്. ലതയ്ക്കൊരു സമ്മാനം. ഞാൻ വളരെ നാളുകളായി ആഗ്രഹിക്കുന്നതാണു ലതയ്ക്കൊരു സമ്മാനം നൽകണമെന്ന്. ഇത്തവണ ഏതായാലും ഒന്നു കൊടുത്തേ പററു. അല്ലെങ്കിൽ ഹൃദയത്തിൽ എന്തോ വിങ്ങിപ്പൊട്ടുന്നതുപോലൊരു തോന്നൽ.

അവിടെയാണു മറെറാരു ടാക്കൂടം. സമ്മാനക്കാര്യം പണപ്പെട്ടിയുമായി അഭിപ്രായവ്യത്യാസത്തിൽ പിരിഞ്ഞു. ലതയ്ക്കൊരു സമ്മാനത്തിനു പോയാൽ ശ്രമാനക്കാരെപ്പോലെ എനിക്കും കുറച്ചുദൂരം 'കാലുവണ്ടി'യിലേ പോകാനൊക്കു.

ഹോസ്റ്റലിൽ പലരുടെ അടുത്തും അന്വേഷിച്ചുനോക്കി. ഒരു രക്ഷയുമില്ല. എല്ലാവരും ഹോട്ടലുകളിൽനിന്നും 'നോട്ടീസും' പററിയിരിക്കുന്നവരാണ്. പണ്ടു സുഖമായി തിന്നിട്ടിറങ്ങിയപ്പോൾ പിന്നൊരിക്കൽ ഇങ്ങനെ അടിവയറു കത്തുമെന്നു വിചാരിച്ചിരുന്നതല്ല. എല്ലാവരും പററുകൊക്കെ ഒളിച്ചുകടക്കാനാണ് ഭാവം.

അവസാനം ഹോസ്റ്റലിലെ 'പൊടി' സാഹിത്യകാരനെത്തന്നെ ശരണംപ്രാപിച്ചു, കുറച്ചുരൂപയ്ക്കുവേണ്ടി.

"എന്താ വെക്കേഷനു വീട്ടിൽ പോകണമെന്ന കാര്യം നേരത്തെ ഓർമ്മിച്ചില്ലേ?" ആ ചോദ്യത്തിൻെറ മുമ്പിൽ ഞാൻ ചൂളിപ്പോയി. എങ്കിലും ഞാൻ അപേക്ഷ വീണ്ടും ആവർത്തിച്ചു. എൻെറ കാമുകിക്കു ഒരു സമ്മാനം നല്കാനാണെന്ന കാര്യവും സലജ്ജം ഞാനറിയിച്ചപ്പോൾ അദ്ദേഹത്തിനും ഒരു സഹാനുഭൂതിയൊക്കെ ഉണ്ടായി. ചോദിച്ച പണം കയ്യിൽ തരുമ്പോൾ അയാൾ പരിഹസിച്ചു "എടോ, സ്വന്തമായി പൈസയുണ്ടാക്കാതെ റൊമാൻസിനിറങ്ങിയാൽ ഇതാണനുഭവം. ഒരു പ്രേമക്കാരൻ" അതു പറഞ്ഞവൻെറ കരണം തകർക്കുവാൻ എൻെറ മനസ്സൊന്നു വെമ്പി. പോട്ടെ. ആവശ്യപ്പെട്ടപ്പോൾ പണം തന്നവനല്ലേ?

ട്രെയിനിൽ കയറിയപ്പോൾ ഏതോ വലിയൊരു കാര്യം സാധിച്ചതുപോലെ തോന്നി. ലതയ്ക്കു സമ്മാനം വാങ്ങാനുള്ള 12 രൂപാ മടിയിൽ ഭദ്രമായി വച്ചിരിക്കുകയാണ്. ഒരു സാരി വാങ്ങാമെന്നായിരുന്നു ആദ്യത്തെ ആലോചന. അവസാനം ഒരു പേനയാണു നന്നെന്നു തോന്നി. അടുത്ത നഗരത്തിൽ തീവണ്ടി നിറുത്തുമ്പോൾ വാങ്ങാനും സൌകര്യമുണ്ട്. അങ്ങനെ

തീവണ്ടി പുക തുപ്പിക്കൊണ്ടു മുമ്പോട്ടു നീങ്ങുമ്പോൾ ഒരു വിജിഗീഷുവിന്റെ ഭാവത്തോടെ ഞാൻ പുറത്തേക്കു നോക്കിച്ചൂളമടിച്ചു. മന്ദമാരുതന്റെ പരിരംഭണത്തിൽ മന്ദം മന്ദം തലയാട്ടുന്ന നെൽച്ചെടികൾക്കിടയിലൂടെ തീവണ്ടി കടന്നുപോയപ്പോൾ എന്റെ ചിന്തയും നാഴികകൾക്കപ്പുറത്തുള്ള ഒരു മനോഹരഗ്രാമത്തിലേക്കു പറന്നുപോയി

അവിടെയാണു ഞാനും ലതയും ജനിച്ചതു്. ലത എന്റെ അമ്മാവന്റെ മകളായിരുന്നു. എന്റെ അച്ഛൻ സമ്പത്തുകാരനായിരുന്നതിനാൽ പട്ടുടുപ്പും ധരിച്ചുകൊണ്ടായിരുന്നു ഞാൻ ചെറുപ്പത്തിൽകളിച്ചുനടന്നിരുന്നതു്. പക്ഷെ ലതയുടെ സ്ഥിതി അതായിരുന്നില്ല. തകർന്നുപോയ ഒരു തറവാട്ടിലെ അംഗമെന്നപോലെ അവൾ വളരെ എളിയ ഒരു ജീവിതരീതിയാണു അവലംബിച്ചിരുന്നതു്. ചെറുപ്പംമുതൽതന്നെ ഞങ്ങൾ വലിയ കൂട്ടായിരുന്നു. ഞങ്ങളുടെ ചങ്ങാത്തം കണ്ടു അമ്മ പറയാറുണ്ടു്. "കണ്ടില്ലേ ചെറുക്കന്റെ ഒരു സ്നേഹം. അവളെ ഇപ്പൊഴേ സ്വന്തമാക്കാനുള്ള ഭാവമാണെന്നല്ലോ." ഇതു കേൾക്കുമ്പോൾ ലതയുടെ അമ്മ—എന്റെ അമ്മാവി—പറയും. "ഇല്ലേലും അവളു് അവനുള്ളതു തന്നെയല്ലോ?" ഇതെല്ലാം കേൾക്കുമ്പോൾ ഞങ്ങൾ അവരുടെ അടുത്തുനിന്നും ഓടിപ്പൊയ്ക്കളയും. പക്ഷെ, കുറേക്കാലം കഴിഞ്ഞപ്പോൾ ലതയുംമററും ആ ഗ്രാമത്തിൽനിന്നും താമസം മാററിപ്പോയി. അതിൽപിന്നെ ഒന്നോ രണ്ടോ തവണയേ ഞാനവളെ കണ്ടിട്ടുള്ളൂ.

തീവണ്ടിനിന്നു. ഞാൻ ചുററും നോക്കി. സമ്മാനം വാങ്ങിക്കാം. നേരിയ ഒരു പുഞ്ചിരി എന്റെ ചുണ്ടിൽ വിരിഞ്ഞു. ഈ സമ്മാനം കൊടുക്കുമ്പോൾ ലത എന്തു പറയും? അവളുടെ മുഖത്തു എന്തു ഭാവമായിരിക്കും സ്ഫുരിക്കുക? പക്ഷെ പണമെടുക്കുവാൻ മടിയിൽ കയ്യിട്ടപ്പോൾ ഞാനൊന്നു ഞെട്ടി. ദേഹം മുഴുവൻ തിരഞ്ഞു. പേഴ്സ് കാണുവാനില്ല. മുണ്ടഴിച്ചു കുടഞ്ഞുനോക്കി. ഇല്ല. അതവിടെയില്ല. മുറിയിലെല്ലാം നോട്ടമായി. സഹയാത്രക്കാർ കാര്യമന്വേഷിച്ചു. അവരും എന്റെകൂടെ പേഴ്സ തിരഞ്ഞു. കഷ്ടം! ഞാൻ വിയർക്കുകയാണ്. രൂപാ നഷ്ടപ്പെട്ടതിൽ എനിക്കു വലിയ വേദന തോന്നി. മറെറാരവസരത്തിലായിരുന്നെങ്കിൽ ഞാനിത്ര വിഷമിക്കുകയില്ലായിരുന്നു. ഇതു്? ഇതു്, ലതയ്ക്കു സമ്മാനം വാങ്ങാൻവേണ്ടി കരുതിയിരുന്ന രൂപായാണു്. ഹാ! അതു നഷ്ടപ്പെട്ടല്ലോ.

"അല്ലേ, കുഞ്ഞിന്റെ അടുത്തിരുന്ന ആ താടിക്കാരനെന്തിയേ?" ഒരു വൃദ്ധൻ ചോദിച്ചു.

ഞാനും ചുററും നോക്കി. താടിക്കാരന്റെ പൊടിപോലുമില്ല. അവനായിരിക്കണം ആ പേഴ്സ് അടിച്ചതു്. ഛേ! അവനെയൊന്നു കണ്ടിരുന്നെങ്കിൽ! ഇനി ലതയ്ക്കു എന്തുകൊടുക്കും. വേറെ രൂപായുമില്ല. എന്റെ ഹൃദയം വല്ലാതെ വ്രണപ്പെട്ടിരുന്നു.

അടുത്ത സ്റ്റേഷനിൽ വണ്ടിയിറങ്ങി ഞാൻ ലതയുടെ വീട്ടിലേക്കു നടന്നു. ഹൃദയം അല്പം വേദനിച്ചെങ്കിലും ലതയെ കാണാനുള്ള ഉൽക്കണ്ഠ ആ വേദനയെ വളരാൻ അനുവദിച്ചില്ല.

അവളുടെ വീട് അടുക്കുംതോറും എന്റെ ഹൃദയമിടിപ്പിനു ഗതിവേഗം വർദ്ധിച്ചു. ഞാനവളെ അവസാനം കണ്ടിട്ടു രണ്ടു വർഷത്തോളമായി. അന്നവൾ പാതി വിടർന്ന ഒരു പനിനീർപ്പൂപോലെ ഇരുന്നിരുന്നു. ഇന്നവൾ പരിപൂർണ്ണമായി വികസിച്ചു പരിമളം പ

രുന്നുണ്ടാവാം. താരുണ്യം തളിർത്തു നില്ക്കുന്ന ആ പൂമുഖം ദർശിക്കുവാനുള്ള അടക്കവയ്യാത്ത ആഗ്രഹം എന്റെ നടപ്പിനു വേഗത കൂട്ടി.

വീടിന്റെ മുൻവശത്തു ആരേയും കണ്ടില്ല. ചുമച്ചു ശബ്ദമുണ്ടാക്കിക്കൊണ്ടു ഞാൻവീട്ടിലേക്കു കടന്നു. അടുക്കളയിലെന്തോ ജോലി ചെയ്യുന്ന ഒരു സുന്ദരി എന്റെ മുമ്പിലേക്കു വന്നു.

"അല്ല ബാലേട്ടനോ? ഞാൻ വിചാരിച്ചു ഇവിടെ ഇറങ്ങാതെ പൊയ്ക്കളയുമെന്ന്." ചുണ്ടുകൾക്കിടയിൽ മുല്ലമുകുളങ്ങളൊളിച്ചുവച്ചുകൊണ്ടു അവൾ പറഞ്ഞു.

"എങ്ങിനെ പോവും? കരളിൽ ചുണ്ട കൊളുത്തി വലിക്കുകയല്ലേ ഒരാൾ." അവൾ കുണുങ്ങിക്കുണുങ്ങിച്ചിരിച്ചു. എന്തൊരു മാധുര്യമാണു ആ ചിരിക്ക്. പാറക്കെട്ടുകളിൽ തെന്നിയൊഴുകുന്ന കാട്ടുചോലകളുടെ സംഗീതംപോലെ.
"ബാലനല്ലേ ഇത്? ഞങ്ങൾ കാത്തിരിക്കയായിരുന്നു." അമ്മാവി എന്നെ സ്വാഗതംചെയ്തു.

"അമ്മാവനെവിടെ?"

"പാടത്താമറ്റോ പോയിരിക്കും. പരീക്ഷയെല്ലാം.........."

"തരക്കേടില്ല."

"ബാലനിരിക്കു. ഞാൻ ഒന്നു കുളിച്ചിട്ടു വരാം."

വളകൾ കൂട്ടിമുട്ടുന്ന ശബ്ദംകേട്ടു ഞാൻ തിരിഞ്ഞുനോക്കി. കയ്യിൽ ഒരു കപ്പു കാപ്പിയുമായി ഒരു ദേവത നില്ക്കുന്നു. അതിൽനിന്നുയരുന്ന ആവി സൃഷ്ടിച്ച മേഘജാലത്തിനിടയിലൂടെ ആ ചന്ദ്രിക മന്ദഹാസം പൊഴിക്കുന്നു. ഞാനങ്ങനെ നോക്കി നിന്നുപോയി.

"എന്തൊരു നോട്ടമാണിത്? കാപ്പി തണുത്തുപോവും." തല കുനിച്ചു കൊണ്ടാണവൾ പറഞ്ഞത്. സ്വപ്നത്തിൽനിന്നുണർന്നവനെപ്പോലെ ഞാനതുവാങ്ങി കുടിക്കുവാൻ തുടങ്ങി.

"ഈ കാപ്പി കൈക്കുന്നുണ്ടല്ലോ" അവളെ ശുണ്ഠിപിടിപ്പിക്കുവാൻ വേണ്ടി ഞാൻ വെറുതെ പറഞ്ഞു.

ലതയുടെ മുഖം പെട്ടെന്നു ചുവന്നു. "നിങ്ങളൊക്കെ വല്യ പട്ടണത്തിലും മറും ജീവിക്കുന്നോരല്ലേ? ഞങ്ങൾ പാവങ്ങൾ. ഇത്രയൊക്കെയുള്ളൂ." അവൾ തല വെട്ടിച്ചുകൊണ്ടു ജനാലയ്ക്കലേക്കു നടന്നു. എന്നിട്ടു ശൂന്യമായ വിദൂരതയിലേക്കു കണ്ണുകളയച്ചുംകൊണ്ടു അവിടെ നിന്നു. അവളുടെ ഹൃദയം വെറുതെ വേദനിപ്പിച്ചതിൽ എനിക്കും പ്രയാസം തോന്നി. ഞാൻ പിന്നിൽക്കൂടെ ചെന്നു അവളുടെ തോളിൽ കൈവെച്ചു. അവൾ പെട്ടെന്നു തിരിഞ്ഞുനിന്നു. ആ മുഖത്തു പരിഭവമേ ഇല്ല.

ലജ്ജയുടെ മൂടുപടമിട്ട ആ വദനം പിടിച്ചുയർത്തിക്കൊണ്ടു ഞാൻ ചോദിച്ചു. 'ലതയ്ക്കൊരു സമ്മാനമുണ്ടു. വേണ്ടേ?'

"തരു"

അവളുടെ വിറപൂണ്ട അധരങ്ങളും തിളങ്ങുന്ന കണ്ണുകളും ആ സമ്മാനം സ്വീകരിച്ചതിലുള്ള സംതൃപ്തി വ്യക്തമാക്കി.

---

# അസ്ഥിമനുഷ്യൻ

(ടി. കെ. എസ്സ്. വിശ്വനാഥൻ, U. P. B.)

"ചില്ലലമാരയ്ക്കുള്ളിൽ
    നിന്നിമേഷമായ്' നില്പൂ,
പല്ലിളിച്ചൊരു സ്വപ്ന—
    ജീവിതൻ പരമാർത്ഥം.
പ്രേമവും, പ്രതികാര
    വാഞ്ഛയുമാവേശവും
ആ വെറുമെല്ലിൻ കൂട്ട
    മാംസത്താൽ പൊതിയിക്കെ,
പ്രകൃതി നിരീക്ഷകൻ ;
    ഞാൻ, കണ്ടേ, നൊരുകൊച്ചു
വികൃതിക്കളിക്കട്ട—
    നെഞ്ചിന്നിൽ നില്ക്കുന്നതായ്'
എങ്ങുന്നോ ലഭിച്ചോരു
    കമ്പിനെ, 'കളിപ്പാവ'—
യെന്നോതി, ക്കത്തിക്കുവാൻ
    പട്ടാടയുടുപ്പിക്കേ,
സുന്ദരമായീ മര—
    ക്കഷണം ! കാണുന്നോരി—
ലിമ്പമേകുവാൻ പോന്നി—
    താ വെറും മരത്തുണ്ടം !
കുട്ടിയെപ്രീണിപ്പിക്കാൻ,
    വത്സല ഹൃദയത്താ—
ലൊട്ടേറെ മനുഷ്യരാ
    കമ്പിനെത്താലോലിച്ചു.
ഒടുവിൽ, 'കളിപ്പാവ—
    യല്ലിതു, വെറും കമ്പ്'—
ന്നവനങ്ങറിയുമ്പോൾ
    പിന്നെയുമതു പാഴിൽ !
കാലമാം കളിക്കട്ട—
    നിക്കമ്പിൽ ചാർത്തിച്ചോരാ
ചേല ചേലമാം പട്ടു
    കണ്ടു നാം മയങ്ങുന്നു !
മഴവില്ലോലും കവിൾ
    ഭ്രൂവും, മാക്കുചങ്ങളും
കളിയായണിയിച്ച
    പട്ടുടുപ്പുകൾ മാത്രം !

കളിതീർത്തവനെല്ലാം
    വിട്ടൊഴിയുന്നേരത്തീ
കളിക്കമ്പുകൾ, വീണ്ടും
    കളിക്കമ്പുകളല്ലീ ? "
ചില്ലലമാരയ്ക്കുള്ളിൽ
    നിന്നിമേഷനായ്' നോക്കി—
ത്തെല്ലിട മരവിച്ചു
    പോരു നിന്നു തത്വജ്ഞാനി.
കാണികൾ പൊട്ടിപ്പൊട്ടി
    ച്ചിരിച്ചു, "വിഡ്ഢിത്തത്തിൻ
സർവ്വയത്തിപിടോക്കെ
    വിളമ്പിക്കഴിഞ്ഞല്ലോ !
കമ്പാണു പോലും ! കളി—
    ക്കട്ടിതാനിട്ടുവിച്ച
കമ്പിളിനൂലാണല്ലോ,
    നമ്മളെല്ലാരെയും ? കഷ്ടം !,"
"ആയിടാമൊരുപക്ഷേ;—
    യതിനെ, ന്നെന്തായാലും
കേഴണമെന്നില്ലല്ലോ,
    കേഴ്ക്കുനിഷ്ഫലമല്ലോ !
കമ്പാകാം, കളിപ്പാട്ട—
    മായിടാ, മെന്നാലു, മീ
സംഭ്രമ മെപ്പെട്ടോനു—
    ത്തരമേകില്ലല്ലോ.
ഉള്ളനേരത്തിനുള്ളി—
    ലാനന്ദിക്കുകയല്ലോ
നല്ലതു ?" കാര്യസ്ഥനായ്'
    നിന്നു, ചോദിച്ചാൻ കവി.
വീർപ്പിട്ടതല്ലാതൊന്നു
    മോതില തത്വജ്ഞാനി.
തിപ്പുതളിയപോലെ
    നില്പായീ, മഹാകവി.
ചില്ലല മാരയ്ക്കുള്ളിൽ,
    ഉത്തരം കിട്ടാത്ത പോൽ,
പല്ലിളിച്ചൊരു ചോദ്യ
    മെപ്പോഴും നിന്നു, സ്വസ്ഥം !

# മൂന്നാററിലേയ്ക്കു ഒരുല്ലാസയാത്ര

(പ്രബോധ ചന്ദ്രൻ; ക്ലാസ്സ് IV. ബോട്ടണി)

അർദ്ധവാർഷിക പരീക്ഷ ഒരുവിധം കഴിഞ്ഞുകൂടിയപ്പോൾ ഞങ്ങൾക്കൊക്കെ പതിവിലും പതിന്മടങ്ങു കൂടുതൽ ഉത്സാഹത്തുള്ളിച്ച അനുഭവപ്പെട്ടു. കാരണമെന്താണെന്നോ? അടുത്ത ദിവസം തന്നെ കോളേജിലെ സസ്യശാസ്ത്ര വിഭാഗം മൂന്നാററിലേയ്ക്കു ഒരു പഠനയാത്ര (ഞങ്ങളുടെ ഭാഷയിൽ, ഒരുല്ലാസയാത്ര) ഏർപ്പാടു ചെയ്തിരുന്നു. ധനുമാസത്തിലെ മഞ്ഞും, പരീക്ഷയുടെ ചൂടും ഒക്കെക്കൊണ്ടു ചിലർക്ക് ആലുവായിൽ വച്ചുതന്നെ പനിയും ജലദോഷവുമൊക്കെ ആരംഭിച്ചിരുന്നു. ഭാഗ്യദോഷികൾ! മൂന്നാററിലെ തണുപ്പേല്ക്കാൻ അവരാരും വരേണ്ടെന്നുതന്നെ ഒടുവിൽ നിശ്ചയിച്ചു.

20-ാം- രാവിലെ ഏട്ടേകാൽ മണിയ്ക്കു ഞങ്ങളുടെ വണ്ടി ആലുവാ ബസ്സ്സ്റ്റാൻഡിൽ നിന്നും പുറപ്പെട്ടു. പട്ടണപ്രദേശം കഴിഞ്ഞതോടെ, ജനസഞ്ചാരം കുറഞ്ഞ, ടാറിട്ട നല്ല റോഡിൽക്കൂടി ബസ്സ് കുതിച്ചു പാഞ്ഞു തുടങ്ങി. ഞങ്ങളെക്കൂടാതെ ബസ്സിൽ വേറെയും ആളുകൾ ധാരാളമുണ്ടായിരുന്നതുകൊണ്ട് ആരും പാടാൻ കൂട്ടാക്കിയില്ല. ഓരോരുത്തരും ചുരുങ്ങിയതോതിൽ അവരവരുടെ വാഗ്വിലാസങ്ങൾ കാട്ടി പൊട്ടിച്ചിരിച്ചും ചിരിപ്പിച്ചും സമയം പോക്കി.

ബസ്സു പെരുമ്പാവൂരും കോതമംഗലത്തുമൊക്കെ നിന്നു. പലരും ഇറങ്ങി. അതിൽ കൂടുതൽ ആളുകൾ ഉള്ളിലേയ്ക്കു തള്ളിക്കയറി നടുവിൽ തൂങ്ങിപ്പിടിച്ചു നില്പായി. സ്ഥലങ്ങൾ മാറിമാറി വരുന്നതോടെ പ്രകൃതി ദൃശ്യങ്ങൾക്കും പുതുമയേറിവന്നു. നേര്യമംഗലം പാലം ഓടി അരികിലണഞ്ഞു ക്ഷണം പിന്നിലായി. റോഡിന്റെ വളവുകളും പിരിവുകളും കൂടിക്കൂടിവന്നു. വണ്ടി മുക്കിയും മൂളിയും മലയുടെ പള്ളയിലൂടെ നിരങ്ങിക്കയറിക്കൊണ്ടിരുന്നു. വിദ്യാർത്ഥിനികളിൽ ഭൂരിപക്ഷവും വിദ്യാർത്ഥികളിൽ ചിലരും ചർദ്ദിക്കൊണ്ടും അങ്ങോട്ടുമിങ്ങോട്ടുമുള്ള ഉലച്ചിൽകൊണ്ടും തളർന്നു തങ്ങളുടെ ഇരിപ്പിടങ്ങളിൽ ചാഞ്ഞും ചെരിഞ്ഞുമിരുന്ന് ഉറക്കം തൂങ്ങിത്തുടങ്ങി. വണ്ടിയുടെ വശത്തോടു ചേർന്ന് ഇരിപ്പുപിടിച്ചിരുന്ന എന്റെ കണ്ണുകൾ ഉലച്ചിലൊന്നും കാര്യമാക്കാതെ പ്രകൃതിയുടെ സുഭഗശരീരത്തിൽ സൗന്ദര്യം തേടി അങ്ങുമിങ്ങും അലച്ചിൽ തുടങ്ങി. റോഡിന്റെ ഒരു വശത്തു മാനം മുട്ടുമാറ് ഉയർന്നു നില്ക്കുന്ന, കരിമ്പാറക്കൂട്ടം നിറഞ്ഞ വന്മലകൾ; മറുവശത്തു മാമരങ്ങളും പച്ചപ്പൊന്തകളും നിറഞ്ഞു, നട്ടുച്ചനേരത്തുപോലും പകൽ വെളിച്ചം വീശാത്ത അത്യഗാധമായ താഴ്വാരങ്ങൾ. ഇടയ്ക്കു ഒരു വലിയ നീലപ്പാറയുടെ തോളിൽ നിന്നു ഊർന്നിറങ്ങി പൊട്ടിച്ചിരിച്ചുകൊണ്ടു പാഞ്ഞുപോകുന്ന ഒരു കുഞ്ഞരുവി. അങ്ങു മാറി അകൃത്രിമദ്യുതി വിതറുന്ന, നിറപ്പകിട്ടാർന്ന ഒരു കാട്ടുപൂന്തോട്ടം. മുകളിൽ, വെള്ളിമേഘങ്ങൾ മേഞ്ഞുനടക്കുന്ന നീലാകാശം. ആകപ്പാടെ,

'പ്രകൃതി രമണീയം, ശാന്തഗംഭീരം ഹാ! ഹാ!
സുകൃതി നിക്ഷേപ്യമ, നിങ്ങൾ തൻ മഹാ
രാജ്യം'

എന്നു മഹാകവി മതിമറന്നു പാടിയതു് വെറുതെയല്ലെന്നു ബോദ്ധ്യപ്പെട്ടു.

ഇതിനിടയ്ക്കു സ്ഥലപരിചയമുള്ള ചില സഹയാത്രികന്മാർ ഞങ്ങൾക്ക് പല കാര്യങ്ങളും പറഞ്ഞുതന്നുകൊണ്ടിരുന്നു. മൂന്നാററിലെ തണുപ്പ്, മലമ്പാമ്പുകളുടെ തരം, കാട്ടാനകളുടെ പരാക്രമം, മലഞ്ചരക്കു കച്ചവടം, ഇങ്ങനെ പലവിഷയങ്ങളെപ്പററിയും അനേകം വിദഗ്ദ്ധാഭിപ്രായങ്ങൾ പ്രകടിപ്പിച്ചു കേട്ടു. ഇൻഡ്യാഗവൺമെന്റിന്റെ കീഴിൽ ജോലി ചെയ്തിരുന്ന ഒരു ആർക്കിയോളജിസ്റ്റായിരുന്നു തൊട്ടടുത്തിരുന്നിരുന്നതു്. സസ്യശാസ്ത്രവിദ്യാർത്ഥികളായ ഞങ്ങൾക്ക് ഒരു ഇമ്പമില്ലാത്ത പുരാണ വസ്തുഗവേഷണത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചു വിജ്ഞാനസാധകമാം വിധം പലതും അദ്ദേഹം പറഞ്ഞുതന്നു. തനിയ്ക്കറിവുള്ളതൊക്കെ മററുള്ളവർക്കും മനസ്സിലാക്കിക്കൊടുക്കുന്നതിൽ സരസനായ മി. പീതാംബരൻ (അതാണദ്ദേഹത്തിന്റെ പേര്) കാണിച്ച താത്പര്യം മററു പലയിടങ്ങളിലും കാണാത്തതായിരുന്നു.

അങ്ങനെയിരിയ്ക്കെ, 'പാളുറക്കത്തെ'ന്ന ജ

THE HOLLAND HOSTEL BADMINTON TEAM

**Winners of the Inter-Hostel Tournament 1956-'57**



*Sitting*: A. V. Oommen; N. George; P. P. Skariah M. A; P. K. John M. A.; M. Isaac.
*Standing*: K. I. Abraham; P. M. John; V. M. Elias; K. Kumar.

HOLLAND HOSTEL DRAMATIC CLUB



*Bottom row*: N. A. Mathew; P. P. Skariah M. A.; T. C. Joseph M. A.; Dr. P. M. Mathai; N. George; P K. John M. A. *Middle row* James Varughese; N. J. Mathai: M. Narayanan; V. M Smart; Mathew Chacko; Daniel Thomas; K I. Abraham; K. N. Narayana Iyer.
*Top row*: P.K. David; V.G. Ulahannan; K. Rajan; Mathew T. Abraham; M. O Oommen.



Congress President



Subhash Bose

ലപാതം കണ്ടുമന്നിലെത്തി. വേനലിന്റെ വറുതി 'പാളുറക്കത്തി'ന്റെ ഊക്ക് വളരെ കുറച്ചിട്ടുണ്ടെന്നു അടുത്തിരുന്നിരുന്നവർ പറഞ്ഞു. എങ്കിലും ഏറെ ദൂരം ചെന്നിട്ടും ആ കാട്ടിൻ നടുവിൽ നിന്നു തുള്ളിച്ചാടുന്ന ആ ജലദേവതയുടെ പൊട്ടിച്ചിരി ഞങ്ങൾക്കു കേൾക്കാമായിരുന്നു.

തേയിലത്തോട്ടങ്ങളുടെ കുളിർമയും പുതച്ച കുന്നുകളും, അങ്ങിങ്ങു കാണുന്ന കൊച്ചു വീടുകളും, വെയിലത്തു വെട്ടിത്തിളങ്ങുന്ന തളിരിലകളുള്ള യൂക്കാലിപ്‌ററസ്സ് മരങ്ങളും മൂന്നാറെത്തി എന്നതിന്റെ ലക്ഷ്യങ്ങളായിരുന്നു. അതുവരെ ഉറക്കം തൂങ്ങിക്കൊണ്ടിരുന്നവരും കണ്ണു തിരുമ്മി പുറത്തേയ്ക്കു നോക്കിയിരുപ്പായി. ഉച്ചയ്ക്കു ഒന്നരമണി കഴിഞ്ഞപ്പോൾ ഞങ്ങൾ മൂന്നാററിലെത്തി, K. D. H. ക്ലബ്ബിനരികിൽ വണ്ടിയിറങ്ങി. പെട്ടിയും കിടക്കയും ഭാരം കൂടിയ പ്രസ്സുകളുമൊക്കെ തൂക്കിയെടുത്തുകൊണ്ട് എല്ലാവരും വല്ലാതെ വാടിത്തളർന്നു ഒരുവിധം ക്ലബ്ബിലെത്തിച്ചേർന്നു.

ഇടയ്ക്കു കല്ലുകടിച്ചെങ്കിലും ക്ലബ്ബുകാർ ഒരുക്കിവച്ചിരുന്ന ചോറും കറികളും സാധാരണയിലധികം രുചികരമായിത്തോന്നി. ഊണു കഴിഞ്ഞു ചെറിയൊരു വിശ്രമത്തിനു ശേഷം ഞങ്ങൾ മൂന്നാററിലെ കാഴ്ചകൾ കാണാനിറങ്ങി. ആദ്യമേതന്നെ ഞങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചതു റോപ്പ്‌വേസ്റ്റേഷൻ (Ropeway Station) ആയിരുന്നു. കുന്നും, കുഴിയും, കാടും, മേടും കാര്യമാക്കാതെ ബലവത്തായ ഇരുമ്പുകയറുകളിൽ തൂങ്ങിപ്പിടിച്ചു തേയില ഫാക്ടറികളിലേയ്ക്കും മററും വേണ്ട വിറക് ദൂരെനിന്ന് മെല്ലെ വായുവിലൂടെ ഒഴുകി നിർദ്ദിഷ്ട സ്ഥാനത്തു വന്നു ചേരുന്നത് എത്ര നേരം വേണമെങ്കിലും കൗതുകം പൂണ്ടു നോക്കിനില്ക്കാം.

പിന്നീടു ഞങ്ങൾ മൂന്നാർ അങ്ങാടിയൊക്കെ സന്ദർശിച്ചു സന്ധ്യക്കു മുമ്പേ ക്ലബ്ബിലേയ്ക്കു മടങ്ങി.

ദേഹരക്ഷയ്ക്കു കമ്പിളിയുടുപ്പും പുതപ്പുമൊക്കെയുണ്ടായിരുന്നെങ്കിലും തണുപ്പിന് രാത്രി ഞങ്ങളെ വിട്ടുപിരിയാൻ വല്ലാത്തൊരു വിഷമം. ഉറക്കവും അത്ര സുഖമായെന്നു പറഞ്ഞുകൂടാ. വണ്ടിയിൽ വച്ചു വലിയ ഒച്ചപ്പാടൊന്നുമുണ്ടാക്കാതിരുന്ന വിദ്വാന്മാർ സംഗീതവാസനയും പ്രസംഗ പാടവവുമൊക്കെ പ്രദർശിപ്പിയ്ക്കാൻ സമയം കണ്ടതു പാതിരയ്ക്കാണ്. ശാസ്ത്രീയ സംഗീതവും, ദേശീയ സംഗീതവും, കഥകളിപ്പാട്ടുമൊക്കെ ഓരോരുത്തരും ആവും മട്ടിൽ പ്രയോഗിച്ചുതുടങ്ങി. ഒന്നാം പാതിരിമാരുടെ പ്രസംഗ [illegible]മായി അനുകരിച്ചു. വേറൊരാൾ അയാളുടെ ശിഷ്യത്വം സ്വീകരിച്ചു ഓരോ വാക്യവും ഉച്ചത്തിൽ ഏററുപറയാനും ആരംഭിച്ചു. കൂട്ടത്തിൽപ്പറയട്ടെ, ഞങ്ങൾക്ക് ഉറങ്ങാൻ ഒരുക്കിയിരുന്ന സ്ഥലം ക്ലബ്ബിലെ കലാപരിപാടികൾ നടത്തുന്ന സ്റ്റേജുതന്നെയായിരുന്നു. അതുകൊണ്ടു ഞങ്ങളിലാർക്കും ഇതിലൊന്നും വലിയ അനൗചിത്യം തോന്നിയില്ല. ഏതായാലും, 'കലാപരിപാടിക'ളൊക്കെക്കഴിഞ്ഞു ഉറങ്ങാൻ നേരം അധികമുണ്ടായിരുന്നില്ല.

ഡിസംബർ 21-ാം വെളുപ്പിനു വൈകി ഉണർന്നുകൊണ്ടു എട്ടുമണിയ്ക്കു മുമ്പു കാപ്പി കഴിച്ച് ക്ലബ്ബിൽ നിന്നിറങ്ങാൻ വളരെ തിടുക്കം കൂട്ടേണ്ടിവന്നു. മാട്ടുപ്പെട്ടിയായിരുന്നു ഞങ്ങളുടെ ലക്ഷ്യം. ചെമ്പാമ്പുപോലെ വളഞ്ഞു പുളഞ്ഞു പോകുന്ന, കരിങ്കല്ലു പാകിയ റോഡിലൂടെ പൊടി പറത്തിക്കൊണ്ടു ഞങ്ങളുടെ 'വാൻ' ഉന്നത തലങ്ങളിലേയ്ക്കു മെല്ലെമെല്ലെ വലിഞ്ഞു കയറി. അദ്ധ്യാപകന്മാർ ഓരോതരം മരവും ചൂണ്ടിക്കാണിച്ചു സസ്യശാസ്ത്രപ്രകാരമുള്ള പേരും മററു പലതും പറഞ്ഞുതന്നുകൊണ്ടിരുന്നു. വിദ്യാർത്ഥിനികൾ തലേന്നാളത്തേക്കാൾ ഉല്ലാസമതികളായി കാണപ്പെട്ടു. വണ്ടിയുടെ വശങ്ങളിൽ വിദഗ്ദ്ധഹസ്തങ്ങൾ കൊട്ടുന്ന താളത്തിനൊപ്പിച്ചു അവർ കൂട്ടുചേർന്നു ഉത്സാഹപ്രദമായ പാട്ടുകൾ പാടി. അങ്ങിങ്ങു കാണുന്ന ചെറുവീടുകളിൽ നിന്നും വഴിയരികിലേയ്ക്കോടിവരുന്ന കുട്ടികളും, തൊട്ടാൽ കൈ കോച്ചുന്ന വെള്ളത്തിൽ മുട്ടോളം ഇറങ്ങിനിന്നു മുണ്ടലക്കുന്ന ചില വീട്ടമ്മമാരും, വല്ലപ്പോഴും കണ്ടുമുട്ടുന്ന വഴിപോക്കരും തലതിരിച്ചു ഞങ്ങളെ ഉററുനോക്കി. "We all belong to U. C. College" എന്നു ഞങ്ങൾ നീട്ടിപ്പാടിയതു അവർക്കാർക്കെങ്കിലും മനസ്സിലായോ എന്തോ! ഇടയ്ക്കു ഞങ്ങൾ വണ്ടിനിറുത്തി, വഴിയരികിലുള്ള കാട്ടിലേയ്ക്കു പാഞ്ഞു കയറും. പ്രൊഫസ്സർ ചൂണ്ടിക്കാട്ടിയ ഒരു സുദുർല്ലഭ സസ്യമായിരിയ്ക്കും ഞങ്ങൾക്കു കിട്ടേണ്ടതു.

കല്ലും, മുള്ളും, കുണ്ടും, കുഴിയുമൊന്നും ഞങ്ങൾ വകവയ്ക്കയില്ല. 'ചെട്ടിച്ചിപ്പൂച്ചെടി'കളും, 'ചെറിയണ'ങ്ങളും ഇറങ്ങനില്ക്കുന്നതിനിടയിലൂടെ അരിച്ചുകയറുമ്പോൾ മേലാസകലം ചൊറിയും. മുൾക്കുപ്പായം ധരിച്ച ചില സുന്ദരികളോടടുക്കുമ്പോൾ അവർ നമ്മുടെ ഉടുപ്പും, തൊപ്പിയൊക്കെ മാന്തിക്കീറും. ചിലപ്പോൾ അട്ടകൾ കൈകാലുകളിൽ കടിച്ചുതൂങ്ങി ചോരപാനം തുടങ്ങും. പരസ്പരം കൂട്ടംകൂടി ചിരിച്ചാർത്തു നടക്കുന്നതിനിടയിൽ ആരും അതൊന്നും അത്ര കാര്യമാക്കുകയില്ല.

മാട്ടുപ്പെട്ടി അണക്കെട്ടു കാണേണ്ടൊരു കാഴ്ച തന്നെയാണ്. പ്രകൃതിയും മനുഷ്യപ്രയത്നവും കൈകോർത്ത് സമൃദ്ധിയിലേക്ക് മുന്നേറുകയാണവിടെ. പേരെന്തിൽ ഉയരത്തിലുള്ള വെള്ളം പിതികറഞ്ഞ ബഹിർഗ്ഗമനമാർഗ്ഗത്തിലൂടെ പുറത്തേയ്ക്കു ചീറിപ്പായുന്നത് എത്രനേരം നോക്കിനിന്നാലും മതിയാവില്ല. അണക്കെട്ടിനുള്ളിൽ ഒന്നോ രണ്ടോ ഫർലോങ്ങ് നീളം വരുന്ന ഒരു ഗുഹയുണ്ടാക്കി വച്ചിട്ടുണ്ട്. അതിലേയ്ക്ക് കുത്തനെ ഇറക്കി നിറുത്തിയിട്ടുള്ള, നട്ടുവിളക്കുന്ന ഇരുമ്പേണിയിലൂടെ കുറേ ഇറങ്ങിയപ്പോൾ കാൽമുട്ടുകൾ വിറയ്ക്കുന്നെന്നു തോന്നി. ഗുഹയുടെ ഒരു ഭാഗത്തെത്തിയപ്പോൾ ഞങ്ങളുടെ വഴികാട്ടി പറഞ്ഞു. "ഇവിടെ അമ്പടി കനത്തിൽ കോൺക്രീറ്റു കഴിഞ്ഞാൽ അപ്പുറം വെള്ളമായി." തിരക്കൈയ്യുകൾ അണക്കെട്ടു തന്നെ തല്ലിത്തകർക്കാൻ കോപ്പിട്ടു നില്ക്കുന്ന ജലശേഖരം തൊട്ടടുത്തു വളരെ ഉയരത്തിലുണ്ടെന്നോർത്തപ്പോൾ ഉള്ളിൽ കുളിരു കേറിപ്പോയി! അണക്കെട്ടിലെ ഉദ്യോഗസ്ഥന്മാരോടു നന്ദിപറഞ്ഞിട്ടു ഞങ്ങൾ അവിടം വിട്ടു.

വഴിയ്ക്ക് 'കണ്ടല' അണക്കെട്ട് അല്പസമയം ഒന്നുനിന്നു കണ്ടിട്ട് ഞങ്ങൾ 'ചെണ്ടുവര' തേയിലത്തോട്ടവും, ഫാക്ടറിയും സന്ദർശിച്ചു. 'കൊഴുന്ത്' (തേയിലച്ചെടിയുടെ അഗ്രമുകുളവും, അതിനു താഴെയുള്ള രണ്ടിലയും) ശേഖരിച്ചു ഉണക്കിയെടുക്കുന്നതു മുതൽ തേയില തരംതിരിച്ചു പെട്ടികളിൽ നിറയ്ക്കുന്നതു വരെ ജോലിക്കാരും യന്ത്രങ്ങളും ചേർന്നു ചെയ്യുന്ന പണികളെല്ലാം ഞങ്ങൾ മനസ്സിലാക്കി.

ഡിസംബർ 22-ം ശനി. അന്നത്തെ പ്രധാന പരിപാടി പള്ളിവാസൽ ജലവൈദ്യുത പദ്ധതി കാണുകയായിരുന്നു. നാടിന്റെ ജീവനാഡികളിലേയ്ക്കു പ്രകൃതി ശക്തി സംഭരിച്ച് അയച്ചുകൊടുക്കുന്നതിന് ഒന്നിലധികം പതിററാണ്ടുകളായി രാപകൽ മൂളിപ്പാട്ടും പാടിക്കൊണ്ടു പണിയെടുക്കുന്ന അവിടത്തെ യന്ത്രങ്ങൾ അത്ഭുതസ്തിമിത നേത്രങ്ങളോടെ ഞങ്ങൾ നോക്കിനിന്നു. തിരിച്ചു പോരുംവഴി അന്യാസാധാരണമായ ചില ചെടികൾ ഞങ്ങൾക്കു കിട്ടുകയും ചെയ്തു.

വൈകുന്നേരം ഒരിംഗ്ലീഷ് ചിത്രം കണ്ടു. 'ദ് സ്റ്റോറി ഓഫ് ദി ലൗവ്സ്.' സിനിമയിൽ കണ്ട രംഗങ്ങളേക്കാൾ മറക്കാനാവാത്തത് മരം കോച്ചുന്ന മഞ്ഞത്ത് "ദന്തങ്ങൾ കൊണ്ടു താളം പിടിച്ചു" ക്ലബ്ബുവരെ നടന്നെത്തിയതാണ്.

ഡിസംബർ 23-ം ഞായർ. രാവിലെ എല്ലാവരും പള്ളിയിൽപോയി, പ്രാർത്ഥനയിൽ പങ്കെടുത്തു. ഉച്ചയ്ക്കുശേഷം ദേവികുളം സന്ദർശിച്ചു. അവിടെ വിശേഷിച്ചൊന്നും കാണാനുണ്ടായിരുന്നില്ല. എങ്കിലും വണ്ടിയിൽ നിന്നിറങ്ങി കൂട്ടംചേർന്നു നടന്നു അങ്ങുമിങ്ങും പറഞ്ഞു പരസ്പരം കളിയാക്കി രസിച്ചതുകൊണ്ട് നേരം പോയതറിഞ്ഞില്ല. കൂട്ടത്തിലുണ്ടായിരുന്ന ചില 'തൊട്ടാവാടി'കൾ, ക്രമേണ തൊട്ടാലും ഭാവം പകരാതെ നില്ക്കാൻ ശീലിച്ചു.

സന്ധ്യയ്ക്ക്, ക്ലബ്ബിന്റെ മുൻവശത്തെ വരാന്തയിലിട്ടിട്ടുള്ള സെററികളിലൊന്നിൽ ചാഞ്ഞുകിടന്ന് വിദൂരതയിൽ അങ്ങുമിങ്ങും ദൃഷ്ടി നട്ടുകൊണ്ടിരിക്കുകയായിരുന്നു. ഇരുട്ട്, കുന്നിൻ തലപ്പുകളിൽ നിന്നാടുന്ന അന്തിക്കതിരുകൾ മുഴുവൻ കൊയ്തു തീർന്നിട്ടില്ല. ചെറിയൊരു കാററ്. തണുപ്പു ദേഹത്തു അരിച്ചുകയറി. അടുത്ത ദിവസം ഈ ഉല്ലാസയാത്ര അവസാനിക്കുകയായല്ലോ എന്നൊരു വേദന കരളിൽ കടന്നുകൂടി. അത് വിദ്യാർത്ഥിജീവിതം തന്നെ അടുത്തു തീരുമെന്ന കൂടുതൽ സന്താപകരമായ ചിന്തയിലേയ്ക്കു ചാലുകീറി.

തിങ്കളാഴ്ച രാവിലെ മഞ്ഞു പുതപ്പിനടിയിൽ ചുരുണ്ടുകൂടി സുഖസുഷുപ്തിയിൽ നിന്നുണരാൻ കൂട്ടാക്കാതെ കിടന്നിരുന്ന മൂന്നാറിനോടു മൗനാനുവാദം വാങ്ങി ഞങ്ങളവിടം വിട്ടു. ആലുവാ ബസ്സ്സ്റ്റാൻഡിൽ ഉച്ച

പെയിലത്തു വണ്ടിയിറങ്ങിയപ്പോഴേയ്ക്കും എല്ലാവക്കും വീടണയാൻ വെമ്പൽ.

മൂന്നാററിൽ കഴിച്ചുകൂട്ടിയ മൂന്നുനാലു നാളുകളിൽ, നിനവിൽനിന്നു നീങ്ങാത്ത, ഹൃദയത്തിൻെറ ഉള്ളറകളിൽ സൂക്ഷിച്ചുവെയ്ക്കാവുന്ന നിരവധി ചിത്രങ്ങൾ ഞങ്ങൾക്കു കിട്ടി. ഹൃദയഭിത്തിയിൽ അവ തെളിയുന്ന നിമിഷങ്ങൾ എന്നും ഉല്ലാസപ്രദങ്ങളായിരിക്കും.

---

ചെറുകഥ

## “തൊമ്മൻ”

[P. M. MATHEW, Class III Philosophy]

അന്യർ നിങ്ങളെ ഇഷ്ടപ്പെടണമോ? നിങ്ങൾക്കു സ്നേഹിതരെ സമ്പാദിക്കണമോ? ഇതാ കുറെ നിർദ്ദേശങ്ങൾ. ഇതനുസരിച്ചു പ്രവർത്തിച്ചാൽ ഏററവും ചുരുങ്ങിയ കാലത്തിനിടയ്ക്കു് വലിയൊരു ജനസമൂഹം നിങ്ങളെ ഇഷ്ടപ്പെടുകയും നിങ്ങളുടെ ഭവനം സ്നേഹിതരെക്കൊണ്ടു നിറയുകയും ചെയ്യും. സുന്ദരമായി മന്ദഹസിക്കുക. അന്യരെ പേരു ചൊല്ലി വിളിക്കുക. മററുള്ളവർ പറയുന്നതു രസകരമാണെന്നും പ്രാധാന്യമർഹിക്കുന്നതാണെന്നും അവരെ മനസ്സിലാക്കുക (നിവൃത്തിയുള്ളിടത്തോളം ആത്മാർത്ഥമായിത്തന്നെ ചെയ്യുക) പലപ്പോഴും സംസാരിക്കുന്നവനാകാതെ ശ്രദ്ധിക്കുന്നവനാകുക. അന്യരുടെ രസത്തിനനുസരിച്ചു സംസാരിക്കുക; സംഭാഷണം ആ രീതിയിൽ നയിക്കുക.

പക്ഷേ ഇതൊന്നുമല്ല തൊമ്മനു് വളരെയേറെ പരിചിതരേയും സ്നേഹിതരേയും സമ്പാദിച്ചുകൊടുത്തതു്. അതെന്താണെന്നല്ലേ! പറയാം.

തൊമ്മൻെറ നടത്തയും ഭാവവും കണ്ടാൽ, താൻ ഒരു ബലഹീനനും പാപിയും ബുദ്ധിഹീനനുമാണെന്നു തോന്നും. അയാൾ അങ്ങനെയായിരുന്നുവോ? അല്ലെന്നു തീർത്തു പറയുവാൻ എനിക്കു ധൈര്യം പോരാ. പറങ്കിയണ്ടിയുടെ ആകൃതിയിലുള്ള തലയിൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ചുനില്ക്കുന്ന കുള്ളൻ തലമുടിയും മഞ്ഞിയ കണ്ണുകളും ആരുടെയും ശ്രദ്ധയെ ആകർഷിക്കാൻ പര്യാപ്തമായിരുന്നില്ല. അഥവാ ആരെങ്കിലും കണ്ടുമുട്ടിയാൽ ‘ങ്’. പൊട്ടൻ തൊമ്മനോ—അവൻെറ പാട്ടിനു പോട്ടെ” എന്നു സ്വയം മന്ത്രിച്ചു മുഖം തിരിച്ചുകളയും. ചെറുപ്പക്കാരികൾ അവനെ ഉററു നോക്കാറുണ്ടോ എന്നവനറിഞ്ഞുകൂടാ. കാരണം അവൻ അവരെ നോക്കാൻ മിനക്കെടാറില്ല. നാണമാണോ ഭീതിയാണോ അതോ ഇതെല്ലാം കലർന്ന അപകർഷബോധമാണോ എന്നൊന്നും അവൻ അപഗ്രഥനം നടത്തിനോക്കിയിട്ടില്ല. അങ്ങനെ ആർക്കുമാർക്കും വേണ്ടാത്ത തൊമ്മൻ എങ്ങനെ ഇത്രവേഗം പൊതുജനശ്രദ്ധയെ ആകർഷിച്ചു?

തൊമ്മനെപ്പററിയോർക്കുമ്പോൾ ആദ്യം മനസ്സിൽ കടന്നു വരാറുള്ളതു തൊമ്മൻ “തെമ്മനായി” മാറിയ രസകരമായ സംഭവമാണു്. ഞങ്ങൾ അന്നു മൂന്നാം ക്ലാസ്സിൽ പഠിക്കുകയാണു്. കസേരയിലിരുന്നു കാലുകൾ മേശപ്പുറത്തെടുത്തുവെച്ചു ഒന്നു ചരിഞ്ഞിരുന്നുകൊണ്ടു് സാറു പറഞ്ഞു.

“എഴുതിനെടാ പിള്ളേരെ ഒരു പരീക്ഷ.”

ഞങ്ങൾ സ്ലേററുകളും പെൻസിലുകളുമായി തയ്യാറായി.

“ആദ്യം നിങ്ങടെ പേരെഴുതു്.”

ചോദ്യം. കിണററിൽനിന്നും വെള്ളം കോരാൻ ഉപയോഗിക്കുന്ന രണ്ടു സാധനങ്ങളുടെ പേരു്? വാല്മീകി മഹർഷി എവിടെത്താമസിച്ചിരുന്നു? വെള്ളത്തിനടിയിലൂടെ പോകുന്ന കപ്പലിൻെറ പേരു്? മററു ചില ചോദ്യങ്ങൾ ഓർക്കുന്നില്ല.

‘എല്ലാം എഴുതിയവർ കൊണ്ടുവരട്ടെ.’

ആളുണ്ടു. തേനീച്ചക്കൂട്ടിളകിയതുപോലെ പിള്ളേരെല്ലാം സാറിന്റെ ചുററിലും കൂടി.

"അങ്ങോട്ടു മാറി നിൽക്കടാ പിള്ളാരേ. ഇങ്ങുകൊണ്ടുവാ രാജു."

ആദ്യത്തെ ചോദ്യത്തിനു തൊട്ടിയെന്നും രണ്ടാം ചോദ്യത്തിനു വീട്ടിൽ എന്നും എഴുതിയിരുന്നു.

"ഇതാരുടെയാടാ വൈ. പാപ്പി."

പാളയെന്നും ഒടുവിലത്തെ ചോദ്യത്തിനു് "അടിക്കപ്പൽ" എന്നും സാറിന്റെ ചുണ്ടുകൾ മന്ദഹാസത്തിൽ കുളിക്കുന്നതു കണ്ടു.

"ഹും! ഇവനാരെടാ. കെ. തെമ്മനോ? തെമ്മനിങ്ങോട്ടു മാറിനില്ലെടാ."

അവന്റെ പേരെഴുതിയിരുന്നതിൽ 'തെ' എന്നു കഴിഞ്ഞുള്ള ദീർഘമിടാൻ അവൻ വിട്ടുപോയി. ഞങ്ങൾക്കു ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല. പക്ഷേ അവൻ തൊട്ടിയെന്നും പാളയെന്നും എഴുതിയിരിക്കുന്നു. അതു കണ്ടിട്ടു സാറു് അല്പം ഉറക്കെപ്പറഞ്ഞു "തൊട്ടി പാളേൽ കേററാൻ ഇടപാടാ ഇതു്" എന്നിട്ടു് അടുത്ത ക്ലാസ്സിലെ കാർത്യായനിയമ്മ സാറിനെ നോക്കി ചിരിക്കുന്നതു കണ്ടു. ഇതൊരു 'മറിച്ചുചൊല്ലാ'യിരുന്നു എന്നു മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞില്ലെങ്കിലും മറക്കാൻ കഴിഞ്ഞില്ല. ആ പേരു കാലത്തിന്റെ മുന്നേററത്തിൽ നശിച്ചുപോയില്ല. അയാൾ 'തെമ്മ'നായിത്തന്നെ അറിയപ്പെട്ടു. പക്ഷേ ഇന്നതാരുംതന്നെ അയാളെ കേൾക്കെ വിളിക്കാറില്ല. കാരണമല്ലേ! പറയാം.

വൈകുന്നേരത്തു ഞങ്ങൾ നാലഞ്ചു ചെറുപ്പക്കാർ വഴിയരികിലുള്ള ഒരു ആൽത്തറയിൽ കുത്തിയിരുന്നു സമയം കളയുക ഒരു പതിവായിരുന്നു. വൈവിദ്ധ്യം നിറഞ്ഞ ജീവിതത്തിന്റെ അഞ്ചു വിവിധ സ്വഭാവങ്ങളുടെ പ്രതീകങ്ങളായിരുന്നു ഞങ്ങൾ. ഓരോ ചലനത്തിലും സൂക്ഷ്മദൃക്കിനു് കണ്ടുപിടിക്കാവുന്ന വ്യത്യാസങ്ങൾ ധാരാളമാണു്. എന്നാൽ ഇവരെയെല്ലാം ഒരു 'കമ്പനി'യാക്കി മാററിയ പൊതുഘടകമില്ലേ! അതെന്താവാം. യൌവ്വനമാണോ? മിനക്കേടാണോ? അങ്ങനെ പലതും ഉണ്ടാവാം. മനുഷ്യൻ വൈരുദ്ധ്യത്തിന്റെ ഒരു വിചിത്ര സങ്കലനമാണു്.

"എടോ തൊമ്മൻ വരുന്നുണ്ടു" ഞാൻ പറഞ്ഞു.

ആരു്! തെമ്മനോ? ഞങ്ങളുടെ ഇടയിൽ ഒരു ഉണർവ്വുണ്ടായി.

"താനറിഞ്ഞോ തെമ്മൻ പെണ്ണുകെട്ടി."

"എന്തിനാഹേ! പാവത്തിനെ വിട്ടേരു് ആരാനാരാ പെണ്ണിനെക്കൊടുക്കാൻ?"

"ഒക്കെ ശരിയാ അവനെയൊന്നു സൂക്ഷിച്ചു നോക്കിയേ!"

അല്ലാ! ഷർട്ടിട്ടിട്ടുണ്ടോ? തലമുടിം ഒതുക്കീട്ടൊണ്ടല്ലോ.

തൊമ്മൻ ഷർട്ടിട്ടു് ഇതിനുമുമ്പു ആ നാട്ടുകാർ കണ്ടിട്ടില്ല. വല്ല മുട്ടാവശ്യത്തിനുമായി ഒരു ഷർട്ടിരിപ്പുള്ളതു ഈ സ്ഥലത്തുനിന്നു ഒരു മൈലോളം അകലെ ചെല്ലുന്നതു വരെ മുണ്ടിന്റെ മടക്കിക്കുത്തിൽ സ്ഥലം പിടിച്ചിരിക്കും. അങ്ങനെയൊരു പതിവായിപ്പോയി. അത്ഭുതം നിറഞ്ഞ കണ്ണുകളോടു കൂടി ഷർട്ടു ധരിച്ച തൊമ്മനെ ഞാൻ നോക്കി.

"പിന്നെ തെമ്മൻ ഭാഗ്യമൊള്ളോനാ."

"അതെന്താ"

"അവളു് സുന്ദരിയാ"

"ങ്. സുന്ദരിമാത്രമല്ല-വളരെ സുന്ദരി. അവനേക്കാൾ മൂന്നു ക്ലാസ്സുകൂടി പഠിച്ചിട്ടുണ്ടു്."

"അപ്പോൾ അവൾ ആറാം ക്ലാസ്സുവരെ പഠിച്ചു എന്നർത്ഥം."

തൊമ്മൻ ഏകദേശം ഞങ്ങളോടടുത്തു. പാപ്പച്ചൻ വലിയ ലോഹ്യം ഭാവിച്ചുകൊണ്ടു് ചോദിച്ചു.

"ങാ! തൊമ്മച്ചനെവിടെപ്പോന്നു."

"ഞാ......ഞാ...ഞാൻ ചന്തേവരെന്നു് പോവ്വാ."

"നമ്മളു് ഒരുമിച്ചു പഠിച്ചതൊക്കെ മറന്നു അല്ലേ? തൊമ്മച്ചാ ഇങ്ങനൊക്കെ മതിയോ."

"താൻ പെണ്ണുകെട്ടീട്ടു ഒരു കാപ്പിപോലും ബാക്കിയൊള്ളോർക്കു കിട്ടില്ലല്ലോ!"

"അ—അത്രേയൊള്ളോ. നാളെ വരാവേലു് കാപ്പിതരാം വീട്ടില്."

"ഞങ്ങളെല്ലാം വരണോ—അതോ ?"

"എല്ലാരും."

"ശരി ഇതൊക്കെയാണേലും തൊമ്മച്ചൻ ഈയിടെ ഒന്ന കനത്തിട്ടൊണ്ട്."

തൊമ്മൻ ചിരിച്ചു. ഞങ്ങളും ചിരിച്ചു.

ഓണത്തിൻെറ അവധിയ്ക്കു വീട്ടിൽ ചെന്നപ്പോഴാണ് ബാക്കി എന്തു നടന്നു എന്നറിയാൻ കഴിഞ്ഞതു്. പിറേറദിവസം അവർ കാപ്പികുടിക്കാൻ പോയിരുന്നു. ചെറിയതോതിൽ തരക്കേടില്ലായിരുന്നു കാപ്പി എന്നാണു പറഞ്ഞതു്.

"എടോ നമ്മളു് വിചാരിച്ചപോലല്ല."

"അതെന്നാ ?"

"അവളു് വല്ല്യ പുള്ളിയാ."

"ഉം ?"

"അവടെ സംസാരോം നോട്ടോം ഒക്കെ കണ്ടാലറിയാം."

"ചുമ്മാതിരിയെടോ. ഒരു പെണ്ണൊന്നു സംസാരിച്ചപോയാൽ ആരാണെന്നറിയാൻ ഒന്നു നോക്കിപ്പോയാൽ 'അവളു പുള്ളിയാ' എന്നോ പുള്ളിയാ."

"അതു് നിനക്കറിഞ്ഞുകൂടാ" പാപ്പച്ചൻെറ പക്ഷത്തു ജോണിക്കുടെ ചേർന്നു.

"എനിക്ക തോന്നുന്നില്ല" അവളുടെ ഭർത്താവിൻെറ കൂട്ടുകാരല്ലേ എന്നുവെച്ചു കുറെ ലോഹ്യം കാണിച്ചുകാണും. അതിങ്ങനെ വ്യാഖ്യാനിക്കുക ശരിയല്ല."

"അങ്ങനൊന്നുമല്ല. ഈ പെണ്ണുങ്ങളെ തനിക്കറിഞ്ഞുകൂടാ."

"അങ്ങനാണേൽ പിന്നിടൊരുദിവസം തൊമ്മനെ അന്വേഷിച്ചു ഞാനവിടെ ചെന്നു. ഭാഗ്യത്തിനു അവനവിടില്ലാരുന്നു. അവളെന്നോടു കുറെയൊക്കെപ്പറഞ്ഞു." പാപ്പച്ചൻ പറഞ്ഞു.

"എന്താ പറഞ്ഞതു് ?"

"ഞാനെന്തുപഠിച്ചുവരെ പഠിച്ചിട്ടുണ്ടു് എവിടെയാ താമസം, വീട്ടിലാരെല്ലാമുണ്ടു് എന്നെല്ലാം ചോദിച്ചു. അവക്കിതൊക്കെ അറിഞ്ഞിട്ടെന്താ കാര്യം ?"

"ഇത്രേയുള്ളോ ഇതൊക്കെ സാമാന്യ മര്യാദയുടെ പേരിൽ ചോദിച്ചെന്നുള്ളതെയുള്ളു."

"നീയൊന്നു ചുമ്മാതിരിക്കണോ! ഇതൊക്കെ കാര്യം വേറെയാ."

"ഏതായാലും പാപ്പച്ചനിപ്പം ഒരു പുതിയ ജോലിയായി."

"അതെന്തുവാ."

"ദിവസം രണ്ടുതവണയെങ്കിലും തൊമ്മൻെറ വീട്ടുവരെ നടക്കുക."

"എന്നാലും നിൻെറ കൂട്ടു് കുറുനോട്ടി അന്വേഷിച്ചല്ലല്ലോ. തൊമ്മനെ അന്വേഷിച്ചാ."

ജോണിയുടെ മുഖം അല്പം ചുവന്നു. പിന്നെ വിളറി. അവിടെ ചെന്നതിനു ഒരു കാരണവും കണ്ടുകിട്ടാഞ്ഞതിൽ ജോണി അല്പം കുറുനോട്ടി ആവശ്യപ്പെട്ടു ക്രിസ്തുമസ്സിൻെറ അവധിയ്ക്കു് ചെന്നപ്പോൾ കൂട്ടുകാരെല്ലാം അട്ടഹസിച്ചുകൂടി പലതും പറഞ്ഞു.

"നമ്മുടെ തൊമ്മൻ എങ്ങനെ കഴിയുന്നു" ഒരു ചോദ്യം പാപ്പച്ചൻ "ഞാം വരുന്നേ ഹൊടാ ഒരു കാര്യം മറന്നല്ലോ" എന്നു പറഞ്ഞു നടന്നുതുടങ്ങി.

"അതങ്ങു മറക്കുക നല്ലതു്" ജോണി തട്ടിവിട്ടു.

"അറിഞ്ഞോ അളിയനു വല്ല്യോരു ചള്ളക്കപോറി."

"ഇല്ലല്ലോ എന്താതു് ?"

രസകരമായ ആ കഥ അവനെന്നോടു പറഞ്ഞു. വളരെ ചുരുക്കി ഞാനതിവിടെ പകർത്താം. അന്നത്തെ കാപ്പികുടിയും മററും കഴിഞ്ഞതിനു ശേഷം പാപ്പച്ചൻ തൊമ്മൻെറ അടുത്ത സ്നേഹിതനായി. വെറും തൊമ്മൻ, തൊമ്മനും, തൊമ്മച്ചനുമായി മാറി. ദിവസം ഒന്നു രണ്ടു പ്രാവശ്യമെങ്കിലും പാപ്പച്ചനു് തൊമ്മൻെറ വീട്ടിൽ പോയേതീരു. അതിനെന്തെങ്കിലും കാരണം കണ്ടുപിടിക്കതന്നെ ചെയ്യും. തൊമ്മൻെറ ഭാര്യ തികച്ചും മര്യാദയോടും അല്പം സ്വാതന്ത്ര്യത്തോടും കൂടി പെരുമാറിയിരുന്നു. പക്ഷേ പാപ്പച്ചൻ ഇതെല്ലാം തന്നോടുള്ള സ്നേഹത്തിൻെറ ചൂണ്ടുപലകയായി കണ

ക്കാക്കി. അവന്റെ ഹൃദയം അശ്രുദ്ധമായ ചിന്തകളാൽ നിറഞ്ഞു. പലതും പറയാൻ ആവേശത്തോടുകൂടി അവൻ അവളെ സമീപിക്കാറുണ്ട്. പക്ഷേ ഒന്നും പറയാറില്ല. അയാൾ തിരിച്ചു പോരും.

ഒരു ദിവസം അയാൾ അവിടെ ചെന്നപ്പോൾ തൊമ്മൻ അവിടെയുണ്ടായിരുന്നില്ല. ആ സ്ത്രീയേയും അവിടെ കണ്ടില്ല. സമയം സായം സന്ധ്യ. അയാൾ വീടിന്റെ പുറകുവശത്തേക്കു ചെന്നു. കപ്പ വളർന്നു പന്തലിച്ചതിന്റെ ഇടയിലൂടെ, അവൾ വീട്ടിലേക്കു വരുന്നതു അയാൾ കണ്ടു. അവൾ അടുത്തു വരുന്നതുവരെ ആ ഒറ്റയടിപ്പാതയ്ക്കരികെ ഒരു തെങ്ങിനു മറഞ്ഞു നിന്നു. അവൾ നടന്നടുക്കുന്തോറും അയാളുടെ ഹൃദയത്തുടിപ്പുകൾ സ്പഷ്ടമായി കേട്ടുതുടങ്ങി. അവൾ മുന്നോട്ടു നടന്നു. അയാൾ പുറകിലൂടെ ചെന്നു അവളുടെ തോളിൽ കടന്നുപിടിച്ചു. ആ കൈകൾ ആലിലപോലെ വിറയ്ക്കുന്നുണ്ടായിരുന്നു.

ആറാംബോംബു പൊട്ടുന്ന ശബ്ദത്തോടുകൂടി അവൾ ഞെട്ടിത്തെറിച്ചില്ല. അവന്റെ മുഖത്തുറപ്പിച്ച അവളുടെ കണ്ണുകളിൽ നിന്നും തീപ്പൊരി പാറിയില്ല. അവളുടെ വായിൽ നിന്നും ശകാരവർഷം പൊഴിഞ്ഞതില്ല.

വളരെ ശാന്തതയോടുകൂടി ഒന്ന് ഊന്നി നോക്കിയിട്ടു അവൾ പറഞ്ഞു "എന്താ മതിയോ." പാവം പാപ്പച്ചൻ അവിടെനിന്നു ദഹിച്ചുപോയി. ചേട്ടാ! അവൾ പറഞ്ഞു. എന്റെ ഭർത്താവുമായുള്ള നിങ്ങളുടെ കൂട്ടുകെട്ടിന്റെ രഹസ്യം എനിക്കറിയാത്തതല്ല. നിങ്ങളുടെ ദൃഷ്ടിയിൽ അദ്ദേഹം മടയനായിരിക്കാം പഠിത്തമില്ലാത്തവനായിരിക്കാം. പക്ഷേ എന്റെ കാണപ്പെട്ട ഈശ്വരനാണദ്ദേഹം. നിങ്ങളെയൊക്കെ ഉപദേശിക്കാനുള്ള പ്രായവും പഠിപ്പും എനിക്കില്ല. എന്നാലും ഈ പണി നിർത്തി ആണത്തത്തോടുകൂടി ഇനിയെങ്കിലും ജീവിച്ചാൽ ചേട്ടനുതന്നെ നല്ലത്"."

അപ്പോൾ തന്റെ ശരീരം ക്രമേണ ഭാരം കുറഞ്ഞു ആവിയായി അന്തരീക്ഷത്തിൽ അലിഞ്ഞു ചേരുന്നതുപോലെ അനുഭവപ്പെട്ടു എന്നു പാപ്പച്ചൻ പിന്നീടെന്നോടു പറഞ്ഞു.

---

## ശൂന്യതയിൽനിന്നുള്ള കത്ത്

പി. ഗോപാലകൃഷ്ണൻ നായർ U. P. Class. A. Batch.

അന്ത്യമായ് നിനക്കൊരു കത്തു ഞാൻ ചമയ്ക്കട്ടെ
അന്തികത്തണയുവാനപ്രാപ്യനായിട്ടും ഞാൻ
അന്ധകാരത്തിൻ പുറുമെൻ ചിന്തയുഴറുന്നു,
ഹന്ത! ഞാൻ കഴുമരം കേറണം പ്രഭാതത്തിൽ.
മരണക്കിടക്കയിൽ കരളിൽ തിങ്ങും ശോകാ—
ലൊരുരാവിനെക്കൂടെ നീക്കുവാൻ ശ്രമിപ്പൂ ഞാൻ
വെള്ള നിറുമെൻ ഹൃത്തിൽപ്പൊന്തിനിട്ടും ചിന്താഭാര—
മന്ധകാരത്തിൽപ്പെട്ടു മാഞ്ഞുപോയെല്ലാം ശൂന്യം.
മരണമടയവേ, മൃത്യുവെത്തലോടവേ,
മധുരസ്മരണയ്ക്കു സാദ്ധ്യമോ എന്നെച്ചൊല്ലാൻ?
എങ്കിലും മധുരമാം ചിന്തയിൽ കഴിയ്ക്കുവാൻ
തങ്കമേ! "നിൻ കോമള രൂപത്തെ" സ്മരിപ്പൂ ഞാൻ,
പുഞ്ചിരിക്കടിച്ചിതാ! വന്നു ചേരുന്നു നിന്റെ
പുഞ്ചിരിയാകും കിളിയിന്നു മിഴിയെന്നു ചൊല്ലാൻ
മരണമറിട്ടു ഞെക്കിട്ടെന്നെന്നത്തോഴി
സ്മരണാവ്യൂഹം ഹാ ഹാ തീവ്രമിത്തമസ്സിരുൽ.

കരുണയുള്ളിലിങ്ങെങ്ങും പാർപ്പിടം ; നിന്നിലെഴും
പൂതരാഗത്തെക്കൂടി തീവ്രമായ്ത്തകർത്തിട്ടും.
ഇക്കൊച്ചു നിമിഷത്തിലെൻ ഹൃത്തു കുളിർക്കുവാൻ
തക്കതായ് സത്യം തോഴീ ; നിൻ രമ്യകഥാമാത്രം,
നവ്യമായ് തുറന്നിട്ട നിൻ പ്രേമപ്രവാഹത്തിൻ–
ഭവ്യത, വരും മുൻപേ, ഞാനിഹ മറയുമ്പോൾ,
കണ്ണുനീരൊഴുക്കായ്ക ; തങ്കമേ ഹൃദയത്തിൽ,
എണ്ണിയാലൊടുങ്ങാത്ത താപത്തെ വഹിച്ചു നീ,

മാമക ഹൃദയത്തിൽപ്പൊന്തിടും വികാരത്തിൻ
മായാത്ത ലിഖിതങ്ങൾ നിൻകയ്യിലെല്ലാം മുൻപേ,
ശൂന്യമായ്ത്തീരും സർവ്വം ; ശൂന്യനായ്ത്തീരും ഞാനി–
ശൂന്യതമാത്രം നിനക്കേകിയിട്ടകലപ്പോം
പിന്നെ നീ കരഞ്ഞേക്കാം, ഖിന്നയായ്ച്ചിരകാലം.
ശൂന്യത തന്നിൽനിന്നു വന്നൊരിക്കഥത്തോന്നാം.
ശൂന്യത തന്നിൽനിന്നു വന്നു ചേർന്നൊരിക്കള്ള
ശൂന്യമായ്ത്തീർക്കു ; തോഴീ! യെൻകഥ മറന്നേക്കു.

---

## "1956 ജൂലൈ എട്ട്"

(GEORGE A. THOMAS, Class II Gr. I)

1956 ജൂലൈ എട്ട് യൂ. സി. കോളജിന്റെ ചരിത്രത്തിൽ അവിസ്മരണീയമായ ഒരു ദിനമായാണു യാദൃച്ഛികമായി വന്നുകൂടിയത്.

ബാലരവി ചെങ്കതിർപ്രഭ വീശിക്കൊണ്ടുദിച്ചുയർന്നു. പോരെങ്കിൽ രവിവാരവും. ലോകമാകെ ശാന്തിയുടെ സന്ദേശം പരത്തുന്ന ആ സുദിനത്തിൽ ഈശ്വരാരാധനത്തിനായി ആളുകൾ ആരാധനാസ്ഥലത്തെത്തി. എട്ടുമണിയായി; സൂര്യനുതന്നെ ഒരു ഭാവഭേദം ; പ്രകൃതിയിലും ആകമാനമൊരു മൂകത ; ഏതോ ഭയങ്കര സംഭവത്തിന്റെ നാന്ദിയെന്നോണം ! കോളജ് ചാപ്പലിൽ ആരാധന നടന്നു കൊണ്ടിരുന്നു. പതിനൊന്നു മണിയായി, അവസാനവിഭാഗക്കാരുടെ ആരാധനയും കഴിഞ്ഞു ആളുകൾ പുറത്തേക്കു വരികയായി. ഹോസ്റ്റലുകളിൽ സാധാരണ കേട്ടു വരാറുള്ള ശബ്ദകോലാഹലങ്ങൾ അന്നു നിശ്ശേഷം നിലച്ചിരിക്കുന്നതു പോലെ ! എങ്ങും ഏതാണ്ടൊരു മ്ലാനതയോ, മൂകതയോ ഒക്കെ ! വിദ്യാർത്ഥികളൊക്കെ പരിഭ്രാന്തചിത്തരായി പർക്കം പായുകയാണു ആററുവക്കിലേക്കു, 'റാംഗാറിന്റെ' കളിക്കടവിലേക്കു ! ആർക്കുംതന്നെ ശരിയായ വിവരം പറയുന്നുമില്ല. എല്ലാവരുടെയും മുഖങ്ങളിൽ കരിനിഴൽ വ്യാപിച്ചിട്ടുമുണ്ട്. കാണുന്നവർ അവരോടൊത്തു ഓടുകയാണു. ഒരദ്ധ്യാപകൻ, അതിലുമുപരിയായി ഏവരുടെയും ഒരു സുഹൃത്തു, നദീഗർത്തത്തിൽ താണുപോയിപോലും!

ഏവരും നദീവക്കിലെത്തി, നിശ്ശബ്ദരായി നിലകൊള്ളുകയായി! യാതൊന്നുമറിയാത്ത മട്ടിൽ ആ പെരിയാർ കുണുങ്ങിക്കുണുങ്ങി നിർവിഘ്നം പോകുന്നുണ്ട്. ഇത്രയും ആൾക്കൂട്ടത്തിനു

ആവശ്യമില്ലെന്നഭാവത്തിലോ നിഷ്പ്രയോജനകരമായ ഈ ആഗമനത്തിൽ അവരെ പരിഹസിക്കുന്ന മട്ടിലോ, ഓളങ്ങളാകുന്ന കരങ്ങൾകൊണ്ടു 'വെറുതെ, വെറുതെ'യെന്നു കാട്ടിക്കൊണ്ടു് ആ നദി മുൻപോട്ടു നീങ്ങുകയാണ്. തോണികളുടെയും മററു സഹായത്തോടുകൂടി, നദീഗർഭത്തിൽ മറഞ്ഞയാളിനെ തിരഞ്ഞു പിടിക്കുവാൻ ശ്രമിക്കുന്നുണ്ടു്. സമസൃഷ്ടിസ്നേഹികളായ ചിലർ ആ കൊടും തണുപ്പിൽ ആററിലേക്കു ചാടി മുങ്ങിയും തപ്പിയും ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷേ ഫലം നാസ്തി!

പന്ത്രണ്ടുമണിയായി. 'മുങ്ങൽ' ശരിയായി വശമുള്ള ഒരാളെത്തി അകത്തു കടന്ന മദ്യത്തിന്റെ ശക്തികൊണ്ടോ, സമസൃഷ്ടിസ്നേഹം കൊണ്ടോ എന്തോ; ആററിലേക്കു ചാടി, അല്പനേരത്തിനകം മുങ്ങിമറഞ്ഞ ആളിനെ കരയിലേക്കു കൊണ്ടുവന്നു. എല്ലാവർക്കും നഖശിഖാന്തം ഒരു മരവിപ്പ്! അവിടെ ആകമാനം ഒരു സ്തംഭനാവസ്ഥ. ഇതിന്റെയെല്ലാം നേരെ ആ യുവസുഹൃത്തു കണ്ണടച്ചു കളഞ്ഞു. 'ഒരു നല്ല മുത്തിനെ കയ്യിലെടുത്തു ചുംബിച്ചതല്ലാതെ യാതൊന്നും അറിഞ്ഞില്ല' എന്ന മട്ടിൽ പെരിയാർ നിശ്ശബ്ദം ഒഴുകിക്കൊണ്ടിരുന്നു.

നിഷ്ഫലങ്ങളായ ആശകൾക്കു പോലും അതീതനല്ലല്ലോ മനുഷ്യൻ. നാലുമണിക്കൂറോളം നദീഗർഭത്തിൽ കിടക്കേണ്ടി വന്ന ആ സുഹൃത്തിനു കൃത്രിമശ്വാസോച്ഛ്വാസം നല്കിക്കൊണ്ടേയിരുന്നു. ഈശ്വരങ്കലെത്തിയ ഒരാത്മാവിനെ തിരിച്ചുകൊണ്ടു വരുവാൻ മനുഷ്യനുണ്ടോ പ്രാപ്തനാകുന്നു?

അധികാരികളുടെ അനുവാദംകൂടാതെ ശവം അവിടെ നിന്നു മാററപ്പെടുവാൻ സാധ്യമല്ലല്ലോ. അതുവരെ ഒരു താല്ക്കാലിക പന്തലിൽ, വിശ്വസ്തതയോടും കൃത്യനിഷ്ഠയോടും സേവനംചെയ്യു ഒരു ഭടന്റെ ധൈര്യത്തോടും പ്രാഗത്ഭ്യത്തോടും, നീണ്ടുനിവർന്നു കിടന്നു അദ്ദേഹം വിശ്രമിക്കുകയായി. നീണ്ട വിശ്രമം! അധികാരികളുടെ ആഗമനവും കാത്തു വിദ്യാർത്ഥികളും അദ്ധ്യാപകരും അങ്ങിങ്ങു വട്ടമിട്ടുനിന്നു. അഞ്ചുമണിയോടുകൂടി മാത്രമേ അധികാരികളെത്തിയുള്ളൂ. ഒരു മാതൃകാ വിദ്യാർത്ഥിയായിരുന്ന അദ്ദേഹത്തെ തുളുമ്പുന്ന നേത്രങ്ങളോടു കൂടിയല്ലാതെ ദർശിക്കുവാൻ അദ്ദേഹത്തിന്റെ അദ്ധ്യാപകർക്കു കഴിഞ്ഞില്ല! പെരിയാറു നദിയുമായി ആദ്യത്തെയും അവസാനത്തെയും കൂടിക്കാഴ്ച ഒരുമിച്ചു നടത്തിയ അദ്ദേഹത്തെ ആറുമണിയോടുകൂടി 'സ്റ്റാഫ് ക്വാർട്ടേഴ്സി'ലേക്കു നീക്കി. ഇതുപര്യന്തം ആ യുവസുഹൃത്തിന്റെ സന്തതസഹചാരിയായിരുന്ന അദ്ദേഹത്തിന്റെ കടയും തഥൈവ!

പരിശുദ്ധതയുടെ പര്യായമായ വെള്ളവസ്ത്രം ധരിച്ചു അദ്ദേഹം വിശ്രമം കൊള്ളുകയാണ്, ഒരു കട്ടിലിൽ. ഈശ്വരൻ കാവലിനയച്ച 'മാലാഖമാർ' കണക്കെ തേജഃപ്രസരം പരത്തിക്കൊണ്ടു നാലു മെഴുകുതിരികൾ കട്ടിലിന്റെ നാലു കാലുകളിലും!

രാത്രി പതിനൊന്നുമണിയായി. അദ്ദേഹത്തിന്റെ സ്നേഹസാമ്രാജ്ഞിയായ ഒരു സഹോദരിയും വാത്സല്യനിധിയായ പിതാവുമെത്തി. ഇരുവരും സ്നേഹത്തിന്റെ മുദ്രയാകുന്ന ചുടുചുംബനം അദ്ദേഹത്തിന്റെ നെറുകയിൽ തെരുതെരെ പതിപ്പിച്ചു.

ചുററുപാടിലേക്കു നന്നായി ഒളിവീശിയ മണവും വർണ്ണവും ഉള്ള ഒരു പനിനീർപ്പൂവ് അങ്ങനെ പെട്ടെന്നു വാടിവീഴുന്നതു കാണുവാനുണ്ടോ ഹൃദയമുള്ള മനുഷ്യൻ പ്രാപ്തനാകുന്നു? രാത്രിയിൽ അവിടെ അന്ത്യശുശ്രൂഷകൾ നടത്തിക്കൊണ്ടേയിരുന്നു.

മൂന്നുമണിയായി, സ്വദേശത്തേക്ക കൊണ്ടുപോകുവാനുള്ള ഒരുക്കങ്ങളായി. കട്ടിലിൽനിന്നു ആറടി നീളവും, ഒന്നരയടി വീതിയും വരുന്ന ഒരു പെട്ടിയിലേക്ക് ആ മൃതദേഹം മാറ്റപ്പെട്ടു; സകലത്തിന്റെയും അധിപനായി സ്വയമെണ്ണിപ്പുകഴുന്ന മനുഷ്യന്റെ സകല ഗർവ്വിനും പരിധിയുണ്ടെന്നു മനസ്സിലാക്കി കൊടുക്കും വണ്ണം!

നിഷ്ഫലമെന്നു അറിവുണ്ടെങ്കിലും പരേതനോടുള്ള സ്നേഹബഹുമാന സൂചകമായി റീത്തുകൾ സമർപ്പിച്ച് സുഹൃത്തുകൾ തൃപ്തിയടഞ്ഞു. മുറിയിൽനിന്നും, കാറിനുള്ളിലേക്ക ശവപ്പെട്ടി നീക്കം ചെയ്തു. നാലുവർഷക്കാലം വിദ്യാർത്ഥിയായും, കേവലം പത്തുദിവസത്തോളം മാത്രം അദ്ധ്യാപകനായും യൂ. സി. കോളേജുമായി പരിചയപ്പെട്ട ആ യുവവീരൻ ശ്രീ. എം. എ. ഫിലിപ്പോസ് അങ്ങനെ എന്നെന്നേക്കുമായി ആലുവായോടു യാത്ര ചോദിക്കുകയായി! പക്ഷെ അദ്ദേഹത്തിന്റെ ജീവൻ ഇന്നും എന്നും ആലുവായിലെ അന്തരീക്ഷത്തിൽ അലിഞ്ഞു ചേർന്നിട്ടുണ്ടാവും! കാറു മന്ദം മന്ദം മുന്നോട്ടു നീങ്ങി. തുടിക്കുന്ന ഹൃദയത്തോടെ തുളുമ്പുന്ന നേത്രങ്ങളോടെ വിറയ്ക്കുന്ന മെയ്യോടെയല്ലാതെ ആ കാഴ്ച കാണുവാൻ ആർക്കും സാധിച്ചില്ല. സകലത്തിനും സാക്ഷിനിന്ന 1956 ജൂലൈ എട്ട് യവനികയ്ക്കുള്ളിൽ മറയുവാൻ വെമ്പൽ കാട്ടിക്കൊണ്ടെയിരുന്നു!!!

---

## * വാനമ്പാടിയോട്

എൻ. കെ. ദേശം.

ഉല്ലസദാത്മാവേ, മംഗളം! നീ കിളി-
യല്ലല്ലൊരിക്കലും—തീർച്ചതന്നെ.
മുന്നമോരാതെ ഗളിക്കുമനർഗ്ഗള-
സുന്ദരഗാനസരിത്തിലൂടെ,
സ്വർഗ്ഗത്തിൽനിന്നോ, തദന്തികേനി-
ന്നോ, തൻ
നിർഭരചിത്തമൊഴുക്കുവോൻ നീ.

മന്നിടം വിട്ടു നീ മേലോട്ടു മേലോട്ടു
പിന്നെയും നിപ്പാറുയർന്നിടുന്നു.
നീലഗഹനതയിങ്കൽപ്പറക്കുന്ന
നീയൊരു തീമുകിലെന്നപോലെ.
പാടിക്കൊണ്ടുച്ചത്തിൽപ്പാറിപ്പറക്കുന്നു
പാറിക്കൊണ്ടെപ്പോഴും പാടിടുന്നു.

മേഘങ്ങളാഴിയിലാഴുമാദിത്യന്റെ
മേദുരദീപ്തിപകർന്നുനിൽക്കെ,
ഉജ്ജ്വലിച്ചീടുമാറപ്പൊന്നൊളിമിന്നലി-
ലിപ്പോൽ നീന്തി നീ നീങ്ങിടുന്നു,
ധാവനമിപ്പോൾത്തുടങ്ങിയതാമൊരു
ദേഹവിഹീനപ്രഹർഷം പോലെ.

മായുന്നു മന്ദം, വിളർത്ത ഇരുട്ടുള്ള
സായാഹ്നം ചുറ്റിലും; നീ കുതിപ്പൂ,
വെട്ടിത്തിളങ്ങും പകലിന്റെ ഉൾവെളി-
വെട്ടത്തിൽവിണ്ണിലെത്താരപോലെ
ദൃശ്യനല്ലാതവേ, യെങ്കിലുമേതൊരു
ദിക്കിലും കേൾപ്പൂ ഞാൻ ത്വൽ പ്രമോദം—

സ്വച്ഛസരളമാം വെൺപുലർവേളയി-
ലുജ്ജ്വലദീപമെരിഞ്ഞടങ്ങി,
വിണ്ടലവീഥിയിലുണ്ടെന്നു തോന്നിടാ-
മെങ്കിലും ദൃഷ്ടിക്കഗോചരമായ്,
മായയിൽ മേവുന്ന രജതഗോളത്തിൻ
സായകസഞ്ചയംപോലെ തീവ്രം.

ലോകവും നാകവും മാറൊലികൊൾവൂ-
നിൻ-
ലോലമധുരമാം മാരവത്താൽ.
യാമിനി നഗ്നയായ് നില്ക്കെ,യേകാന്തമാം
പൂമുകിലൊന്നിൽ നിന്നിന്ദുബിംബം
മുഗ്ദ്ധമയൂഖങ്ങൾ വർഷിക്കെ,വാനിടം
മുറ്റിത്തുളുമ്പി വഴിഞ്ഞിടുംപോൽ.

---

*'To A Skylark'—P. B. Shelley.

എന്തു നീ?— ഞങ്ങൾക്കറിഞ്ഞുകൂടാ; നിന-
ക്കെന്തുപമാനമായ്ച്ചേരുമേററം?
മഴവില്ക്കാർമുകിൽ മാലയിൽ നിന്നു
മാൺപെഴും തേൻകണം പെയ്യുന്നില്ല,
നിൻദിവ്യസന്നിധി തന്നിൽ നിന്നൊഴുകുന്ന
സുന്ദര സുസ്വര ധാരപോലെ.

ഉത്തലമാദ്യമഗണ്യമായ്ത്തെളിയ
ഭീതിക, ളാശക, ളെന്നിവയിൽ
പാരിന്നനുകമ്പ തോന്നിച്ചിട്ടും വിധ-
മാതും പറയാതെ പാട്ടുപാടി,
ചിന്ത തൻ ഉൾവൊളിയ്ക്കുള്ളിൽ മറഞ്ഞൊരു
വന്ദ്യകവിവരനെന്നപോലെ.

ശ്രീമയലീലാനികേതം വഴിഞ്ഞെഴും
പ്രേമമധുരസംഗീതകത്താൽ,
ഗൂഢമാം വേളയിൽ, പ്രേമതരളത
ക്ലിഷ്ടമാത്മാവിനു ശാന്തിയേകി,
വാർമെത്തും കൊട്ടാരഗോപുരാഗാരത്തിൽ
വാഴുന്ന രാജകുമാരിപോലെ.

കാണുവാൻ പററാത്ത മാതിരി തൻ തനു
സൂനതൃണാദികൾ മൂടി നില്ക്കെ,
സാല്പവും കാണാതവറ്റിടയ്ക്കൊക്കെയും
സ്വർഗ്ഗീയ സൗരഭം വാരി വീശി,
മഞ്ഞണിസ്സാനുവിൽ മിന്നിത്തിളങ്ങുന്ന
പൊന്മയ തൈജസകീടംപോലെ.

കട്ടിച്ചിറകെഴും ചോരന്മാർ സ്വൈരമായ്
മട്ടുണ്ടു പാരം മയങ്ങും മട്ടിൽ
വാടററ സൗരഭം വീശി, മന്ദോഷ്മള-
വാതത്തിലോമൽദ്ദളങ്ങൾ ഉലകി,
പച്ചിലപ്പൊന്തകൾക്കുള്ളിൽ കുണുങ്ങുന്ന
പൊൽപ്പനിനീരലരെന്നപോലെ.

മിന്നും തൃണങ്ങളിൽത്തൂമഴത്തുള്ളികൾ
ചിന്നിച്ചിതറുന്ന ശബ്ദപൂരം;
വർഷകണം വീണുണർന്നതാം പുഷ്പങ്ങൾ;—
ഹർഷകലിതമാ, ഫുല്ലമായി,
നവ്യമായുള്ളവയെന്തിനേയും ഭവൽ-
ദിവ്യസംഗീതം ജയിച്ചുനില്പൂ.

കിന്നര, പൈങ്കിളി, നിൻ മധുചിന്തക-
ളൊന്നു പഠിപ്പിക്ക ഞങ്ങളേയും.
ഇത്രയ്ക്കഭൗമമാം നിർവ്വാണനിർഝരം
തത്തിപ്പുളയ്ക്കുന്ന കീർത്തികാവ്യം

പ്രേമത്തെപ്പററിയോ, വീഞ്ഞിനെ
പ്പററിയോ
ഞാനിത്ര നാളും ശ്രവിച്ചതില്ല.

കല്യാണ കർമ്മത്തിൽപ്പാടുന്ന സംഗീത-
പല്ലവി ; ജൈത്രഗാനാലാപങ്ങൾ,—
എല്ലാം നിൻ ഗീതിയോടേല്ക്കെ, നിശ്ശൂ
ന്യമാം
പൊള്ളത്തരങ്ങളാ, ണില്ലൊരർത്ഥം !
എന്തൊക്കെയോ ചില പോരായ്മയുള്ളിലു-
ണ്ടെന്നു തോന്നിക്കുന്ന വസ്തുതകൾ !

ഏതൊരു വസ്തുക്കളാകാം ത്വദാനന്ദ-
ഗീതികൾക്കെല്ലാമുറവിടങ്ങൾ ?
ഏതുഗിരികൾ, തിരകൾ, വയലുകൾ,
ഉത്തലാകാശദൃശ്യാവലികൾ ?
വേദനാബോധമില്ലായ്മയോ ? നിൻസ്വജാ
ജാതിതൻ നിർമ്മലപ്രേമവായ്പോ ?
പ്രസ്ഫുട തീക്ഷ്ണമാം ത്വൽപ്രമോദത്തി
ലൊ-
രല്പവു മാലസ്യ ഭാവമില്ല:
ആതങ്കഛായകളിന്നോളമെത്തില
യാതൊരു മട്ടിലും നിന്നടുക്കൽ:
സ്നേഹിപ്പു നീ ; യെന്നാൽ നീയറിവീലല്ലോ:
സ്നേഹത്തിന്നാധിക്യം ശോകസാന്ദ്രം.

മൃത്യുവെച്ചിന്തിപ്പവനായിരിക്കും ഭവാൻ
നിത്യമുണർവ്വിലും നിദ്രയിലും—
സ്വപ്നത്തിൽ മർത്ത്യരാം ഞങ്ങൾ കണ്ടെ
ത്താത്ത
സത്യഗഹനമാമാശയങ്ങൾ.
അല്ലെങ്കിലേവം തവാരവമെങ്ങനെ
ചില്ലൊളിക്കല്യയായ് നിർഗ്ഗളിപ്പൂ ?

മുന്നോട്ടും പിന്നോട്ടും നോക്കുന്നു ഹാ ! ഞങ്ങൾ;
ഇല്ലാത്തതിന്നായി വീർപ്പിടുന്നു.
തെല്ലുനോവുള്ളതാണെങ്ങൾ തന്നേററവു-
മുള്ളഴിഞ്ഞുള്ള ചിരികൾപോലും ;
ഏററം വിധുരമാം ചിന്തയെച്ചൊല്ലുന്ന
പാട്ടാണു ഞങ്ങൾക്കതീവ ഹൃദ്യം.

എന്നാൽ വെറുപ്പും, ഭയങ്ങളും, ഗർവ്വവും
നിന്ദിച്ചു തള്ളാൻ കഴിഞ്ഞിരുന്നാൽ,
കണ്ണുനീർ തെല്ലും പൊഴിയ്ക്കാതിരിക്കുവാൻ
ജന്മമെടുത്തവരായിരുന്നാൽ,
എങ്ങനെ പ്രാപിക്കും ഞങ്ങൾ നിൻ മോ
ദത്തെ—
യെന്നെനിയ്ക്കൊട്ടുമറിഞ്ഞുകൂടാ.

പ്രണയപ്രഹർഷപ്രരോഹങ്ങൾ ചിന്നിടും
നാനാ മധുര രവങ്ങളേക്കാൾ,
പുസ്തകക്കെട്ടുകൾക്കുള്ളിൽത്തിരഞ്ഞു ക-
ണ്ടെത്തുമമൂല്യ നിധികളേക്കാൾ,
കാമ്യമാണെന്നെപ്പോഴും കാവ്യകാരനുനിൻ-
സാമർത്ഥ്യം, ഭൂമിയെ നിന്ദിപ്പോനേ !

എന്നെന്നസ്സദയം നിൻ ചേതസ്സറിയുന്ന
സന്തോഷം പാതിപഠിപ്പിച്ചാലും ;
മംഗളസംഗീത സാന്ദ്രമാമുന്മാദ-
മെങ്കിലൊഴുകുമെൻ ചുണ്ടിൽനിന്നും.
ഞാനിപ്പോൾ ശ്രദ്ധിച്ചിരിക്കുന്നപോലെ,
യെൻ-
ഗാനത്തിൽ ശ്രദ്ധിക്കും ലോകമപ്പോൾ.

---

# നെടുവീർപ്പുകൾ

By David Joseph, J.

പൂങ്കാവിൽപ്പൂക്കൾ നിറഞ്ഞുതോഴി
ശങ്കിച്ചു നിൽക്കാതെ നീ വരിക.
കുങ്കുമപ്പൊട്ടിട്ട നിന്റെ മേനി
പൊൻകതിർ തൂകുവതെന്നു കാണാൻ
പങ്കജപ്പൂവിതൾലോചനയാം
തങ്കമേ തൂകുമോ പുഞ്ചിരി നീ
പൂവലക്കൊമ്പത്തു കൊച്ചുഭൃംഗം
ശംഖുവിളിക്കുന്നു മന്ദമായി.
പൂമണവാഹിയാം മന്ദാനിലൻ
ചേമന്തിപ്പൂവിനെ ഉന്മത്തമാക്കി
മാമകജീവിതവല്ലരിയിൽ
ഓമനേ നീ പുതു സൂനമായി
സാമോദം ലാളിച്ചു നിന്നെ ഞാനും
ശ്രമണമേൽക്കുവാൻ ഹാ! സുമമേ.
നാമൊത്തു കോർത്തില്ലേ സ്വപ്നവൃന്ദം
ഈ മലർക്കാവിലെപ്പൂനിലാവിൽ
പാടത്തു തൂവേർപ്പു ചിന്തി നീയും
വാടിത്തളർന്നെന്നും സായാഹ്നത്തിൽ
മാടത്തിൻമുറ്റത്തെപ്പൂമരത്തിൻ
മൂട്ടിലിരുന്നു കിനാവുകാണും.
ഓടക്കുഴലുമായ് ഞാൻ വരുമ്പോൾ
മാടത്തിൽനിന്നു നീയെത്തിനോക്കും
വാടിയിൽപ്പൂക്കൾ നിറഞ്ഞനാളിൽ
പാടിനടന്നു നീ പ്രേമഗാനം.
ഇന്നെൻമുരളിയിൽ ഗാനമില്ല.
പൊന്നോമൽപ്പൂങ്കുഴൽ മൂകമായി.
ഇന്നെൻ ഹൃദയത്തിൻ തന്ത്രി പൊട്ടി
മന്നിതിൽ മീട്ടുകില്ലാവീണ ഹാ !
പൊന്നാരയോർമ്മകളൊട്ടനേകം
വാസന്തതാരുണ്യമായ് ഹൃത്തടത്തിൽ
നിന്നന്ത്യപുഞ്ചിരിയെന്മനസ്സിൽ
എന്നെന്നും മായാത്ത മുദ്രയായി.
കാണുന്ന ദൂരത്തിൽ നാം രചിച്ച
ചേണെഴും പുൽക്കുടിൽ ശൂന്യമായി
ഈണത്തിൽ നീയന്നു പാടിയപ്പോൾ
നാണിച്ചുപോയില്ലേ കോകിലങ്ങൾ ?
താണുപോയ് സംസാരസാഗരത്തിൽ
തോണിയെൻ ജീവിതമെന്നേക്കുമായ്
തോണിയിൽ നീയെന്റെ പങ്കുകാരി
കാണുവതെന്നിനി പൊന്നുതോഴി
മാനത്തു മിന്നിത്തിളങ്ങിനിന്ന
മാനസഹാരിയാം കൊച്ചുതാരം
ആ നല്ല പാതയിൽ നിന്നുതെന്നി
കാനനവീഥിയിൽ വീണുപോയി
മാനം തെളിഞ്ഞപ്പോൾ നീ പതിച്ച
ന്യൂനതയാർക്കണ്ടു താരകമേ.
മാനവർക്കൊട്ടനാൾ സേവനങ്ങൾ
വാനിൽനിന്നേകിയോൾ വിസ്മൃതിയിൽ
പൊന്നാശയെങ്ങോ കുഴൽവിളിപ്പൂ
എന്നോമലാളേ വരിക വേഗം
മന്നിലില്ലോമനേ മോദമൊട്ടും
പൊന്നോമൽ പൂങ്കാലനാളിലും ഹാ !
നിന്നോടു കൈകോർത്തു മുന്നേറും ഞാൻ
അന്നെന്റെ ജീവിതം കാമ്യമാകും.
വന്നെത്തും വേഗമാപ്പൊന്നുദയം
മന്നിലെവാഴ്വിന്റെയന്ത്യനാളിൽ.
നല്ലോരുനാളെ'ക്കു വേണ്ടിയെന്റെ
പുല്ലാങ്കുഴലിനി പാടിടട്ടെ !

## പുസ്തകപ്പുഴക്കൾ (കെമിസ്ട്രിയിൽ ഒരു പാഠം).

(by A. P. Abraham, Class IV, Chemistry).

<u>ചരിത്രം</u>. പുസ്തകപ്പുഴുക്കൾ—ഇവയുടെ യഥാർത്ഥമായ ഉൽപ്പത്തിയെപ്പറ്റി വലിയ അറിവുകളൊന്നും തന്നെ ഇല്ല. ചില ശാസ്ത്രീയ ഗവേഷകന്മാരുടെ അഭിപ്രായപ്രകാരം B. C. 1000–നും 1500–നും ഇടയ്ക്കാണ് ഇവ ഉണ്ടായത്. പേരെടുത്ത കൂട്ടം ശാസ്ത്രജ്ഞന്മാർ ഇന്നും അവയെപ്പറ്റി ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഏതായാലും ചരിത്ര രേഖകൾ പരിശോധിച്ചാൽ ലോകോല്പത്തിയിൽ ഇങ്ങനെ ഒരുതരം ജീവികൾ ഉണ്ടായിരുന്നതായി യാതൊരറിവും ഇല്ല. ഡാർവിന്റെ പരിണാമ സിദ്ധാന്തപ്രകാരം പരിണാമം പ്രാപിച്ച് ഇവ ഉണ്ടായിരിക്കുന്നതായി പറയപ്പെടുന്നു. ഇംഗ്ലീഷുകാരുടെ ആഗമനത്തോടു കൂടിയാണ് ഈ ജീവികളെ ഇൻഡ്യയിലേക്ക് ഇറക്കുമതി ചെയ്തത്. അതിന്റെ പ്രധാന കാരണം അവർ ഏർപ്പെടുത്തിയ വിദ്യാഭ്യാസ സമ്പ്രദായമാണ്.

<u>സ്ഥാനം</u>. മാൻഡലേഫ് തന്റെ ചാർട്ടിൽ ഇവക്ക് സീറോ ഗ്രൂപ്പ് എലിമെന്റ് ആർഗൺ, നിയോൺ ഇവയോടുകൂടി സ്ഥാനം നല്കി. എന്നാൽ ആധുനിക ശാസ്ത്രജ്ഞന്മാർ തങ്ങളുടെ ഗവേഷണ ഫലമായി ഇവയ്ക്ക് ഫസ്റ്റ് ഗ്രൂപ്പ് എലിമെന്റിനോടു കൂടി സ്ഥാനം കല്പിച്ചു. ഇന്നും അവയുടെ യഥാർത്ഥ സ്ഥാനം സംശയാസ്പദമായിത്തന്നെ സ്ഥിതി ചെയ്യുന്നു.

<u>സ്ഥിതി</u>. ഇവ പ്രകൃതിയിൽ ഒട്ടുംതന്നെ കാണപ്പെടുന്നില്ല. എന്നാൽ, സ്കൂൾ, കോളേജ്, ലൈബ്രറി മുതലായവയുടെ നാലു ഭിത്തികളിൽ ധാരാളമായി കാണപ്പെടുന്നു.

<u>ഭൗതിക ഗുണങ്ങൾ</u>.

(1) ഇവ മെലിഞ്ഞ് ശോഷിച്ച രീതിയിൽ കട്ടിയുള്ള ഗ്ലാസ്സ് ധാരികളായി കാണപ്പെടുന്നു.

(2) നോട്ടുബുക്ക്, പുസ്തകങ്ങൾ ആദിയായവയുടെ വമ്പിച്ച ഭാരവാഹികളാണിവ.

(3) പന്തുകളി, വിനോദങ്ങൾ മുതലായ വിവിധങ്ങളായ മറ്റു കാര്യങ്ങളിൽ ഇവയ്ക്ക് അശ്ലേഷം രസം ഉണ്ടായിരിക്കയില്ല.

(4) സാധാരണയായി ദേഹോപദ്രവം ഏററാൽ അവയുടെ മഞ്ഞനിറം മാറി ചുവപ്പു നിറമാകുന്നു.

<u>രാസഗുണങ്ങൾ</u>.

(1) പേന, പെൻസിൽ മുതലായ രാസത്വരകങ്ങളുടെ സാന്നിദ്ധ്യത്തിൽ അവ പരീക്ഷകടലാസ്സുമായി ത്വരിതഗതിയിൽ പ്രവർത്തിച്ച് ഉന്നതമായ മാർക്ക് കരസ്ഥമാക്കുന്നു. ഓർമ്മക്കുറവ്, അസ്വാസ്ഥ്യം മുതലായ മാലിന്യങ്ങളുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തനം ത്വരിത ഗതിയിൽ നടക്കുന്നില്ല.

(2) പുസ്തകങ്ങളോട് അവയ്ക്ക് വലിയ താല്പര്യം ഉണ്ട്. എത്ര വമ്പിച്ച പുസ്തകമായാലും വളരെ വേഗം ഹൃദിസ്ഥമാക്കുവാൻ അവയ്ക്ക് ഒട്ടും പ്രയാസമില്ല. ചില സമയങ്ങളിൽ പ്രവർത്തനത്തിന് വിഘാതമുണ്ടായെന്നും വരും.

(3) രാത്രികാലങ്ങൾ കഴിച്ചുകൂട്ടുന്നതിന് ഇവയ്ക്ക് വലിയ ശക്തി ആവശ്യമാണ്. ഇലക്ട്രിക് ശക്തിയാണ് കൂടുതലായി ഉപയോഗത്തിലിരിക്കുന്നത്.

പൊതുവേ ബാഹ്യമായ എല്ലാ പ്രകടനങ്ങളിലും ഇവ പിന്നോക്കമാണ്.

(4) വ്യക്തിപരമായി കൂടിക്കാഴ്ചയിൽ ഇവർ അത്ര സാമർത്ഥ്യമുള്ളവരായി കാണപ്പെടുന്നില്ല.

<u>ഇവയെക്കൊണ്ടുള്ള സൗകര്യങ്ങൾ</u>.

സ്കൂൾ, കോളേജ് മുതലായ സ്ഥാപനങ്ങളിൽ വിജയശതമാനം കൂട്ടുന്നതിനും, ഡിസ്റ്റിംഗ്ഷൻ മുതലായവ വാങ്ങുന്നതിനും ഇവ സഹായകങ്ങളാണ്. വ്യക്തിപരമായി ഉന്നതപദവികൾ ലഭ്യമാകുന്നതിനും അവയ്ക്കു സാധിക്കുന്നു.

WINNERS OF THE PANICKER MEMORIAL CUP

**SENIOR DAYSCHOLARS, HOCKEY TEAM—1956-'57**



*Sitting* :—J. Jacob, P. J. Mathew (Captain), T. B. Ninan, M. A. (Principal), K. Krishnakumar, Kushal Nair.

*Standing* :—K. George U. P. Joy, Mathew C. Eralil, T. V. Varghese, Subramonia Chettiar, Thampi John, K. M. Gopalakrishnan, Oommen Abraham.

THE COLLEGE VOLLEY BALL TEAM—(1956—'57)



*Sitting* :— T. B. Ninan, M. A. (Principal), Pathrose Mathai (Captain), Dr. P. M. Mathai (President), C. P. Andrews, B. A., D. P. E. (Physical Director).

*Standing* :—Pathrose Mathai, V. O. Devassy, John Philip, A. V. Oommen, Varughese Varughese, P. J. Mathen.

## SOCIAL SERVICE LEAGUE DRAMATIC CLUB

DRAMA "എന്നിട്ടും നിങ്ങളെന്നെ സ്നേഹിക്കുന്നു."



*Bottom row:* Thomas John, V. I. Verghese, P. Aravindakshan.

*Middle row:* Abdulkarim, K. M. Gopalakrishnan Nair (Secretary), Varghese Ittyerah, M. A., T. O. Nadirsha, George Zachariah, M. A., (President), Abraham Thomas, (Gen. Secretary), M. C. George.

*Top row:* Thomas Mathew, K. Vasudevan Pillay, P. J. John, A. Veeran Pillay, T. C. Philip, J. J. John.

അസൗകര്യങ്ങൾ: കായികാഭ്യാസങ്ങൾ, പന്തുകളി മുതലായവയിൽ നല്ല സ്ഥാനം കരസ്ഥമാക്കുവാൻ അവ വിഘ്നങ്ങളാണ്. പൊതുവേ അവ അനാരോഗ്യം കലർന്നവയാകയാൽ സമുദായത്തിനു തന്നെ അവ വളരെ ദ്രോഹം ചെയ്യുന്നു. ചുരുക്കിപ്പറഞ്ഞാൽ സമുദായോന്നമനത്തിന് അവ വിഘാതങ്ങളാണ്.

---

## ജീവിതത്തിൽനിന്നും ഒരു താള്

രാമൻകുട്ടി നായർ, V. R., മെഡം, (പൂർവ്വ വിദ്യാർത്ഥി)

ജീവിതത്തിൽനിന്നും ചില താളുകൾ പകർത്തുമ്പോൾ ഒരു പ്രചോദനം ലഭിക്കാറുണ്ട്. പക്ഷെ അതെല്ലാമോർക്കുമ്പോഴുണ്ടാകുന്ന വേദന ദുസ്സഹമാണ്. പേന കയ്യിലിരുന്നു മരവിച്ചുതുടങ്ങും. താങ്ങുവാൻ പ്രയാസമേറിയ പലതിനെയും ധൈര്യപൂർവ്വം തോളിലേററിയിട്ടുണ്ട്. അപ്പോഴെല്ലാം ഉറച്ച കാലുകളോടുകൂടിത്തന്നെ നിന്നിട്ടുണ്ട്. എങ്കിലും വികാരങ്ങളുടെ മൂർദ്ധന്യയിൽ ഇങ്ങനെയൊരു മുറിവേററിട്ടില്ല. എന്നെ അഗാധതയിലേക്കു വലിച്ചെറിയാൻ കഴിഞ്ഞ ചില....നിമിഷങ്ങൾ!!........ കൊല്ലങ്ങൾക്കു മുമ്പു നടന്ന ആ കഥ........ഞാനിവിടെ കുറിക്കുകയാണ്........

ഞാൻ കോളേജിൽ പോയിട്ടു ദിവസങ്ങൾ നാലു കഴിഞ്ഞു. ദുസ്സഹമായ പനി. ഇതുവരെയും വിട്ടുമാറിയില്ല. കിടക്കയിൽനിന്നും എഴുന്നേല്ക്കുവാൻതന്നെ തോന്നുന്നില്ല. ജനാലയിലൂടെ കുളിർ തൂവിക്കൊണ്ടു കാററു കടന്നുവരുന്നെങ്കിലും ഉറക്കം വരുന്നില്ല. ആകാശത്തിന്റെ ഇളം നീലിമയിൽ ഉരുമ്മിക്കൊണ്ടു കാർമേഘങ്ങൾ നീങ്ങിക്കൊണ്ടിരുന്നു.

ആരോ അകത്തേക്കു കടന്നുവന്നു. മെല്ലെ തലയുയർത്തിക്കൊണ്ടു ഞാൻ ചോദിച്ചു—"ആരാ അതു്. ലതയാണോ?"

"അതേ ചേട്ടാ, ഞാൻതന്നെയാണ്." ചുണ്ടുകളിൽ ഒരു നേരിയ പുഞ്ചിരി വിടർത്തിക്കൊണ്ടു അവൾ പറഞ്ഞു.

അത്രയും നേരം ആരുമൊന്നു മിണ്ടാൻ പോലുമില്ലാതെ അസ്വസ്ഥനായികിടന്നിരുന്ന എന്നിൽ ആ മറുപടി അമൃതധാര ചൊരിഞ്ഞു.

ലത! അവളൊരു കൊച്ചു വാനമ്പാടിയാണ്. സാഹോദര്യത്തിന്റെ സന്ദേശവും സ്നേഹത്തിന്റെ ഗാനങ്ങളുമായി സ്വച്ഛന്ദം പറന്നുനടക്കുന്ന ഒരു കൊച്ചു വാനമ്പാടി.

ഞാൻ കിടന്നുകൊണ്ടുതന്നെ അവളുടെ കൈകളു പിടിച്ച് എന്റെ അരികിലിരുത്തി. മയിൽപ്പീലിയുടെ നീലിമ പൂണ്ട കണ്ണുകളോടെ അവളെന്നെ നോക്കുകയാണ്. അതിൽ കപടതയില്ല. ആർദ്രത ഊറി നില്ക്കുന്നു. കൺകോണുകളിൽ മുത്തു ഉരുണ്ടുകൂടുകയാണ്.

അവളുടെ മുഖം വാടിയിരിക്കുന്നതിന്റെ കാരണം എന്റെ ദേഹാസ്വാസ്ഥ്യമാണെന്നു മനസ്സിലാക്കിയ ഞാൻ സാവധാനത്തിൽ ഒന്നു ചിരിച്ചുകൊണ്ടു പറഞ്ഞു, "ലതേ, സങ്കടപ്പെടേണ്ട. ഇതൊന്നും സാരമില്ല. രണ്ടു ദിവസത്തിനകം ഭേദമാകും."

ഞാൻ പറയുന്നതെന്തും അവൾക്കു വിശ്വാസമാണ്. ഒരു ദീർഘനിശ്വാസത്തിനു ശേഷം ആ മുഖത്തു ഒരു നേരിയ ആശ്വാസരേഖ കാണാറായി.

സുന്ദരമായ ആ കൈത്തലംകൊണ്ടു അവൾ എന്റെ ശരീരത്തിൽ സാവധാനം തലോടി. നിഷ്കളങ്കമായ അവളുടെ ആ പരിചരണത്തിൽ എന്റെ ഹൃദയം കോരിത്തരിച്ചു. സഹോദരസ്നേഹത്തിന്റെ പവിത്രതയിൽ മതിമറന്ന ഞാൻ വെള്ളയുടെ മഞ്ഞ കലർന്ന നിറമുള്ള ആ വദനത്തിലേക്കു നിർന്നിമേഷനായി നോക്കി.

ലത! അവളെന്റെ സഹോദരിയാണ്. എന്നാൽ ഇന്നത്തെ ലോകം ഇതു പറയുന്ന എന്നെ ഒരുപക്ഷെ ഭ്രാന്തനായിത്തള്ളിയേ

ക്കാം. കാരണം, ഞങ്ങളുടെ മാതാപിതാക്കൾ ഒന്നല്ല—ഞങ്ങൾ ഒരേ വീട്ടിൽ വളർന്നവരല്ല. പക്ഷെ വിധി ഞങ്ങളെ അന്യോന്യം അടുപ്പിച്ചു. ഞാനവളുടെ ചേട്ടനായി. അവളെന്റെ അനുജത്തിയും. അങ്ങനെ ഞങ്ങളാ മഹനീയ ബന്ധത്തിൽപ്പെട്ടിട്ട് നാളുകൾ നിരവധി കഴിഞ്ഞു.

ആതാ അങ്ങു ദൂരെകാണുന്ന മാവിൻചുവട്ടിൽവച്ചാണ് ഞാനവളെ ആദ്യം കണ്ടത്. കൂട്ടുകാരികളുമൊത്തു കളിച്ചു തിമിർത്തു തുള്ളിച്ചാടി നടക്കുന്ന അവളെന്നെ ആകർഷിച്ചു. അവളെ ഞാനെന്റെ അനുജത്തിയാക്കി- പനിയൊക്കെ മാറി. ഞാൻ വീണ്ടും കോളജിൽ പോയിത്തുടങ്ങി. ഞാനന്നും കോളേജിൽനിന്നും പോരുമ്പോൾ 'Biology Room' ൽ കയറി മേശപ്പുറത്തിരിക്കുന്ന പെട്ടിയിൽനിന്നും കുറെ ചോക്കുകഷണങ്ങൾ കൈക്കലാക്കും. അവൾക്കു കൊടുക്കുവാൻ വേണ്ടി. പല നിറത്തിലുള്ള ആ ചോക്കുകഷണങ്ങൾ കണ്ടാലുടൻതന്നെ അവൾ കയ്യിൽ കടന്നു പിടിക്കയായി. കൃതജ്ഞതാസൂചകമായ ഒരു ചെറുപുഞ്ചിരിയോടെ ആ കസ്തൂരിക്കുട്ടി അതുംകൊണ്ടു ഓടിക്കളയും. അവൾ മറയുന്നതുവരെ ഞാനാ മനോജ്ഞരൂപത്തെ നോക്കിനില്ക്കും.

ചില കുററങ്ങൾ കാണുമ്പോൾ ഞാനവളെ വഴക്കു പറയാറുണ്ട്. അപ്പോഴെല്ലാം ആ മുഖത്തു രക്താഭമായ മാറിവരും. കണ്ണുകൾ കലങ്ങും. അപ്പോൾ ഞാനൊരു 'സാരമില്ല' പറയുമ്പോൾ ആ കലങ്ങിയ കണ്ണുകൾ പ്രകാശപൂരിതമാകും. ആ പുഞ്ചിരി വികസിക്കും. ആ രംഗം ഒരിക്കൽ കണ്ടവർ വീണ്ടും കാണുവാൻ ആഗ്രഹിക്കും.

ഒരു ദിവസം അവൾ നാലാംക്ലാസ്സിൽനിന്നും ജയിച്ച വാർത്ത എന്നെ അറിയിച്ചു. എന്തൊരാഹ്ളാദമായിരുന്നു ആ മുഖത്ത്. ആ കൊച്ചു സഹോദരിയുടെ വിജയാഹ്ളാദത്തിൽ എന്റെ ഹൃദയം ആനന്ദമടഞ്ഞു.

നാളുകൾ ഓടിപ്പോയ്ക്കൊണ്ടിരുന്നു. ഓരോ ദിവസം കഴിയുന്തോറും ഞാനും ലതയും കൂടുതൽ അടുത്തു.

അന്നും കോളജു വിട്ടുവരുന്നവഴി ഞാനവളെ കണ്ടു. ആ പഴയ ചിരി ഇന്നു കാണുന്നില്ല. മുഖം വിളറിയിരിക്കുന്നു. ഞാനവളുടെ അരികിലേക്കു ചെന്നു. അവൾ കരയാൻ തുടങ്ങി.

"എന്താ ലതേ കരയുന്നത്." ഞാൻ പരിഭ്രമത്തോടെ ചോദിച്ചു.

"എന്റെ......സ്ളേററ്......ഒരു കുട്ടി......പൊട്ടിച്ചു." വിങ്ങിക്കരഞ്ഞുകൊണ്ട് അവൾ പറഞ്ഞു.

"അയ്യേ! അതിനു കരയുന്നതെന്തിന്—മോശം." ഞാൻ പറഞ്ഞു.

"വീട്ടിച്ചെല്ലുമ്പം—ഇളയമ്മ—തല്ലും." കണ്ണുനീർ തുടച്ചുകൊണ്ടവൾ പറഞ്ഞു.

അവൾക്കു മാതാപിതാക്കളില്ലെന്നുള്ള കാര്യം എനിക്കപ്പോഴാണ് ഓർമ്മവന്നത്.

ഞാനവളുടെ കൈകളിൽ പിടിച്ചുകൊണ്ടു നടന്നു.

"ലതേ നിനക്കു ഞാൻ ഒരു നല്ല സ്ളേററു വാങ്ങിത്തരാം വരൂ."

അതു കേട്ടപ്പോൾ ആ മുഖത്തു ഒരാശ്വാസം നിഴലിട്ടു. ആ മുഖം വീണ്ടും പ്രകാശിക്കാൻ തുടങ്ങി. പാൽക്കടലിൽ നിന്നും ഒരു പുഷ്പരഥം ഉയർന്നു വരുന്നപോലെ ആ വാടിയ മുഖത്തുനിന്നും ഉയരുന്ന പുഞ്ചിരിക്ക് പ്രത്യേകമായ ഒരാസ്വാദ്യതയുണ്ടായിരുന്നു.

ഞങ്ങൾ സ്റ്റേഷനറിക്കടയിലെത്തി, 'കോളേജു സോഷ്യൽ സർവ്വീസ്ലീഗ്' നടത്തുന്ന നാടകത്തിന്റെ ടിക്കററു വിററു കിട്ടിയിരുന്ന 2½ രൂപയിൽ നിന്നും അരരൂപാ കൊടുത്ത് ഞാൻ നല്ലൊരു സ്ളേററു വാങ്ങി അവൾക്കു കൊടുത്തു. ഒരു ചെറിയ സങ്കോചത്തോടെ അവളതു വാങ്ങി നെഞ്ചോടു ചേർത്തു.

പോരുന്ന വഴി ഞാനവളെ ആശ്വസിപ്പിച്ചു.

"ലതേ സങ്കടപ്പെടാതെ. നാമിരുവരും ഒരുപോലെയാണ്. എന്റെ ജീവനും ആത്മാവും സർവ്വവും എന്റെ ലത മാത്രമാണ്."

"ചേട്ടാ............അത്ര മാത്രം ആ ചുണ്ടിൽ നിന്നും അടർന്നു വീണു.

ഒരു വൈകുന്നേരം ഞാൻ കോളജിൽ നിന്നും വരികയായിരുന്നു. മഴ ഇടവിടാതെ വർഷിച്ചുകൊണ്ടിരിക്കയാണ്. വഴിയരി

കിലുള്ള ഒരു തിണ്ണയിൽ തണുത്തു വിറച്ചുകൊണ്ട് ലത നിൽക്കുകയാണ്. ഞാനടുത്തുചെന്നു വിളിച്ചു.

"ലതേ വരൂ, ഞാൻ വീട്ടിൽ കൊണ്ടുപോയാക്കാം."

സന്തോഷപൂർവ്വം അവളെന്റെ കുടക്കീഴിലായി. പലതും പറഞ്ഞും ചിരിച്ചുംകൊണ്ട് ഞങ്ങൾ യാത്ര തുടർന്നു. ഞാനവളെ അവളുടെ വീട്ടിലാക്കി. ലതയ്ക്ക് അവളുടെ ഇളയമ്മയിൽനിന്നും അനുഭവിക്കേണ്ടിവരുന്ന കഷ്ടതകളെപ്പററി ചിന്തിച്ചു വിഷാദിച്ചു ഞാൻ തിരിച്ചുപോന്നു.

സന്തോഷവും സന്താപവും നിറഞ്ഞ ദിവസങ്ങളും മാസങ്ങളും കടന്നുപോയി. നല്ല വേനൽക്കാലമായി. കഠിനമായ ഉഷ്ണമുണ്ട്. കിടന്നാൽ കണ്ണു പൂട്ടാൻ കഴിയുകയില്ല. ചോരയിൽ ചൂട് നുരയിടുകയാണ്. സിരാകൂടമാകെ വെന്തു ആവിപാറുന്നപോലെ, മണ്ണിൽനിന്നും വെളുവെളെ തിളങ്ങുന്ന ജ്വാലകൾ കിതച്ചുയരുന്നു. അന്നൊരു ബുധനാഴ്ചയായിരുന്നു: മണി ഏകദേശം ഒൻപതരയായി. ഞാൻ പുസ്തകവുമെടുത്ത് കോളേജിലേക്കു യാത്രയായി. ഞാൻ മെയിൻ റോഡിലെത്തിയപ്പോൾ കുറച്ചു ദൂരെ ആളുകൾ കൂടിനിൽക്കുന്നതായികണ്ടു. ചിലർ പരിഭ്രാന്തരായി ഓടി എത്തുന്നുമുണ്ട്. എന്തോ അപകടം സംഭവിച്ചതുപോലെ. എന്തെന്നറിയാനായി ഞാനും അങ്ങോട്ടോടിച്ചെന്നു. ആളുകളാൽ നിറയപ്പെട്ടിരുന്ന ആ സ്ഥലം ഒരു യുദ്ധഭൂമിപോലെയായിരിക്കുന്നു. അതാ—അതിന്റെ മദ്ധ്യത്തിൽ ഒരു ശരീരം—രക്തത്തിൽ കുളിച്ചു കിടക്കുകയാണ്. അടുത്തായി ഒരു ലോറിയും കിടക്കുന്നുണ്ട്. എനിക്കു മനസ്സിലായി. ആ ലോറി ഒരു ജീവനപഹരിച്ചിരിക്കുന്നു. ആരായിരിക്കുമത് ! വിറച്ചുകൊണ്ടിരുന്ന എന്റെ ദൃഷ്ടികൾ അവിടേക്കു പതിഞ്ഞു. ഹാ.........എന്റെ ലത.........അവളോ.........അവളാണോ ഈ കിടക്കുന്നത്.........ഞാൻ മരവിച്ചു നിന്നുപോയി.

ഞാനവളുടെ മുഖത്തേക്കു സൂക്ഷിച്ചുനോക്കി. അവളുടെ ചുണ്ടുകൾ വിറക്കുന്നുണ്ട്. അവൾക്കെന്തോ പറയുവാനുണ്ട്. കയ്യിലിരുന്ന പുസ്തകവും വലിച്ചെറിഞ്ഞ് ഓടിച്ചെന്നു ഞാൻ അവളെ വാരിയെടുത്തു. എന്റെ കണ്ണുകളിൽ നിന്നും അശ്രുകണങ്ങൾ ആ രക്തക്കളത്തിൽ വീണു ലയിച്ചു........

ആ വിപഞ്ചികയുടെ നാദം നിലച്ചുപോയി. ലോകം മുഴുവൻ വിററാലും അവളെ രക്ഷപ്പെടുത്തണമെന്നെനിക്കുണ്ടായിരുന്നു. പക്ഷെ വളരെ താമസിച്ചുപോയി........

അവളുടെ നിശ്ചലമായ കണ്ണുകളിലേക്കു നോക്കിയപ്പോൾ ലോകം മുഴുവൻ പുകമൂടി അസ്പഷ്ടമാകുന്നപോലെ എനിക്കു തോന്നി. ആ കണ്ണുകൾ ഇന്നും എന്റെ സ്മൃതിപഥത്തിൽ മായാതെ നില്ക്കുന്നു.

---

## *സമുദ്രവും അതിന്റെ അന്തർഭാഗവും

[കെ. പി. വിജയകുമാർ III B. A. (Eco.)]

ഭൂമിയുടെ നാലിൽ മൂന്നു ഭാഗം സമുദ്രമാണ്. ഇതു മനുഷ്യസമുദായത്തെ തമ്മിൽ അകററിനിർത്തുന്നു. അതേസമയംതന്നെ മനുഷ്യരാശിയെ തമ്മിൽ യോജിപ്പിക്കുന്ന ഒരു ഘടകമാണ് സമുദ്രം. സമുദ്രം അതിവിശാലമായ ഒരു വഴിയാണ്. മനുഷ്യനു അതിൽക്കൂടി യഥേഷ്ടം സഞ്ചരിക്കാം. എന്നു തന്നെയല്ല ഈ വഴി നന്നാക്കുന്നതിനുവേണ്ടി ആരും മിനക്കെടേണ്ട കാര്യമില്ല. അതു നന്നാക്കുന്നതിനുവേണ്ടി ആരും ധനം ചെലവാക്കേണ്ടതുമില്ല. പല വീരസാഹസകൃത്യങ്ങൾക്കും മനുഷ്യരെ സമുദ്രം പ്രേരിപ്പിച്ചിട്ടുണ്ട്.

---

*ഇംഗ്ലീഷിൽനിന്നു വിവർത്തനം.

ധനസമ്പാദന പാതകളും അജ്ഞാതസ്ഥലങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ആഗ്രഹവുമാണ് മനുഷ്യനെ കൂടുതൽ കൂടുതൽ കടലുമായി അടുപ്പിച്ചിട്ടുള്ളത്. മേല്പറഞ്ഞ കാര്യം ഒരു ചരിത്രസത്യമാണല്ലോ. ആഫ്രിക്ക, അമേരിക്ക മുതലായ മഹാ ഭൂഖണ്ഡങ്ങളിൽ ചില പട്ടണങ്ങളും ഗ്രാമങ്ങളും വളരെ അധികം ഉൾനാട്ടിലേക്ക് മാറിയാണ് സ്ഥിതിചെയ്യുന്നത്. ഇവിടങ്ങളിലുള്ള മിക്ക കുട്ടികളും (പ്രായമായവർപോലും) സമുദ്രം കണ്ടിട്ടില്ലാത്തവരാണെന്നു പറഞ്ഞാൽ അതു ഈ നൂററാണ്ടിൽ വിശ്വസിക്കുവാൻ പ്രയാസമായിരുന്നേക്കാം. പക്ഷേ അതൊരു യാഥാർത്ഥ്യമാണ്. ബ്രിട്ടൻ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലെ ജനങ്ങൾ കടലുമായി കൂടുതൽ സമ്പർക്കവും ബന്ധവുമുള്ളവരാണ്.

സമുദ്രത്തിന്റെ മുകൾപ്പരപ്പു മിക്കവാറും എല്ലായിടത്തും ഒരേ നിരപ്പിൽ തന്നെയാണെങ്കിലും അതിന്റെ അടിത്തട്ടു നിരപ്പില്ലാത്തതാണ്. ചില സ്ഥലങ്ങളിൽ ആഴം കൂടിയും ചില ഇടങ്ങളിൽ ആഴം കുറഞ്ഞും ഇരിക്കും. ഭൂഖണ്ഡങ്ങളിൽ ഉള്ളതുപോലെ തന്നെ സമുദ്രാന്തർഭാഗത്തും പർവ്വതങ്ങളും താഴ്വരകളും ഉണ്ട്. ചില സ്ഥലങ്ങളിൽ ചെറിയ കുന്നുകളും പീഠഭൂമികളും ഉണ്ട്. ഇങ്ങനെയുള്ള പർവ്വതങ്ങളിലെ കൊടുമുടികളുടെ അഗ്രഭാഗം ജലപിതാനത്തിനു മുകളിൽ ദ്വീപുകളായി കാണപ്പെടുന്നു. ഇങ്ങനെ ഉണ്ടായതാണ് ഹവായ് ദ്വീപസമൂഹങ്ങൾ. സാധാരണയായി സമുദ്രത്തിന്റെ ശരാശരി താഴ്ച രണ്ടു മുതൽ രണ്ടര മൈൽ വരെയാണ്. പക്ഷേ ചുരുക്കം ചിലയിടങ്ങളിൽ ആറു മൈൽ താഴ്ചയുണ്ട്. ലോകത്തിലെ ഏററവും ഉയർന്ന കൊടുമുടിയായ 'എവറസ്റ്റ്' അങ്ങനെതന്നെ പൊക്കിയെടുത്തു പസഫിക് മഹാസമുദ്രത്തിലെ താഴ്ഭാഗത്തു കൊണ്ടിട്ടാൽ കൊടുമുടിയുടെ അഗ്രം സമുദ്രത്തിന്റെ ജലപിതാനത്തിൽനിന്നും അര മൈൽ താഴ്ചയിലായിരിക്കും. സമുദ്രത്തിന്റെ ഉപരിഭാഗത്തിലെ ജലത്തിൽ സൂര്യരശ്മികൾ ശക്തിയായി പതിക്കുന്നുണ്ട്. പക്ഷേ അതിന്റെ ശക്തിയും ചൂടും കുറച്ച് ആറടി താഴ്ചവരെ ബാധിക്കുന്നുള്ളു. അങ്ങനെ ചൂടുപിടിക്കുന്ന ഉപരിതലത്തിലെ ജലം ജലപ്രവാഹങ്ങളായിത്തീരുന്നു. Gulf stream മുതലായ ഉഷ്ണജലപ്രവാഹങ്ങൾ ഇങ്ങനെ ഉണ്ടാകുന്നതാണ്. ഭൂമധ്യരേഖയിൽപ്പോലും കടലിലെ താഴ്ചയേറിയ ഭാഗങ്ങളിൽ സൂര്യരശ്മികൾ എത്തുന്നില്ല. അവിടത്തെ ജലത്തിനു തൻമൂലം ചൂടു പിടിക്കുന്നില്ല. 0°C നു അടുത്തായിരിക്കും അവിടത്തെ ഊഷ്മാവ്. സമുദ്രത്തിൽ ഒരു മൈൽ താഴ്ചയിലധികം സൂര്യപ്രകാശം എത്തുന്നില്ല. അതിലും താഴ്ന്ന ഭാഗങ്ങളിൽ എപ്പോഴും കൂരിരുട്ടാണ് ഉള്ളത്.

വായുവിന്റെ മർദ്ദം സാധാരണയായി ഒരു ചതുരശ്ര ഇഞ്ചിനു പതിനഞ്ചു റാത്തൽ എന്ന തോതിലാണു കണക്കാക്കുന്നത്. അതേ സമയത്തു സമുദ്രത്തിൽ 35 അടി താഴ്ചയിലുള്ള ജലമർദ്ദം കണക്കാക്കിയിട്ടുള്ളതു ഒരു ചതുരശ്ര ഇഞ്ചിനു 30 റാത്തൽ എന്ന തോതിലാണ്. ആഴം കൂടുംതോറും ഈ മർദ്ദം വർദ്ധിച്ചുവരുന്നു. ഫിലിപ്പൈൻ ദ്വീപസമൂഹങ്ങളുടെ സമീപമുള്ള സമുദ്രത്തിലെ താഴ്ചയേറിയ ഭാഗത്തു 'ഈ മർദ്ദം ഒരിഞ്ചിനു അനേകം ടൺ ഉണ്ട്'. ഇവിടെ ഒരു മനുഷ്യൻ ഇറങ്ങിയാൽ അയാൾ ജലമർദ്ദത്തിന്റെ ശക്തികൊണ്ടു ചതഞ്ഞു മരിച്ചുപോകും. മനുഷ്യനു അവിടെയുള്ള ജലമർദ്ദത്തെ തടുക്കുന്നതിനുള്ള ശക്തിയില്ല. ഇങ്ങനെ വളരെ ആഴമുള്ള സ്ഥലങ്ങളിൽ ചില ജലജന്തുക്കൾ ജീവിക്കുന്നതു അത്ഭുതത്തിനു ഇടകൊടുക്കുന്നതാണ്. പക്ഷെ ആ ജന്തുക്കളുടെ ശരീരഘടന അവിടെയുള്ള ജലമർദ്ദത്തെ തടുക്കുന്നതിനു പര്യാപ്തമായ വിധത്തിലാണ്. ഈ ജന്തുക്കളുടെ ശരീരത്തിനുൾഭാഗം ജലം നിറഞ്ഞിരിക്കും. അതിനാൽ അവയുടെ ശരീരത്തിനുള്ളിലും പുറത്തും ഉള്ള മർദ്ദം തുല്യമായിരിക്കും. ഈ കാരണത്താൽ അവ ചതഞ്ഞു ചത്തുപോകുന്നില്ല. ഇതു കൂടാതെ ചില ജലജന്തുക്കളുടെ ശരീരാന്തർഭാഗത്തു ജലത്തിനു പകരം ചില വാതകങ്ങൾ നിറഞ്ഞിട്ടുണ്ടാകും. ഇതെല്ലാം ജലമർദ്ദത്തിൽനിന്നു രക്ഷപെടുന്നതിനു അവയെ സഹായിക്കുന്നു.

സമുദ്രജലം ഉപ്പുള്ളതായിരിക്കുന്നതിനുള്ള കാരണം എന്താണെന്നു പരിശോധിക്കാം. സമുദ്രങ്ങളിൽ പതിക്കുന്ന നദികളാണ് സമുദ്രത്തിൽ ഉപ്പ് ചേർക്കുന്നതെന്ന് വിശ്വസിക്കപ്പെടുന്നു. സമുദ്രജലം സൂര്യരശ്മികളുടെ പ്രവർത്തനത്താൽ നീരാവിയായി ഉയരുമ്പോൾ ശേഷിക്കുന്ന ജലത്തിലെ ഉപ്പ്

വർദ്ധിക്കുന്നു. നൂറു റാത്തൽ സമുദ്രജലത്തിൽ 3½ റാത്തൽ ഉപ്പുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഉപ്പ് ലയിച്ചു ചേർന്നിട്ടുള്ളതിനാൽ സമുദ്രജലത്തിന്റെ സാന്ദ്രത, നദികളിലേയും തടാകങ്ങളിലേയും ശുദ്ധജലത്തിന്റെ സാന്ദ്രതയേക്കാൾ വളരെ കൂടുതലാണ്. അതിനാൽ സമുദ്രജലത്തിൽ ശുദ്ധജലത്തിലേക്കാൾ എളുപ്പത്തിൽ നീന്തുന്നതിനു സാധിക്കും.

ധ്രുവപ്രദേശങ്ങളോടടുത്ത് സമുദ്രം മഞ്ഞുകട്ടകൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. ഈ മഞ്ഞുകട്ടകൾക്ക് ശുദ്ധജലം ഉറച്ചുണ്ടാകുന്ന മഞ്ഞുകട്ടകളേക്കാൾ സാന്ദ്രത കൂടുന്നു. പക്ഷേ ഈ മഞ്ഞുകട്ടകൾക്കും സമുദ്രത്തിൽ പൊങ്ങിക്കിടക്കുന്നതിനു സാധിക്കും. ഇങ്ങനെയുള്ള മഞ്ഞുകട്ടകൾ ചിലപ്പോൾ മലകൾ പോലെ വലിപ്പമുള്ളവയായിരിക്കും. ആർട്ടിക് സമുദ്രത്തിലെ മഞ്ഞുമലകൾ വേനൽക്കാലത്ത് ഒഴുകി തെക്കോട്ടു വരുന്നു. ചിലപ്പോൾ ഈ മഞ്ഞുമലകൾക്ക് 30 മൈൽ വരെ നീളവും വീതിയും ഉണ്ടാകും. ഈ മഞ്ഞുമലകളുടെ ആറിൽ ഒരു ഭാഗമേ സമുദ്രജലവിതാനത്തിനു മുകളിൽ കാണുകയുള്ളു. അപ്പോഴും ചില മഞ്ഞുമലകളുടെ ജലത്തിന്റെ ഉപരിഭാഗത്തു കാണുന്ന ഭാഗത്തിനു 100 മുതൽ 250 അടിവരെ ഉയരം ഉണ്ടായിരിക്കും. സാധാരണയായി ഇത്തരം വലിയ മഞ്ഞുമലകൾ അധികമായി കാണുന്നത് അന്റാർട്ടിക് സമുദ്രത്തിലാണ്.

ഇങ്ങനെ ധ്രുവപ്രദേശങ്ങളിൽ നിന്നും ഒഴുകിവരുന്ന മഞ്ഞുമലകൾ അപൂർവ്വമായി കപ്പൽച്ചാലുകളിൽ വന്നുകൂടി എന്നുവരാം. അതു വളരെ അപകടകരമാണ്. ഇതു കപ്പലുകളുടെ നാശത്തിനു കാരണമായിത്തീരുന്നു. ഇങ്ങനെ മഞ്ഞുമലകൾ കൊണ്ട് കപ്പലുകൾക്കു സംഭവിക്കുന്ന നാശങ്ങളിൽ പ്രാധാന്യമർഹിക്കുന്നത് 1912-ൽ 'ടൈററാനിക്' എന്ന ഇംഗ്ലീഷുകപ്പലിനു സംഭവിച്ച നാശമാണ്. ഈ കപ്പലിനു വന്ന അത്യാഹിതത്തിൽപ്പെട്ട് 1500 യാത്രക്കാരോളം മുങ്ങിമരിച്ചു.

സമുദ്രാന്തർഭാഗത്തുള്ള ജീവികൾ അസംഖ്യമാണ്. ലക്ഷക്കണക്കിന് സസ്യങ്ങളും, മത്സ്യങ്ങളും, മററു ജീവികളും സമുദ്രത്തിനടിയിൽ ജീവിക്കുന്നുണ്ട്. അവയെപ്പററി അറിയുവാൻ ശ്രമിക്കുന്നത് രസകരമായിരിക്കും.

കടലിൽ ജീവിക്കുന്ന ജന്തുക്കളിൽ ഏററവും വലിയത് തിമിംഗലം (പ്രത്യേകതരം വലിയ മത്സ്യം) ആണ്. ഒരു വലിയ ബോട്ടിനെ അടിച്ചു നശിപ്പിക്കത്തക്കവിധത്തിൽ ഇതിന്റെ വാല് സുശക്തമാണ്. ഇത്തരം മത്സ്യങ്ങൾക്ക് സാധാരണയായി 50 അടി മുതൽ 70 അടി വരെ നീളം കാണുന്നു. 75 ടൺ ഭാരമുള്ള മത്സ്യങ്ങളും സാധാരണയാണ്. തെക്കേ കടലിലാണ് ഇവയെ ധാരാളമായി കണ്ടുവരുന്നത്. ഈ മത്സ്യത്തിന്റെ ശരീരം അന്തർവാഹിനിക്കപ്പൽ പോലെ ഇരിക്കുന്നതിനാൽ ഇതിനു വെള്ളത്തിൽ വളരെ വേഗത്തിൽ സഞ്ചരിക്കുവാൻ സാധിക്കുന്നു. ഇതിന്റെ ശിരസ്സിലുള്ള ദ്വാരങ്ങളിൽക്കൂടി ഇതു ഉപരിതലത്തിലെ വായു ശ്വസിക്കുന്നു. ശ്വാസകോശങ്ങൾക്ക് അസാമാന്യ വലിപ്പം ഉള്ളതിനാൽ അധികം വായു ഇതിനു സംഭരിച്ചുവെയ്ക്കുവാൻ സാധിക്കും. തന്മൂലം അധികനേരത്തേക്ക് ഇതിനു ജലത്തിനടിയിൽ കഴിച്ചുകൂട്ടുവാൻ സാധിക്കും.

സമുദ്രത്തെ ആശ്രയിച്ചു ജീവിക്കുന്ന പക്ഷികളിൽ പ്രാധാന്യം അർഹിക്കുന്നത് 'പെൻഗ്വിൻ' പക്ഷികളാണ്. വളരെ കൗതുകകരമായ ആകൃതിയാണ് ഇതിനുള്ളത്. അന്റാർട്ടിക് പ്രദേശത്ത് ഈ പക്ഷികളെ ധാരാളമായി കണ്ടുവരുന്നു. ഈ പക്ഷികൾക്ക് പറക്കുവാൻ സാധിക്കുകയില്ല. ചിറകുകളുടെ സ്ഥാനത്തു തുഴയവയവങ്ങൾ ഉള്ളതു വെള്ളത്തിനടിയിൽക്കൂടി സഞ്ചരിക്കുന്നതിനു അവയെ സഹായിക്കുന്നു. ഈ പക്ഷികൾ വെള്ളത്തിനടിയിൽ മുങ്ങി സഞ്ചരിക്കുന്നു. ഇവ വളരെ കുറച്ചു സമയം മാത്രമേ കരയിൽ ജീവിക്കാറുള്ളു. അധിക സമയവും വെള്ളത്തിനടിയിൽ കഴിച്ചുകൂട്ടുന്നതിനു ഇവയ്ക്കു പ്രയാസമില്ല. 30 അടിവരെ ആഴത്തിൽ മുങ്ങി അവിടെയുള്ള ചെറിയ ജന്തുക്കളെയും പ്രാണികളെയും പിടിച്ചാണ് പെൻഗ്വിൻ പക്ഷികൾ ആഹാരം സമ്പാദിക്കുന്നത്. കടൽക്കാക്ക മുതലായ മറേറനേകം പക്ഷികൾ കടലിനെ ആശ്രയിച്ചു ജീവിക്കുന്നവയായിട്ടുണ്ട്.

സമുദ്രത്തിന്റെ ഏററവും ആഴമാർന്ന സ്ഥലങ്ങളിൽ പോലും പലതരം ജീവികളുണ്ട്. അവിടം അന്ധകാരാവൃതമാണെങ്കിലും പല

ജീവികളും അവിടത്തെ ജീവിതം സുരക്ഷിതമായിക്കരുതുന്നു. ഈ താഴ്ന്ന ഭാഗങ്ങളിൽ ജലമർദ്ദം അതിഭയങ്കരമാണെന്നു മുൻപു പറഞ്ഞിട്ടുണ്ട്. 0°C നു് അടുത്താണ് അവിടത്തെ ഉഷ്മാവ്. ചില സ്വയം പ്രകാശന ശക്തിയുള്ള മത്സ്യങ്ങൾ പുറപ്പെടുവിക്കുന്ന വെളിച്ചം ഒഴിച്ചാൽ ഈ പ്രദേശങ്ങൾ അന്ധകാരപൂർണ്ണമാണ്. ഈ പ്രദേശങ്ങളിൽ സാധാരണ ജലസസ്യങ്ങളൊന്നും കണ്ടുവരുന്നില്ല. സൂര്യപ്രകാശം ലഭിക്കാതിരിക്കുന്നതാണ് ഇതിനു കാരണം. ഈ പ്രദേശത്തുള്ള മത്സ്യങ്ങൾ അന്യോന്യം വേട്ടയാടി ഭക്ഷണം സമ്പാദിക്കുന്നു. ഒരു തരത്തിലുള്ള മത്സ്യത്തിന്റെ ഭക്ഷണം മറ്റൊരുതരത്തിലുള്ള മത്സ്യമായിരിക്കും. ചിലപ്പോൾ മുകൾപ്പരപ്പിലുള്ള വലിയ മത്സ്യങ്ങൾ ചത്തു് കീഴ്ത്തട്ടിലേക്കു താഴുന്നു. അപ്പോൾ അവിടെയുള്ള ചെറിയ മത്സ്യങ്ങൾക്ക് ഒരു വലിയ സദ്യ തന്നെയായായിരിക്കും.

കാഴ്ചയിൽ കൗതുകകരമായ പലതരം പുഴുക്കളും അനേകം ചെറിയ ജന്തുക്കളും ഈ പ്രദേശത്തുണ്ട്. ചില ജന്തുക്കളുടെ ശരീരഭാഗങ്ങൾക്ക് വളരെ നീളമുണ്ട്. ചില ജന്തുക്കൾക്ക് അതിദീർഘമായ സ്പർശനേന്ദ്രിയങ്ങൾ കാണപ്പെടുന്നു. ഈ ജന്തുക്കൾക്ക് കണ്ണില്ല. അവയുടെ ശരീരത്തിലുള്ള നീളമുള്ള സ്പർശനേന്ദ്രിയങ്ങളുടെ സഹായത്താലാണ് അവ ഇരുട്ടിൽ സഞ്ചരിക്കുന്നതും ഇരതേടുന്നതും. ഇങ്ങനെ ഇരുളടഞ്ഞ ഈ പ്രദേശത്തു് ചില ജന്തുക്കളും മത്സ്യങ്ങളും സ്വയം പ്രകാശം പുറപ്പെടുവിക്കുന്നു. മറ്റുള്ള ജന്തുക്കളെ ആകർഷിക്കുന്നതിനാണ് അവ ഇപ്രകാരം ചെയ്യുന്നതു്. ഈ പ്രകാശം ഉപയോഗിച്ചു അവയ്ക്കു് പരിസരപ്രദേശങ്ങളെ കാണുന്നതിനു സാധിക്കും. ഇവ പലവർണ്ണങ്ങളിലുള്ള പ്രകാശം പുറപ്പെടുവിക്കും. ചിലതരം മത്സ്യങ്ങളുടെ ശരീരത്തിലെ ചില പ്രത്യേക ഭാഗങ്ങൾ മാത്രമേ പ്രകാശംപുറപ്പെടുവിക്കുന്നുള്ളു. ഇവ അവിടെയുള്ള കൂരിരുട്ടിൽ നക്ഷത്രങ്ങളെപ്പോലെ ശോഭിക്കും. ഒരുതരം മത്സ്യത്തിന്റെ ശരീരത്തിൽ ഇരുപതിലധികം പ്രകാശ ബിന്ദുക്കൾ ഉണ്ടു്. ഈ മത്സ്യങ്ങൾക്കെല്ലാം തന്നെ യഥേഷ്ടം പ്രകാശം പുറപ്പെടുവിക്കാൻ സാധിക്കും. എൽസ്സ്, റേസ് എന്നീ വർഗ്ഗങ്ങളിൽപ്പെട്ട മത്സ്യങ്ങൾ അവയുടെ ശരീരത്തിൽ വൈദ്യുതി നിർമ്മിക്കുന്നതിനു കഴിവുള്ളവയാണ്. സ്വയം രക്ഷയ്ക്കുവേണ്ടിയാണ് ഇങ്ങനെ വൈദ്യുതി നിർമ്മിക്കുന്നതു്. ശത്രുക്കളുമായി ഏറ്റുമുട്ടുമ്പോൾ ഇവ ആവശ്യാനുസരണം വൈദ്യുതി നിർമ്മിച്ച് ശത്രുക്കളെ വശക്കേടിലാക്കുന്നു. ഈ മത്സ്യങ്ങൾ അവയെക്കാൾ വലിയ മത്സ്യങ്ങളെപ്പോലും ഇങ്ങനെ തോല്പിക്കുവാൻ സാധിക്കും.

കടൽത്തിരത്തോടടുത്തു അനേകം ചെറുമത്സ്യങ്ങളുണ്ട്. കടൽക്കാക്ക മുതലായവപോലും കടലിൽ ജീവിക്കുന്ന ജന്തുക്കളാണ്. ഇങ്ങനെ അസംഖ്യം ജീവികളും ചെടികളും സമുദ്രാന്തർഭാഗത്തുണ്ട്. അനേകം ധീര വ്യക്തികളുടെ പരിശ്രമഫലമായിട്ടാണ് ഇവയെപ്പറ്റിയുള്ള അല്പമായ ജ്ഞാനമെങ്കിലും സമ്പാദിക്കാൻ ആധുനിക മനുഷ്യൻ സാധിച്ചതു്. ആധുനിക ശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങളായ നിമജ്ജനയന്ത്രങ്ങൾ ഇതിനു വളരെ സഹായിച്ചിട്ടുണ്ട്. ഇങ്ങനെ അത്ഭുതകരമായ പല കാര്യങ്ങളും സമുദ്രത്തിലും അതിന്റെ അന്തർഭാഗത്തുമുണ്ട്. കണ്ടുപിടിക്കപ്പെടാത്ത അനേകായിരം ജീവികൾ സമുദ്രാന്തർഭാഗത്തു ജീവിക്കുന്നുണ്ടാവാം. ശാസ്ത്രം പുരോഗമിക്കുമ്പോൾ അവയെപ്പറ്റി കൂടുതൽ അറിവു നമുക്കു ലഭ്യമാകും.

ഇങ്ങനെ സമുദ്രം ഭൂഗോളത്തിന്റെ നാലിൽ മൂന്നു ഭാഗം മൂടിക്കിടക്കുന്നു എങ്കിലും മനുഷ്യനെ അവന്റെ ആഹാര സമ്പാദനത്തിൽ വളരെ കുറച്ചു മാത്രമേ അതു സഹായിക്കുന്നുള്ളു. മത്സ്യം മാത്രമാണ് സമുദ്രം നമുക്കു തരുന്ന ആഹാരത്തിൽ പ്രാധാന്യമർഹിക്കുന്നതു്. കൂടാതെ സമുദ്രജലം വറ്റിച്ച് ഉപ്പു നിർമ്മിക്കുന്നു. ഇതും നമ്മുടെ ആഹാരത്തിലെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. മത്സ്യം പിടിക്കുന്നതിനായിട്ടാണ മനുഷ്യർ ആദ്യം കടലിൽ പോയിരുന്നതു്. അവരുടെ ഈ യാത്രയിൽ അവർ പുതിയ പല ദ്വീപുകളും കണ്ടുപിടിച്ചു. ക്രമേണ ഇതു അമേരിക്ക മുതലായ ഭൂഖണ്ഡങ്ങളുടെ കണ്ടുപിടുത്തത്തിനു സഹായകമായിത്തീർന്നു. സമുദ്രം ഇന്നും ഒരു അത്ഭുതമായിത്തന്നെ അവശേഷിക്കുന്നു. അതിനെപ്പറ്റി ഭാവിയിൽ കൂടുതൽ കൂടുതൽ അറിയുവാൻ സാധിക്കുമെന്നു നമുക്കു പ്രത്യാശിക്കാം.

# മഹാനായ കവിയുടെ മഹത്തമമായ കൃതി

(പി. സി. കെ. ക്ലാസ്സ് നാലു്)

'പുഷ്പവികസിതവും തരുണവുമായ പുഷ്പം പരിണതമായ ഫലം, സസ്യശ്യാമളയായ മേദിനി, നിരതിശയാനന്ദപ്രദമായ ദേവലോകം, ഇവ ഒരേ സമാനത്തു്—ഏകത്ര—ആരെങ്കിലും കാണാനാഗ്രഹിക്കുന്നെങ്കിൽ ശാകുന്തളത്തിൽ ചെല്ലുക; വായിക്കുക; അതിൽക്കാണാം' മഹാനായ ഒരു ഭാരതീയ മഹാകവിയുടെ മഹത്തമമായ കൃതിയെപ്പററി പാശ്ചാത്യസാഹിത്യകാരനായ ഗേഥേയുടെ അഭിപ്രായമാണിതു്. അതിശയോക്തി അല്പം പോലുമില്ലാത്ത ഒരഭിപ്രായമാണിതെന്നു പറയുന്നതു ആശ്ചര്യജനകമാണെങ്കിലും വാസ്തവവും മറെറാന്നല്ല. അതിൻെറ അനിർവചനീയമായ മാധുര്യവും ആസ്വാദ്യതയും മനോഹാരിതയും സർവ്വോപരി അതിൻെറ മഹത്വവും മററു കൃതികളിൽ കാണുകയില്ല തന്നെ. എത്രയെത്ര വർഷങ്ങൾ പിന്നിട്ടു, അതിൻെറ ജനനത്തിനു ശേഷം! ഇന്നുവരെ അതിൽ ഒരൊററ കുററമോ കുറവോ കണ്ടെത്താൻ ആർക്കും സാധിച്ചിട്ടില്ല. മറിച്ചു് ആ മുന്തിരിച്ചഷകം മോന്തിക്കുടിക്കുവാൻ ആസ്വാദകർ അഹമഹമികയാ വന്നണയുകയാണു് ചെയ്യുന്നതു്. എന്നിട്ടും അതിൻെറ മാധുര്യം മുൻപടി നിലകൊള്ളുകയും ചെയ്യുന്നു. അഥവാ സമുദ്രത്തിലെ വെള്ളം എത്ര കോരിയെടുത്താലും അതിനൊരു കോട്ടമുണ്ടാകുമോ?

പുരാതന ഭാരതീയരുടെ പ്രകൃതിസിദ്ധാന്തവും ആദർശങ്ങളും ശാകുന്തളത്തിലുള്ളതുപോലെ മറെറാരു കൃതിയിലും പ്രതിഫലിച്ചിട്ടില്ലെന്നു പറയാം. അവരുടെ ദൃഷ്ടിയിൽ മനുഷ്യർക്കെന്നപോലെതന്നെ മൃഗങ്ങൾക്കും ചെടികൾക്കും വൃക്ഷങ്ങൾക്കുമെല്ലാം സ്നേഹനിർഭരമായ ഒരു ഹൃദയം ഉണ്ടായിരുന്നു. പ്രകൃതിതന്നെ അവർക്കൊരമ്മയായിരുന്നു; പ്രകൃതിശക്തികൾ അവരുടെ ആരാധ്യദേവതകളും. ആ മഹനീയ ഭാവനയിൽ ചരാചരങ്ങളെല്ലാം അന്യോന്യം സഹോദരങ്ങളാണു്. മനുഷ്യനെന്നോ മൃഗമെന്നോ മററു ജീവികളെന്നോ ഉള്ള വ്യത്യാസമെന്യേ അവരെവരും അന്യോന്യം സഹകരിച്ചും സ്നേഹിച്ചുമാണു് ഓരോ നിമിഷവും പിന്നിടുന്നതു്. ചുരുക്കിപ്പറഞ്ഞാൽ പ്രകൃതി അവരുടെ അച്ഛനും അമ്മയും ദൈവവും സഹോദരിയും എല്ലാമായിരുന്നു. ശാകുന്തളത്തെക്കുറിച്ചു പറയുകയാണെങ്കിൽ ഒരു മാലയിൽ നൂലെന്നപോലെ ഈ ആദർശം അങ്ങോളം അതിൽ കോർത്തിണക്കിയിരിക്കുന്നതായിക്കാണാം. ചേതനാചേതനങ്ങളായ ചരാചരങ്ങളോടു ഇത്തരമൊരാത്മീയഭാവം പ്രകൃതിയും മനുഷ്യനും ഹൃദയം തുറന്നു ഒന്നായിത്തീരുന്ന ഒരപൂർവ്വദർശനം—മറെറങ്ങും കാണുകയില്ല. ശകുന്തള, ദുഷ്ഷന്തൻ, കണ്വൻ, സഖിമാർ തുടങ്ങിയവരെപ്പോലെ പ്രകൃതിയും ആ നാടകത്തിലെ ഒരു കഥാപാത്രം തന്നെ. മൂകമാണു് അതിൻെറ നാവുകളെങ്കിലും വാചാലങ്ങളാണവ. അദൃശ്യമാണു് അതിൻെറ കണ്ണുകളെങ്കിലും അനിമേഷങ്ങളാണവ; വനജ്യോത്സ്ന, ശകുന്തളയുടെ 'ലതാഭഗിനി'യാണു പോൽ! വൃക്ഷങ്ങൾക്കു വെള്ളം കൊടുക്കാതെ അവൾ ജലപാനം ചെയ്യുകയില്ല. അവ പൂവിടുന്ന ദിവസം അവൾക്കുത്സവമാണു്. ഒരു രാജാവിൻെറ പട്ടമഹിഷിക്കു യോജിച്ച ആഭരണങ്ങൾ അവൾക്കു നല്കുവാൻ ആ തപോവന വൃക്ഷങ്ങൾക്കു കഴിഞ്ഞു. അവളുടെ യാത്രാസമയത്തു സങ്കടം സഹിക്കുവയ്യാതെ ആശ്രമം മുഴുവൻ കരഞ്ഞുപോയി. മാനുകൾ പുൽത്തുപ്പി, മയിലുകൾ ആട്ടം മതിയാക്കി, വെള്ളിലകൾ വിളറിക്കൊഴിഞ്ഞുപോയി. ഗർഭിണിയായ ഒരു മാൻപേടയാണു ഗർഭിണിയായ ശകുന്തളയെ അനുയാത്ര ചെയ്തതു്. കാനനവൃക്ഷങ്ങളോടു ശകുന്തളയ്ക്കു വിടനല്കുവാൻ കണ്വൻ ആജ്ഞാപിച്ചപ്പോൾ അവ കുയിലൊച്ചയാൽ അനുസരിച്ചു. മരീചാശ്രമത്തിലെ ബാലൻ സിംഹക്കുട്ടിയുമായി കളിക്കുകയാണത്രേ! 'പ്രകൃതിയെ സജീവമാക്കി യഥാസന്ദർഭം സംസാരിപ്പിക്കാം; രൂപകാദികൾ രചിക്കാം; എന്നാൽ അതിനെ അതിൻെറ രൂപത്തിൽവച്ചുകൊണ്ടു സചേതനവും വ്യാപകവും പ്രത്യക്ഷവും അന്തരംഗവുമാക്കി പ്രവൃത്തിനിവൃത്തികളിൽ പങ്കെടുക്കുന്ന ശക്തി കൊടുക്കുക എന്ന കലാകൗശലം അത്യന്തം അപൂർവ്വം തന്നെ, ആ വിശി

ഷ്ഠതയാണ് ശാകുന്തളത്തിൽ ഉടനീളം കാണുന്നത്" എന്നു ടാഗോർ പറയുന്നതു പ്രത്യക്ഷരം പരമാർത്ഥമാണ്.

നാടകാരംഭത്തിൽത്തന്നെ ദുഷ്ഷന്തനോടൊപ്പം നാമും കണ്വാശ്രമത്തിൽ എത്തിച്ചേരുന്നു. അവിടത്തെ വരിനെല്ലു വീണു കിടക്കുന്ന തത്തപ്പൊത്തുകളും ഓടൽക്കുരു ചതച്ചു മെഴുക്കിളകിക്കിടക്കുന്ന പാറകളും മരവുരിയിൽനിന്നു ജലത്തുള്ളികൾ ഇററിററു വീണിരിക്കുന്ന വഴികളും നാം കാണുന്നു. എന്നാൽ അതിനേക്കാളൊക്കെ വിശിഷ്ടമായി നാം ദർശിക്കുന്നതു 'അഹോ മധുരമാസാം ദർശനം' എന്നു ദുഷ്ഷന്തനെക്കൊണ്ടു പറയിക്കുന്ന ആ മൂന്നു താപസകുമാരികളാണ്. കൈയ്യിൽ നിറകുടവുമായി വൃക്ഷലതാദികളെ നനയ്ക്കുവാൻ നിൽക്കുന്ന ആ യുവതികളുടെ ദർശനം എത്രരോമാഞ്ചകാരിയാണ്! നാടകാരംഭത്തിൽ പുഷ്പകുംഭങ്ങളേന്തി ആ മംഗളസ്വരൂപിണികൾ പ്രത്യക്ഷപ്പെടുന്നത് തന്നെ പറയുന്നില്ലേ, ഈ കഥ മംഗളാന്ത്യമാണെന്ന്.

ദുഷ്ഷന്തൻ അവരെക്കണ്ടു. ശകുന്തളയെ തിരിച്ചറിഞ്ഞു. സന്ദർഭമുണ്ടായപ്പോൾ നേരെ ചെല്ലുകയും ചെയ്തു. ഒരു വണ്ടാണത്രെ അതിനു കാരണം. പക്ഷേ ആ വണ്ടിനു കഥയിൽ അത്രമാത്രമല്ല പ്രാധാന്യമുള്ളത്. നായികാനായകന്മാരുടെ ജീവിതത്തെ മുഴുവൻ അതു ബാധിക്കുന്നുണ്ട്. വണ്ടിന്റെ ചപലസ്വഭാവമനുകരിച്ചപ്പോഴാണ് അവർക്ക് ജീവിതം ദുരിതമായിത്തീർന്നത്. നേരെ മറിച്ചു അതിന്റെ നല്ല വശങ്ങളിൽ ശ്രദ്ധ വച്ചപ്പോഴാകട്ടെ മാധുര്യം നിറഞ്ഞതായിട്ടു മാറി ആ ദുരിത വശങ്ങൾ.

ശകുന്തളയുടെ വിവരമെല്ലാം രാജാവിനു മനസ്സിലായി. അവളുടെ ചേഷ്ടകളിൽ നിന്നു ചിലതെല്ലാം ഊഹിക്കുകയും ചെയ്തു. പക്ഷേ അപ്പോഴേക്കും ആ രംഗത്തിനൊരു വിരാമമിട്ടുകൊണ്ടു ഒരു കാട്ടാന പാഞ്ഞു വന്നു. രാജാവിന്റെ കർത്തവ്യമാണല്ലോ ആശ്രമരക്ഷ. അതിലേയ്ക്കദ്ദേഹം ഒരുങ്ങുകയാണ്. 'തപോവിഘ്നം മൂർത്തീകരിച്ചതുപോലെ'യുള്ള ആ മത്തഗജത്തിന്റെ വരവു നായികാനായകന്മാരുടെ സമാഗമത്തിനു മുമ്പിൽ ഒരു വിഘ്നമായിത്തീർന്ന ദുർവ്വാസ ശാപത്തെ മുൻകൂട്ടി കാണിക്കുന്നില്ലെന്നു ആർക്കു പറയാൻ സാധിക്കും! ഏതായാലും അന്നത്തെ 'സമ്മേളനം' കഴിഞ്ഞു. പ്രണിതഹൃദയരായ ശകുന്തളാ ദുഷ്ഷന്തന്മാർ അവരവരുടെ വസതികളിലേക്കും പോയി.

പിന്നത്തെ കാര്യമെല്ലാം വേഗത്തിൽ നടന്നു. വിദൂഷകനെ കൊട്ടാരത്തിലേക്കു പറഞ്ഞയയ്ക്കുന്നതും രാജാവു ശകുന്തളയെ അസ്വസ്ഥയായി കാണുന്നതും, കാമപീഡയാലാണോ എന്നു സംശയമുദിക്കുന്നതും ദൃഢപ്പെട്ടപ്പോൾ പ്രത്യക്ഷദർശനം നല്കുന്നതും എല്ലാം ഒന്നൊന്നായി വെള്ളിത്തിരയിലൂടെയെന്നപോലെ നീങ്ങിക്കൊണ്ടിരിക്കുയാണ്. വിരഹിണിയായി ചിത്രത്തിലെഴുതിയപോലെ ഇരിക്കുന്ന ശകുന്തളയുടെമേൽ ദുർവാസാവിന്റെ ശാപായുധം പതിച്ചു. പ്രിയംവദയുടെ മധുരഭാഷണം അതിന്റെ തൈക്ഷ്ണ്യത്തെ അല്പമൊന്നു കുറയ്ക്കുവാൻ ഉപയുക്തമായി.

ആ സഖികൾ എത്തൊരു അപൂർവ്വസൃഷ്ടികളാണ്! പേരിന്റെ അന്വർത്ഥത അവരുടെ വാക്കിലും പ്രവൃത്തിയിലും അനുഭവപ്പെടുന്നു. ശകുന്തളയുടെ കാര്യമല്ലാതെ അവർക്കു സ്വന്തമായി ഒന്നുംതന്നെ ഇല്ലെന്നു തോന്നും. സഖീസ്നേഹത്തിന്റെ പാരമ്യമാണ് ആ മൂവരിലും പ്രതിഫലിക്കുന്നതു. അവർക്കു ഒരുനിമിഷംപോലും വേർപെട്ടിരിക്കാൻ പാടില്ല. ഒരുത്തനെയെന്നു സ്മരിക്കാൻപോലും അവർക്കു വയ്യ. 'നിഷ്കപടം, നിസ്വാർത്ഥം, നിസർഗ്ഗസുന്ദരം, നിത്യമധുരം—ഇതായിരുന്നു ആ സഖീത്രയത്തിന്റെ സൌഹാർദ്ദബന്ധം' എന്നൊരു ലേഖകൻ പറയുന്നതെത്ര വാസ്തവം!

ആ സ്നേഹബന്ധത്തിനും വന്നു ഒരറുതി. ശകുന്തള രാജധാനിയിലേക്കു പോകയാണത്രെ. വേർപാടു സമയത്തു സംയമിയായ കണ്വനുപോലും ഗദ്ഗദംകൊണ്ടു തൊണ്ടയിടറിപ്പോയി. പുറവും ഒരു മൂടൽവന്നു പരന്നു. തത്വജ്ഞാനവും താപസസിദ്ധിയുമെല്ലാം ആ സ്നേഹാധിക്യത്തിനു മുമ്പിൽ മിന്നാമിനുങ്ങുകൾ ദീപത്തിനു മുന്നിലെന്നപോലെ നിഷ്പ്രഭങ്ങളായി. സഖികളും കണ്വനും മാത്രമല്ല, ആശ്രമം പോലും പൊട്ടിക്കരഞ്ഞുപോയി, ആ സഹോദരിയുടെ വേർപാടിൽ. കണ്വന്റെ ഉപദേശ

ങ്ങളും ഗംഭീരഭാവവും, സ്നേഹത്തിന്റെ വിവിധ പ്രകാശനങ്ങളും ആ ശ്ലോകചതുഷ്ടയങ്ങളുമെല്ലാം നാലാമങ്കത്തിന്റെ പ്രത്യേകതകളാണ്.

ശകുന്തള തപോവനം വിട്ടു. അവളെപ്പോലെ നമ്മും കണ്വാശ്രമത്തിലേയ്ക്കിനി മടങ്ങിവരില്ല. ഒരു പുതിയ ലോകത്തിലേയ്ക്കാണ് നാം പ്രവേശിക്കുവാൻ പോകുന്നതു്. പക്ഷേ അവിടെ ചെന്നപ്പോൾ കൂടെയുള്ള തപസ്വിമാർക്കൊരു ശ്വാസംമുട്ടൽ. തീ പിടിച്ച ഒരു പുരപോലെയാണത്രെ രാജധാനി അവരുടെ ദൃഷ്ടിയിൽ. വിശാലപ്രേമഭാസുരമായ ആശ്രമജീവിതവും വിഷയബദ്ധമായ നാഗരികജീവിതവും തമ്മിൽ എന്തൊരന്തരം! അവർക്കൊട്ടുംതന്നെ പിടിച്ചില്ല ആ സ്ഥലം. ഇതിനൊക്കെ അനുഗുണമായിത്തന്നെ കാര്യം കലാശിക്കുകയും ചെയ്തു. ശകുന്തളയെ രാജാവുപേക്ഷിച്ചു. അവളെ അറിയുകപോലുമില്ലെന്നായി അദ്ദേഹം. ശാപത്തിന്റെ ശക്തി! ശകുന്തള ഏകയായി. അവൾ നീറിപ്പിടയുന്ന നിരാശയുടെയും ദുസ്സഹമായ സങ്കടത്തിന്റെയും അറ്റത്തെത്തിയപ്പോഴാണ് മുകളിൽനിന്നുള്ള മേനകയുടെ വരവ്.

ശകുന്തളയെ തിരികെ കണ്വാശ്രമത്തിലേക്കു കൊണ്ടുപോയില്ല എന്ന ഒരൊററ സംഗതി മതി കാളിദാസന്റെ ഔചിത്യത്തിനു ദൃഷ്ടാന്തമായി. അവൾ തിരികെ ആശ്രമത്തിലെത്തേണ്ടതെപ്പോഴാണെന്നു കണ്വൻ അവളോടു പറഞ്ഞിട്ടുണ്ട്. വാനപ്രസ്ഥാശ്രമത്തിനുമുമ്പു അവൾക്കു തിരികെ അവിടെ ചെല്ലാൻ അവകാശമില്ല. ശാന്തമായ മരീചാശ്രമത്തിൽ അവളൊരു തപസ്വിനിയായി കഴിഞ്ഞുകൂടുന്നു.

മോതിരം കിട്ടിയതോടുകൂടിയാണ് രാജാവിന്റെ മനഃപരിവർത്തനം ആരംഭിക്കുന്നതു്. ശാപശക്തി നീങ്ങി. അധർമ്മഭീരുവായ രാജാവിന്റെ ഹൃദയത്തിൽ കോളിളക്കങ്ങളാരംഭിച്ചു. ആദ്യം അന്നത്തെ പതിവനുസരിച്ചു ഗാന്ധർവ്വവിവാഹം നടത്തിയതു് കേവലം ബാഹ്യമായ ആകർഷണശക്തികൊണ്ടുമാത്രമാണ്. പക്ഷേ ഇപ്പോൾ കഥയും മാറി. ആ ഹൃദയം പശ്ചാത്താപവഹ്നിയിൽ ഉരുകിത്തിളച്ചു് മറെറാരു ലോഹക്കൂട്ടുരൂപമെടുത്തു. പരിശുദ്ധപ്രേമത്തിന്റെ വൈശിഷ്ട്യവും തിളക്കവും ദുഷ്ഷന്തനിലൊരു പരിവർത്തനം വരുത്തി. സ്വർഗ്ഗയാത്രയും മാരീചാശ്രമസന്ദർശനവും അദ്ദേഹത്തിന്റെ കളഞ്ഞുപോയ സമ്പത്തു തിരിച്ചുകൊടുക്കുകയും ചെയ്തു.

ഒന്നു നിശ്ചയമാണ്. അന്നു ശകുന്തളാപരിത്യാഗം നടന്നിരുന്നില്ലെങ്കിൽ ശകുന്തള രാജാവിന്റെ അന്തഃപുരത്തിൽ ഹംസപദികയോ വസുമതിയോ പോലെ ഒരു സാധാരണ പത്നിമാത്രമായിത്തീർന്നേനേ. പ്രേമം കാമത്തിൽനിന്നു വിഭിന്നമായ ഒരു ഉൽകൃഷ്ടാവസ്ഥയാണെന്നു രാജാവു പഠിച്ചതും മറെറാന്നിൽ നിന്നല്ല. ദുഷ്ഷന്തന്റെ മാനസാന്തരത്തിൽകൂടി കാളിദാസൻ ലോകത്തെ പഠിപ്പിക്കുന്ന ഉൽകൃഷ്ടാദർശവും ഈ സംഭവത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു.

ശാകുന്തളം ഒരു സമുദ്രമാണ്. അതിന്റെ അലയൊലികൾ കാലദേശാദികളെ അതിജീവിച്ചുകൊണ്ടു എന്നെന്നും മുഴങ്ങിക്കേൾക്കുന്നു. അതു മധു നിറച്ച ഒരു രത്നചഷകമാണ്. അതിന്റെ മാധുര്യവും മഹത്വവും മറെറാന്നിലും തന്നെ ദൃശ്യമല്ല. അതു മഹാനായ ഒരു കവിയുടെ മഹത്തമമായ കൃതിയുമാണ്.

## “നിങ്ങ എന്നെയങ്ങ് കൊന്നോളി”

എസ്. ഗോപാലകൃഷ്ണൻ Cl. IV.

എഴുത്തും വായനയും പഠിച്ചിട്ടുള്ളവരും വെള്ളിയാഴ്ച തോറും പള്ളിയിൽ പോകുന്നവരുമായ എല്ലാ ‘നല്ല മനിസരും’ താച്ചുമ്മായുടെ അഭിപ്രായം ശരിവച്ചു. പക്ഷേ സമുദായം പലപ്പോഴും ഹൃദയത്തെ അവഗണിക്കാറുണ്ടു. അല്ലെങ്കിൽ

ആമിനായും അബ്ദുവുമായുള്ള ബന്ധത്തിൽ കുഴപ്പമൊന്നുമില്ലെന്നറിഞ്ഞുകൂടാഞ്ഞിട്ടല്ല, വെററിലക്കാരൻ കൊച്ചുമക്കാരും കൈക്കാരനമ്മതും "ഹാറാം പെറപ്പ്കള് എല്ലാററിനേം അറിഞ്ഞുകള്" എന്നു പറഞ്ഞത്. മുറിഞ്ഞുപിടയുന്ന കരളിനെ കൂടുതൽ വേദനിപ്പിക്കുക ചിലർക്കൊരു രസമാണ്. അതായിരിക്കാം മമ്മതുകുട്ടിയും കോളേജിൽ പോകാൻ നേരത്ത് "ഇനി അബ്ദൂനും സൊകായല്ലോ" എന്നു പറഞ്ഞത്. മമ്മതുകുട്ടിയതു പറഞ്ഞുകൂടാത്തതായിരുന്നു. കാരണം മമ്മതുകുട്ടിയും അബ്ദുവും അത്ര ചങ്ങാതിമാരായിരുന്നു എന്നതു തന്നെ. അതോർത്തപ്പോൾ അബ്ദു ഒന്നു ഞെട്ടി. പടിക്കലെ പന്തലിച്ച മാവിൻചുവട്ടിൽ മണ്ണുവാരിക്കളിക്കാൻ പോയപ്പോൾ മുതലേ അവർ പരിചയപ്പെട്ടതാണ്. ചുള്ളിക്കമ്പുകൊണ്ടു വീടുകെട്ടി മണ്ണുകൊണ്ടു ചോറുണ്ടാക്കി അച്ഛനുമമ്മയും കളിക്കാറുള്ളതും. അമ്മയാകാൻ ആമിനായും സൈനബായും ലഹള കൂട്ടാറുള്ളതുമെല്ലാം ഇപ്പോഴുമയാൾക്കോർമ്മയുണ്ട്. സൈനബായാണ് ആ വാദത്തിൽ സാധാരണ തോൽക്കാറുള്ളത്. കരഞ്ഞു കലങ്ങിയ കണ്ണുമായവൾ നിൽക്കുമ്പോൾ അബ്ദു പറയും

"പെണ്ണേ ഇനി രാജാവും കള്ളനും കളിക്കാ"

അവളുടെ മുഖം വാടും. "ഞാൻ രാജ്ഞി ആരാ രാജാവ്" അവൾ അന്വേഷിക്കും.

"മമ്മതുകുട്ടി" അബ്ദു തന്റെ മഹാമനസ്കത കാണിക്കും.

"വേണ്ട നീയായിക്കോ" മമ്മതുകുട്ടി നിഷേധിക്കും. അതു കേൾക്കുമ്പോൾ സൈനബായുടെ മുഖം വാടും. അവൾ രാജ്ഞിയായാൽ രാജാവാകാൻ ആളില്ല. ആമിനയായിരുന്നെങ്കിൽ രണ്ടുപേരും രാജാവാകാൻ ലഹളകൂട്ടുമായിരുന്നു. അവിടെ അവളുടെ സ്ത്രീത്വം ചോദ്യം ചെയ്യപ്പെടുകയാണ്. ഒരു പെണ്ണ് അതു സഹിക്കുമോ? "ഞാം പോണ്" അതിൽ കൂടുതലായൊന്നും അവൾക്കു പറഞ്ഞുകൂടാ. ഒന്നുമില്ലെങ്കിലും ആമിനായെയല്ലേ ഉമ്മാ ആദ്യം പെറ്റത്. നനഞ്ഞ കൺപീലികളോടെ അവൾ നടക്കും.

അങ്ങനെ എത്രയോ ദിവസങ്ങൾ! ഇന്നതെല്ലാമോർക്കുമ്പോൾ അബ്ദുവിനു ഇടനെഞ്ച് തകരുകയാണ്. പള്ളിക്കൂടത്തിൽ പോകാൻ യാത്രയായി നിൽക്കുമ്പോൾ താച്ചുമ്മ പറയും. "അബ്ദു നീയ് സൈനബാനെ നോക്കിക്കോളണേ" പക്ഷേ അതുണ്ടാവില്ല. ആമിനാ മുമ്പിൽ കേറി നടക്കും. മമ്മതുടൻ അവളോടൊപ്പം എത്തിനടക്കും. പിന്നെ അബ്ദുവും നിൽക്കയില്ല. ഇരുവശത്ത് അവരോടൊപ്പം അവനും കേറി നടക്കും. സൈനബ മാത്രം പിന്നിൽ. താനൊരു രാജ്ഞിയാണെന്ന ഭാവത്തിലാണപ്പോൾ ആമിനായുടെ പോക്ക്. തന്റെ രണ്ടുവശത്തു നടക്കുന്നവരോട് അവൾ വെറുതെ കല്പിക്കും. "ചെറുക്കാ അങ്ങട്ട് നീങ്ങിനട, മേത്തു മുട്ടാതെ." അവർ അകന്നു നടക്കും. കാലിൽ മുള്ളു തറയ്ക്കുമ്പോൾ അബ്ദു വിളിച്ചു പറയും "അള്ളോ എന്റെ കാല്" മമ്മതാണെങ്കിൽ നിശ്ശബ്ദം കാലിൽ നിന്നും അതെടുത്തുകളയും. ആരായാലും ആമിനാ പറയും "ഇരിക്കട്ടിരിക്കട്ട്. കാലുമ്മതന്നെ ഇരിക്കട്ട്. അതേ, ഒരൊറപ്പാ" അതോർക്കുമ്പോൾ അബ്ദു തളർന്നുപോകും. അതേ, അതു തന്നെയാണ് സംഭവിച്ചത്. തന്റെ ഹൃദയത്തിലീമുള്ളു കയററിയതാമിനായാണ്. മമ്മതിന്റെ കരളിലും അതേ....ഹും എന്നിട്ടതവിടെത്തന്നെ ഇരി

ച്ചേട്ടന്......ഓ അവളുടെയാ കൊല്ലുന്നചിരി.

മമ്മതുകുട്ടി അബ്ദുവിന്റെ 'എളേപ്പാടെ പുന്നാരമോനാണ്.' ഒരേ ഒരു മോൻ. അബ്ദുവാകട്ടെ ഏഴ് പെണ്ണുങ്ങൾക്കിടയിൽ ഒരേ ഒരു ആൺകുട്ടിയാണ്. അവനെപ്പറ്റി അനേകം സ്വപ്നങ്ങളുണ്ടാ കുടുംബത്തിന്. കഴിവുണ്ടായിട്ടല്ല പള്ളിക്കൂടത്തിൽ വിട്ടത്; കൊതികൊണ്ടു മാത്രമാണ്. 'പത്താം തരം, പാസാവുന്നതിനു മുമ്പു നിറുത്തുകയും ചെയ്തു. ആമിനായും അക്കൊല്ലം തന്നെ പഠിത്തം നിറുത്തി. പണമില്ലാഞ്ഞിട്ടല്ല, അത്രയും പഠിച്ചാൽ മതിയെന്നായിരുന്നു താച്ചുമ്മായുടെ അഭിപ്രായം. "മൊയ്‌ല്യാരുടെ മോള് നെബീസാക്ക് ഇത്രേം പടിത്തം ഇല്ല," എന്നവർ അഭിമാനിച്ചു. സൈനാബായുടെ പഠിത്തം നേരത്തെതന്നെ നിറുത്തിയിരുന്നു. "അബളൊരു മന്തിയാ" അതാണ് താച്ചുമ്മാ അതിനു കാരണം പറഞ്ഞത്. അതാമിനായും രസിച്ചു. "തന്നെ തന്നെ" അവൾ തല കുലുക്കി സമ്മതിച്ചു. പാവം സൈനബാ കരഞ്ഞു പോയി.

താച്ചുമ്മായുടെ പാടം പല തവണ കൊയ്തു കയറി. അതിനിടയ്ക്ക് പലതും സംഭവിച്ചു. ആമിനായെയും സൈനബായെയും താച്ചുമ്മായുടെ പക്കലേല്പിച്ചിട്ട് അവരുടെ ബാപ്പാ മരിച്ചു. മമ്മതുകുട്ടി 'ഇന്റർമീഡിയറ്റ്' പാസ്സായി. അബ്ദുവിനു മാത്രം ഒരു വ്യത്യാസവും ഉണ്ടാകയില്ല. അയാൾ എന്നും ആമിനായുടെ വീട്ടിൽ പോകാറുണ്ട്. "ബെരെത്ര സൊറുമലാ കയിയുന്നേ" എന്നു താച്ചുമ്മ സമാശ്വസിച്ചു. അബ്ദുവിനെ അവക്ക് വിശ്വാസമാണ്. പക്ഷേ ആ വിവാഹമനുവദിക്കുക സാദ്ധ്യമല്ല. അതവർ നിശ്ചയിച്ചു കഴിഞ്ഞിട്ടുണ്ട്. "മനിസേര കേട്ടാ എന്നാ പറേം" അതുംകൂടെ അവർ ആലോചിച്ചുനോക്കുമോ......... ?

ആമിനായ്ക്കൊരു കല്യാണാലോചന വന്നു. മജീദിനെ താച്ചുമ്മായ്ക്കും പിടിച്ചു. അന്നൊരു ദിവസം അബ്ദു ആമിനായോടു ചോദിച്ചു. "നെനക്കും അതിഷ്ടം......അല്ലേ . ......?"

'ന്നെ' അങ്ങ് കൊന്നാളി" അവളുടെ സ്വരം ഇടറുന്നുണ്ടായിരുന്നു. "കണ്ണിലെച്ചോരെല്ലാത്ത വർഗ്ഗം" അതു കേട്ടിട്ട് അബ്ദു ഒന്നും പറഞ്ഞില്ല. രണ്ടു ദിവസം കഴിഞ്ഞ് മമ്മതും ചോദിച്ചു: അതേ ചോദ്യം തന്നെ. ഉത്തരവും അതു തന്നെയായിരുന്നു. സൈനബായ്ക്കതേപ്പറ്റി അഭിപ്രായമൊന്നും ഉണ്ടായില്ല.

ആമിനായുടെ ജീവിതം ഒരു പരീക്ഷണഘട്ടത്തിലേയ്ക്കു കടക്കുകയാണ്. ദിവസം ചെല്ലുന്തോറും അവൾ വിളറി വന്നു. അവൾ എന്തു ചെയ്യണം? അവൾക്കബ്ദുവിനെ ഇഷ്ടമാണ്. മമ്മതിനേയും അവൾക്ക മറക്കാൻ വയ്യാ. അറിവായ നാൾ മുതൽ അവർ ഒന്നിച്ചു ജീവിച്ചവരാണ്. ഓ......അതു വേണ്ടായിരുന്നു.........

മമ്മതു മിക്ക സമയവും കുത്തുവാക്കു പറഞ്ഞവളെ വേദനിപ്പിക്കാറുണ്ട്. അവളുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യും. കുറെയൊക്കെ അവൾ സഹിക്കും. അവസാനം "നിങ്ങ എന്നെയങ്ങ് കൊന്നാളി" എന്നു പറഞ്ഞു മുഖം തിരിക്കും. ആ നീണ്ടുനേർത്ത കരിമിഴികളിൽ നിന്ന് കണ്ണുനീർത്തുള്ളികളിറ്റി വീഴും.

"ആമിനാ" അവൻ വേദനയോടെ വിളിക്കും. നനഞ്ഞ കൺപീലികൾ പൊക്കി അവൾ അവനെ നോക്കും.

ഒരു ദിവസം മമ്മത് ആമിനായോടു പറഞ്ഞു. "ഞാം പോണ് .. ..മദിരാ

ശിട്ടു്. അവിടൊരു ജോലിതരപ്പെട്ടിട്ടൊണ്ടു". അവൾ ഒന്നും മിണ്ടിയില്ല, ഒന്നും ഇല്ലാഞ്ഞിട്ടല്ല, വളരെയധികം പറയുവാനുള്ളതുകൊണ്ടു്. മമ്മത് അവളുടെ കൈ പിടിച്ചുകൊണ്ടു പറഞ്ഞു "ഇന്നു തന്നെ പോണു, ഞാം പോയാ നിയെന്നെയൊക്കെ നെനെയ്ക്കുമ്പാ........."
"നിങ്ങളെന്നെ യങ്ങ് കൊണ്ടുന്നാളി" എന്ന് അവൾ പറഞ്ഞില്ല. മമ്മത് അതു പ്രതീക്ഷിച്ചുകൊണ്ടാണോ ചോദിച്ചതു്. അയാൾ തിരിഞ്ഞു നടന്നു.

മമ്മത് പോകാൻ നേരത്തു അബ്ദുവിനോടു മിണ്ടുകകൂടി ചെയ്തില്ല. അയാൾകൂടി കേൾക്കത്തക്കവണ്ണം ഇത്രയും പറഞ്ഞു "അബ്ദൂനും ഇനി സൊകായല്ലോ." അബ്ദുവുമതു് കേൾക്കാതിരുന്നില്ല, കേട്ടഭാവം നടിച്ചില്ലെന്നു മാത്രം.

മജീദിന്റെ ആലോചന മുറുകി വന്നു. ആമിന ഒന്നും എതിർത്തു പറഞ്ഞില്ല. അവളോടാരും അഭിപ്രായവും ചോദിച്ചില്ല. പക്ഷേ താച്ചുമ്മായ്ക്കറിയാം അവൾക്കതിഷ്ടമില്ലെന്നു്. ഒരു ദിവസം അവർ ആമിനായോടു പറഞ്ഞു "അവൻ നെന്നെ കരളുപോലെ നോക്കിക്കൊള്ളും. മററു പടച്ചവനു നെരക്കാത്തതാ മോളെ' അതു കേട്ടുകൊണ്ടാണു അബ്ദു കടന്നുവന്നതു്. താച്ചുമ്മാ ഉടനെ അവിടെ നിന്നും പോയി. അബ്ദു അവളുടെ മിഴിയിലേക്കു നോക്കി. അവൾ അങ്ങു വിദൂരതയിലേക്കും.

ഒരു വേദനിക്കുന്ന മൂകത ആ വീട്ടിൽ തങ്ങിനിന്നു. രണ്ടു ദിവസത്തേക്കു അബ്ദു അവിടെ വന്നില്ല. മൂന്നാം ദിവസം വന്നു. വന്നപാടെ അയാൾ സൈനബായോടു ചോദിച്ചു 'താത്താ എന്തോ പറഞ്ഞു, സൈനബാ'

'ചെന്നുനാശിട്ടു്'

'അമ്പേ പെണ്ണിന്റെ ഒരു പവറ്. ഇച്ചച്ചുപുക്ക ഒരു കെട്ടിയോനേം കിട്ട്യാലോ. അല്ലല്ല എന്തു കണ്ടിട്ടാ ഒരാള് ബരാ' അബ്ദു തിരിഞ്ഞു നടക്കാൻ ഭാവിക്കുകയായിരുന്നു. അപ്പോഴാണു സൈനബായുടെ മുഖം കണ്ടതു്. അവളുടെ കൊച്ചു കണ്ണുകൾ നിറഞ്ഞിരിക്കുന്നു. അയാൾ അന്നാദ്യമായി സൈനബായെക്കുറിച്ചോർത്തു. അവൾക്കും ഇല്ലേ പൂപോലെ മൃദുലമായ ഒരു ഹൃദയം? താൻ പലപ്പോഴും സൈനബായെ അകാരണമായി വേദനിപ്പിച്ചിട്ടുണ്ടെന്നു അബ്ദുവിനു തോന്നി. ഒരു നെടുവീർപ്പോടെ അയാൾ തിരിഞ്ഞു നടന്നു.

'അബ്ദൂ' ആമിനാ വിളിച്ചു.

'ആമിനാ'

'ങ്ങനെ ഇഞ്ചിഞ്ചായി എന്നെക്കൊല്ലാതെ.' അബ്ദു തലയുയർത്തി അവളെ നോക്കി. ദഹിച്ചുപോകുന്ന നോട്ടം. അവൾ 'തട്ടം' വലിച്ചു മുഖത്തേക്കിട്ടു.

"എന്നാ ഞാനിനി ഇങ്ങു വരുന്നില്ല, മതിയോ......' അയാൾ നടക്കാൻ ഭാവിച്ചു. മുമ്പിലതാ സൈനബാ. അയാൾ അസ്വസ്ഥനായി. പണ്ട് ആമിന പറഞ്ഞ ഓരോ വാക്കും അബ്ദു ഓർത്തു. 'ചെറുക്കാ..... അങ്ങു നീങ്ങിനട മുള്ളു കൊള്ളണ്ടാ? ഇരിക്കട്ടിരിക്കട്ട്. കാലുമ്മേത്തന്നെ ഇരിക്കട്ടെ'

"കാലുമ്മേലല്ല, എന്റെ കരളിൽ, എന്നിട്ടതു പഴുത്തു നാറട്ടേന്നും.' അയാൾ തന്നത്താൻ പിറുപിറുത്തു. ആമിനാ തന്നെ സ്നേഹിച്ചിരുന്നോ? അയാൾക്കു ജീവിതത്തിലാദ്യമായാ സംശയം തോന്നി. അവൾ മമ്മതിനേയും സ്നേഹിച്ചിരുന്നു.......എന്നിട്ടു........ഇല്ല അവളൊന്നും പിഴച്ചിട്ടില്ല. മമ്മതാണോ? അല്ല, പിന്നെ.......പിന്നെയാര.......? അയാൾ കാലുകൾ അമർത്തിച്ചവിട്ടി നടന്നു. പെട്ടെന്നയാൾ തിരിഞ്ഞുനോക്കി. തൊട്ടു് പിന്നിൽ സൈനബായുണ്ടു നിൽക്കു

ന്നു. ആമിനാ വരാന്തയിൽ തന്നെയുണ്ട്'.

"ആമിനാ ഞാൻ പോട്ടെ. സൈനബാ ഇനീം ഇങ്ങട്ട് ബര്വല്ലാട്ടോ............" പിന്നെ ശബ്ദം പുറത്തേക്കു വന്നില്ല. അയാൾ പെട്ടെന്നു മുഖം തിരിച്ചു.

'കാക്കാ' സൈനബായുടെ കണ്ഠനാളം തകർന്നതായി തോന്നി.

ഒരു ദീനശബ്ദം. ആമിനാ തടിവെട്ടിയിട്ടപോലെ വീണു. അബ്ദു തിരിഞ്ഞു നോക്കാതെ നടന്നു.

ആമിനായുടെ കല്യാണം നിശ്ചയിച്ചു. അതിലൊരു പ്രത്യേകതയുമുള്ളതായി ഒരു മനുഷ്യനും തോന്നിയില്ല. അത്താഴമുണ്ടു കൊണ്ടിരുന്നപ്പോൾ ഉമ്മാ പറഞ്ഞു അബ്ദുവും അതു കേട്ടു. പക്ഷെ അയാളതേപ്പറ്റി മിണ്ടിയേയില്ല.

അന്നു രാത്രി അബ്ദുവിനുറക്കം വന്നില്ല. അയാൾ മുററത്തുകൂടെ ശാന്തനായി ഉലാത്തുകയാണ്. നിലാവിൽ കുളിച്ചു നില്ക്കുന്ന കുരുക്കുത്തിമുല്ലയിലെ മൊട്ടുകൾ അയാളെ നോക്കി ചിരിക്കുന്നതായിത്തോന്നി. ഓ എത്രയോ മുല്ലപ്പൂക്കൾ അയാൾ ആമിനായ്ക്കു കാത്തുവച്ചിരുന്നു കൊടുത്തിട്ടുണ്ട്........ഇനിയതു വേണ്ട..... അവൾ തന്നിൽ നിന്നെന്നേക്കുമായി അകലുകയാണ്.......അയാൾ മെല്ലെ നടന്നു.

പരിസരങ്ങളെക്കുറിച്ചു ബോധമുണ്ടായപ്പോഴാണു താൻ ആമിനായുടെ വീട്ടുപടിക്കൽ എത്തിയിരിക്കുന്നുവെന്നു അബ്ദുവിനു മനസ്സിലായതു്. ലോകം മുഴുവൻ നിദ്രയിലാണ്. ആകാശത്തിന്റെ ചെരുവിൽ മാഞ്ഞു കഴിയാറായ ചന്ദ്രക്കല വിളറിനില്ക്കുന്നുണ്ട്. ആമിനായെ ഒരു നോക്കു കണ്ടിരുന്നെങ്കിൽ എന്നയാളാഗ്രഹിച്ചു. വേണ്ട എന്തിനവളെ കാണണം എന്ന ചോദ്യം മനസ്സിൽ നിന്നുമുണ്ടായി. 'നെയ്യങ്ങു കൊടുന്നാളി' എന്ന ശബ്ദം അയാളുടെ ചെവിയിൽ മുഴങ്ങുന്നുണ്ടായിരുന്നു.

അബ്ദു നിശ്ശബ്ദനായി തിരിഞ്ഞു നടന്നു. തന്നെ അവിടെ വച്ചു വല്ലവരും കണ്ടാൽ......അയാളോർത്തു. 'ഓ കണ്ടാൽ......ഹൃദയത്തിന്റെ ബന്ധം ഒരു ദിവസം കൊണ്ടങ്ങു പറിച്ചെറിഞ്ഞു കളയാവുന്നതല്ല, അല്പമുറക്കെയാണയാളതു പറഞ്ഞതു്. 'പടച്ചോനറിയാം അബളെന്റെ കരളാർന്നൂന്ന്'

"ന്റെ അള്ളാ......' കാലിലെന്തോ തറച്ചു. അയാളവിടത്തന്നെ ഇരുന്നു പോയി. 'ന്റെ കരളിലും' ആ വാക്കുകളിൽ എല്ലാമടങ്ങിയിരുന്നു.

അരണ്ടനിലാവണഞ്ഞു തുടങ്ങി. ആ നേർത്ത ചന്ദ്രക്കലയെ ചുററിയുണ്ടായിരുന്ന വെള്ളിമേഘങ്ങളെ കാററടിച്ചു ശിഥിലമാക്കി. കാലിൽ നിന്നു ചോര ഒഴുകുന്നുണ്ട്......അബ്ദു ഒന്നു ദീർഘമായി നിശ്വസിച്ചു.

'മുനിയാവിന്റെ' ഏതോ ഒരു കോണിൽ നിന്നു മരണത്തിന്റെ ചൂടുനിശ്വാസങ്ങൾ വായുവിൽ ലയിക്കുന്നില്ലെന്നാരറിഞ്ഞു?

---

# ലക്ഷ്യത്തിലേക്ക്

P. K. DAVID, III Chem.

'ചേട്ടാ...'

'.........'

'ചേട്ടാ, രവിച്ചേട്ടാ, ഞാൻ മാപ്പു ചോദിച്ചിട്ടും ചേട്ടനെന്താണൊന്നും പറയാത്തതു് ?'

'ഞാനെന്തു പറയണം, ഗോപീ; ഞാൻ നിൻെറ ആരാണു്, നിനക്കു മാപ്പു നൽകാൻ ?'

'ചേട്ടാ, ചേട്ടനെൻെറ ആത്മമല്ലേ ?'

'അല്ല, ഞാൻ ഇനിയും നിൻെറ ആരുമല്ല.'

'എൻെറ രവിച്ചേട്ടൻ അങ്ങനെ പറയരുതു്.'

'അതോ, അതു ഞാൻ തൃപ്തിയാവോളം പറയും. ഗോപീ, നീ ഒന്നാലോചിച്ചുനോക്കു. അന്നു നീ എത്ര നല്ലവനായിരുന്നു.'

'ചേട്ടൻ ക്ഷോഭിക്കാതിരിക്കണം; ഞാനിതുവരെ യാതൊരു കോട്ടവും തട്ടിയിട്ടില്ലല്ലോ.'

'ഹും ! കോട്ടം തട്ടിയിട്ടില്ലപോലും. എല്ലാം എനിക്കു മനസ്സിലായി. ഗോപീ, നിന്നെയും നിൻെറ വീട്ടുകാരെയുമെല്ലാം അവർ......'

'വൃദ്ധരായ മാതാപിതാക്കൾ അല്പം കൂടുതൽ സംസാരിച്ചുപോയിട്ടുണ്ടെങ്കിൽ, അതു കാര്യമായെടുക്കുന്നതിൽ അർത്ഥമുണ്ടോ, ചേട്ടാ ?'

'അതു വേണമെങ്കിലങ്ങു ക്ഷമിക്കാം.'

'പിന്നെയേതാണു ക്ഷമിക്കാൻ പാടില്ലാത്തതു് ? എൻെറ കാര്യം : എൻെറ ചേട്ടാ, അന്നു ഒരു നിമിഷത്തേക്കു ഞാൻ എല്ലാം മറന്നു എന്തൊക്കെയോ പറഞ്ഞു. അതു ചേട്ടനെ വളരെയേറെ വേദനിപ്പിച്ചുകാണും. പക്ഷെ നമ്മുടെ ആത്മാർത്ഥതയുടെ മുമ്പിൽ അതെല്ലാം നിഷ്പ്രഭങ്ങളാണു്.'

'അതേ, ഗോപീ, മായാത്ത പാടുകൾ എൻെറ ഹൃദയത്തിൽ നീ സൃഷ്ടിച്ചു. നീ എന്നെ തെററിദ്ധരിക്കുമെന്നു ഞാൻ അശേഷം പ്രതീക്ഷിച്ചിരുന്നില്ല.'

'അതെല്ലാം ദയവുചെയ്തു മറക്കു ചേട്ടാ: എന്നിട്ടു നമുക്കല്പംകൂടെ അടുത്തു പെരുമാറാം.'

'അതു ഞാനാണു തീരുമാനിക്കേണ്ടതു്; അതു ഞാൻ തീരുമാനിച്ചുകഴിഞ്ഞു. അതെന്താണെന്നു നീ ഉടൻ അറിയും. എനിക്കു പറയാനുള്ളതു അല്പം ഒന്നു പറഞ്ഞുകൊള്ളട്ടെ.'

'എൻെറ ചേട്ടൻ അങ്ങനെയൊന്നും പറയരുതു്.'

'പറയരുതോ ഗോപീ, നീ പറഞ്ഞതായി ഞാനറിഞ്ഞ സംഗതികളെല്ലാം വാസ്തവമാണോ, സത്യം പറയൂ.'

'പറയാം ചേട്ടാ : മുഴുവൻ പറയാം. അന്നു ഞാൻ വീട്ടിലെത്തിയപ്പോൾ രാത്രി മണി ഒൻപതു കഴിഞ്ഞിരുന്നു. അച്ഛനും അമ്മയും വളരെ ക്ഷോഭിച്ചിരുന്നു. എനിക്കു കാരണം മനസ്സിലായില്ല. ഞാൻ പെട്ടെന്നു ചേട്ടൻെറ മുറിയിൽ ചെന്നു, ചേട്ടൻ അവിടെയില്ല, അങ്ങകലെ ശാരദയുടെ ദീനരോദനവും കേട്ടു. എനിക്കൊന്നും പിടികിട്ടിയില്ല. പരിഭ്രാന്തി വളരെ വർദ്ധിച്ചു. ഞാൻ അമ്മയുടെ അടുക്കലോടിയെത്തി. അമ്മ സംഗതികളെല്ലാം എന്നോടു പറഞ്ഞു. ഹൊ ! ഞാൻ ചൂളിപ്പോയി. എനിക്കതു വിശ്വസിക്കാൻ കഴിഞ്ഞില്ല. എൻെറ ആത്മാർത്ഥതയുടെ സങ്കേതമായ രവിച്ചേട്ടൻ അവിവേകം പ്രവർത്തിക്കുകയോ? എനിക്കതൂഹിക്കുവാൻപോലും കഴിഞ്ഞില്ല. എങ്കിലും 'ശങ്കയോരു മഹാസുഖക്കേടാണു്.' എൻെറ മനസ്സു് അലതല്ലിക്കൊണ്ടിരുന്നു. 'എന്തേ ഇന്നു ചേട്ടൻ താമസിച്ചു വന്നതു്? ശാരദയുടെ മുഖത്തെന്താണൊരു കുററബോധം തെളിഞ്ഞു കാണുന്നതു് ? എപ്പോഴും ധീരത പ്രദർശിപ്പിക്കുന്ന ചേട്ടൻ എന്താണൊരു ഭീരുവിനെപ്പോലെ മറഞ്ഞുകളഞ്ഞതു് ?' —ആകുലതകളുടെ ഒഴുക്കുവന്നു. എല്ലാംകൂടെ വന്നപ്പോൾ അതു കല്പിച്ചുകൂട്ടിച്ചെയ്ത- തെറ്റായ പ്രവൃത്തിയാണെന്നെനിക്കു തോന്നി. മനുഷ്യൻ ചിലപ്പോൾ ദുർബ്ബലനാകാറുണ്ടു്.

എന്റെ ക്ഷമ എന്നെ വിട്ടുമാറി. എന്റെ ചേട്ടനിൽ എനിക്കുണ്ടായിരുന്ന വിശ്വാസം ക്ഷണനേരത്തേക്കു നശിച്ചു. അപ്പോൾ ഞാൻ എന്തൊക്കെയോ പറഞ്ഞു. പിന്നീടെനിക്കു മനസ്സിലായി......'

'ഓഹൊ, പിന്നീടു നിനക്കു മനസ്സിലായി! ഗോപീ, നീ ഓർക്കുന്നുണ്ടോ, ഞാൻ ആദ്യം നിന്നെ കണ്ടുമുട്ടിയ അവസരം?'

'ഉണ്ടു്.'

'അന്നു നീ വളരെ നല്ലവനായി എനിക്കു തോന്നി. ഞാൻ ആരുമില്ലാത്തവനായാണു ഈ പട്ടണത്തിലെത്തിയതു്. തികച്ചും അപ്രതീക്ഷിതമായാണു നാം തമ്മിൽ കണ്ടുമുട്ടിയതു്. സ്നേഹത്തിന്റെ സാമവേദവുമായി നീ എന്റെ മുമ്പിൽ ഓടി എത്തി. എന്റെ ചരിത്രം മുഴുവൻ ഞാൻ നിന്നോടു തുറന്നു പറഞ്ഞു. നിനക്കു മനസ്സിലായി, ഞാൻ ആരുമില്ലാത്തവനാണെന്നു്, ഊരും ഉടയവരും ഇല്ലാത്തവനാണെന്നു്, ഒരു ബിരുദധാരികൂടെയാണെന്നു്, ഉദ്യോഗമന്വേഷിച്ചിറങ്ങിയിരിക്കയാണെന്നു്, നീ അല്പനേരം ആലോചിച്ചുനിന്നു. പക്ഷെ നീ മനസ്സിലാക്കിയില്ല, എന്റെ ജീവിതത്തിനു ചില ലക്ഷ്യങ്ങളുണ്ടെന്നു്; അതു ഞാൻ പറഞ്ഞുമില്ല.'

'എല്ലാം ഞാൻ കേൾക്കയാണു്.'

'വിശ്വാസത്തിന്റെ കരം നീ എന്റെ നേർക്കു നീട്ടി. നാം ഇരുവരും കയ്യോടു കയ്കോർത്തു് അതിദൂരം മുമ്പോട്ടു പോകണമെന്നുള്ളതു നിന്റെ അകമഴിഞ്ഞ ആശയായിരുന്നു. അന്നു ആത്മാർത്ഥതയും നീയും—രണ്ടല്ല—ഒന്നാണെന്നാണെനിക്കു തോന്നി; അതും ഒരബദ്ധം.'

'എന്നെ സംബന്ധിച്ചിടത്തോളം ചേട്ടന്റെ ആ ധാരണ തികച്ചും ശരിയായിരുന്നു.'

'എന്റെ ഒന്നുമില്ലായ്മ മനസ്സിലാക്കിയ നീ ഉടൻതന്നെ ലക്ഷ്യപ്രാപ്തിയുടെ പുതിയ പാതയിൽ എന്നെക്കൊണ്ടു നിറുത്തി. അതിൽക്കൂടെ അതിദൂരം മുന്നോട്ടു പോകുവാൻ നീ എന്നെ ക്ഷണിച്ചു. ഞാൻ വിസമ്മതിച്ചു. സംശയങ്ങളാകുന്ന ക്രൂരമൃഗങ്ങൾ അതിലുമിരുന്നു തുറിച്ചു നോക്കുന്നതു ഞാൻ കണ്ടു. ഞാൻ കാൽ പുറകോട്ടു വലിച്ചു. അപ്പോൾ നീ പറകയാണു് 'നാം ഇരുവരും കൂടി മുന്നോട്ടു പോയാൽ സകല ക്രൂരമൃഗങ്ങളും ഓടി മറയു'മെന്നു്. അതു വാസ്തവമായിരുന്നു; അല്പദൂരത്തേക്കു മാത്രം. പെട്ടെന്നവയെല്ലാം അലറിക്കൊണ്ടു എന്റെമേൽ പാഞ്ഞുവീണു'......

'ചേട്ടാ, ഈ വർത്തമാനം ഇനിയും തുടരാൻ സാദ്ധ്യമല്ല. അന്നു ഞാൻ ചെയ്തതെല്ലാം തെറ്റിപ്പോയി അല്ലേ?'

'എല്ലാം ഞാനോർക്കുന്നുണ്ടു്. നിന്റെ ആഗ്രഹപ്രകാരം നിന്റെ അച്ഛൻ എന്നെ നിങ്ങളുടെ ഫാക്ടറിയുടെ സൂപ്രണ്ടായി നിയമിച്ചു. അതിൽ കൂടിയ ഒരു കാരുണ്യം ലോകത്തിൽ ആരും എന്നോടു ചെയ്യാനില്ല. നിന്നെയും നിന്റെ വീട്ടുകാരെയും കാണപ്പെട്ട ദൈവങ്ങളായി ഞാൻ മാനിച്ചു.'

'ചേട്ടാ അന്നു നാം ഒരുമിച്ചു സ്നേഹത്തിന്റെ പാട്ടുകൾ പാടി. എവിടെയും നമ്മെ ഒരുമിച്ചു മാത്രമെ കാണാനുണ്ടായിരുന്നുള്ളു. രാത്രിസമയം ചേട്ടനെ പിരിഞ്ഞിരിക്കുന്നതെനിക്കു് അസഹ്യമായി തോന്നി. ഒരഭ്യർത്ഥനയുമായി ഞാൻ അച്ഛനെ സമീപിച്ചു. 'രവിച്ചേട്ടനെക്കൂടെ ഈ വീട്ടിൽ താമസിപ്പിക്കണം.' അല്പം പരുങ്ങിയെങ്കിലും അവസാനം അച്ഛൻ സമ്മതിച്ചു. അമ്മ മൗനാനുവാദം നല്കി. അങ്ങനെ എന്റെ രവിച്ചേട്ടൻ എന്റെ വീട്ടിൽ താമസമാക്കി. ലോകത്തിൽ ആത്മാർത്ഥതയുള്ള ഉടമസ്ഥർ നാം ഇരുവരും മാത്രമായി.'

അതെ, ഗോപീ, എനിക്കപ്പോഴും നിന്റെ വീട്ടിൽ താമസിക്കുവാൻ ഇഷ്ടമുണ്ടായിരുന്നില്ല. പക്ഷെ നിന്റെ നിർബ്ബന്ധത്താൽ ഞാനതു സമ്മതിച്ചു. അങ്ങനെ ഒരു മോഹനസായാഹ്നത്തിൽ ഞാൻ നിന്റെ വീട്ടിലേക്കു താമസം മാറി. പെട്ടെന്നെന്റെ അസംതൃപ്തിയെല്ലാം മാറി. നിങ്ങളുടെ ഭവനത്തിലുള്ള എല്ലാവരും എനിക്കു ചുറ്റും വന്നു ആനന്ദനൃത്തം വയ്ക്കുന്നതായി എനിക്കു തോന്നി.'

'.................,..'

'പക്ഷെ, അതെത്ര ക്ഷണികമായിരുന്നു! നിനക്കവിടെ ഒരു സഹോദരി ഉണ്ടെന്നറി

തെപ്പോൾ ഞാൻ വിചാരിച്ചു, അവിടുത്തെ താമസം അത്ര പന്തിയല്ലെന്ന്,' അതും ഒരു പതിനെട്ടുകാരി—ശാരദ—ഒരു വാസന്തിപ്പൂവ്, നിങ്ങളുടെ വീട്ടിൽനിന്നും മാറണമെന്ന എനിക്കു തോന്നി. പക്ഷെ എനിക്കറിയാം നിന്നോടു പറഞ്ഞാൽ ഫലമില്ലെന്ന്; ഞാൻ മൌനം ഭഞ്ജിച്ചില്ല.'

നിൻെറ മാതാപിതാക്കൾ എന്തൊക്കെയോ സംശയിക്കുന്നുണ്ടെന്ന ഞാൻ കണ്ടു. ആ സംശയത്തെ ഞാനും വളരെയേറെ ഭയപ്പെട്ടു.'

'അവസാനം ഭയപ്പെട്ടതു സംഭവിച്ചു. ഞാൻ അല്പം താമസിച്ചാണു ആഫീസിൽനിന്നും വീട്ടിലെത്തിയതു്. സൂര്യൻ അസ്തമിച്ചു കഴിഞ്ഞിരിക്കുന്നു. പക്ഷികൾ കൂടണഞ്ഞു കഴിഞ്ഞിരിക്കുന്നു. കിഴക്കേ ചക്രവാളത്തിൽ പൂർണ്ണചന്ദ്രൻ തലപൊക്കിയിട്ടുണ്ടു്. പൂനിലാവു പരന്നൊഴുകുകയാണു്. ഞാൻ ഗെയിററിൽ കൂടെ അകത്തു കടന്നു. പൂന്തോട്ടത്തിൽ അല്പം ഇരിക്കാമെന്നു കരുതി അതിലേക്കു കയറി. ഒരു സ്ത്രീരൂപം!—ശാരദ. ഞാനൊരുനിമിഷം അവിടെ നിന്നില്ല. ധൃതിയിൽ തിരിഞ്ഞു നടന്നു. എന്തു ചെയ്യട്ടെ! ഞാൻ ചെല്ലുന്നതു കണ്ടു് അവളും പുറത്തേക്കിറങ്ങിക്കഴിഞ്ഞു. തോട്ടത്തിൽ നിന്നും കാൽ വെളിയിലേക്കു വയ്ക്കാത്തതാമസം. —മുമ്പിൽനില്ക്കുന്നു—അമ്മ'

'അവർ എന്നോടു ചോദിച്ചു:—രവി എവിടെപ്പോയി?'

'ഞാൻ ഫാക്ടറിയിൽ പോയി: ഞാൻ പറഞ്ഞു:

'ആ പോയതാരാണ്?'

'ശാരദ'—ഞാൻ മറുപടി പറഞ്ഞു.'

'അവരുടെ മുഖഭാവം ആകപ്പാടെ മാറിയിരുന്നു. പക്ഷേ എനിക്കോ നിൻെറ സഹോദരിക്കോ അല്ലെ വാസ്തവം അറിയാവൂ. അവൾ ആ സന്ധ്യാവേളയിൽ, പൂന്തോട്ടത്തിൽ ഇരുന്നു ആനന്ദിക്കയായിരുന്നു. ഇതു മനസ്സിലാക്കാതെ ഞാൻ അകത്തോട്ടു കയറിച്ചെല്ലുകയാണ്. അവൾക്കു ശല്യമുണ്ടാകേണ്ടെന്നു കരുതി ഞാൻ തിരിഞ്ഞുനടന്നു. അതേ പ്രവൃത്തി അവളും ചെയ്തുകഴിഞ്ഞിരുന്നു: എനിക്കുവേണ്ടി അവൾ ആ പൂന്തോട്ടം ഒഴിഞ്ഞുതന്നു. പക്ഷെ 'അമ്മ'യുണ്ടല്ലോ, അവർ ആ അവസാനനിമിഷത്തിനുമാത്രമേ സാക്ഷ്യം വഹിച്ചുളളൂ. അസമയത്തു പൂന്തോട്ടത്തിൽനിന്നും നിൻെറ സഹോദരി വടക്കോട്ടും ഞാൻ തെക്കോട്ടും ഇറങ്ങുന്നു. പക്ഷേ, അവരുണ്ടോ മനസ്സിലാക്കുന്നു, ഞാൻ കയറിയതും ഇറങ്ങിയതും ഒരേനിമിഷത്തിൽ കഴിഞ്ഞെന്ന്?' ന്യായമായി അവർ തെററിദ്ധരിച്ചു; ഞങ്ങൾ അധർമ്മം പ്രവർത്തിച്ചിരിക്കുന്നെന്ന്.'

'രംഗം ഒരുനിമിഷത്തേക്കു ശാന്തമായിരുന്നു. പക്ഷെ അതു കൊടുങ്കാററിനു മുമ്പുള്ള പ്രശാന്തതയായിരുന്നു. അമ്മ നേരെ അച്ഛൻെറ അടുത്തേക്കോടി. മോങ്ങാനിരുന്ന നായുടെ തലയിലൊരു തേങ്ങാ വീണ മട്ടായി. ഞങ്ങൾ അവിവേകം പ്രവർത്തിച്ചെന്നും, അതിനു താൻ ദൃക്സാക്ഷിയാണെന്നും അവൾ ഉണർത്തിച്ചു. ശാന്തം, പാപം? സത്യമാണെങ്കിൽ അതിദൂരം കിടക്കുന്നു! അതിൻെറ പ്രത്യാഘാതമെനിക്കു മനസ്സിലായി. അതുടൻ പുറത്തു വരും. എനിക്കു ഈ പട്ടണത്തിൽ അഭിമാനത്തോടുകൂടി ജീവിക്കുവാൻ സാദ്ധ്യമല്ല. അത്രക്കു ഭീകരമാണു എന്നിൽ ആരോപിച്ചിരിക്കുന്ന കുററത്തിൻെറ ഗൌരവം.'

'ഞാൻ വീട്ടിലെത്തി, ഗോപി അവിടെ ഇല്ലായിരുന്നു. മുറിയിലെത്താത്ത താമസം, നിൻെറ അച്ഛൻ സംഹാരരുദ്രനെപ്പോലെ അവിടെ പാഞ്ഞുകയറി. എന്നെ പ്രഹരിക്കാൻ കയ്യോങ്ങി, ഞാൻ അല്പംപോലും ഇളകിയില്ല, രക്ഷിക്കുന്നവനു ശിക്ഷിക്കാമല്ലോ. അദ്ദേഹം എന്നെയും എൻെറ കുടുംബക്കാരെയുമെല്ലാം പ്രാകി. മരിച്ചുപോയ എൻെറ അച്ഛനും അമ്മയ്ക്കും ആവോളം ചീത്തവാക്കുകൾ സമ്മാനം നല്കി. എനിക്കതു സഹിക്കാൻ കഴിഞ്ഞില്ല. എൻെറ അഭിമാനം എന്നിൽ തലപൊക്കി, ഞാൻ ക്ഷണനേരത്തേക്കെല്ലാം മറന്നു. എന്തോ പെട്ടെന്നു ഞാൻ തണുത്തു. ആവോളം പറഞ്ഞുകഴിഞ്ഞു പെട്ടെന്നു അദ്ദേഹം അപ്രത്യക്ഷനായി. ശാരദയുടെ മുറിയിൽ അപശബ്ദങ്ങൾ കേട്ടു പെട്ടെന്നു ഞാൻ അവിടെ ഓടിയെത്തി. എന്തെല്ലാമായാലും ശരി, അവളെ പ്രഹാരത്തിൽനിന്നും രക്ഷിക്കണം. എനിക്കും തടസ്സംപിടിച്ചതിനാൽ, അല്പം പ്ര

സാദം ലഭിച്ചു. നിന്റെ അമ്മ എന്നെ ആവോളം ശകാരിച്ചു.'

"ഒന്നു ഞാൻ നിശ്ചയിച്ചു. വേണ്ടാ, എനിക്കീ ജോലി വേണ്ടാ. എനിക്കീ താമസം വേണ്ടാ. പെട്ടെന്നു ഞാനെന്റെ മുറിയിൽച്ചെന്നു രാജിക്കത്തെഴുതി നിന്റെ അച്ഛനെ ഏല്പിച്ചു. രോഗി ആശിച്ചതും വൈദ്യൻ വിധിച്ചതും ഒന്നായി. അദ്ദേഹം ആനന്ദിച്ചു. എനിക്കതിൽ അശേഷം ഭയമില്ലായിരുന്നു. ലോകത്തിൽ എവിടെപ്പോയാലും എനിക്കു ജീവിക്കാം. എന്റെ അവസാന ആഗ്രഹം ഒന്നു മാത്രമായി; ഗോപിയെ ഒന്നു കാണണം."

"ധീരമായ ഒരു കാൽവയ്പ്പോടെ ഞാൻ വെളിയിലേക്കിറങ്ങി. അപ്പോഴും നിന്റെ സഹോദരിയുടെ വിലാപം ഉച്ചത്തിൽ കേൾക്കാമായിരുന്നു. ധരിച്ചിരുന്ന വസ്ത്രമെല്ലാം ഞാൻ അവിടെത്തന്നെ ഉപേക്ഷിച്ചിരുന്നു; അതെല്ലാം നിങ്ങളുടെ വകയാണല്ലോ. ഇന്നലെ ഇവിടെ ഒരു മുറി കിട്ടി. അവിടെ താമസിച്ചു. ഏതാണ്ടു് പാതിരായോടു സമീപിച്ചപ്പോൾ എനിക്കൊരറിവു കിട്ടി. ഒരു ഞെട്ടലോടെയാണു് ഞാനതു കേട്ടതു്. "രാത്രി, ഗോപി വീട്ടിലെത്തി വിവരമറിഞ്ഞെന്നും, രവിയെ അങ്ങേയററം തെററിദ്ധരിച്ചെന്നും, വളരെയേറെ കടന്നു സംസാരിച്ചെന്നും" മററും. എനിക്കതു വിശ്വസിക്കാൻ കഴിഞ്ഞില്ല. പഴയ സംശയങ്ങളാകുന്ന ക്രൂരമൃഗങ്ങൾ എനിക്കു ചുററുമിരുന്നു പല്ലിളിച്ചു. ഞാൻ വിചാരിച്ചു "അങ്ങനെയും വന്നേക്കാം," ഞാൻ വളരെ കരഞ്ഞു. എന്റെ ഗോപീ, അതു തന്നെയല്ലേ അല്പം മുമ്പു് നീയെന്നോടു തുറന്നു പറഞ്ഞതു്?"

"ചേട്ടാ, ശരിയാണു്. ഞാൻ അങ്ങനെയെല്ലാം ചെയ്തുപോയി. എന്നോടു ക്ഷമിക്കു."

"ഹൂങ്! ക്ഷമിക്കാനോ?! അതെങ്ങനെ സാധിക്കും? നീയാണെന്നെ അവിടെ കൊണ്ടുപോയതു്. എനിക്കതിൽ അല്പമെങ്കിലും അഭിപ്രായമുണ്ടായിരുന്നോ?

"ഇല്ലായിരുന്നു."

"എന്നിട്ടു നീ തന്നെയെന്നെ വളരെ ആക്ഷേപിച്ചു. അതിനു കാരണം നിന്റെ പ്രവൃത്തി തന്നെയല്ലേ?"

"അതെ."

"ഇതെല്ലാം എന്റെ തെററാണെന്നു നിനക്കു ധാരണയുണ്ടോ?"

"ചേട്ടാ, അതെല്ലാം അങ്ങനെ സംഭവിച്ചുപോയി. ഇനിയും പറഞ്ഞിട്ടെന്തു ഫലം? വരൂ നമുക്കു വീട്ടിലേക്കു പോകാം."

"നന്നായി! ഗോപീ, നീയെന്താണു പറഞ്ഞതു്? ഞാൻ നിന്റെ വീട്ടിലേക്കു വരാനോ? ഞാനിനിയും നിങ്ങളുടെ മരപ്പാവയാകാനോ? ഞാൻ ദരിദ്രനാണെങ്കിലും എനിക്കുമില്ലേ അഭിമാനം? ഞാൻ ഈ പട്ടണത്തിൽ, ഈ ഫാക്ടറിയിൽ, ഉദ്യോഗം സ്വീകരിച്ചതു് ഒരു പ്രത്യേക ലക്ഷ്യത്തോടുകൂടെയാണു്. പക്ഷേ, അതു് ഈ ദുഷിച്ചു നാറിയ അന്തരീക്ഷത്തിൽ സാദ്ധ്യമല്ല. ഇവിടെ കറുപ്പു കാണണമെന്നില്ല, കാക്കയെ ചാട്ടിച്ച കഥയുണ്ടാകാൻ. പട്ടണത്തിൽ ആത്മാർത്ഥതയില്ല; അഭിമാനമില്ല. ഇവിടുത്തെ സാധുക്കളായ കൂലിക്കാരെ നന്മയുടെയും സമൃദ്ധിയുടെയും പരമകോടിവരെ ഉയർത്താമെന്നു ഞാൻ വിചാരിച്ചു. അതിവിടെ സാദ്ധ്യമല്ല. ഞാൻ മറെറാരു ലക്ഷ്യത്തിലേക്കു നീങ്ങുകയാണു്."

"പക്ഷേ ഗോപീ, നിങ്ങൾ എന്റെ മുഖത്തു കരി തേച്ചതു ഞാൻ ക്ഷമിച്ചിരിക്കുന്നു. പക്ഷേ, ഒന്നു ഞാൻ മുന്നറിയിപ്പു നല്കട്ടെ. നിന്റെ മാതാപിതാക്കളുടെ പ്രാകൃത മനഃസ്ഥിതിയിൽനിന്നും—മനുഷ്യൻ കരങ്ങളും പ്രവർത്തിക്കുമെന്നുള്ള മനഃസ്ഥിതിയിൽ നിന്നും—നീ വഴുതി മാറണം. അല്ലെങ്കിൽ നിനക്കീ സമൂഹത്തിൽ ജീവിക്കാൻ സാദ്ധ്യമല്ല."

"പ്രിയപ്പെട്ട അനുജാ, ഞാൻ നിന്നോടു യാത്ര ചോദിക്കുകയാണു്. നീ എനിക്കു ചെയ്ത എല്ലാ നന്മകൾക്കും എന്റെ ഉപകാരസ്മരണ. എന്നെന്നും ഞാൻ നിന്നെ സ്മരിച്ചുകൊള്ളാം. പക്ഷേ, നീ നല്ലവനാകണം. സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ ഇടിഞ്ഞുപോകുന്ന ആ മനഃസ്ഥിതി മാറണം. ധീരമായ ഒരു വെല്ലുവിളിയോടെ ജീവിതത്തെ നേരിടുക. നിനക്കെല്ലാ നന്മകളുമുണ്ടാകും. എനിക്കെവിടെച്ചെന്നാലും ജീവിക്കാം."

"അതാ നോക്കൂ, അങ്ങകലെ, ചക്രവാളത്തിനുമപ്പുറം—ഞങ്ങളുടെ നാട്ടിൽ—ആയി

ർമായിരമാളുകൾ, എന്നെയും കാത്തിരിക്കയാണ്. അവർക്കെന്നെ വേണം. അവരുടെ ജീവിതം പട്ടണത്തിലല്ലായിരിക്കാം. അവർ പരിഷ്കാരത്തിൽ നിങ്ങളെപ്പോലെ ഉയർന്നിട്ടില്ലായിരിക്കാം. വിദ്യാഭ്യാസത്തിൽ ഉയർന്നിട്ടില്ലായിരിക്കാം. പക്ഷെ, അവരുടെ നാട്ടിൽ—കാളയുടെയും കലപ്പയുടെയും നാട്ടിൽ—ആത്മാർത്ഥത ഓളം വെട്ടുകയാണ്. അവിടെ അംബരചുംബികളായ ഉത്തുംഗശൃംഗങ്ങൾ ഒരു വശത്തു ഹിമമണിഞ്ഞു കിടക്കുന്നു. മറുവശത്തു സാഗരം ദിക് ചക്രവാളത്തെ ആലിംഗനം ചെയ്യുന്നു. മലക്കലച്ചൂടുന്ന മാമരം, നാണം കുണുങ്ങികളായ കാട്ടാറുകൾ, നെല്പാടങ്ങൾ, തെങ്ങിൻ തോപ്പുകൾ, കുറവൻ പാറകൾ, തുമ്പ, തുളസി, ചെമ്പകം, താമര, ആമ്പൽ ഇവയെല്ലാം സ്നേഹത്തിന്റെയും ആത്മാർത്ഥതയുടെയും പ്രത്യക്ഷലക്ഷ്യങ്ങളായി പ്രശോഭിക്കയാണ്. ഞാൻ പോകുന്നു. നീ നല്ലവനാകുക. ഈ ജീവിതയാത്രയിൽ എവിടെവച്ചെങ്കിലും നമുക്കു കണ്ടുമുട്ടാം.

“എന്റെ ചേട്ടാ, ചേട്ടൻ ഗോപിയെ നിസ്സഹായനായി ഉപേക്ഷിക്കയോ?”

“ഞാൻ എന്തു ചെയ്യട്ടെ! അവൾക്കതെല്ലാം സഹായം നല്ലാമെന്നു ഞാനൊന്നു പരിശോധിക്കട്ടെ. ഒന്നുകൂടി: ശാരദ ഇന്ന് എന്നെ അറിയിക്കുകയുണ്ടായി. “എന്തായാലും കേൾക്കേണ്ടതെല്ലാം കേട്ടു. ഇനിയും നമുക്കൊന്നുകൊണ്ടൊരുമിച്ചു ജീവിച്ചുകൂടാ” യെന്ന്. പക്ഷെ അനുജാ, അവളോടു പറയൂ; എനിക്കവളെ അളവററ ബഹുമാനമാണെന്ന്. പക്ഷെ എന്റെ ലക്ഷ്യപ്രാപ്തിക്ക് അവളുടെ ആഗ്രഹം ബാധകമാകും. അതിനാൽ ഞാൻ ആ സംഗതിയിൽ തികച്ചും നിസ്സഹായനാണെന്നവളോടു പറയൂ ഗോപീ. എന്റെ സ്നേഹാദരങ്ങൾ പ്രിയപ്പെട്ട കീഴുദ്യോഗസ്ഥരെ അറിയിക്കൂ. അവരെ കാണുവാൻ എനിക്കു സമയമില്ല. അതാ അകലെ ചൂളംവിളി കേൾക്കുന്നു. ട്രെയിൻ എത്തിക്കഴിഞ്ഞു. ഞാൻ പോകട്ടെ.

“ചേട്ടാാാ”...............

---

# കിഷൻ ചന്ദർ

കെ. എ. റഊഫ്, (പ്രീ യൂണിവേഴ്സിററി)

വിശ്വസാഹിത്യത്തിന് ഭാരതം ഏറ്റവും അതിന്റേതായ സംഭാവനകൾ നല്കിപ്പോന്നിട്ടുണ്ട്. കാളിദാസനും ടാഗോറിനുമെല്ലാം ജന്മം കൊടുത്ത ഈ പുണ്യഭൂമി സാംസ്കാരികരംഗത്ത് പ്രതിഭാശാലികളെ സൃഷ്ടിക്കുന്നതിൽ ഒരിക്കലും പരാജയപ്പെട്ടിട്ടില്ലെന്നറിയുമ്പോൾ ഏതൊരു ഭാരതീയന്റെ ഹൃദയമാണ് അഭിമാനഭരിതമാകാത്തത്?

ഉർദുസാഹിത്യത്തിന്റെ സങ്കുചിതപരിധികളെ ഭേദിച്ച് വിശ്വസാഹിത്യത്തിന്റെ വിശാലതയിൽ വിഹരിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രതിഭാശാലിയത്രേ കിഷൻ ചന്ദർ. ഉത്തമന്മാരായ കലാകാരന്മാർ പലപ്പോഴും യാദൃച്ഛികസംഭവങ്ങളുടെ സൃഷ്ടികളാണെന്നുള്ളത് നഗ്നമായ ഒരു പരമാർത്ഥമാണ്. പരീക്ഷയിലെ തോൽവിയും തുടർന്നുണ്ടായ ഏകാന്തമായ യാത്രകളുമാണ് തന്നെ ഒരു നോവലിസ്റ്റാക്കിയതെന്നാണ് സുപ്രസിദ്ധ നോവൽ സാഹിത്യകാരനായ ആർ. കെ. നാരായൻ പറയുന്നത്. കിഷൻ ചന്ദറെ സംബന്ധിച്ചിടത്തോളം മഞ്ഞപ്പിത്തമാണത്രേ അദ്ദേഹത്തെ സാഹിത്യാന്തരീക്ഷത്തിലേക്ക് നയിച്ചത്!

കാശ്മീരിലെ ഒരു ഗവണ്മെന്റ് ഡാക്ടറായിരുന്ന കിഷൻ ചന്ദറുടെ പിതാവ് നിരന്തരമെന്നോണം സ്ഥലം മാററത്തിനു വിധേയനായിക്കൊണ്ടിരുന്നു. തന്മൂലം കിഷൻ ചന്ദർക്ക് തന്റെ ആദ്യകാലങ്ങൾ പ്രകൃതിമനോഹരമായ കാശ്മീരിലെ വിവിധ നഗരങ്ങളിലും ഗ്രാമങ്ങളിലുമായി കഴിച്ചുകൂട്ടുന്നതിനവസരം ലഭിച്ചു. കാശ്മീരിന്റെ നയനാഭിരാമമായ സൗന്ദര്യം അദ്ദേഹത്തെ ഹഠാദാകർഷിച്ചു. പക്ഷേ, അതേ സമയം തന്നെ അവിടത്തെ സാധാരണ ജനങ്ങളുടെ

ദയനീയ ജീവിതം അദ്ദേഹത്തെ വേദനിപ്പിക്കുകകൂടി ചെയ്തു. കാഷ്മീരിലെ പ്രകൃതിയും അവിടെ വസിക്കുന്ന മനുഷ്യജീവികളും തമ്മിൽക്കണ്ട പ്രകടമായ ഈ വൈരുദ്ധ്യം കിഷൻ ചന്ദറെ അസ്വാസ്ഥനാക്കി. സ്നേഹാർദ്രമായ ആ കലാഹൃദയം നിസ്സഹായരായ കാഷ്മീരികളെയോർത്തു കേണു. കഷ്ടപ്പാടുകളിൽനിന്നും വേദനകളിൽനിന്നും വിദൂരമായ ഒരു മോഹനജീവിതം എങ്ങനെ ജനങ്ങൾക്ക് സംഭാവന ചെയ്യാമെന്നതിനെക്കുറിച്ച് അദ്ദേഹം ചുഴിഞ്ഞാലോചിച്ചു. പക്ഷേ, പോംവഴികളെ സംബന്ധിച്ചിടത്തോളം അന്നദ്ദേഹം കൈമലർത്തിയതേയുള്ളൂ.

ഈ കാലഘട്ടത്തിലത്രേ കിഷൻ ചന്ദർ മഞ്ഞപ്പിത്തത്തിന്റെ ആക്രമണത്തിനു വിധേയനായതും. ഒരു പ്രകാരത്തിൽ മാരകമായ ഒരാക്രമണം തന്നെയായിരുന്നു അത്. മരണത്തെ അദ്ദേഹം അഭിമുഖമായി ദർശിച്ചു പോലും! ഏതായാലും രോഗം അദ്ദേഹത്തിൽ അടിസ്ഥാനപരമായ ഒരു മാററം വരുത്തി. രോഗശയ്യയിൽ നിന്നും പുറത്തു വന്ന കിഷൻ ചന്ദർ തികച്ചും ഒരു പുതിയ മനുഷ്യനായിരുന്നു. പഴയ നിസ്സഹായതാബോധമെല്ലാം അദ്ദേഹത്തിൽനിന്നകന്നു കഴിഞ്ഞിരുന്നു. പകരം ഒരിക്കലും ഇളകാത്ത ഒരു നിശ്ചയ ദാർഢ്യം കൈവരികയും ചെയ്തു. സമൂഹത്തിന്റെ അഴുക്കു ചാലുകളിൽക്കിടന്ന് നട്ടം തിരിയുന്ന നിരാലംബരായ മനുഷ്യജീവികളോടുള്ള അദ്ദേഹത്തിന്റെ സഹതാപത്തിന് ആവശ്യമായ മൂർച്ച കൈവന്നുകഴിഞ്ഞിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ദീനക്കിടക്കയിൽനിന്നും പുറത്ത് വന്നത് സൗന്ദര്യത്തെ ആരാധിക്കുന്നതോടൊപ്പം മനുഷ്യനെ സ്നേഹിക്കുക കൂടി ചെയ്യുന്ന ഹൃദയസമ്പന്നനായ ഒരു കലാകാരനായിരുന്നു.

കിഷൻ ചന്ദറുടെ ജീവിതവീക്ഷണത്തെ പാകപ്പെടുത്തിയ മററു രണ്ടു സംഭവങ്ങൾകൂടെ ആയിടെ നടന്നു. ഒന്ന് ഒരു യുവതിയോടുണ്ടായ അദ്ദേഹത്തിന്റെ പ്രേമവും മറേറത് അലയാഴിയുടെ ഗാംഭീര്യത്തോടെ ഇരമ്പി വന്ന സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ അദ്ദേഹം വഹിച്ച പങ്കുമത്രേ. പ്രേമം കിഷൻ ചന്ദറുടെ സുന്ദരമായ ഭാവനയെ ഒന്നുകൂടെ സുന്ദരമാക്കിത്തീർത്തുവെന്നു പറഞ്ഞാൽ തെററില്ല. അധരങ്ങളിൽ മന്ദഹാസവും ഹൃദയം നിറയെ പൊൻകിനാക്കളുമായി നടന്ന മനോഹാരിണിയായ ഒരു പെൺകിടാവിന്റെ പുറകേ ഇപ്രകാരം പ്രേമപരവശമായ ഒരു തീർത്ഥാടനത്തിനദ്ദേഹം ഒരുമ്പെട്ടില്ലായിരുന്നെങ്കിൽ ഒരു പക്ഷേ, അനവദ്യ സുന്ദരമായ അനേകം ചെറുകഥകൾ നമുക്ക് നഷ്ടപ്പെട്ടുമായിരുന്നു. പൗർണ്ണമിച്ചന്ദ്രന്റെ രാത്രി (The night of the full moon) എന്ന അദ്ദേഹത്തിന്റെ കഥ വിശ്വസാഹിത്യത്തിലെ ഒന്നാംകിട പ്രേമകഥകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

ലാഹോറിൽ ഒരു പോസ്റ്റ് ഗ്രാഡ്വേററ് വിദ്യാർത്ഥിയായി ജീവിതം കഴിക്കുമ്പോഴാണ് കിഷൻ ചന്ദർ രാഷ്ട്രീയ കാര്യങ്ങളിലേർപ്പെടാൻ തുടങ്ങിയത്. വളരെ വേഗം അദ്ദേഹം വിപ്ലവപ്രവർത്തനങ്ങളുടെ നീർച്ചുഴിയിലേക്ക് വഴുതി വീണു. ഭഗവത്സിംഗും ചന്ദ്രശേഖര ആസാദുമെല്ലാം പ്രവർത്തിച്ചിരുന്ന വിപ്ലവസംഘത്തിൽച്ചേർന്നാണ് അദ്ദേഹവും പ്രവർത്തനമാരംഭിച്ചത്. പക്ഷേ അപ്രതീക്ഷിതമായ ചില സാഹചര്യങ്ങളുടെ പ്രേരണയാൽ രാഷ്ട്രീയ രംഗത്ത് അധികകാലം പ്രവർത്തിക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. അടുത്തതായി പത്രപ്രവർത്തനത്തിലേക്കാണ് അദ്ദേഹത്തിന്റെ ശ്രദ്ധ തിരിഞ്ഞത്.

പത്രപ്രവർത്തനം കിഷൻ ചന്ദർക്ക് ഗുണത്തേക്കാൾ ദോഷമാണ് ചെയ്തിട്ടുള്ളതെന്നഭിപ്രായപ്പെടുന്നവർ ധാരാളമുണ്ട്. അദ്ദേഹത്തിന്റെ കഥകളെ 'പത്രലേഖനങ്ങളാക്കി അധഃപതിപ്പിച്ചു കളഞ്ഞത്രേ! പക്ഷേ, ഇത് നിഷ്പക്ഷനിരൂപണമാണെന്നു പറയാൻ വയ്യ. പരമാർത്ഥമിതാണ്; പത്രപ്രവർത്തനം മൂലം വളരെ വേഗത്തിലും രസകരമായും സമകാലികപ്രാധാന്യമുള്ള വിഷയങ്ങളെപ്പററി കഥകളെഴുതാൻ കിഷൻ ചന്ദർ പഠിച്ചു.

ഇരുപതിൽക്കൂടുതൽ ചെറുകഥാസമാഹാരങ്ങൾ ഇതിനകം കിഷൻ ചന്ദറുടെ വകയായി പുറത്തു വന്നിട്ടുണ്ട്. ദേശീയമായും അന്തർദ്ദേശീയമായും പ്രാധാന്യം വഹിക്കുന്ന

പ്രശ്നങ്ങളെ ഉപജീവിച്ചെഴുതിയ കഥകളും അവയിൽ കണ്ടേക്കാമെങ്കിലും ബഹുഭൂരിപക്ഷവും റൊമാന്റിക് കഥകളത്രേ. എന്തിനേയും റൊമാന്റിസിസത്തിന്റെ മൂടൽമഞ്ഞിലൂടെ നോക്കിക്കാണുവാനാണദ്ദേഹം ഇഷ്ടപ്പെടുന്നത്. തിളച്ചു മറിയുന്ന ജീവിതത്തെപ്പോലും കാല്പനികതയുടെ പട്ടുകുപ്പായമണിയിച്ച് കിഷൻ ചന്ദർ അവതരിപ്പിക്കുമ്പോൾ അതിന്റെ മനോഹാരിത ഒന്ന് പ്രത്യേകമാണ്. അതുകൊണ്ടു തന്നെയാണ് പുരോഗമനസാഹിത്യകാരനെന്നഭിമാനിക്കുന്ന അദ്ദേഹത്തിന്റെ അതിരുകടന്ന ഈ റൊമാന്റിക് പ്രേമത്തെ നാം വകവച്ചുകൊടുക്കുന്നതും.

കിഷൻ ചന്ദറുടെ കഥകളിൽ നല്ലൊരു ഭാഗം ഇൻഡ്യയിലെ പ്രധാനപ്പെട്ട പ്രാദേശിക ഭാഷകളിലേക്കും റഷ്യൻ, ചൈനീസ് മുതലായ വിദേശ ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. [‘നാം കാടന്മാരാണ്,’ ‘എനിക്കു മരിക്കാൻ വയ്യ,’ ‘ജ്വാലയും പൂവും,’ ‘മഞ്ഞപ്പിത്തം’ എന്നീ പേരുകളിൽ കിഷൻ ചന്ദറുടെ ഏതാനും കഥാസമാഹാരങ്ങൾ മലയാളത്തിലേക്കും തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്.]

ആധുനിക ഉർദുസാഹിത്യത്തിലെ അതുല്യനായ ഈ ചെറുകഥാകൃത്ത് ഒരു ‘മനുഷ്യൻ’ എന്നുള്ള നിലയിൽ എങ്ങനെയിരിക്കും? ഉയരം കുറഞ്ഞ് ലേശം കഷണ്ടിയുള്ള ഈ നാല്പത്തിമൂന്നുകാരൻ വിവാഹിതനും മൂന്നു കുഞ്ഞുങ്ങളുടെ പിതാവുമാണ്. ബോംബേയ്ക്കു സമീപമുള്ള ‘വെഴ്സോവ’ എന്ന സ്ഥലത്ത് ഒരിക്കൽ ഒരു കോടീശ്വരന്റെ വകയായിരുന്ന ഒരു പ്രാസാദത്തിലാണിന്നദ്ദേഹം ജീവിക്കുന്നത്. കിഷൻ ചന്ദറുടെ സുഹൃത്‌വലയത്തിന്റെ വ്യാസം ആരെയും അമ്പരപ്പിക്കുവാൻ പര്യാപ്തമാണ്. ലോകത്തെങ്ങുമുള്ള അദ്ദേഹത്തിന്റെ ആരാധകരിൽ ബഹുഭൂരിപക്ഷവും വനിതകളാണെന്നുള്ളത്, പ്രത്യേകിച്ചും കോളേജ് വിദ്യാർത്ഥിനികളാണെന്നുള്ളത്, പരസ്യമായ ഒരു രഹസ്യമാണ്. ഈയിടെ ലണ്ടൻ, പാരീസ് മുതലായ പട്ടണങ്ങൾ സന്ദർശിച്ച് മോസ്കോവിലെത്തിയ കിഷൻ ചന്ദറെ ഒരു കൂട്ടം പെൺകുട്ടികൾ ചേർന്ന് മാസ്മരാകൃഷ്ടും ചെയ്തതും പ്രസിദ്ധമാണ്. സാമാന്യം ലജ്ജാശീലനായ ഈ എഴുത്തുകാരൻ ‘പൊടിപ്പൻ പ്രസംഗങ്ങൾ’ നടത്തുന്നതിൽ പ്രായേണ വിമുഖനത്രേ.

(ഒരിംഗ്ലീഷ് ലേഖനത്തോട് കടപ്പാട്)

---

## “അകലുമ്പോൾ”

(വി. കെ. എസ്സ്. ഐരിമ്മറം)

അകലുന്നു ഞാൻ നിന്നിൽ നിന്ന് ; തൻ മുകുരത്തിൽ
പ്രകൃതീശ്വരി, പക്ഷേ കാണിപ്പൂനിന്നാകാരം:
ഭാവനാ വിമാനത്തിലേറിയെന്നോടൊത്തെത്തും
താവക മനമത്രേ കാണ്മൂ ഞാൻ ശശാങ്കനിൽ ;
ശാരദ വാനിൽ ഒരു കോരകം ചിന്നും വെള്ളി-
ത്താരകങ്ങളിൽ കാണ്മൂ താവക നയനങ്ങൾ;

കൽക്കരിപ്പുക തുപ്പിപ്പായുമിത്തീവണ്ടിതൻ-
ചക്രസന്ദോഹത്തിന്റെ കർക്കശാരവങ്ങളിൽ
രാഗനിർഭര ചിത്തസ്പന്ദനം കേൾപ്പൂ; പ്രേമ-
സാഗരതരംഗങ്ങളലറും മന്ദ്രഘോഷം.
മാറിട മുലച്ചുകൊണ്ടുയരും ദീർഘശ്വാസം
മാതിരി മുഴങ്ങുന്നു ചെവിയിൽ ചൂളംവിളി.
വിരഹത്തിൽ ഞാൻ കാണ്മതൊക്കെയും ഭേദം,
വിമലം; ശ്രവിപ്പതും–താൽപ്രേമ ഗാനാലാപം !

---

# തകരുന്ന ഹൃദയങ്ങൾ

(ജഫ്രീസ് കെ. സാമുവൽ, U. P. Class)

അസ്തമനാർക്കൻ സമുദ്രത്തിൽ പകുതി താണുകഴിഞ്ഞു. പശ്ചിമാംബരം രശ്മിസമൂഹത്തിന്റെ അരുണിമയിൽ മുങ്ങി. പവനൻ ശ്രദ്ധയോടുകൂടി തന്റെ കൃത്യം നിറവേററിക്കൊണ്ടിരിക്കുന്നു. കേരളദേവിയുടെ പാദത്തിൽ അബ്ധി വെള്ളിച്ചിലമ്പു അണിയിച്ചുകൊണ്ടിരിക്കുന്നു.

അന്നും ഞങ്ങൾ മൂവരും കടൽത്തീരത്തിൽ ഇരിപ്പുറപ്പിച്ചു. ഞങ്ങൾ പ്രകൃതിസൌന്ദര്യത്തെ എന്നത്തേയും പോലെ അന്നും ആസ്വദിച്ചുകൊണ്ടിരുന്നു. അന്നും മാരുതൻ ഞങ്ങളെ ഒന്നുപോലെ ആശ്ലേഷിച്ചുകൊണ്ടിരുന്നു.

സുകുവും തോമ്മസും എന്റെ ചങ്ങാതികളാണു്. ഞാനും സുകുവും ഒരേ ക്ലാസ്സിലാണു്. തോമ്മസു ഞങ്ങളേക്കാൾ ഒരു ക്ലാസ്സു് മുന്നിലാണു്. ഏതോ അദൃശ്യമായ ശക്തിയാൽ ഞങ്ങൾ ബന്ധിതരായിരുന്നു. ഞങ്ങളുടെ സ്നേഹത്തിൽനിന്നും ഞങ്ങളെ വേർപിരിക്കുവാൻ ഒരു ശക്തിക്കും കഴിവില്ലെന്നു ഞങ്ങൾ വിശ്വസിച്ചു. മററു സഹപാഠികൾ അസൂയാലുക്കളായിത്തീർന്നിട്ടുണ്ടു്. ഞങ്ങളുടെ സ്നേഹശൃംഖലയെ വിഘടിക്കുവാൻ അവർ ശ്രമിച്ചിട്ടുണ്ടു്. പക്ഷെ ഞങ്ങൾക്കു ഒരു ഇളക്കവും തട്ടിയില്ല. കൈകൾ കോർത്തുപിടിച്ചുകൊണ്ടു ഞങ്ങൾ ഇപ്രകാരം പാടുക പതിവായിരുന്നു.

> മൂന്നാമെണ്ണുകിലും നമ്മളൊററ—
> ക്കരളല്ലേ, ജീവനുമേകമല്ലേ ?

ഞങ്ങളെപ്പോലെ അനേകർ ആ സമുദ്രതീരത്തിൽ വന്നുകൂടീട്ടുണ്ടു്. ചിലർ വെടിപറഞ്ഞും, ചിലർ ചീട്ടു കളിച്ചും, മററു ചിലർ സൂര്യാസ്തമനം മൂകരായി കണ്ടും ഇങ്ങനെ വിവിധതരത്തിൽ സമയം ചെലവഴിക്കുന്നു. വിലയേറിയതും വർണ്ണഭംഗിയുള്ളതുമായ സാരിത്തുമ്പുകൾ പവനനിൽ പാറിക്കളിച്ചു.

സമയം മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. അർക്കൻ അബ്ധിയിൽ പൂർണ്ണമായി ലയിച്ചു. അന്ധകാരം പരന്നുതുടങ്ങി. മററുള്ളവരോടൊപ്പം ഞങ്ങളും മണൽത്തിട്ട വിട്ടു സ്വഗൃഹങ്ങളിലേക്കു തിരിച്ചു. ഇങ്ങനെ ഉല്ലാസപ്രദങ്ങളായ അനേകം സായാഹ്നങ്ങൾ ഒന്നിനു പുറകെ ഒന്നായിട്ടു കടന്നു പൊയ്ക്കൊണ്ടിരുന്നു.

* * *

തോമ്മസു സ്കൂൾഫൈനൽ പാസ്സായി. അവന്റെ പിതാവു അവനെ ആലുവാകോളജിലേക്കു അയക്കുവാൻ തീരുമാനിച്ചു. ഈ വാർത്ത ഞങ്ങളെ മൂവരേയും ഒന്നുപോലെ ദുഃഖിതരാക്കിത്തീർത്തു. പക്ഷെ എന്തു ചെയ്യാം? ഞങ്ങൾ മൂവരും ഒരേ ക്ലാസ്സിലായിരുന്നെങ്കിൽ എന്നു ഞങ്ങളാശിച്ചു. തോമ്മസിന്റെ യാത്രയുടെ തലേദിവസം സായാഹ്നത്തിൽ ഞങ്ങൾ പതിവുപോലെ കടൽത്തീരത്തിൽ എത്തി. അന്നത്തെ അസ്തമനസൂര്യനു ഞങ്ങളെ ആഹ്ലാദിപ്പിക്കുവാൻ കഴിഞ്ഞില്ല. മാരുതനു ഞങ്ങളുടെ ഹൃദയത്തിനു ആശ്വാസം നല്കുവാൻ കഴിഞ്ഞില്ല. അന്നത്തെ സൂര്യൻ പെട്ടെന്നു അസ്തമിച്ചു എന്നു ഞങ്ങൾക്കു തോന്നി. അന്നത്തെ വേർപിരിവിന്റെ ചില നിമിഷങ്ങൾ വിവരിക്കുവാൻ ഞാൻ പ്രാപ്തനല്ല. തോമസ്സു് ഞങ്ങളെ കുറച്ചുകാലത്തേക്കു വിട്ടുപിരിഞ്ഞു.

* * *

നാളുകൾ മുന്നോട്ടു കടന്നു പൊയ്ക്കൊണ്ടിരുന്നു. ഞാനും സുകുവും തന്നെ കഴിച്ചുകൂട്ടിയ സായാഹ്നങ്ങളും അനേകംകടന്നുപോയി. ഞങ്ങളുടെ സ്നേഹിതന്റെ വേർപാടു മൂലം ഞങ്ങൾക്കു പൂർണ്ണസന്തോഷം ലഭിച്ചിരുന്നില്ല. ഞങ്ങളുടെ സന്തോഷം പൂർണ്ണമാകുവാൻ ഞങ്ങൾ ചങ്ങാതിയെ കാത്തുകാത്തിരുന്നു.

വിധി വീണ്ടും ഞങ്ങളുടെ ജീവിതത്തിൽ കൈ കടത്തി. ദുഃഖത്തിന്റെ ആഴത്തിലേക്കു വീണ്ടും ഇതാ ഞങ്ങളെ വലിച്ചെറിയുന്നു. ഒരു ദിവസം അപ്രതീക്ഷിതമായ ഒരു സംഭവം നടന്നു. എന്റെ അന്തരംഗത്തിൽ നിറഞ്ഞു് കവിഞ്ഞിരിക്കുന്ന ദുഃഖസംഭവം വിവരിപ്പാൻ എന്നെ സമ്മതിക്കുന്നില്ല. ഒറ്റ

വാചകത്തിൽ പറഞ്ഞുകൊള്ളട്ടെ. എന്റെ സ്നേഹിതൻ, സുകു ഒരു ബസ്സപകടത്തിൽ മരിച്ചു. സുകു ഇതാ എന്നന്നേക്കുമായി ഞങ്ങളെ വിട്ട് ഭൂതലത്തിൽനിന്നും കടന്നുപോയി. ജീവിതത്തിൽ നൈരാശ്യം ജനിപ്പിക്കുന്ന സന്ദർഭം. ആ മരണരാക്ഷസി, ആ കാളസർപ്പം ആരെ വിഴുങ്ങേണ്ടു എന്നു തിരക്കി ഊടാടി സഞ്ചരിക്കുകയാണ്. വിധിയെ ആർക്കു തടഞ്ഞുനിർത്താം ?

സുകുവിന്റെ വിയോഗം തോമ്മസിനെ അറിയിക്കുവാൻ എന്റെ കരം തൂലിക ചലിപ്പിച്ചില്ല. ദുഃഖത്തിന്റെ കരിമ്പടം എന്നെ മൂടിക്കളഞ്ഞു. എന്റെ ഹൃദയം തകർന്നു. എന്റെ ജീവിതത്തെ ഞാൻ വെറുത്തു. വിധിയെ ഞാൻ ശപിച്ചു.

സുകുവിന്റെ മരണശേഷം രണ്ടു ദിവസം കഴിഞ്ഞ് തോമസ്സ് സ്വദേശത്തെത്തി. അവധി ലഭിക്കുവാൻ കാരണമെന്തെന്നു ഞാൻ അത്ഭുതപ്പെട്ടു. അപ്പോഴും സുകുവിന്റെ വിയോഗം ആ സ്നേഹനിധി അറിഞ്ഞിരുന്നില്ല. സുകുവിന്റെ സ്നേഹശൃംഖല തന്റെ ചെങ്ങാതിയെ വലിച്ച് സ്വദേശത്ത് എത്തിച്ചതായിരിക്കാം. വീട്ടിൽ വന്നപ്പോൾ തന്നെ ചങ്ങാതികളോട് ഒത്തുചേരുവാൻ തോമസ്സിന്റെ ഹൃദയം ആവേശം കൊണ്ടു. എന്നെ കണ്ടപ്പോൾ തന്നെ സുകുവിന്റെ വിവരം ചോദിച്ചു. എന്റെ കണ്ണിൽ അശ്രുകണങ്ങൾ പൊടിച്ചു. കടൽക്കരയിൽ വെച്ച് കാണാം എന്നു പറഞ്ഞിട്ട് വാസ്തവം പറയാൻ ഞാൻ ശക്തനാകാതെ തിരിഞ്ഞു നടന്നുകളഞ്ഞു.

സായാഹ്നസമയം ഞാനും തോമ്മസും കടൽക്കരയിൽ എത്തി. എന്റെ ചങ്ങാതിയോട് സംസാരിക്കുവാൻ എന്റെ നാവു പൊങ്ങിയില്ല. മൂകരായി ഞങ്ങൾ കടൽക്കരയിൽ അല്പസമയം ഇരുന്നു. സമുദ്രത്തിൽ ആഞ്ഞലച്ചുകൊണ്ടിരുന്ന അലകൾപോലെ എന്റെ ഹൃദയത്തിൽ ചിന്താതരംഗങ്ങൾ അലച്ചുകൊണ്ടിരുന്നു. "എന്താ ചങ്ങാതി മിണ്ടാതിരിക്കുന്നത്. സുകുവിനെ കാണുന്നില്ലല്ലോ ? " തോമ്മസു ചോദിച്ചു. പെട്ടെന്ന് എന്റെ കണ്ണിൽ കണ്ണുനീർ നിറഞ്ഞു. ചിറ പൊട്ടി ഒഴുകുന്നതുപോലെ അശ്രുകണങ്ങൾ ധാരയായി ഒഴുകി. തോമ്മസിന്റെ സംഭ്രമം കൂടി. വിവരം അറിയുവാൻ അവൻ ധൃതികൂട്ടി. ഞാൻ വെന്തുനീറുന്ന ഹൃദയത്തോടുകൂടി അവ്യക്തമായ ഭാഷയിൽ വാസ്തവം ഒരുവിധം തോമസ്സിനെ അറിയിച്ചു. കണ്ണുനീരിൽ നിമഗ്നനായ എന്റെ സ്നേഹിതൻ കടൽക്കരയിൽനിന്നും എഴുന്നേറ്റു ഓടുവാൻ തുടങ്ങി. ഞാനും പുറകെ ഓടി. ഹൃദയത്തിലെ വികാരം ഏതുവിധം പ്രകടമാക്കേണ്ടു. സുകുവിനെ അടക്കിയിരിക്കുന്ന ശ്മശാനത്തിലേക്കാണ് ഞങ്ങൾ ചെന്നത്. തോമസിന്റെ അന്നേരത്തെ സ്നേഹപാരവശ്യം വർണ്ണിക്കുവാൻ വിഷമം. കല്ലറയെ ആശ്ലേഷിച്ചുകൊണ്ടുള്ള ആ സ്നേഹനിധിയുടെ കിടപ്പ് ആരുടെ ഹൃദയത്തെയാണ് അലിയിക്കാത്തത്. കല്ലറ കണ്ടപ്പോൾ തന്നെ എന്റെ ഹൃദയം തകർന്നുപോയി. "എന്റെ സ്നേഹിതാ നീ ഞങ്ങളെ ഇത്ര വേഗം തള്ളിയിട്ട് കടന്നുപോയോ ? ഞാൻ എന്തിനു ലോകത്തിൽ ജീവിക്കുന്നു. നിന്നെ കൂടാതെ എനിക്കു ജീവിക്കുവാൻ കഴികയില്ല. നീയെന്റെ ജീവനല്ലേ" തുടങ്ങിയുള്ള തോമ്മസിന്റെ വാക്കുകൾ എന്റെ കരളിനെ ഉരുക്കി. വളരെ സമയത്തേക്കു തോമ്മസിനെ ആശ്വസിപ്പിക്കുവാൻ എനിക്കു ശക്തിയുണ്ടായില്ല. കല്ലറയുടെ മീതെനിന്നും എന്റെ സ്നേഹിതനെ വേർപെടുത്തുവാൻ ഒരു ഭഗീരഥപ്രയത്നം തന്നെ നടത്തേണ്ടിവന്നു. തകരുന്ന രണ്ടു ഹൃദയങ്ങൾ !............

കവിത

# വിസ്മൃതിയിൽനിന്ന്

(എസ്സ്. ഗോപാല കൃഷ്ണൻ)
Class IV Physics

രാവിന്റെ നിസ്തുലമാം ശീതം ശ്രവിക്കുവാൻ
ജാലകം മെല്ലെ തുറന്നൊരു വേളയിൽ,

എങ്ങുനിന്നെത്തിയെന്നോമൽ സ്നേഹത്തിന്റെ
സന്ദേശവും പേറി, നീ, കൊച്ചുതെന്നലേ?

മഞ്ഞിൽക്കുളിച്ച കുരുക്കുത്തി മുല്ലകൾ
കണ്ണുതുറക്കുന്ന നീരവ രാത്രിയിൽ :
വാസന്ത ഭംഗിയിലാമലർ വാടിയിൽ
മാകന്ദരാജികൾ പൂവിടും വേളയിൽ :

ഓർമ്മതൻ മാറാല തട്ടിക്കുടഞ്ഞെന്റെ
യോമൽ സ്നേഹത്തിനെ യോർക്കുമാറുണ്ടു ഞാൻ.

അമ്പലത്തിൻ മുന്നിലാൽത്തറച്ചോട്ടിൽ വ–
ച്ചന്നു സഗദ്ഗദം യാത്ര ചോദിച്ചു ഞാൻ

പൊട്ടിക്കരഞ്ഞിതച്ചൂള മരത്തിന്റെ
ചോട്ടിൽ ഞാനൊററയ്ക്കിരുന്നെത്രനാളുകൾ

നീറി ദഹിക്കയാണെൻ കരളൊട്ടേറെ
ലോലമായ്പ്പോയതിൻ കുററ, മെല്ലാമെന്നാലും

സന്ധിച്ചുപോയി നാം ജീവിതപാതക-
ളൊന്നിച്ചുമക്കലാക്ഷേത്രത്തിലെന്തിനോ

വിണ്ണിൽ തലപൊക്കി നിൽക്കുമാ
'ചാപ്പലിൻ'–
സന്ദേശമെത്ര നാം വായിച്ചതാണ നാം.

സ്വപ്നം കൊരുക്കുമാച്ചൂളമരത്തിന്റെ–
ചോട്ടിൽ നാം സന്ധിച്ച സായാഹ്നവേളകൾ

വിസ്മരിക്കാൻ കഴിവില്ല നവം നിലാ–
വിററിററലിയുന്നൊരാ മണൽത്തിട്ടകൾ,

താഴെ സ്മിതാഭം പൂത്തു പോയിട്ടമാ–
പ്പാതയും, നീലച്ചോരാപയലേലയും,

അന്തിച്ചുകപ്പിൽ കുളിക്കുന്ന ഫോസ്സുലി–
ന്നന്തികത്തുള്ളൊരാ റബ്ബർ മരങ്ങളും,

നാളെ മറക്കാതിരിക്കാം, ചിലപ്പൊഴി-
വേദനിച്ചീടുമാത്മാവിൻ പ്രരോദനം

വെള്ളി നിലാവിലക്കാട്ടു നീർച്ചോലതൻ
കള്ളച്ചിരിയിൽ ലയിച്ചു നാമെത്രനാൾ;

എത്ര വാഗ്ദാനങ്ങൾ,മെത്രസങ്കല്പങ്ങ–
ളെത്രയോ സ്വപ്നങ്ങൾ, പങ്കിട്ടെടുത്തുനാം.

കുററപ്പെടുത്തില്ല നിന്നെ ഞാനിന്നു നീ–
വിസ്മരിച്ചാലുമീ നിസ്തുലമാം ജീവിയെ

ഞാനിങ്ങകലെയെൻ തീരാത്ത വേദന-
ക്കാഹുതിയായിക്കഴിയുന്ന മാത്രകൾ

നിന്നെക്കുറിച്ചുള്ളൊരോമൽ സ്മൃതിയിലെ–
ന്നെന്നും വിലയിക്കു മെന്നെ മറക്കുവാൻ,
ജീവിത പത്രനാണിന്നു നീ യെങ്കിലു–
മീവഴിപോകുമ്പോഴെന്നെയോർക്കില്ലയോ ?

---

ചെറുകഥ

# സെലീന

(വിൻസർ ററി. കെ.)
പ്രീയൂണിവേഴ്സിററി ക്ലാസ്സ് ബി. ബാച്ച്

ഞങ്ങൾ— ഞാനും സെലിയും ആ തേൻമാവിന്റെ ചുവട്ടിൽ ദിവസവും സമ്മേളിക്കുക പതിവായിരുന്നു. അതിദീർഘമായ കാലഘട്ടത്തിന്റെ പരിചയത്തുകൾ ഞങ്ങളെ പരസ്പരം ബന്ധിച്ചിരുന്നു. ചിരിച്ചുകൊണ്ടു മൺമറഞ്ഞ എന്റെ സെലിയെ ഞാൻ ഇന്നും ഓർക്കുന്നു.

..............................................................

അതിന്നൊരു ഞായറാഴ്ചയായിരുന്നു. അരുണകിരണങ്ങൾ പടിഞ്ഞാറുദിക്കിൽ ചെഞ്ചായം പൂശിയിട്ടുണ്ടു്. ഞാൻ ബാറുമായി കളിക്കുവാൻ പോകുകയായിരുന്നു. ആ പൊതുക്കുളത്തിന്റെ പടിഞ്ഞാറുഭാഗത്തു കാണുന്ന വലിയ വീട്ടിലേക്കു ഞാൻ അത്യാർത്തിയോടുകൂടി നോക്കി. നോക്കേണ്ടതില്ലായിരുന്നു എന്നെനിക്കു പിന്നീടു തോന്നി. അതാ ആ വീട്ടിലെ പടിഞ്ഞാറുഭാഗത്തു് എന്റെ സെലി പേടിച്ചു വിറച്ചു നില്ക്കുന്നു. അവളുടെ മുമ്പിൽ വടിയേന്തിയ അവളുടെ ബാപ്പ. ഞാൻ വേലിയുടെ മുകളിൽക്കൂടി സൂക്ഷിച്ചു നോക്കി. കറപിടിച്ച ആ പല്ലുകൾ. അതു ഞാൻ വളരെ വ്യക്തമായിക്കാണുകയുണ്ടായി. അവ വിറയ്ക്കുന്ന ചുണ്ടുകളേയും തോല്പിച്ചുകൊണ്ടു മുമ്പോട്ടു ഉന്തിനില്ക്കുന്നു. അവളുടെ ആ കൊച്ചുകവിളുകളിൽ വടിയുടെ പാടുകൾ ദൃശ്യമായിരുന്നു. അവളുടെ പ്രിയപ്പെട്ട ബാപ്പ അന്നു വല്ലാതെ ക്ഷോഭിച്ചിരുന്നു.

"സെലീന നിന്നെ ഞാൻ........അവളുടെ ബാപ്പ ഗർജ്ജിച്ചു. ആ ചുണ്ടുകൾ ഒന്നുകൂടി വിറച്ചു. പേടിച്ചു വിറച്ചു നില്ക്കുന്ന സെലീനയെ ഞാൻ ഇന്നും ഓർക്കുന്നു.

അടുത്ത ദിവസവും അവൾ ആ മാവിൻ ചുവട്ടിൽ നേരത്തെ ഹാജരുണ്ടായിരുന്നു. പരിഭ്രമം നിറഞ്ഞ ചോദ്യങ്ങളുമായി അവൾ എന്നെ കാത്തു നില്ക്കുകയായിരുന്നു. നീലാകാശത്തിന്റെ പടിഞ്ഞാറുഭാഗം ചുവന്ന നറുങ്ങുമേഘങ്ങളാൽ പ്രശോഭിതമായിരുന്നു.

"ബാബേട്ടാ കാഫർ എന്നാൽ എന്താ?" അവളുടെ സംശയം അതിന്റെ ഫണം വിടർത്തി.

"കാഫർ എന്നുവെച്ചാൽ..........., അല്ല ആരാണു സെലിയോടു കാഫർ എന്നു പറഞ്ഞതു്"? 'കാഫറെന്നു പറഞ്ഞാൽ പറയാം.'

അവളുടെ ജിജ്ഞാസ തലയുയർത്തി.

"കാഫറെന്നുവെച്ചാൽ അതു് ഞാനാണു് സെലീന" ഞാൻ അറിയാതെ പറഞ്ഞുപോയി.

ആ കണ്ണുകളിൽ അവിശ്വാസം ഓളം തല്ലി.

"ഉം പിന്നെ ബാബേട്ടൻ കാഫർ" പാവം അവളെങ്ങനെ വിശ്വസിക്കും അവളുടെ പ്രിയപ്പെട്ട ബാബേട്ടൻ കാഫറാണെന്നു്".

അതേ സെലീ ഞാനും ഒരു കാഫറാണു്. ഞാൻ വീണ്ടും ഉറപ്പിച്ചു.

അപ്പം ബാബേട്ടനെ സൂക്ഷിക്കണോല്ലോ? അവൾ അവളുടെ സംശയം പ്രകടിപ്പിച്ചു.

ഉം അതെന്താ ?

കാഫറുകൾ വല്ല്യ വെശമക്കാരല്ലേ? അവൾ ചോദിച്ചു.

"ആരുപറഞ്ഞു വലിയ വിഷമക്കാരെന്നു്?"

"ബാപ്പ." അവൾ പ്രതിവചിച്ചു.

ബാപ്പ!? ഞാൻ അത്ഭുതം പ്രകടിപ്പിച്ചു. 'ബാപ്പ പിന്നെയെന്തെല്ലാം പറഞ്ഞു? ഞാൻ ജിജ്ഞാസുവായി.

'ബാപ്പ ഉമ്മയോടു പറഞ്ഞു കാഫറിന്റെ ക്രൂട്ടുകെട്ടു മോക്ഷം കൊള്ളുകില്ലെന്നു്'. അവൾ കേട്ടതിന്റെ ആകെത്തുക നിരത്തിവെച്ചു.

"സെലീന, ഉമ്മ അന്വേഷിക്കും." ഞാൻ അവളെ ഓർമ്മപ്പെടുത്തി.

മനം മയക്കുന്ന പുഞ്ചിരി തന്നിട്ടു ഓടിമറഞ്ഞ എന്റെ സെലീ, നീയെവിടെയാണു്?

നല്ല തണുപ്പു്. മഞ്ഞു ആകാശത്തിനെ ത്ര വട്ടം നിമീലിച്ചിരുന്നു എന്നിട്ടും ഞാൻ മാത്രം വികാര വിവശൻ ആയിരുന്നു. അറിഞ്ഞു ഒരുപക്ഷേ ആയിരമായിരം മനുഷ്യാത്മാക്കൾ വേദനയുടെ ദീർഘ നിശ്വാസങ്ങൾ പൊഴിക്കുന്നില്ലെന്നു്! ഓ! അന്നത്തെ ആ കാളരാത്രി ആവശ്യത്തിലേറെ നീളം വയ്ക്കുന്നതായി എനിക്കു തോന്നി. എന്റെ സെലീന, ആ മായാത്ത പുഞ്ചിരിയുമായി നീയെന്തിനെന്റെ മുമ്പിൽ അവതരിച്ചു. ഭീഷണിയുടെ ഉഗ്രതയെപ്പോലും വകവയ്ക്കാതെ നീയെന്തിനാ മരച്ചുവട്ടിൽ വന്നു. ചിരിക്കുവാനല്ലാതെ കരയുവാൻ പഠിച്ചിട്ടില്ലാത്ത എന്റെ സെലീ നീയെന്തിനെന്റെ കൺമുമ്പിൽ വന്നു.

* * * *

ദിവസങ്ങൾ പൊഴിഞ്ഞുകൊണ്ടിരുന്ന പൂവാടി.

എന്റെ സെലീന അത്യാചാരങ്ങളുടെ നാലുകെട്ടിലേക്കു മാറ്റപ്പെട്ടു. ശൂന്യമായ എന്റെ പൂവാടിയിൽ വണ്ടുകൾപോലും പറന്നില്ല. എന്റെ സെലീന, നീയെവിടെയാണു് ?

അന്നും ഒരു ഞായറാഴ്ചയായിരുന്നു. ഞാൻ വേഗത്തിൽ നടക്കുകയാണ്. പള്ളിയുടെ മൂല തിരിഞ്ഞ ഇടവഴിയിലേക്ക് ഞാൻ കാലെടുത്തുവെച്ചു.

“ബാബേട്ടാ,” പരിചിതമായ ഒരു കളവാണി.

‘ബാബേട്ടാ!’ എന്റെ സെലീന, ഹ! സെലി. ഒരു കൊച്ചേച്ചിലക്കടയിൽ അവൾ ഒരു സൗന്ദര്യദേവതയായിരുന്നു.

‘സെലീ, എത്രമാത്രം മാറിയിരിക്കുന്നു!’ ഞാൻ ആശ്ചര്യം പ്രകടിപ്പിച്ചു.

‘ഓ! ഈ ബാബേട്ടന് എപ്പോഴും കളിതന്നെ’ അവൾ പരിഭവിച്ചു.

‘സെലീ!’ അവളുടെ ഉമ്മ അലറിക്കൊണ്ടോടിയടുത്തു.

ഉം? അവർ ഉഗ്രമായിട്ടൊന്നുനോക്കി.

“ബാബേട്ടാ” അവൾ അവസാനമായെന്നെ നോക്കി. ആ കണ്ണുകൾ വികസിച്ചിരുന്നു. കരയുന്ന ആ കണ്ണുകൾ സംസാരിക്കുന്നുണ്ടായിരുന്നു. മനമിലും മിഴിയിലും, അവൾ നടന്നകന്നു.

..................................

ഞാനെന്റെ ചിന്തകൾക്കു രൂപം കൊടുത്തു. അതെ ആദ്യമായി ഞാൻ സെലിയുമായി പരിചയപ്പെടുന്നത് അവളുടെ ആറാമത്തെ വയസ്സിലാണ്, എനിക്കു പതിനൊന്നും. കാറ്റിൽ ഉലഞ്ഞാടുന്ന ആ തേന്മാവിൽ നിന്നും പൊഴിഞ്ഞുവീണിരുന്ന മാമ്പഴങ്ങളായിരുന്നു ഞങ്ങളെ പരസ്പരം പരിചയപ്പെടുത്തിയത്. ആദ്യമാദ്യം ഞങ്ങൾ അപരിചിതരെപ്പോലെ ഭാവിച്ചിരുന്നു. ഏതാനും ദിവസങ്ങൾക്കകം ഞങ്ങൾ ഉറ്റ ചങ്ങാതികളായിത്തീർന്നു. എന്നെ സംബന്ധിച്ചിടത്തോളം അതിൽ അത്ഭുതമില്ലായിരുന്നു. ആ നിഷ്കളങ്കതയുടെ മുമ്പിൽ അലയാഴിയിലെ പൊങ്ങുതടിയായിരുന്നു ഞാൻ. എത്രമാത്രം ചെറുതും വലുതുമായ കാര്യങ്ങൾ ഞങ്ങൾ കൈമാറിയിരിക്കുന്നു. അവളുടെ വീട്ടിലെ കണ്ടൻപൂച്ചതൊട്ട് ദൈവത്തിന്റെ അമാനുഷിക ശക്തിവരെ ഞങ്ങളുടെ പ്രതിപാദ്യത്തിനു വിഷയീഭവിച്ചിരുന്നു. സ്നേഹത്തിന്റെ ദീപവുമായി എന്റെ ജീവിതത്തിലേക്കു കടന്നുവന്ന സെലീ! നീയെവിടെയാണ് ?

അധികനാളുകളായി ഞാൻ സെലിയെ കണ്ടിട്ട്. കുളിക്കാൻ സോപ്പും തുവർത്തുമെടുത്തു ഞാൻ കുളിക്കാൻ ഒരുങ്ങുകയായിരുന്നു. ഒരു റിക്ഷ വളരെയധികം വാടിയ മുഖങ്ങളെ വഹിച്ചുകൊണ്ടു കടന്നുപോയി. ആരാണെന്നു കാണുവാൻ കഴിഞ്ഞില്ല. ഞാൻ പടിക്കൽ വന്നുനോക്കി. ‘ആരാണാവണ്ടിയിൽ ?” അവസാനമായി വന്ന മനുഷ്യനോടു ഞാൻ വിവരം ചോദിച്ചു.

“കുഞ്ഞാലിമുതലാളീടെ പുന്നാരമോള്” അയാൾ പ്രതിവചിച്ചു.

“സെലീന!” എനിക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. “എന്താ സുഖക്കേട് ?” ഞാൻ ചോദിച്ചു. പക്ഷെ അയാൾ പൊയ്ക്കഴിഞ്ഞിരുന്നു. ആരോട് ചോദിക്കും ? ആരുമില്ല. കുളിച്ചുവെന്നുവരുത്തി ഞാൻ ഷർട്ടും മുണ്ടും ധരിച്ചു മുറ്റത്തിറങ്ങി. ഞാൻ നടക്കുകയായിരുന്നോ? എനിക്കു സംശയമായിരുന്നു. ഇല്ല ഞാൻ ഓടുകതന്നെയായിരുന്നിരിക്കണം. ഏതോ അദൃശ്യശക്തി എന്നെ ആശുപത്രിയിലേക്കു വലിച്ചിഴയ്ക്കുകയായിരുന്നു. ഞാൻ ആശുപത്രി വളപ്പിൽ പ്രവേശിച്ചപ്പോൾ വിയർപ്പിൽ മുങ്ങിയിരുന്നു. എന്റെ സെലി ആ ഒരു ചിന്തയിൽ മാത്രം കേന്ദ്രീകരിച്ചിരുന്നു എന്റെ അപ്പോഴത്തെ വിചാരങ്ങൾ.

ഞാൻ സ്ത്രീകളുടെ വാർഡിലേക്കു എത്തിനോക്കി. എന്റെ സെലി അവൾ മാത്രം ഇല്ല. അപ്പോഴായിരുന്നു അവളുടെ ബാപ്പ ഓടിക്കിതച്ച് എന്റെ മുമ്പിൽ കൂടി കടന്നുപോയത്. പാവം അദ്ദേഹം പൊട്ടിക്കരയുന്നുണ്ടായിരുന്നു, ആശുപത്രിയുടെ വടക്കേകിഴക്കേമൂലയിൽ ഉണ്ടായിരുന്ന പ്രത്യേക മുറികളിൽ തെക്കേ അറ്റത്തുണ്ടായിരുന്ന മുറിയിൽ അവളുടെ ബാപ്പ പ്രവേശിച്ചു. എനിക്കു മാത്രം ആ ക്രൂരയായ നേഴ്സ് പ്രവേശനം തന്നില്ല. എന്റെ സെലി അവൾക്കെന്തുപറ്റി? ഞാൻ ആ വരാന്തയിൽ ഉണ്ടായിരുന്ന ജനലിൽകൂടി എത്തിനോക്കി വയ്യ! എന്റെ സെലിയെ കാണാൻ വയ്യ! എനിക്കു പൊട്ടിക്കരയണമെന്നുണ്ടായിരുന്നു. എന്റെ വേദന അവരെങ്ങനെ മനസ്സിലാക്കും? സെ

ലിയെ വിളിക്കുവാൻ ആയിരം പ്രാവശ്യം ഞാൻ പ്രചോദനം ഉൾക്കൊണ്ടു. എന്റെ നാവ് ചലനരഹിതമായിരുന്നു. കണ്ണുനീർത്തുള്ളികൾ നിലത്തുവീണു ചിന്നിയപ്പോൾ മാത്രമേ ഞാൻ അറിഞ്ഞുള്ളൂ കരയുകയായിരുന്നെന്ന്. ആളുകൾ കൂടെക്കൂടെ ആ മുറിയ്ക്കകത്തേക്കും അതിൽനിന്നു പുറത്തേക്കും പൊയ്ക്കൊണ്ടിരുന്നു. ഞാൻ ഓരോരുത്തരുടെയും മുഖം പരിശോധിക്കുന്നുണ്ടായിരുന്നു. എല്ലാവരുടെയും മുഖത്തു സന്താപച്ഛായ നിഴലിച്ചിരുന്നു. ആ മുറി ഭയാനകമായ മൂകതയെ അവലംബിച്ചിരുന്നു. നിമിഷം പ്രതി പേടിപ്പെടുത്തുന്ന നിശ്ശബ്ദത വർദ്ധിച്ചു വന്നിരുന്നു. എനിക്കു ആ കട്ടിലിന്മേലേക്കു ഓടിയണയണമെന്നുണ്ടായിരുന്നു. ഇല്ല! ഇനിയും സഹിക്കവയ്യ! ഞാൻ ആയിരമാളുകളുടെ ശക്തിയും ധൈര്യവും സമ്പാദിച്ചുകൊണ്ട് ആ മുറിയിലേക്കു പാഞ്ഞുകയറി. പെട്ടന്നാണു ചിറപൊട്ടിയ ഒരു രോദനം പുറപ്പെട്ടതു്. ഹാ! എന്റെ സെലി അവൾ പൊയ്ക്കഴിഞ്ഞു.........ഞങ്ങളുടെ പ്രതിപാദ്യത്തിന് വിഷയീഭവിച്ചിരുന്ന അമാനുഷികനായ ദൈവത്തിന്റെ സന്നിധിയിലേക്കു അവൾ പൊയ്ക്കഴിഞ്ഞു. ഞാൻ എന്റെ സെലിയെ കണ്ണിമയ്ക്കാതെ നോക്കി. അവൾ ചിരിക്കുന്നുണ്ടായിരുന്നു. ദൈവത്തിന്റെ സന്നിധിയിൽ ചെന്നു ചേർന്നിട്ടായിരിക്കാം അവൾ പുഞ്ചിരി പൊഴിക്കുന്നതു്. അവസാന നിമിഷത്തിൽപോലും ചിരിച്ചുമറഞ്ഞ എന്റെ സെലി നീയെവിടെയാണ്? നിന്റെ ബാബേട്ടന്റെ നിലയെന്തെന്നു നീ ഓർക്കുന്നോ?

ആശുപത്രിയിൽനിന്നും മടങ്ങുമ്പോൾ ഞാൻ ജീവച്ഛവമായിരുന്നു. വിലയേറിയ എന്തോ വഴുതിപ്പോയ ഒരനുഭവം. അറിയാത്ത ഒരു ജ്വാല എന്റെ കരളിൽ കത്തിക്കാളുന്നുണ്ടായിരുന്നു.

ചന്ദ്രികാചർച്ചിതമായ രാവ്. എന്നാലും ആകെ പൊള്ളിയുരുകുന്നുണ്ടായിരുന്നു. ഞാൻ ജനൽ തുറന്നു. അതാ ആ തേന്മാവ്! ഞാനും സെലിയും വിശേഷം പറയുന്ന ആ തേന്മാവിൻ ചോട്ടു. എന്റെ സെലി നീയെവിടെയാണ്? നിന്റെ ബാബേട്ടനെ നിശ്ശൂന്യതയിൽ ആഴ്ത്തിക്കൊണ്ടു നീയെവിടെ മറഞ്ഞു?

---

## "ചെമ്പകപ്പൂക്കളും കണ്ണീർക്കണങ്ങളും"

എൻ. സുകുമാരൻ, ക്ലാസ്സ് III. ബോട്ടണി

നനുനനുത്ത, കുളിർമ്മയേറിയ ആശകൾ, വെൺമുത്തുകണക്കെ ഒളിവിതറുന്ന പ്രതീക്ഷകൾ; സംഗീതത്തിന്റെ മധുരിമയുള്ള സ്വപ്നങ്ങൾ........എല്ലാം ആ ഹൃദയത്തിൽ കതിരിട്ടുനില്ക്കുകയാണ്. ഹാ......! ജീവിതം എത്ര ആനന്ദകരമാണ്.

കിടക്കയിൽ മലർന്നുകിടന്നുകൊണ്ട് ദാസൻ ഏതോ കിന്നരലോകത്തേക്കു പറന്നു പോകുകയാണ്.

ഹാ! കരളിലൊരു വേദന......പക്ഷേ മധുരിക്കുന്നതാണതു്. ഹൃദയത്തിന്റെ എല്ലാ കോണുകളിലും പുത്തൻ നിറയുന്ന വേദന.

എന്തെല്ലാം പ്രതീക്ഷകളാണ്! കണ്ണുനീരിന്റെ നനവും ചുവയുമുള്ള എത്രയെത്ര സ്വപ്നങ്ങൾ നെയ്തുകൂട്ടിക്കൊണ്ടാണ് താനിവിടെ വന്നതു്. കണ്ണുനീരിൽ വാർത്തെടുത്തതാണെങ്കിലും അവയിന്നു് സാക്ഷാത്കരിക്കപ്പെടുകയാണ്.

പടിക്കലെത്തിയപ്പോഴേയ്ക്കും ചന്ദ്രബിംബസുന്ദരമായ ആ മുഖമാണ് തന്നെ എതിരേറ്റതു്. തന്നെ കണ്ടപ്പോഴേയ്ക്കും ആ കണ്ണുകളിൽ ആനന്ദം നിറഞ്ഞു തുളുമ്പിയിരുന്നു. താനാശിച്ചതു തന്നെ ഫലിച്ചു.

ഇത്ര ഭാഗ്യവാനാണോ താൻ! ആദ്യമായിട്ടു താനവളെ കണ്ടപ്പോൾ ഇങ്ങനെയെല്ലാം വരുമെന്നു കരുതിയോ.........?

സിക്സ്ത്തിൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ്, അമ്മ അന്നത്തെ മെയിലിൽ വന്ന ഒരു കത്ത് ദാസന്റെ കയ്യിൽ കൊണ്ടുവന്നു

കൊടുത്തതു്. തന്റെ ഒരകന്ന ചാർച്ചക്കാരിയായ അമ്മായി വരുന്നു എന്നതായിരുന്നു ഉള്ളടക്കം.

അമ്മായി വന്നപ്പോൾ കൂടെ ഒരു മുത്തുപ്പാവാടക്കാരിയുമുണ്ടായിരുന്നു. അകന്ന ചാർച്ചക്കാരാണു്. അതുകൊണ്ടു വരവും പോക്കും കുറെക്കാലമായി നിന്നുപോയിരുന്നു. അതുകൊണ്ടാണു് ദാസൻ ആ പാവാടക്കാരിയെ അറിയാതിരുന്നതു്.

അമ്മയും അമ്മായിയും വിശേഷങ്ങൾ കൈമാറിക്കൊണ്ടിരുന്നപ്പോൾ ആ മധുരപ്പതിനാറിന്റെ കണ്ണു് മുറ്റത്തു പുഷ്പിച്ചു നിന്നിരുന്ന ചെടികളിലായിരുന്നു. അവസാനം അവ തെക്കുവശത്തുള്ള ചെമ്പകത്തിൽ ചെന്നു തറച്ചു.

വെണ്മയും, സൗരഭ്യവുമുള്ള ആ ചെമ്പകപ്പൂക്കളെ കണ്ടപ്പോൾ ആ കൊച്ചുകണ്ണുകളിൽ ആഗ്രഹത്തിന്റെ നിഴലുകൾ വിരിഞ്ഞു. ആ ചെമ്പകപ്പൂക്കളിലേയ്ക്കും ദാസിന്റെ മുഖത്തേയ്ക്കും അവൾ മാറി മാറി നോക്കി.

"എന്താ, ചെമ്പകപ്പൂക്കളിഷ്ടമാണോ?" ചുണ്ടിൽ നേരിയ പുഞ്ചിരിയുമായി ദാസൻ ചോദിച്ചു.

"ഉം." നാണം കലർന്ന ഒരു കള്ളനോട്ടത്തോടവൾ പറഞ്ഞു.

"ഞാൻ പറിച്ചു തരട്ടോ?"

"ഉം." സന്തോഷം ആ കണ്ണുകളിൽ തിരതല്ലി.

ആ ചെമ്പകച്ചുവട്ടിലേയ്ക്കവർ നടന്നു. പൂക്കൾ പൊട്ടിച്ചുകൊടുക്കുന്നതിനിടയിൽ ദാസൻ ചോദിച്ചു.

"പേരെന്താ?"

"നിലാ." നമ്രമുഖിയായി അവൾ പറഞ്ഞു.

"ഏതു ക്ലാസ്സിലാ പഠിക്കണേ?"

"ഫോർത്തില്."

"അയ്യേ! ഫോർത്തിലേ ആയൊള്ളോ?" ദാസൻ കളിയാക്കിച്ചിരിക്കുകയാണു്.

"ചേട്ടനെത്രേലാ...?" നാണം പൂണ്ടു് അവൾ ചോദിച്ചു.

"സിക്സ്ത്തില്."

അപ്പോഴേയ്ക്കും അമ്മയും അമ്മായിയും സംസാരിച്ചുകൊണ്ടവിടേയ്ക്കെത്തിക്കഴിഞ്ഞു.

"അല്ലാ! ഇവരിത്രവേഗം പരിചയക്കാരായോ?" ചിരിച്ചു കളിച്ചുകൊണ്ടു നിന്ന അവരെക്കണ്ടു നിലയുടെ അമ്മ ചോദിക്കുകയാണു്.

അങ്ങനെയാണവർ ആദ്യമായി കണ്ടതു്. ആ ഒരൊററ സന്ദർശനം തന്നെ ആ രണ്ടു കുടുംബങ്ങളേയും തമ്മിൽ അടുപ്പിക്കാൻ തുടങ്ങി. ആ വീട്ടുകാർ അങ്ങോട്ടുമിങ്ങോട്ടും പോക്കുവരവു തുടങ്ങി.

പലപ്പോഴും ദാസൻ നിലയുടെ വീട്ടിൽ പോയിട്ടുണ്ടു്. അവർ തമ്മിൽ കാണാറുണ്ടു്; സംസാരിക്കാറുണ്ടു്; പൊട്ടിച്ചിരിക്കാറുണ്ടു്.

അങ്ങകലെ പട്ടണത്തിലേയ്ക്കു പഠിക്കാൻ പോയ ദിവസം ദാസൻ ഇപ്പോഴും വ്യക്തമായോർക്കുന്നു. യാത്ര ചോദിക്കാൻ വേണ്ടി താനന്നു് നിലയുടെ വീട്ടിലേക്കു ചെന്നു. അമ്മായിയോടു കാര്യമെല്ലാം പറഞ്ഞു. നില അടുത്തു നില്ലുയാണു്. അവളെല്ലാം കേൾക്കുന്നുണ്ടെന്ന വിശ്വാസത്തോടയാൾ പറയുകയായിരുന്നു.

"പാറുക്കുട്ടീ..." അയൽവക്കത്തെ അമ്മുമ്മത്തള്ള നിലയുടെ അമ്മയെ വിളിക്കുകയാണു്; എന്തോ അരിയുടെ കണക്കു പറയാൻ.

ദാസിനെന്തോ നിർവൃതി ലഭിച്ചപോലെ! ഇതു വരെ യാത്ര ചോദിക്കേണ്ടവരോടു് യാത്ര ചോദിച്ചില്ല. അയാളുടെ ചേതന പിടയുകയായിരുന്നു. അമ്മായി അകലത്തായപ്പോൾ ആരോ ആത്മാവിന്റെ തന്ത്രികളിൽ വീണമീട്ടുന്നതായിട്ടാണു് ദാസിനു തോന്നിയതു്.

"നിലേ......" വേദനയുടെ മധുരിമയോടെ അയാൾ വിളിച്ചു.

"എന്തോ......" പുതുമയിൽ നാദത്തിന്റെ ഈണമുണ്ടായിരുന്നു ആ ശബ്ദത്തിനു്.

"ഞാൻ പോകുന്നു നിലേ."

മൗനം..... ഒരു മൂർച്ചയേറിയ നിശബ്ദത.

"നിന്റെ ഹൃദയത്തോടൊട്ടിച്ചേരുവാൻ ഞാനാഗ്രഹിക്കുന്നു നിലേ." വേദനയോടയാൾ പറയുകയാണു്.

ഉത്തരമില്ല! പക്ഷേ......,ആ കൺകോണു

കളിലെ മഴവിൽ മുനയാണതിനു് ഉത്തരം പറഞ്ഞതു്.

മതി! അതു മതി ദാസനു്! കൂടുതലായൊന്നും തന്നെ അയാൾ പ്രതീക്ഷിച്ചിരുന്നില്ല. തികഞ്ഞ ആത്മവിശ്വാസത്തോടുകൂടിയാണു് അയാൾ പടിയിറങ്ങിയതു്.

ചിന്ത ഇത്രയുമായപ്പോഴേയ്ക്കും പുറത്തു മഴ ചാറിത്തുടങ്ങി. എന്തൊരു തണുപ്പു്. കരളിനും വല്ലാത്തൊരു കുളിരു്. പുതപ്പു വലിച്ചു കഴുത്തുവരെ മൂടിക്കൊണ്ടു് ദാസൻ കണ്ണടച്ചു കിടന്നു; വേഗം ഉറങ്ങുന്നതിനുവേണ്ടി. നാളെ രാവിലെ തന്നെ ആഫീസിലെത്തേണ്ടതാണു്.

പക്ഷേ........ ഉറക്കം വരാനോ! നല്ല കാര്യമായി. പോരാത്തതിനു് താനെവിടെയാണു് കിടക്കുന്നതു്. അവളു് കിടന്നുറങ്ങുന്ന മെത്തയിൽ. ദിവസവും അവളുടെ മിനുമിനുത്ത ശരീരം താങ്ങുന്ന ആ മെത്ത ഇന്നു് തന്റെ പരുപരുത്ത ശരീരം താങ്ങുകയാണു്. എന്തൊരു സുഖം! ദാസൻ മെത്തയിൽ ഒന്നുകൂടി ചുരുണ്ടുകിടന്നു.

എവിടെ!........ ഉറക്കം പമ്പ കടന്നു. എത്ര കണ്ണടച്ചുകിടന്നിട്ടും ഉറക്കം വരുന്നില്ല.

ദാസൻ പതുക്കെ കണ്ണു തുറന്നു. പുറത്തേയ്ക്കൊന്നു നോക്കി. ഹാ........! ജനൽ തുറന്നു കിടക്കുകയാണു്! അതാണിത്ര തണുപ്പു്. പക്ഷേ അതടയ്ക്കുന്നതിനു് എണീക്കാനൊരു മടി. വേണ്ട. അതവിടെ തുറന്നു കിടന്നോട്ടെ.

പുറത്തു അമ്പിളിക്കല ഉദിച്ചുയരുകയാണു്. കാർമേഘങ്ങൾ കുറെയൊക്കെ ഒഴിഞ്ഞു കാണുന്നുണ്ടു്. അവിടവിടെയായി ഒന്നുരണ്ടു നക്ഷത്രങ്ങളും. ഇപ്പോഴും മഴ ചാറുന്നുണ്ടു്. അതില്പരിയായ മഞ്ഞു്. മൂടൽമഞ്ഞിന്റെ ഈറൻ ഉണിയുമുടുത്തു് പ്രകൃതി നിലാവിൽ കുളിച്ചു നില്ക്കയാണു്.

ദാസൻ പിന്നെയും കണ്ണടച്ചു. എന്നിട്ടും ഉറക്കം വരുന്നില്ല. ചിന്തകൾ പിന്നെയും പറന്നുയരുകയാണു്.

കാളേജു വിദ്യാഭ്യാസം കഴിഞ്ഞു് ഒരുദ്യോഗത്തിനുവേണ്ടി അലഞ്ഞുതിരിയുന്ന അവസരത്തിലാണു് നിലയുടെ ചേച്ചിയുടെ ഒരു കത്തു് കിട്ടിയതു്. എഴുത്തു് അമ്മയ്ക്കായിരുന്നു. പക്ഷേ വായിച്ചതു് ദാസനായിരുന്നു.

താൻ ഭർത്താവിനോടു പിണങ്ങി പിരിഞ്ഞു് ഇപ്പോൾ വീട്ടിലാണെന്നും അതിനിടയാക്കിയ ചില കാരണങ്ങളും അവൾ വിവരിച്ചു. പിന്നെയെല്ലാം നിലയെക്കുറിച്ചായിരുന്നു. നില എന്നു കണ്ടപ്പോൾ തന്നെ ദാസന്റെ കണ്ണുകൾക്കു മൂർച്ച കൂടി. മനം ഏകാഗ്രമായി. നിലയുടെ ഒരു കല്യാണക്കാര്യം അടുത്തു വരുന്നുണ്ടെന്നും ചെറുക്കൻ ഒരു ഉദ്യോഗസ്ഥനാണെന്നും മിക്കവാറും നടന്നേക്കാനിടയുണ്ടെന്നും മറ്റുമായിരുന്നു, നിലയെക്കുറിച്ചുള്ള വിശേഷങ്ങൾ.

നിലയുടെ വിവാഹം എന്നു കേട്ടപ്പോഴേ ദാസന്റെ അടിവയറ്റിൽ നിന്നൊരു കത്തൽ. തന്റെ കരളു് ഉരുകിയൊലിച്ചു പോകുന്നപോലെ; മനം ഉമിത്തീയിൽ വെന്തുനീറുകയാണു്. ചങ്കുപൊട്ടി അയാൾ ഈശ്വരനോടു പ്രാർത്ഥിച്ചു, ഇതു നടന്നേക്കല്ലേയെന്നു്.

അതുപോലെ തന്നെ! അയാളുടെ പ്രാർത്ഥന ഏതാണ്ടു് ഫലിച്ചപോലെ! ആ കല്യാണാലോചന അലസി പിരിഞ്ഞുപോയി.

എന്നിട്ടും ഒരു കണ്ഠിതം! ഇത്രയൊക്കെയായിട്ടും അവൾ തന്നെയിതു് അറിയിച്ചില്ലല്ലോ! ദാസനു് ഒരു വല്ലാത്ത പരിഭവം തോന്നി അവളോടു്. ഉം, ആകട്ടെ; പിന്നീടൊരിക്കൽ ചോദിച്ചുകൊള്ളാം. അയാളങ്ങനെ സമാധാനപ്പെടുകയാണു്.

ഇനി എങ്ങനെയെങ്കിലും ഒരുദ്യോഗം സമ്പാദിക്കണം. എന്നാലേ നിവർന്നിന്നു തനിക്കവളെ ആവശ്യപ്പെടാൻ നിവൃത്തിയുള്ളു. വീണ്ടും ആ മനം കലുഷമാകാൻ തുടങ്ങി.

ഉദ്യോഗത്തിനുവേണ്ടി ദാസൻ നിരന്തരം പണിപ്പെടാൻ തുടങ്ങി. എത്രപേരുടെ കാലുപിടിച്ചു. എത്രയെത്ര പടിവാതില്ക്കളിൽ എത്രനേരം കാത്തുനിന്നു. ഒടുവിൽ......ഒടുവിൽ കിട്ടി ഒരുദ്യോഗം. ഒരു ആഫീസിലെ ക്ലാർക്കായിട്ടു്. 40—120 സ്കെയിൽ. ഓ... തരക്കേടില്ല. രണ്ടുപേർക്കു് ഒരുവിധം കഴിഞ്ഞുകൂടാം.

പിറ്റേന്നു ജോലിയിൽ പ്രവേശിക്കണം. തലേദിവസംതന്നെ ചെന്നു അവളോടു യാത്ര ചോദിക്കണം. അവളുടെ അമ്മയോടു കാ

ഷ്ടമൊക്കെ പറയണം. അങ്ങനെ......അങ്ങനെ തനിക്കവളെ സ്വന്തമാക്കാം.

ഷർട്ടും മുണ്ടും അടുക്കി വച്ചിട്ടുള്ള ഒരു ബാഗും തൂക്കിപ്പിടിച്ചു ദാസൻ വലിയ 'ഗമ' യിലാണു ആ വീട്ടിലേക്കു കയറിച്ചെന്നതു്.

മധുരപ്രതീക്ഷകൾ നാണത്തിരിക്കിക്കൊണ്ടായിരുന്നു ആ പോക്കു്. ഏതായാലും അതിനൊന്നിനും കുറവു വന്നില്ല. എന്തൊരു ഹൃദ്യമായ സ്വീകരണമായിരുന്നു ദാസനു കിട്ടിയതു്. ഉദ്യോഗസ്ഥനായി എന്നറിഞ്ഞപ്പോൾ നീലയ്ക്കുണ്ടായൊരു സന്തോഷമായിരുന്നു! ആയിരമായിരം മഴവില്ലുകൾ ഒരുമിച്ചുദിച്ചപോലിരുന്നു ആ കവിൾത്തടം. നക്ഷത്രരേണുക്കൾ ആ നീലക്കണ്ണുകളിൽ മിന്നി മറയുന്നുണ്ടായിരുന്നു.

എന്തൊരു ഹൃദ്യമായ സ്വീകരണമായിരുന്നു അവളുടേതു്! തന്റെ എല്ലാ കാര്യങ്ങളിലും അവളുടെ മുൻകൈ ഉണ്ടായിരുന്നപോലെ ദാസനു തോന്നി. വെള്ളം കൊണ്ടു വന്നു തന്നപ്പോൾ അവനാ നീലക്കണ്ണുകളിലേക്കു നോക്കി. നാണിച്ചു നാണിച്ചു നിന്ന ലില ആ നിലവിളക്കിന്റെ മഞ്ഞവെളിച്ചത്തിൽ ഒരു സ്വർണ്ണവിഗ്രഹംപോലിരുന്നു.

അവളുടെ മുറിയിലാണു ദാസനന്നു കിടന്നതു്. തനിക്കു പുതിയ വിരിപ്പുകളെല്ലാമിട്ടു കിടക്ക വിരിച്ചു തന്നതു അവളാണു്.

അത്രയുമായപ്പോഴേക്കും ഒന്നും വ്യക്തമല്ലാതായി. എന്തെല്ലാമൊ മനസ്സിലൂടെ പിന്നെയും കടന്നുപോകുന്നുണ്ടു്, ഒന്നും വ്യക്തമല്ല. നിദ്രാദേവി ദാസന്റെ കണ്ണുകളിൽ നൃത്തംവയ്ക്കാൻ തുടങ്ങി. അവൾ അയാളേയും കൂട്ടി ഏതോ സ്വപ്നലോകത്തേക്കു പറന്നുപോയി.

സുന്ദരസ്വപ്നത്തിലാണ്ടുകിടന്ന ദാസൻ പെട്ടെന്നു കണ്ണു തുറന്നു. ഒരു തണുത്ത കയ്യ് തന്റെ നെററിത്തടത്തെ സ്പർശിച്ചിരിക്കുന്നു. അതാ! അതു തന്റെ ചുരുണ്ട മുടിയിൽ തടവുന്നു.

ദാസൻ ആ കൈപ്പത്തിയിലൊന്നു തൊട്ടുനോക്കി. മിനുമിനുത്ത കയ്യ്! ദാസന്റെ ഹൃദയത്തിൽ ഒരു മിന്നൽപിണർ പാഞ്ഞു. അവളായിരിക്കുമോ......വേണ്ടായിരുന്നു. ഈ അസമയത്തു അവൾ വരേണ്ടായിരുന്നു. താനതു ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. അങ്ങനെ ആഗ്രഹിച്ചിരുന്നെങ്കിൽ എത്രയെത്ര വണ ആകാമായിരുന്നു,...പക്ഷേ...താനതു ഒരിക്കലും ആഗ്രഹിച്ചിട്ടില്ല.

അല്ലെങ്കിൽ ഇനി വല്ലതും പറയാനായിരിക്കുമോ? എങ്കിൽതന്നെ ഇപ്പോൾ വരണ്ടായിരുന്നു. വല്ലവരും അറിഞ്ഞാൽ...... അമ്മായി അടുത്ത മുറിയിലാണു്. വേണ്ടായിരുന്നു. ഒരു ഞൊടിയിടയിൽ ദാസന്റെ മനസ്സിൽക്കൂടി പലതും പാഞ്ഞുപോയി.

ഇതിനിടയിൽ അടക്കിയ സ്വരത്തിലൊരു ശബ്ദം കേട്ടു.

'വാതിൽ തുറക്കൂ.'

ഇടിമുഴക്കം! ദാസൻ ഞെട്ടിപ്പോയി. അവളുടെ സ്വരമല്ലിതു്. പിന്നാരുടേയാണു്?

ദാസൻ വല്ലാതൊന്നു പരുങ്ങിപ്പോയി... എന്തുവേണമെന്നറിയാതെ സ്തംഭിച്ചു നിന്നുപോയി... പെട്ടെന്നൊരു ധൈര്യം. എന്തായാലും സംഗതി എന്തെന്നറിഞ്ഞേപറ്റൂ.

സാക്ഷ പതുക്കെയകററി ദാസൻ കട്ടിലിൽ പോയിരുന്നു.

ജനലിനടുത്തു ഒരു നിഴൽ അപ്രത്യക്ഷമായി. പുറത്തു അപ്പോഴും നിലാവു പെയ്യുകയാണു്. ചാററൽമഴ നിലച്ചുപോയി. ഓലത്തുമ്പിൽനിന്നും മഞ്ഞിൻകണങ്ങൾ ഇററിററു വീഴുന്ന ശബ്ദം കേൾക്കാമായിരുന്നു. മുററത്തു നിന്ന അശോകച്ചെത്തിയിൽ കുലകുലയായി നിന്നിരുന്ന ചുവന്ന പൂക്കൾ ഇളംകാററിൽ തെന്നിക്കളിച്ചിരുന്നു.

വാതിൽ തള്ളിത്തുറന്നു ഒരു രൂപം അകത്തേക്കു വന്നു. സാരിക്കു പകരം ഷർട്ടും മുണ്ടും ധരിച്ച ഒരു രൂപം!

പുറത്തെ നിലാവിന്റെ ഒരു അരണ്ടവെളിച്ചം മുറിക്കകത്തും പടർന്നിരുന്നു. ആ അരണ്ടവെളിച്ചത്തിൽ ഇത്രയെല്ലാം കാണാമായിരുന്നു.

“എത്രനേരമായി വിളിക്കുന്നു. ഇന്നലെയൊക്കെ ഒറെറപ്രാവശ്യം വിളിക്കുന്നതിനു മുമ്പു വാതലു തുറന്നല്ലോ. ഇന്നെന്താണു ഉറക്കമായിരുന്നോ?”

ശൃംഗാരം വഴിഞ്ഞൊഴുകുന്ന സ്വരത്തിൽ ആ രൂപം മന്ത്രിക്കുകയാണു്.

ദാസനു് സഹിച്ചില്ല അതു കേട്ടിട്ടു്. പെട്ടെന്നയാൾ തിരിച്ചെട്ടിയുരച്ചു വിളക്കു കത്തിച്ചു.

ദാസൻ ആ രൂപത്തെ ശരിക്കു കണ്ടു. ബ്ളാക്കുഷർട്ടും, ഡബിൾവേഷ്ടിയും,പൊടിമീശയും, റിസ്റ്റുവാച്ചും ഉള്ള ഒരു ചെറുപ്പക്കാരൻ. രാത്രിയിലും 'കൂളിങ്ങു്' വയ്ക്കുന്ന ഒരു വിദ്ധ്യാൻ. ഏകദേശം ആട്ടചക്കിന്റെ ആകൃതിയുള്ള ഒരു കുറുഞ്ചാൻ.

വന്നവൻ ഞെട്ടിപ്പോയി? പ്രതീക്ഷിച്ച ആളെയല്ല മുറിക്കകത്തു കണ്ടതു്! ആകപ്പാടെ അവൻ മഞ്ഞളരച്ചപോലെ ആയി.

ദാസന്റെ ഉള്ളിൽ ഒരഗ്നിപർവ്വതം പൊട്ടിത്തെറിക്കുക ആയിരുന്നു. കഴിവതും ഒതുക്കാൻ ശ്രമിച്ചു. പക്ഷെ പൂർവ്വാധികം ശക്തിയോടെ വീണ്ടും പൊട്ടിത്തെറിക്കുക ആണു്.

"എന്താ വന്നതു് . . . ?"

അടക്കിയതെങ്കിലും അത്യന്തം രൂക്ഷതയേറിയ സ്വരത്തിൽ ദാസൻ ചോദിച്ചു.

ഉത്തരമില്ല! വന്നവൻ ഭയന്നു വിറച്ചു നില്ക്കുയാണു്.

തീക്ഷ്ണതയേറിയ ഒരു നിശ്ശബ്ദത. ആരുമൊരും ഒന്നും മിണ്ടുന്നില്ല.

ദാസന്റെ ആത്മാവു കിടന്നു പിടയുകയാണു്. എന്റീശ്വരാ. എന്താണീ കാണുന്നതു്. ഇന്നലെയും ഇതിനു മുൻപും നിലകിടന്നിരുന്ന മുറിയാണിതു്. ഒരു കുലടയാണോ അവൾ . . . . . ? ഓർക്കുവാൻപോലും വയ്യാ. ഇപ്പോൾ ഇവനെ ഇവിടെ പിടിച്ചു നിറുത്തിയാൽ . . . . . നാളെ രാവിലെ മുതൽ അവൾ ലോകരുടെ മുമ്പിൽ ചൂളിപ്പോകും.... .......വേണ്ടാ.......ഞാനായിട്ടതുവേണ്ടാ. ഹൃദയം തുറന്നു അവളെ ഞാൻ സ്നേഹിച്ചതാണു തെറ്റു്, ഇപ്പോഴെനിക്കു മനസ്സിലായി, എന്റെ ഹൃദയം കാണാൻ അവൾക്കു കഴിവില്ലെന്നു്. ചങ്കു പൊളിച്ചു കാണിച്ചാൽ അവൾ ചെമ്പരത്തിപ്പൂവാണെന്നു പറയും. എന്തായാലും.......ഞാനവളെ ദ്രോഹിക്കുന്നില്ല. ഒരിക്കൽ ഞാനവളെ ഹൃദയംതുറന്നു സ്നേഹിച്ചുപോയതാണു്.

"വന്നതു വന്നു. മേലാലിവിടെ വരരുതു്. ഇപ്പോൾ പൊയ്ക്കോ".

ചിതറുന്ന അഗ്നിപർവ്വതത്തിൽനിന്നും ഉരുകിയൊഴുകിയ ലാവ പോലെയായിരുന്നു ആ വാക്കുകൾ.

എന്തോ ജീവൻ കിട്ടിയതുപോലെ മൂലയ്ക്കൽ ചാരിവച്ച കുടയുമെടുത്തു വന്നവൻ പടിക്കലേക്കു നടന്നു. ദാസനും പുറകേ ചെന്നു.

പടിയിറങ്ങിയ ഉടനെ അയാൾ നടക്കുകയല്ല, പായുകയായിരുന്നു. കുറേദൂരം ഓടിയ ശേഷം ഒന്നു തിരിഞ്ഞുനോക്കി. വഴിയിൽ നിന്നിരുന്ന ദാസനെ കണ്ടു് അയാൾ പ്രാണനുംകൊണ്ടു പാഞ്ഞു.

തിരിച്ചുവന്നു് കട്ടിലിലിരുന്ന ദാസനു ബാക്കിയുള്ള രാത്രി ഒരു കാളരാത്രി തന്നെയായിരുന്നു. ഹോ....! എന്തു ഭയങ്കരിയാണവൾ! ഇതൊന്നും ഒരിക്കലും വിചാരിച്ചിരുന്നില്ല. ഓ....നേരം വെളുക്കുന്നില്ലല്ലോ.

അതുവരെ പുഞ്ചിരിച്ചുനിന്നിരുന്ന അമ്പിളിക്കലയെ ഒരു കാർമേഘം വന്നു മൂടിക്കളഞ്ഞു. പുറത്തും അകത്തും ഒരുപോലിരുട്ടു്. ദാസൻ ഇരുന്നുകൊണ്ടു നേരം വെളുപ്പിച്ചു.

നേരം പരപരാ വെളുത്തയുടനെ ആ കുടുംബത്തിലെ ആരോടും ഒരക്ഷരം പറയാതെ ദാസൻ കടന്നൽ കുത്തേറ്റ തലച്ചോറുമായി ബാഗുമെടുത്തു പടിയിറങ്ങി.

നീലയൊഴികെ എല്ലാവരും അന്ധാളിച്ചുനിന്നു.

അവൾക്കു മാത്രം ഏതോ ചില ഊഹാപോഹങ്ങൾ കിട്ടി. വേദനയിൽ നിന്നൂറിയ ഒരു പുഞ്ചിരി ആ ചുണ്ടുകളിൽ പരന്നു.

# ആൎഷഭാരതത്തിലെ മൂന്നു ജ്യോതിസ്സുകൾ

(P. C. MANI, Class IV Economics)

പ്രാപഞ്ചികപ്രശ്നങ്ങളാൽ സമാവൃതരായ—ലൌകികസുഖങ്ങളിൽ ധീരരായ സാധാരണ മനുഷ്യൎക്ക വസ്തുതകളെക്കുറിച്ചു സൂക്ഷ്മവിചിന്തനം ചെയ്യുന്നതിനുള്ള സൌകൎയ്യമോ, സാവകാശമോ ലഭിക്കുന്നില്ല. അഥവാ സംഭവങ്ങളുടെ കാൎയ്യകാരണാദികളിലേക്കു ചുഴിഞ്ഞിറങ്ങുന്നതിനുള്ള ശേഷി അവൎക്കില്ല. തന്മൂലം വ്യക്തിപരമായും, സാമൂഹ്യമായുമുള്ള ജീവിതത്തിൽ അനാസ്ഥങ്ങളായ തെറ്റിദ്ധാരണകളും അനൎത്ഥങ്ങളും സംഭവിക്കുക സാധാരണമാണു്. ഇവയുടെ ക്രമാതീതമായ വളൎച്ച മനുഷ്യജീവിതത്തിന്റെ വളൎച്ചയെത്തന്നെ ഒരു സ്തംഭനാവസ്ഥയിൽ എത്തിക്കുന്നു. ഇപ്രകാരമുള്ള വിഷമസന്ധികളിൽ ഉചിതമായ മാൎഗ്ഗനിൎദ്ദേശനം നല്കി മാനവവംശത്തെ പുരോഗതിയുടെ മഹത്തായ പന്ഥാവിലേക്കു ആനയിക്കുന്നതിനുവേണ്ടി അവതാരംചെയ്യുന്ന പുണ്യാത്മാക്കളാണു യഥാൎത്ഥ മഹാന്മാർ. ലോകചരിത്രത്തിനു ആൎഷഭാരതത്തിന്റെ അപ്രകാരമുള്ള മൂന്നു സംഭാവനകളാണു ശ്രീ ബുദ്ധദേവനും, മഹാകവി ടാഗോറും, മഹാത്മഗാന്ധിയും.

ഒരു മതപ്രവാചകൻ അല്ലെങ്കിൽ ബുദ്ധമതത്തിന്റെ സ്ഥാപകൻ എന്നുള്ള നിലയിൽ ബുദ്ധൻ സൎവ്വരുടെയും സവിശേഷമായ ആദരത്തെ അൎഹിക്കുന്നുണ്ടു്. എന്നാൽ അദ്ദേഹത്തിന്റെ മാഹാത്മ്യത്തെ ഉള്ളവണ്ണം മനസ്സിലാക്കണമെന്നുണ്ടെങ്കിൽ ബുദ്ധന്റെ വ്യക്തിപരമായ ജീവിതത്തിലേക്കും അദ്ദേഹം ജീവിച്ചിരുന്ന പരിതസ്ഥിതികളിലേക്കും ഇറങ്ങിച്ചെല്ലേണ്ടിയിരിക്കുന്നു. സമുദായത്തിലെ ഏറ്റവും ഉയൎന്നതും സുഖങ്ങളുടെ കേളീരംഗവുമായ ഒരന്തരീക്ഷത്തിലാണു അദ്ദേഹം ഭൂജാതനായതു്. എന്നാൽ അവയെല്ലാം പരിത്യജിച്ചശേഷം മനുഷ്യജീവിതത്തിലെ ദുഃഖങ്ങൾക്കും വേദനകൾക്കും എന്തെങ്കിലും ഉപശാന്തി കണ്ടുപിടിക്കണമെന്നുള്ള പരമമായ ഉദ്ദേശത്തോടുകൂടി അദ്ദേഹം തെരുവീഥിയിലേക്കിറങ്ങി. ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും സമുത്കൃഷ്ടമായ മാതൃക ലോകത്തിനു കാട്ടിക്കൊടുക്കുവാൻ വേണ്ടിയുള്ള മഹത്തായ ഒരു ജൈത്രയാത്രയുടെ തുടക്കമായിരുന്നു അതു്.

ശ്രീബുദ്ധനു് ഇന്നു ലോകത്തിന്റെ നാനാഭാഗങ്ങളിലുമായി അനേകകോടി അനുയായികൾ ഉണ്ടു്. ചൈന, ജപ്പാൻ, ബൎമ്മ, ഇൻഡോചീന, ഇൻഡോനേഷ്യ, സിലോൺ എന്നീ രാജ്യങ്ങളിലാണു ബുദ്ധമതക്കാർ അധികമുള്ളതു്. ബുദ്ധമതത്തിന്റെ ജന്മഭൂമിയായ ഇന്ത്യയിൽ അതിനു അൎഹിക്കുന്ന പ്രാധാന്യം ലഭിക്കാഞ്ഞതു നിൎഭാഗ്യകരമെന്നേ പറയാനുള്ളു. ബുദ്ധന്റെ തത്വസംഹിത (Budhist philosophy) വിശാലതരമായ ഹൈന്ദവ തത്വജ്ഞാനത്തിൽനിന്നും ഉടലെടുത്തിട്ടുള്ളതാണെങ്കിലും അതിനു അതിന്റേതായ ഒരു വ്യക്തിത്വവും വൈശിഷ്ട്യവുമുണ്ടു്. ദുരിതസമ്പൂൎണ്ണമായ ജീവിതത്തിനു ആത്മസാക്ഷാത്കാരത്താലും ആത്മജ്ഞാനത്താലും മാത്രമെ ആശ്വാസം ലഭിക്കുകയുള്ളു എന്നത്രെ അദ്ദേഹത്തിന്റെ കാതലായ സന്ദേശം. സൎവ്വദുരിതങ്ങളും അജ്ഞതയിൽ ആരംഭിക്കുകയും നിരാശയിൽ അവസാനിക്കുകയും ചെയ്യുന്ന ഒരു ഹേതുശൃംഖലയുടെ (Chair of causation) അനന്തരഫലങ്ങളത്രേ. ഇവയിൽനിന്നു മോചനം ലഭിക്കുവാൻ അദ്ദേഹം അഷ്ടമാൎഗ്ഗങ്ങൾ നിൎദ്ദേശിക്കുന്നുണ്ടു്. (Eight fold path :—Right Views, Right intention, Right speech, Right action, Right livelihood, Right effort, Right mindfulness, and Right concentration)

ഹിന്ദുമതത്തിൽ അന്നു നിലവിലിരുന്ന അനാചാരങ്ങളോടുള്ള ഒരു വെല്ലുവിളിയായിരുന്നു അദ്ദേഹം. ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്ര വ്യത്യാസങ്ങൾ ഏറ്റവും ഉഗ്രതരമായിരുന്ന അന്നത്തെ കാലഘട്ടത്തിൽ അഹിംസയുടെയും, സഹിഷ്ണുതയുടെയും, വിശ്വസാഹോദൎയ്യത്തിന്റെയും ദിവ്യസന്ദേശം പ്രചരിപ്പിച്ച ബുദ്ധമഹൎഷി വിപ്ലവകാരിയായ ഒരു സാമൂഹ്യപരിഷ്കാരകനും നിസ്തുലനായ ഒരു മനുഷ്യസ്നേഹിയും കൂടെയത്രേ.

കാളിദാസന്റെയും ഭവഭൂതിയുടെയും മഹത്തായ പാരമ്പരയിൽപ്പെട്ടതാവുന്ന ആധുനികഭാരതത്തിലെ ഏറ്റവും പ്രഗത്ഭനായ കവിസാമ്രാട്ടാണു് മഹാകവി രവീന്ദ്രനാഥ

ടാഗോർ. കലാപരമായി വളരെ പ്രശസ്തിയാർജ്ജിച്ചിരുന്ന ടാഗോർ കുടുംബത്തിലെ അന്തരീക്ഷവും, നാനാവിധത്തിലും അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരുന്ന ബംഗാളിഭാഷയും ടാഗോറിന്റെ പ്രതിഭയെ ഉജ്ജ്വലമാക്കി.

ഋഷിതുല്യനായ ആ കവിവര്യന്റെ അനുഗ്രഹിത തൂലികകളിൽനിന്നും നിർഗ്ഗളമായി നിർഗ്ഗളിച്ച സാഹിത്യാമൃതവർഷം ഭാരതീയരെ ഒന്നടങ്കം ഹർഷപുളകിതരാക്കിയെങ്കിൽ ആയതിൽ തെല്ലും അത്ഭുതപ്പെടുവാനില്ല. കാരണം ചെറുകഥകളായും, കവിതകളായും, നോവലുകളായും, പ്രൌഢലേഖനങ്ങളായും അദ്ദേഹം രചിച്ച കൃതികൾ ഭാരതത്തിലെ എന്നല്ല വിശ്വസാഹിത്യത്തിലെ തന്നെ മികച്ച കൃതികളോടു കിടപിടിക്കുന്നവയാണ്. 'ഗീതാഞ്ജലിക്ക്' പ്രസിദ്ധമായ നോബൽസമ്മാനം കിട്ടിയതോടെ ടാഗോർ ലോകത്തിലെ ഒന്നാംകിട സാഹിത്യനായകന്മാരിൽ ഒരാളായി ഉയർത്തപ്പെട്ടു. വൈകാരികമായും ചിന്താപരമായും അദ്ദേഹത്തിന്റെ കൃതികൾ ഏററവും മുന്നണിയിൽ തന്നെയാണു നിലകൊള്ളുന്നതെങ്കിലും, കറയററ മനുഷ്യസ്നേഹവും, യാഥാസ്ഥിതികത്വത്തോടുള്ള ഉഗ്രമായ വെല്ലുവിളിയും, നവീനാദർശങ്ങളുമത്രെ അവയിൽ മുന്തി നില്ക്കുന്നതു്. യൂറോപ്പിലും, അമേരിക്കയിലും അദ്ദേഹം നടത്തിയ നീണ്ട പ്രസംഗപരമ്പരകൾ തന്നെ. ഒരു പ്രാസംഗികൻ എന്നുള്ള നിലയിൽ അദ്ദേഹത്തിനുണ്ടായിരുന്ന അപാരമായ കഴിവിനെ സവിശേഷം വിളിച്ചറിയിക്കുന്നുണ്ടു്.

ഇതിനെല്ലാം പുറമെ ടാഗോർ വിശ്രുതനായ ഒരു വിദ്യാഭ്യാസ പ്രവർത്തകൻ കൂടിയായിരുന്നു. ശാന്തിനികേതനത്തിൽ അദ്ദേഹം സമാരംഭിച്ച മാതൃകാകലാലയം ടാഗോറിന്റെ കീർത്തിയെ അനശ്വരമാക്കിക്കൊണ്ടു ഇന്നും പരിലസിക്കുകയാണ്.

ഇരുപതാം നൂററാണ്ടിലെ ഏററവും മഹാനായ വ്യക്തി എന്നു വേണമെങ്കിൽ ഗാന്ധിജിയെ വിളിക്കാവുന്നതാണ്. നാല്പതു കോടിയിൽപരം ജനങ്ങളുടെ സ്വാതന്ത്ര്യസമ്പാദനസമരത്തിനു ധീരനേതൃത്വം നല്കിയെന്നുള്ളതിനേക്കാൾ, ആ സമരം എങ്ങനെ നടത്തിയെന്നുള്ളതിലത്രെ അദ്ദേഹത്തിന്റെ മാഹാത്മ്യം നിക്ഷിപ്തമായിരിക്കുന്നതു്. അഹിംസാധിഷ്ഠിതവും, അക്രമരഹിതവുമായ ഒരു മാർഗ്ഗമാണു അദ്ദേഹം സ്വീകരിച്ചതു്. അങ്ങനെ ലക്ഷോപലക്ഷം ജനങ്ങളുടെ ചിരകാലാഭിലാഷങ്ങളെ സാധിതപ്രായമാക്കുന്നതിനും അവരെ നൂതനവും നിർമ്മാണാത്മകവുമായ വ്യവസ്ഥിതിയിലേക്കു ആനയിക്കുന്നതിനും അർദ്ധനഗ്നനായ ആ ഫക്കീറിനു സാധിച്ചു.

ജനങ്ങളുടെ രാഷ്ട്രീയമായ ചിന്താഗതിയിൽ മാത്രമല്ല അദ്ദേഹത്തിന്റെ സ്വാധീനശക്തി ദൃശ്യമായതു്. സാമ്പത്തികവും, സാമൂഹ്യവും, സാംസ്കാരികവുമായ രംഗങ്ങളിലും അദ്ദേഹത്തിന്റെ ഉൽബോധനങ്ങൾ ബൃഹത്തായ പരിവർത്തനങ്ങൾ സൃഷ്ടിച്ചു. തന്റെ മാതൃഭൂമിയെ പുരോഗമനോന്മുഖമായ പാതയിലേക്കു് കൊണ്ടുവരുന്നതിനോടൊപ്പം തന്നെ അതിനു് നേതൃത്വം നല്കാൻ തക്ക പ്രാപ്തിയും, ഉദ്ദേശശുദ്ധിയും, നിശ്ചയദാർഢ്യവുമുള്ള ഒരു കൂട്ടം ഭരണധുരന്ധരന്മാരെ സൃഷ്ടിക്കുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞു. ഗാന്ധിജിയുടെ ആദർശങ്ങളിൽനിന്നും ഉടലെടുത്തിട്ടുള്ള ഗാന്ധിയൻ സോഷ്യലിസം മാർക്സിസ്റ്റ് സിദ്ധാന്തങ്ങളുടെ വൈശിഷ്ട്യങ്ങളെ ചോദ്യം ചെയ്യുന്ന ഒന്നത്രെ. ലക്ഷ്യം നന്നായിരിക്കുന്നതിനോടൊപ്പം തന്നെ ആ ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗവും നന്നായിരിക്കണമെന്നുള്ള മഹാത്മജിയുടെ തത്വോപദേശം ഇന്നുവരെയുണ്ടായിട്ടുള്ളതിൽ ഏററവും വിശിഷ്ടമായ ഒന്നാണു്. സത്യാഗ്രഹം എന്ന ഏക ആയുധംകൊണ്ടു്, അന്നു് ലോകത്തെ അടക്കി വാണിരുന്ന ബ്രിട്ടീഷ് സാമ്രാജ്യഗജവീരനെ കൊമ്പുകുത്തിച്ച അജയ്യപരാക്രമിയായിരുന്നു അദ്ദേഹം.

ബുദ്ധനും, ടാഗോറും, ഗാന്ധിജിയും വിവിധങ്ങളായ കാലഘട്ടങ്ങളിലാണു് ജീവിച്ചിരുന്നതെങ്കിലും അവരുടെ സന്ദേശങ്ങളുടെ സാരാംശം ഒന്നുതന്നെയാണു്. വ്യത്യസ്തങ്ങളായ രംഗങ്ങളിലാണു് പ്രവർത്തിച്ചിരുന്നതെങ്കിലും അവരുടെ പരമമായ ലക്ഷ്യം ഒന്നുതന്നെയായിരുന്നു. സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും, സ്വാതന്ത്ര്യന്റെ

യും സമുന്നതമായ മാതൃക അവർ ലോകത്തിന് കാട്ടിക്കൊടുത്തു—അവരുടെ ജീവിതം തന്നെയായിരുന്ന ആ മാതൃക. സഹനത്തിന്റെയും സഹിഷ്ണുതയുടെയും ബലിപീഠത്തിൽ അവർ തങ്ങളുടെ ജീവിതം മുഴുവനായി അർപ്പിച്ചു. മനുഷ്യരാശിയുടെ ശാന്തിക്കായി അവതരിച്ച മൂന്നു ദിവ്യപുരുഷന്മാരായിരുന്ന അവർ—ഇന്നാകട്ടെ ചരിത്രത്തിലെ മൂന്നു ജ്യോതിസ്സുകളായി—പ്രശസ്തിയുടെ നഭസ്സിൽ ശാശ്വതപ്രകാശം പരത്തുന്ന മൂന്നു പൊൻതാരകങ്ങളായി—അവർ പ്രശോഭിക്കുകയാണ്.

---

ചെറുകഥ

# അരണ്യത്തിൽ

(Walter De La Mare എഴുതിയ 'In the forest' എന്ന കഥയുടെ സ്വതന്ത്ര വിവർത്തനം)

By M. A. Rahim III B. A.

എന്റെ അച്ഛൻ അന്നു ദൂരെ—യുദ്ധഭൂമിയിൽ—ആയിരുന്നപ്പോൾ ഒരു മരക്കഷണത്തിൽ പിച്ചാത്തികൊണ്ടു പോറി, ഓരോ ദിവസം കഴിയുന്നതും ഞാൻ അടയാളപ്പെടുത്തിക്കൊണ്ടിരുന്നു. വൃക്ഷങ്ങളുടെ ചുവട്ടിൽ നിഴൽ ഏററവും കറുപ്പായിരുന്ന അവസരത്തിലാണ് അച്ഛൻ പോയതു്. അതിരാവിലെ അച്ഛൻ പ്രാതൽ കഴിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ വല്ലാതെ ഉറക്കം തൂങ്ങി. കൊളുത്തിവെച്ച ഒരു വിളക്കിന്നരികിൽ ചൂടുചായ ഊതിഊതി കുടിക്കുന്ന അദ്ദേഹത്തെ ഞാൻ നിരീക്ഷിച്ചു. പക്ഷെ അധികനേരം എനിക്കങ്ങനെ നോക്കിനില്ക്കുവാൻ കഴിഞ്ഞില്ല. ക്ഷീണംകൊണ്ടു എന്റെ കണ്ണു അടഞ്ഞുപോകുന്നു. കുഞ്ഞ് തൊട്ടിലിൽ സുഖമായി ഉറങ്ങുകയാണ്. കാററ് ഇനിയും വൃക്ഷശിഖരങ്ങളിൽ ഗർജ്ജനം മുഴക്കിക്കൊണ്ടിരിക്കുന്നു. പക്ഷെ അതിന്റെ വ്യാപ്തി അകത്തെത്തിയിട്ടില്ലാത്തതിനാൽ ദീപം അഭംഗുരമായി പ്രകാശിക്കുന്നുണ്ടു്.

അച്ഛൻ കതകു തുറന്നപ്പോൾ വെളിയിൽ പച്ചിച്ച ഇലകളും വഹിച്ചുകൊണ്ടു നില്ക്കുന്ന പുൽക്കൊടികൾ ഞാൻ കണ്ടു. പൊഴിയുന്ന ഇലകൾ വായുവിലങ്ങനെ ഉലാത്തുന്നു. കാററു മഴ പെയ്യുന്ന ശബ്ദത്തോടെ വീശുന്നുണ്ടു്. പക്ഷെ അച്ഛൻ പുറപ്പെട്ട സമയം എന്തോ മഴ പെയ്തില്ല. ഇലകൾ മഴത്തുള്ളികൾ വീണ് മർമ്മരമാകുകയും വൃക്ഷങ്ങളുടെ തൊലി നനഞ്ഞു ഇരുളുകയും മാത്രമേ ചെയ്തിരുന്നുള്ളു. എന്റെ ഒരാഗ്രഹം ഞാനച്ഛനെ അറിയിച്ചു. നീളമുള്ള ഒരു തോക്ക്. പക്ഷെ അദ്ദേഹം കൈത്തലംകൊണ്ടു മുഖം തിരുമ്മി, ഏതോ വെടിയുടെ ശബ്ദം കേട്ടതുപോലെ കാററിനെ ശ്രദ്ധിക്കുകയും മിഴിച്ചുനോക്കുകയും മാത്രമേ ചെയ്തുള്ളു. രണ്ടോ മൂന്നോ പ്രാവശ്യം അമ്മയോടു വിടവാങ്ങാൻ വേണ്ടി അച്ഛൻ തിരിച്ചുവന്നു. അവസാനം അദ്ദേഹം തിരിച്ചുവന്നില്ല. പക്ഷെ തല വെട്ടിച്ച് ചുമലിൽക്കൂടി ഞങ്ങളെ ദയനീയമായി നോക്കിക്കൊണ്ടിരുന്നു. ആ പ്രഭാതത്തിൽ സൂര്യപ്രകാശമുണ്ടായിരുന്നില്ല. എങ്കിലും പ്രകാശമയമായ ആകാശം നനഞ്ഞ ഇലകളിൽ പ്രതിഫലിച്ചിരുന്നു. യുദ്ധത്തിനു പോകുന്നതിൽ അച്ഛനു സന്തോഷമാണോ ഉള്ളതെന്നു ഞാനമ്മയോടു ആരാഞ്ഞു. അമ്മയാകട്ടെ കുഞ്ഞിനെയും അമർത്തിപ്പിടിച്ചു കരഞ്ഞുകൊണ്ടിരുന്നു. അതിനാൽ ഉച്ചഭക്ഷണംവരെ ഞാൻ കാട്ടിൽ കഴിച്ചുകൂട്ടി.

ഉച്ചഭക്ഷണസമയത്തു അമ്മ അല്പം പ്രസന്നയായി കാണപ്പെട്ടു. ഭക്ഷണത്തിനു കുടിക്കുവാൻ അല്പം ചൂടുള്ള സൂപ്പുണ്ടായിരുന്നു. ആഹാരശേഷം വിറകുപുരയിലുണ്ടായിരുന്ന ചില വിറകിൻ മുട്ടികൾ ഞാൻ കീറി. ഇതു എന്നെ ഉദ്ദീപിപ്പിക്കുകയും കൂടുതൽ വിറകു കീറുന്നതിനാഗ്രഹിപ്പിക്കുകയും ചെയ്തു. തടിക്കഷണങ്ങൾ കൊണ്ടുവന്നപ്പോൾ ഇരുളായിത്തുടങ്ങിയിരുന്നു. ആ സന്ധ്യാവെളിച്ചത്തിൽ കാററു കൂടുതൽ ഉഗ്രമായി കാണപ്പെട്ടു. ഗ്രാമങ്ങളിൽ പമ്പുചെയ്തുവിടുന്ന വെള്ളത്തെപ്പോലെ അതു ഗർജ്ജിക്കുകയും ചൂളം വിളി

ട്ടും ചെയ്തിരുന്നവെങ്കിലും ജലകണങ്ങൾ കൊണ്ടു ഘനപ്പെട്ട ഇലകൾ പൊഴിഞ്ഞുകൊണ്ടിരുന്നു. തണുത്തു മരവിച്ച വീടിനു ചുററും ഇരുൾ വ്യാപിച്ചു. തടിക്കഷണങ്ങൾ കൊണ്ടു ഞാൻ വീട്ടിനകത്തു കയറി.

കുഞ്ഞിനെയും എടുത്തുകൊണ്ടു അമ്മ ഒരു മരക്കസേരയിലിരിക്കയാണ്. ഞാനടുത്തുചെന്നു സൂക്ഷിച്ചുനോക്കി. നല്ല ഉറക്കമാണ്. കുഞ്ഞും നിദ്രയിലായിരുന്നു. അതു ശ്വസിക്കുന്നതായി അപൂർവ്വമായേ തോന്നിച്ചിരുന്നുള്ളു. മുഖം വല്ലാതെ വെള്ളാമ്പിച്ചിരിക്കുന്നു. അതു ഇനിയും ഉറക്കത്തിൽത്തന്നെ. അല്പംകൂടി സുഖം കിട്ടാൻവേണ്ടി അമ്മയുടെ അനുവാദംകൂടാതെ തീ ഒരുക്കുവാൻ ഞാൻ നിശ്ചയിച്ചു. മാത്രമല്ല പലകകളുടെ ദ്വാരങ്ങളിൽക്കൂടി ഊറിവരുന്ന ശൈത്യവാതം എനിക്കനുഭവപ്പെട്ടു. ഇരുൾ തിങ്ങിക്കൂടുകയാണ്. മുറിയിലെ ശുഭ്രമായ സാധനങ്ങൾ മാത്രമേ എനിക്കു കാണാൻ കഴിഞ്ഞുള്ളു. പാഞ്ഞുവരുന്ന കാററിന്റെ ഭീകരശബ്ദം ഇനിയും നിലച്ചിട്ടില്ല.

തീനാളങ്ങൾ മുളച്ചു പൊന്തുകയും സ്ഫുലിംഗങ്ങൾ പൊട്ടിത്തെറിക്കുകയും ചെയ്തപ്പോൾ അമ്മ ഉണർന്നു. ഉൽക്കണ്ഠാകുലമായ അമ്മയുടെ മുഖം എന്റെനേരെ തിരിഞ്ഞു. ഉടനെ താനുറങ്ങുകയായിരുന്നുവെന്നു മനസ്സിലാക്കി. തീജ്വാലകൾ പ്രദാനംചെയ്ത ഊഷ്മാവു അവർ ആസ്വദിച്ചു.

പിറേറദിവസം ഞാനുണർന്നതു്, അടുപ്പിന്നരികിൽ ഞാനുറങ്ങാൻ കിടന്ന സ്ഥലത്തുതന്നെയായിരുന്നു. ശാന്തമായ ഒരു പ്രഭാതം. തുറന്നുകിടക്കുന്ന ജാലകത്തിലൂടെ ഞാൻ പുറത്തേക്കു നോക്കി. വൃക്ഷ ശിഖരങ്ങളുടെ ഇടയിലൂടെ സുവർണ്ണനിറത്തിൽ സൂര്യപ്രകാശം അരിച്ചെത്തുന്നു, പല ശിഖരങ്ങളും പത്രങ്ങളില്ലാതെ നഗ്നമായിരുന്നു. ഉതിർന്നുവീണ ഇലകൾ എനിക്കു കാണത്തക്കവിധം ചുവട്ടിൽ കട്ടിയായി കൂടിക്കിടന്നിരുന്നു. അവയിൽ പലതും ഹരിതവർണ്ണമുള്ളതും വിസ്തൃതവുമായിരുന്നു. അച്ഛൻ വീട്ടിലില്ലാത്തതിൽ എനിക്കു ആഹ്ളാദം തോന്നി. എന്തുകൊണ്ടെന്നാൽ ഇനി തന്നിഷ്ടംപോലെ എന്തും ചെയ്യാം. തീ കൊളുത്തുന്നതു മൂലമുള്ള അസഹ്യത ഞാൻ ഇഷ്ടപ്പെട്ടില്ല. അതിനാൽ കാട്ടിൽ പോയി അവിടെയുള്ള കെണികൾ ഞാൻ സന്ദർശിച്ചു.

കാലുകൾ കുരുക്കപ്പെട്ട ഒരു മുയൽ അതിൽ പെട്ടിരുന്നു. അതിന്റെ ചുററും ഇലകൾ കുന്നുകൂടിക്കിടക്കുന്നു. കണ്ണുകളിൽനിന്നും രക്തം ഒലിക്കുന്നുണ്ട്. അവ തിളക്കമററവയായിരുന്നു. മുമ്പു അച്ഛൻ ചെയ്തിരുന്നപോലെതന്നെ ഞാൻ അതിന്റെ പിരടിയിലടിച്ചു് കൊന്നു. പിൻകാലുകളിൽ തൂക്കിപ്പിടിച്ചു് ഞാൻ വീട്ടിലേക്കു തിരിച്ചു. ഇലകളുടെ മീതെക്കൂടി നടന്നപ്പോൾ തുടർച്ചയായി കിരുകിരു ശബ്ദം ഉതിർന്നുകൊണ്ടിരുന്നു. അങ്ങു ദൂരെ, മരങ്ങളുടെ മുകളിൽ ആകാശം ഒരു നാടപോലെ മഞ്ഞനിറത്തിൽ കാണപ്പെട്ടു. അപ്പോൾ വെടി മുഴങ്ങുന്നുണ്ടോ എന്നു സംശയിച്ചു് ഒരു മിനിട്ടു ഞാൻ നിന്നു. എന്നാൽ ഒരു പക്ഷി പാടുന്നതും ഇലകളുടെ അടിയിലൂടെ പാമ്പു് ഇഴയുമ്പോഴുണ്ടാകുന്ന ദ്രുതഗതിയിലുള്ള ശബ്ദവും മാത്രമേ ഞാൻ കേട്ടുള്ളു. നിശ്ചലം മൂടിക്കിടക്കുന്ന കൊമ്പുകളും വായുവിലൂടെ ചുററിവീഴുന്ന ഇലകളും കാണാമായിരുന്നു. മുയൽ ഇറച്ചി, കുറെ കിഴങ്ങുകളും ചേർത്തു് മൂന്നു ദിവസത്തോളം ഉപകരിച്ചു.

എത്രനാൾ അച്ഛൻ അകലെയായിരിക്കുമെന്നു ഞാനമ്മയോടു ചോദിച്ചു. അമ്മ അക്കാര്യത്തിൽ നിസ്സഹായയായിരുന്നു. യുദ്ധത്തിൽ അഥവാ കൊല്ലപ്പെടുകയാണെങ്കിൽ അവർ ജഡം എങ്ങനെ കൊണ്ടുവരുമെന്നു ഞാൻ അത്ഭുതപ്പെട്ടു.

ആ പകൽ മിക്കവാറും ആ കാട്ടിൽ തന്നെ ഞാൻ കഴിച്ചുകൂട്ടി. എന്തുകൊണ്ടെന്നാൽ കുട്ടി ആ സമയം മുഴുവൻ കരഞ്ഞുകൊണ്ടിരുന്നു. വീട്ടിലെത്തിയപ്പോൾ ജനാലിൽ വിളക്കു കത്തിച്ചിരുന്നു. കുഞ്ഞു വല്ലാതെ വിമ്മിഷ്ടപ്പെടുന്നു. അതിന്റെ കണ്ണുകൾക്കു ചൈതന്യമററിരിക്കുന്നു. അതിനെയും കൊണ്ടു അമ്മ നടക്കുകയും താരാട്ടു പാടുകയും ആട്ടുകയും ചെയ്തുവെങ്കിലും അതിനിന്നു ശിവരാത്രി തന്നെയായിരിക്കും. അതിനു സുഖമില്ലെന്നു പറഞ്ഞു അമ്മ നെഞ്ചോടമർത്തിപ്പിടിച്ചു. ഞാനമ്മയോടു ചോദിച്ചു. അതു മരിച്ചുപോകുമോയെന്നു്. എന്നാൽ അമ്മ അതിനെയും എടുത്തു ധൃതിയിൽ നടക്കു

കയാണ് ചെയ്തതു്. ആ രാത്രിയിൽ ഞങ്ങൾ കൂടുതൽ സംസാരിച്ചില്ല. ഞാനുണർന്നപ്പോഴും കുഞ്ഞു നേർത്ത സ്വരത്തിൽ കരഞ്ഞുകൊണ്ടിരുന്നു. ശാന്തനായ ഒരു ആട്ടിൻകുഞ്ഞിനെപ്പോലെ അതു മോങ്ങുന്നതായി ഞാനമ്മയോടു പറഞ്ഞു. ഉറക്കം കഴിഞ്ഞപ്പോൾ എനിക്കൊരുന്മേഷം തോന്നി. വിശപ്പുണ്ടായിരുന്നു. ഞാൻ തീ കൊളുത്തി കലത്തിൽ വെള്ളം തിളപ്പിച്ചു. പ്ളേറ്റുകളും മൊരിച്ച റൊട്ടിയും മേശപ്പുറത്തു നിരത്തി.

പ്രാതൽ കഴിഞ്ഞപ്പോൾ ഞാൻ പഴയ കുളത്തിൽ മീൻ പിടിക്കാൻ പോകയാണെന്നും കുറെ മീൻ ഉച്ചഭക്ഷണത്തിനായി കൊണ്ടുവരാമെന്നും അമ്മയോടു പറഞ്ഞു. അമ്മ എന്നെ സൂക്ഷിച്ചു നോക്കി, അരികത്തേക്കു വിളിച്ചു.

'കുഞ്ഞിനു തീരെ സുഖമില്ല.' അമ്മ പറഞ്ഞു. 'ഇന്നു നമുക്കു മീനിന്റെ ആവശ്യമില്ല. മോൻ ഇതിന്റെ കൈ ഒന്നു തൊട്ടു നോക്കിയേ. പനി വളരെ അധികമാണ്. എന്നോടു നിനക്കു അല്പമെങ്കിലും സ്നേഹമുണ്ടോ? ഉണ്ടെങ്കിൽ ദാ, ഇതിനെ ഒന്നു പിടിക്കൂ.'

ഞാൻ വിസമ്മത ഭാവത്തിൽ തലയാട്ടി. ആ കുഞ്ഞു എന്തു വൃത്തികേടായിരിക്കുന്നു! അതിന്റെ മുഖം വല്ലാതെ ചുളിഞ്ഞുമിരിക്കുന്നു. മാത്രമല്ല ഒരു ദീനസ്വരവും അതു പുറപ്പെടുവിച്ചുകൊണ്ടിരുന്നു.

'അമ്മേ മീൻ പിടിക്കാൻ പോകുന്നതാണ് നല്ലതെന്നു എനിക്കു തോന്നുന്നു. ഞാൻ പിടിക്കുന്ന ഏറ്റവും വലിയ മീൻ അമ്മയ്ക്കു തരാം' ഞാൻ പറഞ്ഞു.

കുഞ്ഞിന്റെ ദീനം ഇനിയും കാത്തു വച്ചിരിക്കുവാൻ പററാത്ത വിധത്തിൽ അത്ര കൂടുതലാണെന്നും അതിനാൽ അടുത്ത ഗ്രാമത്തിൽപോയി വൈദ്യനെ വിളിച്ചുകൊണ്ടു വരണമെന്നും അമ്മ നിർബന്ധിച്ചു. കുളം അടുത്തായതുകൊണ്ടു മീൻ നാളെ പിടിക്കാമത്രെ.

'പക്ഷേ അതു അകലെയാണ്. കുഞ്ഞിനു അത്ര അധികമാണെന്നു തോന്നുന്നില്ല. നാളെ പക്ഷേ കാററും തണുപ്പും ഉണ്ടെങ്കിലോ.'

കുഞ്ഞിനു കരച്ചിൽ മാത്രമേയുള്ളൂ. അമ്മ ബലമായി പിടിച്ചു നിർത്തുന്നതിനു മുമ്പു തന്നെ ഞാൻ പുറത്തേക്കോടി.

അന്നു ഞാൻ മീൻ പിടിച്ചില്ല. ഞാനൊരു കഠിനഹൃദയനായതുകൊണ്ടായിരിക്കാം ചൂണ്ടലിൽ കൊത്താത്തതു്. അതിനാൽ ഞാൻ ചൂണ്ടയെല്ലാം കെട്ടി, വൈകിട്ടു മൂന്നു മണിയോടുകൂടി വീട്ടിലേക്കു തിരിച്ചു. അകത്തോട്ടു കടക്കുന്നതിനു സ്വല്പം മുമ്പു സ്വല്പനേരം ഞാൻ വാതിൽക്കൽ കാത്തുനിന്നു. അകലെ എവിടെയോ ഒരു ശബ്ദം കേൾക്കുന്നുണ്ട്. ഓ, അതു കാടിന്റെ മറുവശത്തു വെടി മുഴങ്ങുന്നതാണ്. ഞാൻ അകത്തോട്ടു കയറി. കുഞ്ഞപ്പോൾ കരയുന്നുണ്ടായിരുന്നില്ല. പക്ഷേ അമ്മ എന്റെ നേരെ മുഖം തിരിക്കുകയോ സംസാരിക്കുകയോ ചെയ്തില്ല. ഊഞ്ഞാലാടുന്ന തൊട്ടിലിന്നരികിൽ അവർ കുനിഞ്ഞു നില്ക്കുന്നു. തോളിലൂടെ തലമുടി ഊർന്നു കിടക്കുന്നു.

'വൈദ്യന്റെ അടുത്തേക്കു ഞാൻ ഇപ്പോൾ തന്നെ പോകാം അമ്മേ. എങ്കിലും വെടി ഇപ്പോഴും മുഴങ്ങുന്നുണ്ട്. ദാ, ഈ വാതലിൽ നിന്നാൽ കേൾക്കാം.'

ഞാൻ തോക്കുകളെക്കുറിച്ചു പറഞ്ഞപ്പോൾ അവർ ഉറക്കെ കരഞ്ഞു. തൊട്ടിലിലെ തുണിയിൽ മുഖം മറച്ചുവയ്ക്കുകയും ചെയ്തു. അല്പനേരം ഞാനവരെ സൂക്ഷിച്ചുനിന്നു. ദൂരെ തോക്കുകളുടെ മുഴക്കം നിലയ്ക്കുന്നതുപോലെ തോന്നി.

ഇങ്ങനെ നില്ക്കുന്നതു് അസഹ്യമായി തോന്നിയതുകൊണ്ടു ചൂണ്ട തൂക്കിയിട്ടു ഞാൻ തീയരികിൽ ഇരുന്നു, 'അമ്മേ, വൈദ്യന്റെയടുത്തേക്കു ഇപ്പോൾ പോകണോ? ഞാൻ മടങ്ങുന്നതിനുമുമ്പു ഇരുട്ടാകും.' ഞാൻ ചോദിച്ചു. അമ്മ എന്റെ നേരെ തിരിഞ്ഞു രൂക്ഷമായി നോക്കി.

അവർ പറഞ്ഞു:—

'ഓ, നീ എന്തൊരു ഭീരുവാണ്. പേടി കൊമരൻ! ഇരുട്ടാണുപോലും. ഇപ്പോൾ എനിക്കതാണ് ഇരുട്ട്.'

ഇതു എന്നെ അതിശയപ്പെടുത്തുകയും അസഹ്യപ്പെടുത്തുകയും ചെയ്തു. ഞാൻ അടുത്തു ചെന്നു സൂക്ഷിച്ചു നോക്കി. കുഞ്ഞിന്റെ മുഖം വെള്ളാമ്പിച്ചിരിക്കുന്നു. കൺ

പോളകൾ വെൺമെഴുകുപോലെ ചുണ്ടുകൾക്കോ കൈകളുടെ നിറം. മിക്കവാറും നീലച്ചിരിക്കുന്നു !

'അമ്മേ, അവൻ മരിച്ചോ?' ഞാൻ പരിഭ്രമത്തോടെ ചോദിച്ചു. അമ്മ തോളുകൾ ഇളക്കിയതല്ലാതെ ഒന്നും പറഞ്ഞില്ല. ഞാൻ നടന്നു വാതലിനു പുറത്തേക്കു നോക്കി. ആദ്യം എനിക്കു ചൂടനുഭവപ്പെട്ടു. പിന്നീടു പുറത്തു ഒരു വിറയൽ അനുഭവപ്പെട്ടു. എനിക്കു കരച്ചിൽ വന്നു. കാരണം രാവിലെ അവനുവേണ്ടി ഞാൻ വൈദ്യനെ വിളിക്കാൻ പോയില്ല. കവിളിൽ വീണ കണ്ണുനീർ തുള്ളികൾക്കു എന്തൊരു ചൂടു! അതു തുടച്ചുകളയാൻ ഞാനൊരുമ്പെട്ടില്ല. കണ്ണുനീർ തുള്ളികളായി താടിയിലൂടെ ഷർട്ടിൽ ഇററിററു വീഴുന്നതായി എനിക്കനുഭവപ്പെട്ടു. ശൈത്യമേറിയതും മുഷിഞ്ഞതുമായ ഒരു സായാഹ്നമായിരുന്നു അതെങ്കിലും വാതിൽ തുറന്നിടുവാൻ ഞാനിഷ്ടപ്പെട്ടു. അമ്മ വാതില്ക്കലെത്തി തലപിടിച്ചു എന്നെ അരികത്തണച്ചു. അവൾക്കു നേരത്തെ ചെയ്തതിൽ മനഃസ്താപമുണ്ടായിരിക്കാം. അപ്പോൾ എനിക്കു കരയുവാൻ കഴിഞ്ഞില്ല. വെറുതെ നിന്നു. അപ്പോഴും പീരങ്കികളും തോക്കുകളും ഗർജ്ജിച്ചിരുന്നു. ചിലപ്പോൾ പക്ഷികൾ മരങ്ങൾക്കിടയിൽ നിശ്ശബ്ദം പറന്നുകൊണ്ടിരുന്നു. എന്റെയപ്പൻ ആ തോക്കുകളിൽ പ്രവർത്തിക്കുയായിരിക്കുമോ ?

അടുത്ത ദിവസവും തണുപ്പേറിയതായിരുന്നു. അപ്പന്റെ ഒരു പഴയകോട്ടുകൊണ്ടു അമ്മ എനിക്കൊരു പുറങ്കുപ്പായമുണ്ടാക്കി. അതുമണിഞ്ഞു് ഞാൻ വെളിയിലിറങ്ങി. അമ്മ കുഞ്ഞിന്റെ മുഖത്തേക്കു വിരി ഇട്ടപ്പോൾ തൊട്ടിലിൽ ഒരു ചെറിയ വീട്ടിലെന്നപോലെ അവൻ ശയിച്ചു. അമ്മയെ സന്തോഷിപ്പിക്കാൻ വേണ്ടി പരിശുദ്ധ ബൈബിളെടുത്തു ഹേറോദിനെപ്പററിയുള്ള ഭാഗം വായിക്കാൻ തുടങ്ങി. പക്ഷേ വിളക്കു മങ്ങിയും പുകഞ്ഞും കത്തിയതുകൊണ്ടു എനിക്കു ഭംഗിയായി വായിക്കുവാൻ കഴിഞ്ഞില്ല. അതിനാൽ നീളമുള്ള വാക്കുകൾ ഞാൻ വിട്ടുകളഞ്ഞു.

പിറേറന്നു രാവിലെ ഗ്രാമത്തിൽ പോയി മരിച്ച കുഞ്ഞിനെ മറവു ചെയ്യാൻ പള്ളിയിലെ കപ്യാരെ വിളിച്ചുകൊണ്ടുവരുവാൻ ആവശ്യപ്പെട്ടു.

പത്തുമണിയോടുകൂടി ഞാൻ പുറപ്പെട്ടു. അതു ഉഷ്ണമുള്ള പകലായിരുന്നതിനാൽ എന്റെ പഴയ ഉടുപ്പു തന്നെ ധരിച്ചു. കാററിൽ ഇലകൾ ചലിച്ചിരുന്നു. ഞാൻ ചൂളംകുത്തിക്കൊണ്ടു നടന്നു. ആ വില്ലേജിലേക്കു അഞ്ചു മൈൽ നടക്കണം! മണ്ണാത്തിപ്പുള്ളുകൾ ചെറിയ ചില്ലികളിലിരുന്നു പാടി. ചില കാക്കകൾ ആകാശത്തിൽ ചുററിയടിച്ചു. കാടു പ്രശാന്തമായിരുന്നതിനാൽ വെടി മുഴക്കം അന്തരീക്ഷത്തെ വിറപ്പിച്ചു.

കാട്ടുകനികളും തിന്നു് ഞാനങ്ങനെ പതുക്കെ നടന്നപ്പോൾ, അകലെ ആളുകൾ ഓടുന്നതു കേട്ടു. ഉടൻ സമീപത്തു ഒരു തോക്കിന്റെ ശബ്ദവും മുയലിന്റേതുപോലെ നേർത്തതും എന്നാൽ കൂടുതൽ ഉച്ചത്തിലുമായി നീണ്ട ഒരു കരച്ചിലും. ഒരു മരത്തിനിടയിൽ ഞാനൊളിച്ചു. കാട്ടിൽ വീണ്ടും പ്രശാന്തത പരന്നപ്പോൾ ഞാനെഴുന്നേററു കഴിയുന്നതു വേഗത്തിൽ വീട്ടിലേക്കോടി. എന്നാൽ പട്ടാളക്കാരെ ഭയപ്പെട്ട വിവരം അമ്മയോടു പറഞ്ഞില്ല. അല്ലെങ്കിൽത്തന്നെ ഒരു ഭീരുവെന്നു മുദ്രകുത്തിയിരിക്കുന്നു. കപ്യാരെ അവിടെയെങ്ങും കാണാനില്ലെന്നും ഒരു പക്ഷേ യുദ്ധത്തിനുതന്നെ പോയതായിരിക്കുമെന്നും അമ്മയോടു പറഞ്ഞു. മാത്രമല്ല പട്ടാളക്കാരെ ഭയന്നു ആരും ഇപ്പോൾ വരികയുമില്ല. അമ്മ എന്റെ മുഖത്തുതന്നെ സൂക്ഷിച്ചുനോക്കി. എന്റെ തോൾ അല്പംപോലും ചലിപ്പിക്കുവാൻ സാധിക്കാത്ത വിധത്തിൽ ആ നോട്ടം അത്രമാത്രം ആത്മാർത്ഥവും ഉഗ്രവുമായിരുന്നു. അവർ തിരിഞ്ഞപ്പോൾ എന്റെ നില തുലോം ദയനീയമായി. എന്തുകൊണ്ടെന്നാൽ ഞാൻ പറഞ്ഞതു വെറും പൊളിയാണെന്നു അവർ മനസ്സിലാക്കിയിരിക്കുന്നു. ഞാൻ ഒന്നും ശബ്ദിച്ചില്ല.

ആ സമയമത്രയും അവിടെയിരുന്നു് ആ തൊട്ടിലിലേക്കു ഞാൻ നോക്കി. എനിക്കു വല്ലാതെ വിശക്കുന്നുണ്ടു്. അമ്മ കസവുവസ്ത്രം ധരിക്കുന്നതു കണ്ടപ്പോൾ ഉടനെ പുറത്തേക്കു പോകാനൊരുങ്ങുകയാണെന്നു എനിക്കു മനസ്സിലായി. അമ്മ പുറത്തേക്കു പോയാൽ എനിക്കു യഥേഷ്ടം തിന്നുവാൻ കഴിയു

മെന്നോർത്തപ്പോൾ വായിൽ വെള്ളമൂറി! ഉറിയിൽ പാറ്റിയ എല്ലിൻകഷണങ്ങളിലിരിപ്പുണ്ടു്. അമ്മ കസവുവസ്ത്രവും തൊപ്പിയും ധരിച്ചു് കുട്ടിയെ തൊട്ടിലിൽനിന്നും വെളിയിലെടുത്തു.

“കുഞ്ഞിനെ ഞാൻതന്നെയെടുത്തു് വെളിയിൽ കൊണ്ടുപോകയാണു്.” തന്നത്താനെന്നവണ്ണം അമ്മ പറഞ്ഞു. ആ കണ്ണുകളിൽ കണ്ണുനീർ പൊടിഞ്ഞിരുന്നില്ല. എന്നാൽ അവ മങ്ങിയിരുന്നു. “റോബീ, നീ നിന്റെ കൊച്ചനിയനെ മൊത്തുന്നില്ലേ?” എന്നു ചോദിച്ചുകൊണ്ടു അമ്മ തന്റെ കല്യാണത്തിനു വാങ്ങിയ കസവുവസ്ത്രംകൊണ്ടു അതിനെ പൊതിഞ്ഞു.

എന്റെ കൊച്ചനിയൻ! അവന്റെ നെറ്റിയിൽ ചുംബിച്ചപ്പോൾ എനിക്കു വീണ്ടും കരച്ചിൽ വന്നു. അവൻ കല്ലുപോലെയോ നനഞ്ഞ പൊടിപോലെയോ തണുത്തു വിറങ്ങലിച്ചിരിക്കുന്നു! ശരീരം മെല്ലിച്ചതാണെങ്കിലും ഭാരം തോന്നിച്ചു. മുഖത്തു ഭാവവ്യത്യാസമൊന്നുമില്ല.

“നീ വീടു സൂക്ഷിച്ചോ? പുറത്തെങ്ങും തന്നെ പോകരുതു്. ഞാൻ വെളിയിൽ കടക്കുമ്പോൾ കതകുകൾ ശരിക്കു പൂട്ടുക.”

മരങ്ങൾക്കിടയിലുള്ള ഇടുങ്ങിയ വഴിയിൽക്കൂടി അമ്മ ധൃതഗതിയിൽ പോകുന്നതു് ഞാൻ സൂക്ഷിച്ചു. ചുവന്ന രശ്മികൾ ഉണ്ടായിരുന്നതിനാൽ സൂര്യാസ്തമയം അടുത്തിരിക്കുന്നുവെന്നു മനസ്സിലാക്കി. അമ്മ നേരത്തെ പോകാഞ്ഞതു മടയത്തരമായിപ്പോയി. ഇപ്പോൾ വെളിച്ചമുണ്ടെങ്കിലും ഇരുട്ടു ഉടൻ വ്യാപിക്കുകില്ലേ?

പെട്ടെന്നു അവർ അപ്രത്യക്ഷയായി. വൃക്ഷങ്ങൾ മാത്രം അല്പം അടുത്തുവന്നു് നില്ക്കുന്നതായി കാണപ്പെട്ടു. വാതിൽ തുറന്നുകിടക്കുന്നു. ഞാൻ അടുക്കളയിൽ പോയി തിരി കത്തിച്ചുവച്ചു് മരകഷണങ്ങൾ കൂട്ടി തീ പിടിപ്പിച്ചു. ഉറിയിൽനിന്നും മൊരിച്ച റൊട്ടിയും എല്ലിൻകഷണങ്ങളും ആപ്പിൾ പഴങ്ങളും എടുത്തു. അടുപ്പിന്നരികെ വെളിയിലോട്ടു നോക്കിക്കൊണ്ടു ഞാൻ പാത്രത്തിൽനിന്നും തീറ്റി ആരംഭിച്ചു. അതു തീർന്നപ്പോൾ കുറേ നേരം ഉറങ്ങിപ്പോയി.

സാവധാനം ഞാൻ കണ്ണുകൾ തുറന്നു. നല്ല ഇരുട്ടു. കതകിലൂടു് ഏതോ മൃഗം എത്തി നോക്കുന്നു. ഞാൻ ചാടിയെഴുന്നേറ്റു. മൃഗം അതിന്റെ പാട്ടിനുപോയി. ഉടൻ ഞാൻ വാതിലടച്ചു സാക്ഷായിട്ടു. കുറെ വിറകിൻ കഷണങ്ങൾകൂടി ഇട്ടപ്പോൾ തീ പുകക്കുഴലോളം ആളിക്കത്തി. ആ ജനലിലേക്കു തിരിഞ്ഞു നോക്കാൻ എനിക്കു ഭയമായിരുന്നു. അതു അത്രമാത്രം അന്ധകാരമയവും, നിശ്ശബ്ദവും, ഭയജനകവുമായിരുന്നു. തോക്കുകൾ ശബ്ദിക്കാത്തതുകൊണ്ടോ, തീജ്വാലകൾ പടർന്നു പിടിക്കുമ്പോൾ ഒരു പ്രത്യേക ശബ്ദം ഉതിർത്തിരുന്നതുകൊണ്ടോ, വെടിയുടെ ശബ്ദം അപ്പോൾ കേട്ടില്ല. ചുവന്ന സ്ഫുലിംഗങ്ങൾ വീഴുന്നതിൽ എനിക്കാശ്ചര്യവും പേടിയില്ലാതിരുന്നതിനാൽ എരിഞ്ഞു തീരുന്നതോടൊപ്പം തന്നെ വിറകിൻ കൊള്ളികളും ഇട്ടുകൊണ്ടിരുന്നു.

അമ്മ തിരിച്ചു വന്നിട്ടില്ല. ഊഷ്മളമായ അടുപ്പിന്നരികെ അന്തമില്ലാത്ത സ്വപ്നത്തിൽ ഞാൻ ലയിച്ചു. എല്ലാം നിശ്ശബ്ദവും നിശ്ചലവുമാണു്. കാട്ടിൽ സാധാരണ കേൾക്കുന്ന ശബ്ദം പോലും കേൾക്കുന്നില്ല. വൻതോക്കുകളുടെ ഗർജ്ജനം ക്ഷയിച്ചു് ക്ഷയിച്ചു് വരികയാണു്. ഏകനായിരിക്കുന്നതിൽ കഠിനമായ ദേഷ്യവും ഭയവും ഉണ്ടെങ്കിലും നിലവിളിക്കുവാൻ എനിക്കു കഴിഞ്ഞില്ല. ഇതിനും പുറമേ അമ്മ തിരിച്ചു വരുമ്പോൾ ആഹാരത്തെക്കുറിച്ചു എന്താണു് പറയേണ്ടതെന്നു ഒരു രൂപവുമില്ല. എങ്കിലും അമ്മയുടെ സാന്നിദ്ധ്യത്തിനുവേണ്ടി ഞാൻ ഉഴറി. അതോർത്തപ്പോൾ ഒരു വേദന അനുഭവപ്പെട്ടു. അമ്മ—ഞാനമ്മയെ സ്നേഹിക്കുന്നുണ്ടു്. കഷ്ടം! ഞാനെത്രമാത്രം കഠിനഹൃദയനാണു്.

ഞാനറിയാതെ ഉറങ്ങിപ്പോയി. ഉണർന്നപ്പോൾ പകൽ വെളിച്ചം വീശിയിരിക്കുന്നു. അമ്മ ഇനിയും തിരിച്ചു വന്നിട്ടില്ല. എങ്കിലും നേരം പുലർന്നിരിക്കുന്നതു കണ്ടപ്പോൾ വളരെ സന്തോഷം തോന്നി. ഏതോ ഒരു ശബ്ദം എന്നെ ഉണർത്തിയതായി എനിക്കു തോന്നി. ശരിയാണു്. വാതില്ക്കൽ ആരോ വിമ്മിക്കരയുന്ന ശബ്ദം. പലകകൾക്കിടയിലുള്ള ദ്വാരത്തിൽക്കൂടി കുനിഞ്ഞു നോക്കിയപ്പോൾ വാതിൽപ്പടിയിൽ

അച്ഛൻ കിടക്കുന്നതായി കണ്ടു. അദ്ദേഹം വയറു ഊന്നികിടക്കുന്നു. വസ്ത്രങ്ങൾ അഴുക്കു പുരണ്ടും കീറിയുമിരിക്കുന്നു. പുറത്തു വസ്ത്രങ്ങൾ പിളർന്നുകൊണ്ടു ഒരു ഭാരമുണ്ട്. പൊഴിഞ്ഞു വീണ ഇലകളിൽ കട്ടപിടിച്ച ചോര! മുഖം കാണുന്നതിനുവേണ്ടി ഞാൻ ശ്രമിച്ചെങ്കിലും വ്യക്തമായി കാണാൻ കഴിഞ്ഞില്ല. മുഖം ചെളിപുരണ്ടും, മണ്ണിയും, വെള്ളാമ്പിച്ചും ഇരിക്കുന്നു. ഞാനദ്ദേഹത്തെ സ്പർശിച്ചപ്പോൾ വിമ്മിക്കരയുകയും ഒരു ദീനസ്വരം പുറപ്പെടുവിക്കുകയും ചെയ്തു. ഞാനാരാണെന്നു അദ്ദേഹം മനസ്സിലാക്കിയിരിക്കയില്ല. അദ്ദേഹം പുലമ്പിയതും അവ്യക്തമായിരുന്നു.

എന്നോടു കുറെ വെള്ളം ആവശ്യപ്പെട്ടു. പക്ഷെ കുടിക്കത്തക്ക വിധം തല ചെരിച്ച് വച്ചുകൊടുക്കുവാൻ എനിക്കു കഴിഞ്ഞില്ല. അതെല്ലാം ഒലിച്ചുപോയി. കുട്ടി മരിച്ച വിവരം ഞാനദ്ദേഹത്തോടു പറഞ്ഞു. പക്ഷേ അദ്ദേഹം എന്തെങ്കിലും ധരിച്ചതായി കാണപ്പെട്ടില്ല. ഞാൻ പറഞ്ഞു തീർന്ന ഉടനെ അമ്മ പള്ളിയിൽനിന്നും തിരിച്ചുവരുന്ന ശബ്ദം കേട്ടു. അതിനാൽ ഞാൻ പുറത്തേക്കു ഓടിച്ചെന്നു അമ്മയോടു പറഞ്ഞു. അതച്ഛനാണെന്ന്!

---

കവിത

## ഒടുവിൽക്കരയേണ്ട

(പ്രബോധ ചന്ദ്രൻ, ക്ലാസ്സ് IV, ബോട്ടണി)

അയൽ പക്കത്തെ മാധവക്കുഞ്ഞിനോടൊത്തെൻ കുട്ടൻ
വയലിൻവക്കിൽക്കൂടി സ്കൂളിലേയ്ക്കൊത്തൊല്ലാസം
പോവതും നോക്കിക്കൊണ്ടീത്തിണ്ണയിലിരിക്കേ ഞാൻ,
പോയനാളുകളും ചിന്താകാശത്തിൽപ്പറന്നെത്തി.
കാലമെത്രയായ്! എന്നാലിന്നലെപ്പോലും കൊച്ചു—
ബാലനായിരുന്നു ഞാനെന്നിന്നു തോന്നീടുന്നു.
'ബാലേട്ട'നെന്നന്നെന്നെ ഒന്നരക്കാതിൽ പാകം കൊച്ചു
മാലതിമാത്രം നിത്യം നൂറുവിളിച്ചീടും.
'ബാലേട്ട'നൊത്തേപോരു കളിക്കാൻ, കളിക്കാനും
വാലുപോൽക്കൂട്ടും പള്ളിക്കൂടത്തിൽപ്പോലും മാലു.
സ്കൂളിലെപ്പിള്ളേരെല്ലാമവളെക്കണ്ടാലെന്നും
"പാലേട്ടാ! ഞാനുംകൂടെ"യെന്നോതിക്കളിയാക്കും.
ശർക്കരമാവിൻകൊമ്പിൽക്കാറ്റിനെത്തട്ടും വച്ച
നില്ക്കും മാമ്പഴമെണ്ണാനൊകാതെ പറിയ്ക്കാനും,
ഇക്കാക്കരപ്പൊന്നമ്മാരെ പാടിപ്പാട്ടുണ്ടാക്കാനും,
പൂക്കൊട്ടയാക്കും കിട്ടാപ്പൂക്കളാൽ നിറയ്ക്കാനും,
ഇക്കാണും കുരുവികൾ കൂടുകെട്ടീടും തെങ്ങു
നോക്കിക്കണ്ടെത്തിപ്പിന്നെത്തന്നെയും കാട്ടീടാനും,
മാലതിയ്ക്കെന്നും വേണം ബാലേട്ടനല്ലെന്നാകിൽ
മാലെന്നു തന്നെ പിന്നെ മാച്ചുവെ വിളിച്ചീടാം.

കാലമങ്ങനെപോയി, മാലതി വലുതായി
ബാലനാം ഞാനും ബാലക്കുട്ടനായ്, യുവാവായി.
മാലുവിൻ കവിളിലും, ഞങ്ങടെ കരളിലും
ചേലോടക്കാലം തേച്ച പാടവത്തോടേ രാഗം.
ജോലിക്കായ് മറുനാട്ടിൽ ഞാൻ പോന്നിന്നേറെക്കാലം
ചേലിൽ വച്ചേൻ ചിത്തത്തെ മാലതിക്കുവേ.
മാലുവിന്നതിൽപ്പിന്നെ ഭർത്താവായൊരാൾ വന്നു

ലീലയെക്കൈയിൽത്തന്നെൻ മാതുലൻ
നല്കീ ജോലി.

കണ്ണൊന്നുമയച്ചില്ല ഞാ, നവ,ളെഴുതാത്ത
കത്തിനു മറുകത്തയൊന്നുമിങ്ങയച്ചില്ല.
രാവിലക്കമനിയെ സ്വപ്നരംഗത്തിൽ കണ്ടു—
“ലാപിലപ്പെടാനെന്ത കാരണം?” ചോദി
ച്ചൂ ഞാൻ
“നീല നീൾമിഴിയെന്തേ നനയാൻ? നി
നറുംത്തട്ടിൽ
മാലതി! കദനത്തിൻ കടവല തങ്ങാനുണ്ടോ?”

മിണ്ടുകില്ലവളൊന്നു, മെന്നല്ലാ രൂപംതന്നെ
കണ്ണീരിലലിഞ്ഞലിഞ്ഞില്ലാതെയായിത്തീരും.
കരളിൻ കരളിൽ നിന്നൊരവിപ്പുയർന്നീടും
കരയാൻ വെമ്പും ചിത്തം മാമകം മരവിപ്പൂം.

അമ്മതന്നരികിൽ നിന്നോടിയെന്നടുത്തെത്തും
പൊന്മകനെന്മാറിൽത്തൻ പൂമേനിയമർത്തു
മ്പോൾ
അക്കൊച്ചു ശിരസ്സിൽ ഞാൻ ചുംബനം
നൂറൊന്നേക—
മൊക്കെ ഞാൻ മറന്നീടും നിമിഷംകൊണ്ടെ
ന്നാലും,
വേദനയെറുമ്പുപോലരിച്ചീടുന്നു ചിത്തം
ഞാനതിൻ ഭാരം താങ്ങി പോരി ജീവിച്ചീടുന്നു.
അയൽപക്കത്തെക്കുട്ടി, രാധയോടൊ
ത്തെൻകൊച്ചു—
മകനാഹ്ലാദിച്ചാർത്തു സർവ്വത്ര നടക്കു
മ്പോഴും
അവനോടേവം ചൊല്ലാൻ തോന്നുന്നു
ണ്ടെനിക്കെന്റെ—
മകനേ! ചിരിച്ചാർത്തിട്ടൊടുവിൽ കരയണ്ടാ.

---

ചെറുകഥ

# ഒററക്കമ്പിയുള്ള വീണ

കെ. കെ. രാധാകൃഷ്ണൻ
പ്രി യൂണിവേഴ്സിററി ക്ലാസ്സ്

വേദനകൊണ്ടു പൊള്ളുന്ന എന്റെ ഹൃദയത്തിലേയ്ക്കു്, ആശ്വാസത്തിന്റെ കുളിർമ്മയെ പകരുവാൻ ശ്രമിക്കുകയാണു് ഞാൻ. ആ സംഭവം നടന്നിട്ടു് ഇന്നേക്കു് എട്ടു വർഷമായി. എന്നിൽ ഒരിക്കലും ഉണങ്ങാത്ത ഒരു മുറിവേല്പിച്ചുകൊണ്ടാണു് അതു കടന്നുപോയതു്. ആ മുറിവു ഇന്നും ഉണങ്ങിയിട്ടില്ല. ഇനി ഉണങ്ങുകയുമില്ല.

നീണ്ടുപോകുന്ന നിശ്ശബ്ദ നിശീഥിനിയുടെ അന്ത്യയാമങ്ങളിൽ മാലോകരെല്ലാം സുഷുപ്തിയിലാണ്ടുകിടക്കുമ്പോൾ, ഹൃദയത്തിൽ ചിന്തകൾ വിഷമുള്ളുകൾ തറയ്ക്കുകയാണു്. പൂനിലാവു് വഴിഞ്ഞൊഴുകുന്ന ഈ നിർമ്മലമായ അന്തരീക്ഷം, ചിന്തയുടെ സകല കെട്ടുകളും തകർക്കുകയാണു്. ജനലിനെതിരെയുള്ള ആ മാവിൻ ചില്ലികൾക്കിടയിലൂടെ അമ്പിളിക്കല ഒളിഞ്ഞുനോക്കുകയാണു്. നിലാവുനിറഞ്ഞ നീലരാത്രികളുടെ നിറഞ്ഞ നിശ്ശബ്ദതയിൽ ഞങ്ങൾ ആ മാവിൻ ചുവട്ടിലിരുന്നു രഹസ്യസല്ലാപം ചെയ്യുക പതിവായിരുന്നു. ആ മാവിൻ ചുവട്ടിലെ, ഓരോ മണൽത്തരിയും ഞങ്ങളുടെ പ്രേമരംഗങ്ങൾക്കു് എത്രയോവട്ടം സാക്ഷ്യം വഹിച്ചിട്ടുള്ളതാണ്.

ഒരു പേർഷ്യൻ കവിത ഓർത്തുപോവുകയാണു ഞാൻ. അതിന്റെ സാരം ഇതാണു്. “ഇരുപത്തിയൊന്നു കമ്പികളുള്ള ഒരു വീണയാണു പുരുഷൻ. എന്നാൽ സ്ത്രീയാകുന്ന വീണയ്ക്കു ഒരൊററക്കമ്പിയേയുള്ളു. അതു പൊട്ടിയാൽ ഒരു തടിമാത്രം ശേഷിക്കും.” എത്ര വാസ്തവം! അതെ, ഞാനിപ്പോൾ ഏകയാണു്. സുന്ദരങ്ങളായ സ്വപ്നങ്ങളിലൂടെ പാഞ്ഞടുത്ത ജീവിതവീണയുടെ കമ്പി തകർന്നു. ഒരൊററത്തടിയായി ശേഷിച്ചിരിക്കുകയാണു് ഞാൻ.

ബാല്യകാലസ്മരണകൾ! അവ മാത്രമാണു്, ഇന്നെനിക്കു് ആനന്ദസന്ദായകങ്ങളായി തോന്നുന്നതു്. കയ്പേറിയ ഈ ജീവിതത്തിൽ മധു അല്പമായാണെങ്കിലും പകരുന്നതു് അവമാത്രമാണു്.

പ്രകൃതിയുടെ മനോഹാരിതയ്ക്കു് നിശ്ശബ്ദത മാററുകൂട്ടുന്ന, എത്രയെത്ര രാത്രികളിൽ ഞങ്ങൾ ആ മാവിൻ ചുവട്ടിലിരുന്നു സല്ലപി

ച്ചിട്ടുണ്ട്. ആ മാവിൻ ചുവട്ടിൽവച്ചു തന്നെയാണ് ഞങ്ങൾ ചോറും കറിയും വച്ചു കളിച്ചത്, അച്ഛനും അമ്മയും ചമഞ്ഞത്. ഇതെല്ലാം ഇന്നു സ്വപ്നങ്ങളായി തീർന്നിരിക്കുകയാണ്. വേദനനിറഞ്ഞ സ്വപ്നങ്ങൾ! മനോഹരമായി പുഞ്ചിരിച്ചുകൊണ്ടിരിക്കുന്ന എന്റെ രാജന്റെ രൂപം അവശേഷിപ്പിച്ചുകൊണ്ടു ആ വേദനനിറഞ്ഞ സ്വപ്നങ്ങൾ ഹൃദയത്തിലേയ്ക്കു് അരിച്ചരിച്ചിറങ്ങുകയാണ്. ഇന്നെന്റെ ദുഃഖം ശമിപ്പിക്കുവാൻ ആരുമില്ല. മുമ്പാണെങ്കിൽ എന്റെ കണ്ണുകൾ ഒന്നു നിറഞ്ഞാൽ മതി, അദ്ദേഹം ഉടനെ വിളിക്കും, "ശാന്തേ............" രാജനറിയാമായിരുന്നു, സ്നേഹസാന്ദ്രമായ ആ ഒരൊററ വിളിയിൽ എന്റെ സകല ദുഃഖവും മാഞ്ഞുപോകുമെന്നു്.

രാജന്റെ കുടുംബം, ധനസ്ഥിതിയിൽ വളരെ മോശമായിരുന്നു. എന്റെ അച്ഛന്റെ ഒരു കീഴ്ജോലിക്കാരനായിരുന്നു, അദ്ദേഹത്തിന്റെ അച്ഛൻ. പക്ഷേ, രണ്ടു വീട്ടുകാരും വളരെ സ്നേഹത്തോടെയാണ് പെരുമാറിയിരുന്നതു്.

അന്നു് ഉച്ചയ്ക്കു് രണ്ടുമണിയായിക്കാണും. ഞാനും രാജനും പതിവുപോലെ അന്നും ആ മാവിൻ തണലിൽ കളിക്കാൻ കൂടി.

"നമുക്കിന്നൊരു വീടുവയ്ക്കണം" രാജൻ അന്നത്തെ പ്രോഗ്രാം പറഞ്ഞു.

"ശരിയാ" ഞാനും യോജിച്ചു.

വീടു പണി തുടങ്ങി. രാജൻ തന്നെ പോയി, കമ്പുകളും ഓലയും മററും കൊണ്ടുവന്നു. ഞാൻ വെറുതെ നോക്കിനില്ക്കുകയായിരുന്നു. അപ്പോൾ രാജൻ പറഞ്ഞു.

"നീ വെറുതെ നില്ക്കുകയാണോ? അതു പററില്ല. നീയും ജോലി എടുക്കണം. അല്ലെങ്കിൽ ഞാനിതാ, പോകുന്നു." എന്നു പറഞ്ഞു മാറി ഇരുന്നു. ഒടുവിൽ നിവൃത്തിയില്ലാതെ ഞാനും വീടുപണിയിൽ സഹായിക്കാൻ തുടങ്ങി.

അങ്ങനെ വീടുണ്ടാക്കികഴിഞ്ഞു. രാജൻ അച്ഛനായി, ഞാനമ്മയും.

"എനിക്കുറക്കം വരുന്നു ശാന്തേ, വേഗം കിടക്കവിരിക്കു?" രാജൻ, അച്ഛൻ ചമഞ്ഞു പറഞ്ഞു.

"എനിക്കും വരുന്നുണ്ടു്" എന്നും പറഞ്ഞു ഞാനൊരു പായ് വിരിച്ചു. ഞങ്ങൾ രണ്ടുപേരും കിടന്നു. ശപിക്കപ്പെട്ട ആ നിമിഷത്തിൽ ഞങ്ങൾ ശരിക്കുറങ്ങിപ്പോയി. ഇന്നെനിക്കു തോന്നുന്നു, ഈ എന്റെ ദുഃഖത്തിനും തീരാവേദനയ്ക്കും കാരണം ആ നിമിഷമായിരുന്നെന്നു്.

ഞങ്ങൾ കളിക്കാൻ പോയി നേരം കുറെയായി. വീട്ടിൽ അന്വേഷണമായി. എന്നെ പലപ്രാവശ്യം ഉറക്കെ വിളിച്ചു. പക്ഷേ, ആരുകേൾക്കുന്നു! അച്ഛനും, അമ്മയും, വേലക്കാരും തകൃതിയായി അന്വേഷിക്കുകയാണ്. ഒടുക്കം അച്ഛനും അമ്മയും ഞങ്ങൾ വച്ച ആ കുഞ്ഞിപ്പുരയുടെ അടുത്തെത്തി. ഞങ്ങൾ രണ്ടുപേരും കെട്ടിപ്പിടിച്ചു ഉറങ്ങുന്ന കാഴ്ചയാണ് അവർ കണ്ടതു്. ദേഷ്യം സഹിക്കവയ്യാതെ, അച്ഛൻ അലറി.

"എടീ, ശാന്തേ!"

"അയ്യോ!" ഞങ്ങൾ രണ്ടുപേരും ഒന്നിച്ചു നിലവിളിച്ചു പോയി. ഞങ്ങൾ ഉടനെ എഴുന്നേററു.

"ഒരു പുരപണി" അച്ഛനാവീടിനൊരു തട്ട്. ആ പുരയോടൊപ്പം ഞങ്ങൾ കെട്ടിച്ചമച്ച ആ സ്വപ്നങ്ങളും തകരുകയായിരുന്നു.

"പോടാ, എണീച്ചിവിടുന്നു്. ഇനി നിന്നെ ഈ വളപ്പിലെങ്ങാനും കണ്ടാൽ കാലു ഞാൻ തല്ലിയൊടിക്കും" അമ്മയും അലറുകയാണ്. രാജൻ പേടിച്ചു ചൂളിപ്പോയി. ആ നില്പ് ഞാനിന്നും വ്യക്തമായി ഓർക്കുന്നു.

"ഓടെടാ......ഇവിടുന്നു" അച്ഛൻ ആജ്ഞാപിച്ചു. രാജൻ പേടിച്ചൊരോട്ടം.

"എടീ, ശാന്തേ, ഇനി നീ അവനുമായി കളിക്കുന്നതു കണ്ടാൽ............"

അമ്മ താക്കീതു നല്കി.

അങ്ങനെ ആ സംഭവം ഒരിക്കലും നികത്താത്ത ഒരു വിടവ് ഉണ്ടാക്കിത്തീർത്തു. പക്ഷേ ഒരു ശക്തിക്കും ഞങ്ങളുടെ സ്നേഹത്തെ നശിപ്പിക്കുവാൻ കഴിഞ്ഞില്ല.

ആരും ആവശ്യപ്പെടാതെ, കാലം പല മിനുക്കുപണികളും ഞങ്ങളിൽ നടത്തി. കരളിൽ സ്വപ്നങ്ങളും, കണ്ണുകളിൽ നീല വെളിച്ചവും, ചുണ്ടിൽ പുഞ്ചിരിപ്പൂക്കളുമായി ഞങ്ങൾ വളർന്നു. നേരിട്ട് സംസാരിക്കുവാനുള്ള അവ

സ്വരങ്ങൾ കുറഞ്ഞെങ്കിലും വാചാലങ്ങളായ കടാക്ഷങ്ങളിലൂടെ ഞങ്ങൾ ഹൃദയസന്ദേശങ്ങൾ കൈമാറി.

അന്നു ഒരു ദിവസം എനിക്കു് അത്യാവശ്യമായി, അകലെയുള്ള ഒരു ബന്ധുവിന്റെ വീട്ടിൽ പോകേണ്ടതായി വന്നുകൂടി. തിരിച്ചു വരുവാൻ ചുരുങ്ങിയതു രണ്ടാഴ്ചയെങ്കിലും കഴിയേണ്ടിയിരുന്നു. പോകുന്നതിനു മുമ്പു രാജനെ ഒന്നു കാണണമെന്നു് എനിക്കു് ആഗ്രഹം ഉണ്ടായിരുന്നു. യാതൊരു ബുദ്ധിമുട്ടും കൂടാതെ തന്നെ അതു നിറവേറി. വേഗം തിരിച്ചു വരണം എന്നു പറഞ്ഞതിനുശേഷം അദ്ദേഹം തമാശയായി കൂട്ടിച്ചേർത്തു.

"വേഗം തിരിച്ചു വന്നില്ലെങ്കിൽ എന്നെ കാണുകയില്ല, കേട്ടോ?"

തമാശയായി പറഞ്ഞ ആ വാചകം, യഥാർത്ഥത്തിൽ വന്നതോർത്തു് ഞാനിന്നും നടുങ്ങുന്നു.

വിചാരിച്ചതുപോലെ, രണ്ടാഴ്ച കഴിഞ്ഞു തിരിച്ചു വരുവാൻ എനിക്കു കഴിഞ്ഞില്ല. തികച്ചും മൂന്നാഴ്ചകഴിഞ്ഞു ഞാൻ തിരിച്ചു വന്നപ്പോൾ ഏതോ അകാരണമായ ഒരു ഭീതി എന്നെ അലട്ടിക്കൊണ്ടിരുന്നു. അതുകാരണം വളരെ ആശങ്കകളോടെയാണു് ഞാൻ വീട്ടിൽ എത്തിയതു്. അപ്പോഴാണു്, എന്റെ രാജൻ, എന്റെ ജീവിത സർവ്വസ്വവുമായ രാജൻ എന്നന്നേക്കുമായി എന്നെ വിട്ടുപിരിഞ്ഞു എന്നു് ഞാൻ അറിയുന്നതു്.

ഞാൻ പോയി ഒന്നു രണ്ടു ദിവസങ്ങൾക്കകം, രാജനു് കഠിനമായ പനിപിടിപ്പെട്ടു. അതു ടൈഫോയിഡാണെന്നു അറിയുവാൻ അധികം കാലതാമസമുണ്ടായില്ല. രോഗം അതിന്റെ മൂർദ്ധന്യാവസ്ഥയിലായി. ബോധം ഇല്ലാതെ കിടക്കുന്ന അവസരങ്ങളിൽ പോലും എന്നെ കാണുവാൻ പല പ്രാവശ്യവും രാജൻ ആവശ്യപ്പെട്ടു. എന്തുചെയ്യാം? ഭാഗ്യഹീനയായ എനിക്കു് അദ്ദേഹത്തെ അവസാനമായി ഒരു നോക്കുപോലും കാണുന്നതിനു് സാധിച്ചില്ല.

കരഞ്ഞുകരഞ്ഞു എന്റെ കണ്ണുനീരെല്ലാം വററി. ഇന്നു ഞാൻ ജീവിക്കുകയാണു്. കണ്ണിൽ കവിതയുമായി കഴിയുന്ന ഒരു ശാന്തയായിട്ടല്ല, പ്രതീക്ഷകളുടെ പട്ടടയിൽ നിന്നുയിർത്തെഴുന്നേററ ഒരു ശാന്തയായിട്ട്.

സ്ത്രീ ഒററ കമ്പിയുള്ള വീണയാണെന്ന ആ പേർഷ്യൻ കവിത എനിക്കു് മറക്കുവാൻ കഴിയുന്നില്ല. കണ്ണുനീരിന്റെ വെൺമുത്തുകൾകൊണ്ടു്, ഞാൻ എന്റെ പ്രിയപ്പെട്ട രാജന്റെ ശവകുടീരത്തിൽ മാല്യാർപ്പണം ചെയ്യുമ്പോഴും, ആ കവിത ഞാൻ ഓർക്കാറുണ്ടു്.

# 'गेयिम्स बॉय'

(Games boy)

S. Gopalakrishnan. Cl. IV.

शाम का समय था। दिनमणी की सुनहली किरणें पहाडों पर चढकर जगमगा उठी थीं। 'टेन्नीस कोर्ट' में सभी मेरी प्रतीक्षा में रहते थे। रमेश और दादूदयाल किसी सिनेमा पर तर्क वितर्क कर रहे थे। प्रसाद मेरी बाट जोह रहा था और देखते ही कहने लगा:– "क्यों जी सोते सोते साडे पांच बज चुके। अब एक 'गेंम' का भी समय नहीं।" खेलने का मन तो नहीं था, तोभी में कोर्ट में जा घुसा।

"आज हमारा बॉय कहाँ है?" रमेश ने पूछा।

"वह बदमाश कहाँ जा मरा" प्रसाद को गुस्सा आया।

"वह जब चाहे आवे" में ने खेलने की उत्तेजना दी और बॉय को कोसते हुए सब 'कोर्ट' में आ खडे हुए।

दो चार मिनट ही बीत चुके थे कि रहीम दौडता आ पहूँचा। उसकी बदन पसीने में तर थी। उस पीले मुंह पर लालिमा छायी हुई थी। प्रसाद ने गंभीर भाव से कहा "ठीक वक़्त पर पधारे साहब ··· निकम्मे ··· जानते थे न कि पांच बजे हम खेलने आयेंगे?"

रहीम कुछ नहीं बोला, मानों उसकी बानी बंद हो। वह वेदनाभरी दृष्टि से मेरी ओर देख रहा था। आग में तेल डालने का मेरा स्वभाव था, तो भी अब कहा "रहीम तुम ने बहुत देरी की ... आगे ऐसा न होना"

"क्षमा कीजियेगा साहब" ओस की बुंदों की तरह आँखू उसके नयनों से टपक पडे। वह फिर भी कुछ कहना चाहता था मगर हम खेलने लगे।

रात के होते होते मैं और प्रसाद घर चले। रमेश और दादूदयाल 'तियटर' की ओर बढे थे। रहीम भी दबे पाव हमारे पिछे आ रहा था।

"क्यों रे घर जाताहै न?" में ने पूछा

"हाँ बाबुजी"

"फिर यहाँ हमारे साथ?"

"घर में ... ... ... वह रुक गया"

"कह दे रहीम ... ... साहब को कोप आता है" में ने प्रसाद की ओर संकेत करते कहा।

"मेरी माँ बीमार है साहब ··· ··· उसे दवा मँगाने एक रुपया। अगले महीने का ··· ···" उसका स्वर थर्राता था "तोताराम की माँ ने कहा ज्वर कठिन है ······ मेरा सब कुछ वही है ··· ···"

"ज्वर? माँ के पास अब कोई है तो न?" प्रसाद ने पूछा

"नहीं साहब ··· ··· दिया जलाने को जल्दी आना कहकर मुझे जाने दिया था।"

"फिर भी तुम आये क्यों ··· माँ को अकेली छोडकर"

"माँ कहती थी वे साहब अच्छे आदमी हैं, उन्हें नाराज होने न देना। रोज दो आने की बात है। जाकर सध्या के पहले लौटना"

हम जानते थे कि उसके माता-पिता भाई-बहिन सब उसकी बूढी माँ है। अस्पताल के पीछे की उस फूटी झोंपडी में वह बूढी अब लडके की राह देखती होगी। मैं ने जेब टटोला। एक ही रुपया था और वह रहीम के हाथ में रखते हुए कहा "ज्वर चढता है तो हकीम अमरनाथ को बुलाना। सवेरे मेरे यहाँ आना। हम दोनों से पैसा माँगने में संकोच क्यों? हमारे "पर्स" में जो कुछ है उसका एक हिस्सा तेरा समझना ..." इतना कहकर मेरे मन में एक गर्व पैदा होता था, शायद इस विचार से हो कि दुनियाँ के सबसे बडा दयालू मेरे अलावा और कौन है?

संध्या हो गयी थी। आसमान में तारे एक एक करके निकल आते थे। "अब जल्दी जाना" प्रसाद ने कहा। "माँ को बीमार छोडकर न आना चाहिये था उसकी तबीयत अच्छी होते ही कोर्ट में हाज़िर होना। समझ लिया तूने। कल हमारे यहाँ आना"

रहीं हवा से बातें करते गायब हुआ। प्रसाद से बिदा लेकर मैं भी घर की ओर चल पडा।

रात में मुझे रहीम की याद आयी। उसक दुबला पतला रूप और निर्मम वेदना में जलने वाली छोटी छोटी आँखें मेरे सामने थीं। उसकी माँ की क्या दशा थी। अस्पताल के पास है। मगर डाक्टर साहबों की दृष्टि नीचे नहीं पडेगी। तिस पर भी भिखमंगे हैं। सुरम्य उपवन पास थी। मगर उसकी विलासिता को दूर से देखने का भी भाग्य नहीं। फूटी 'चिम्नी' की लालटेन के प्रकाश में वह माँ को दवा पिलाता होगा। नीद की गोद में नीरव निशा पडी हुई है। अगर अब ज्वर चढता है तो वह क्या करेगा। उस बूढी की आँखें हमेशा केलिये बंद होंगी ... ... ओह... मेरी चिंता रुक गयी।

सबेरे रहीम न आया। शाम को 'कोर्ट' में भी नहीं था। आज किसी ने भी उसकी शिकायत नहीं की। दूसरे दिन भी जब वह न दीख पडा तो प्रसाद ने कहा:- "जावें। देख लें, कि क्या हुआ है। अबोध बालक है, बन्धु कोई नहीं। अकेला वह क्या कर सकता।" हम दोनों जानेवाले ही थे कि जग्गू दादाके लडके ने आकर कहा:- "साहब रहीम की माँ चल बसी।" वह इतनी आसानी से बोलता था मानों किसी कीड की मृत्यु हुई हो। तोत्ताराम रहीम का साथी था, उस पर अविश्वास करने की संभावना नहीं थी। हमें अपनी निर्दयता पर दुःख आया। शायद हम कोशिश करते तो वह बूढी बचजाती। प्रसाद के मुँह पर एक ग्लानी फैली हुई थी। दस वर्ष का वह अबोध बालक। हाथ पैर बाँधे अगाध समुन्द्र के बीच में वह फेंक दिया गया है। सूखे पेड ही उस लता का अश्रय था, आज वह पेड गिर पडा है।

'टेन्नीस' कोर्ट में सन्नाटा छायी हुई थी। दो दिनकेलिये तोत्ताराम को रहीम के काम में नियुक्त किया। वह रहीम की भाँति जोशीला नहीं था। उससे कहा था कि रहीम के आने

तक ही उसकी नौकरी जारी है। शाम को 'कोर्ट' से लौटते समय प्रसाद कहता था "हम ने बडी मूर्खता की।"

तीसरे दिन रहीम आया। उसकी ओर देखने की मुझमें शक्ति नहीं थी। रो रोकर उसकी आखें सूज गयी थीं। प्रसाद ने उसे स्वांतना देते हुए कहा:- "तू आ गया? हम ने भी तेरी दुर्दशा जान ली। अफसोस है कि तेरी कुछ मदद नकर सके। कभी न दुखना... हम दोनों को अपना भाई समझ ले" यह कहते हुए उसने एक कदम आगे रखा और चाहा कि रहीम का हाथ पकड लें। मगर वह पीछे हटा।

"कल आयेगा न? घबडा मत। तोत्ताराम को दो दिन केलिये ही नियुक्त किया था" मैं ने कहा।

रहीम धीमी आवाज में बोलने लगा "तोत्ताराम भी निस्सहाय है बाबुजी। अंधे बाप और बूढी माँ को खिलाना है। उसे वह काम दीजिये। मैं अकेला रह गया हूँ। और कहीं जाकर कोई काम कर सकता।" उसके स्वर में एक गांभीर्य था। मैं ने करुणाद्र नेत्रों से उसकी ओर देखा। उसकी छाती धडक रही थी। आँखों में असीम देखा। उसकी छाती धडक रही थी। आँखों में असीम बेदना की झलक थी, मगर वह हँसने की चेष्टा कर रहा था। उसकी आँखों की उस प्रदीप्त ज्वाला म मैं चूर चूर हो रहा था। वह जाने लगा। मैं ने उसे रोकना चाहा मगर मुंह से शब्द न निकलता था।

छोटी कहानी

## मैं जिन्दा रहता हूँ!

[एम० अब्दुल सहाब, U. P.]

रात के बारह बज चुके थे। दुनियाँ गहरी नींद में पडी थी। इधर-उधर के झाडियों में चांदनी की किरणें पडकर ऐसा मालूम पडता था मानों चोर-गण सफेद कपडे सिर पर ओढ छिपे बैठे हों। सड़क पर एक भी मनुष्य चलता नहीं था। पर सोता था, मनुष्य नहीं; मनुष्य समूह। क्या सडक पर? नहीं। सडक के किनारे की दूकानों के बरामदों पर, निश्चित रहकर घुर्राटे ले रहे थे, जैसे कहीं स्वर्ग-तुल्य महल के पलंग पर लेटे हों।

---

"जाता है" प्रसाद ने पूछा "इतनी जल्दी से? कल जरुर आना ... ..." मगर सुनता है कौन?

"यह क्या" प्रसाद ने जमीन पर पडी हुई कागज की एक पुडियाँ उठा ली "उसीका है, वह हाथ में कुछ न कुछ छिपाने की चेष्टा कर रहा था।" मैं ने पुडियाँ खोलकर एक बार देखा। दूसरी बार देखने की शक्ति नहीं थी। मैं ने अपने मित्र की ओर दृष्टि डाली। वह भी दीनहोकर मेरी तरफ देख रहा था। वही एक रुपये का नोट जो मैं ने रहीम को दिया ... ... प्रासाद की आँखों से आँसू का एक कण उस पर पडा ... ...

रघू धीरे-धीरे सडक पर से चल रहा था। वह गहरी चिंता में पड गया था। कहीं एक कुत्ता भूँकता था। पर वह यह सुनता नहीं था। इसलिये नहीं कि वह बहरा था; लेकिन इसलिए कि चिंता ने उसे ग्रस्त कर लिया था।

उसे वह दिन आज की तरह याद है जब वह बीस वर्ष का एक युवक था। दरिद्रता ने उस कुडुम्ब को निराशा रूपी सागर में ढकेल दिया था। सिर्फ तीन प्राणियाँ थीं। माँ, बाप और एक बेटा। पर क्या किया जाय? देश भर में अकाल पड गया था, युद्ध के मारे। (1) पेट भरने की बात तो (2) दूर रही, किन्तु भूख की आग बुझाना ही काफी था।

वह अपना घर छोडकर चल दिया और सेना में भरती हो गया।

रघू के माँ-बाप जन्म से गरीब थे, पर जाति के उच्च थे। मगर जाति का धन से क्या संबन्ध? सत्यदेव को एक ऊँचा मन प्राप्त था। अपने इकलौते बेटे की शिक्षा के कार्य में वे बहुत उत्सुक थे। पाँच क्लास तक पढाने में कोई बाधा नहीं थी। लेकिन अब आगे की पढाई बहुत कठिनता से कटी। जो बहुत मुश्किल से अपनी जीविका चेलाते हैं, कैसे लडके को स्कूल में भेजकर पढाई करवाते। पुत्र को शिक्षा देने में माता यशोदा भी बहुत चाहती थी। बडी दौड-धूप के फल स्वरूप वे दस क्लास तक अपने पुत्र को पढा सके। अब पढना-लिखना सब खतम हो चुका था।

रघू को कालीज जाने की बडी इच्छा थी। पर यह सपने में भी देखना पाप था। इसलिये काम की खोज में वह इधर-उधर घूमता-फिरता था। किन्तु कहीं जगह पाना बायें हाथ का खेल तो नहीं था। इस प्रकार बेकार दो साल बीत गये। तब आयी लडाई। एक का पतन दूसरे की उन्नति का कारण बन जाता है। रघू के लिए यह युद्ध कुछ आशाजनक ही था।

रघू को सेना में भरती हुए अब तीन साल हो गये थे। वह अपने माता-पिता को प्रति-मास रुपये भेजता और पत्र भी भेजा करता। इस तरह अठारह महिने गुजर गये। दो महीने तक अपने पुत्र की कोई खबर नहीं थी।

एक दिन एक चिट्ठी मिली, पर रघू की नहीं थी। रुपये भी मिले, लेकिन उस के नहीं। सरकार के भेजे हुए थे ये सब एक सन्दूक भी था जिस में रघू की पोशाक आदि रखी थी। उन निःसहाय माता-पिता के उस समय के दुःख का वर्णन करना उचित नहीं होगा।

यशोदा ने पति से कहा-मुझे अब इस दुनियाँ में जीने की इच्छा नहीं।

"पर ईश्वर की मर्जी वह ... ... सत्यदेव अपना वाक्य पूरा न कर सके। उन को ऐसा प्रतीत होता था कि कहीं अपना दिल तो नहीं फट जाय।

घंटों के लिए नहीं, अनेकों दिन खामोशी ही खामोशी उस घर में बसती थी। वहाँ सूर्य-चंद्र का निकलना या डूबना कोई भी जानता नहीं था। माँ बन गयी थीं मरीज, पिता बनने के थे पागल।

आज वह रघू जीवित है। क्या मरने के बाद जी कैसे सकता है। जो इस संसार से कूच कर जाता है उसे एक दूसरा जन्म हो तो सकता है। परन्तु अगले संसार में, इस में नहीं।

चलते-चलते पौ फटने के पहले ही रघू अपने घर के सामने आ गया। आँगन में जो 'शकर-आम' था वह पहले जैसा अब भी वहाँ था। वहाँ सिर्फ सन्नाटा ही रह गया था। रघू ने बाहर से पुकारा-अम्मा, लो, उठो अम्मा।

कुछ देर बाद किवाड खोल दिया। मगर अम्माने नहीं, पिता ने। बिना कुछ बोले रघु जल्दी ही अन्दर घुस गया और चारपाई के पास जा गिरा जिस पर उसकी स्नेहमयी माँ लेटी थी। उस ने धीमी आवज़ में पुकारा-माँ!!

पर अब भी उत्तर न मिला।

यह सब देखने पर भी पिता ने कुछ नहीं कहा। जानबूझकर नहीं, किन्तु उसकी ज़बान हिली नहीं।

रघू ने पिताकी ओर मुँह किये पूछा-पिता जी, अम्मा को क्या हो गाया ?

पिता इतना कह सके-बेटा … तू … यशोदा का जी अच्छा नहीं … … है।

वह अब सब जान गया था। उसने ज़ोर से पुकारा-अम्मा! यह लो अम्मा, अपना खोया हुआ बेटा।

'बेटा' शब्द ने उस ममता में जकडी हुई माता में जैसे एक नयी शक्ति ही फुंक दी हो, धीमे स्वर में वह बोलीं-बेटा … तू … जिन्दा … रहत है! बेटा में खुश … हूँ। बेटा … पानी …

रघू ने झट पानी की दो-तीन बूँदें उसके मुँह में डाल दी और वहाँ बैठ गया।

यशोदा ने आखें खोलीं। उस का मुख ऐसा चमक उठता था मानों मुख पर शांति की किरणें पड गयी हों।

पिता भी पुत्र के पास खाट पर ही बैठ गये। उन्हों ने पूछा-बेटा तू … मरकर … फिर… भगवान … …।

रघू ने बीच में ही उन की बात काट कर कह दिया-में कहूँगा, क्या हो गया था। आज से अठारह महीने पहले की बात है। मुझे तब सेना में भरती हुए डेढ वर्ष हो गये थे। लडाई जोरों पर थी। मैं सामने की कतार में बन्दूक पकडे खडा था। शत्रु-दल कुछ अधिक बल-शाली जान पडा। वहाँ से विजय पाना लोहे के चने चबाना ही था। पर हम जान को हथेली पर लिये आगे बढे। लेकिन यह स्पष्ट हो गया कि विजय हमारी नहीं है। तब तो हमारी सेना का एक भाग पीछे की ओर मुडकर भागने लगी। सब दुश्मन के शिकार बनकर धरती पर पड गये। मैं भी नीचे गिर गया था। मेरा सारा शरीर दूसरे एक आदमी के रक्त से लथपथ हो गया था। इसलिये शत्रुओं की जाँच के बाद भी मैं पकडा नहीं गया। लाश को ले लेने से क्या फायदा? रात होते ही मैं किसी न किसी तरह चलकर एक किसान के घर पहुँच गया जहाँ मैं तीन महीने तक रहा। मैं उस के बाद इधर-उधर भडकने लग था।

कवित

## स्मृति

पी॰ मुरलीधरन नायर, क्लास ३, कैमिस्ट्री

प्यारी! तेरी चिता से,
जल उठता है मेरा मन;
कहाँ गयी तू सुरवाले,
दुख से पागल होता मैं ॥ १

आकाश में अब तारागण
डगमग रहती है प्रतिपल;
अगर यहीं पर तू है तो
छिप जायेंगे तारागण ॥ २

तुझे ढूंढ कर रातों रात,
गया समुन्दर के तट में;
हाय! विधि की लीला से
मिला न मुझे तेरा मुख ॥ ३

कलकल करती बह जाती–
सरिता के तट दुखी मैं–
गया, वहीं पर भी मुझे
मिला न तेरा मुख, प्यारी ॥ ४

क्या, यमराज तुझे ले कर
गया भयंकर पाताल में ?
हाय! अभागा हूँ, प्यारी!
दुख से जीवन बिताता मैं ॥ ५

---

पिता ने यह सब एक पुतली की तरह बैठ-कर सुन लिया। उन्हों ने जवाब कुछ नहीं दिया।

रघू माता की ओर ताकने लगा। यशोदा ने पानी के लिये इशारा किया। एकदय रघू खडा हो गया और माँ को पानी पिलाया।

माता ने बडी कठिनता से कहा-बेटा…तू…खुश … रह।

इतना कह कर उस ने एक लंबी साँस ली, शायद वह अंतिम थी।

रघू ने जोर से पुकारा-अम्मा, मेरी अम्मा! हाय! पापी मैं जिन्दा रहता हूँ; अम्मा, लो अम्मा!……

वह बेसुध हो कर फर्श पर पड गया।

---